**ധനകാര്യം**

**<u>2013-14 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥന കളിന്മേലുള്ള ചർച്ചയും വേട്ടെടുപ്പും</u>**

| ബഡ്ജറ്റ് എസ്റ്റിമേറ്റ് 2013-14 | | | | | | |
|---|---|---|---|---|---|---|
| ധനാഭ്യർത്ഥന നം. | ധനാഭ്യർത്ഥനയുടെ പേര് | 21-3-2013-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| II | സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ | • 130,54,01,000 | • - | • 261,08,02,000 | • - | • 261,08,02,000 |
| III | നീതിന്യായ നിർവ്വഹണം | • 141,88,84,000 | • - | • 283,77,69,000 | • - | • 283,77,69,000 |
| XXXIV | വനം | • 146,23,51,000 | • 14,91,67,000 | • 292,47,02,000 | • 29,83,33,000 | • 322,30,35,000 |

<u>മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി</u> : സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II -ാം നമ്പർ ധനാഭ്യർത്ഥനയുടെയും നീതിന്യായ നിർവ്വഹണം എന്ന III -ാം നമ്പർ ധനാഭ്യർത്ഥനയുടെയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2013-14 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയെയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയെയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

**ധനാഭ്യർത്ഥന നമ്പർ II – സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ**

**സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക 261,08,02,000 ക.**

**നയനിരാകരണത്തിനുള്ള വെട്ടികുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ**

1. ശ്രീ. സി. ദിവാകരൻ : സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 261,08,02,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്

(സംസ്ഥാനത്ത് പോഷകാഹാരക്കുറവുമൂലം ആദിവാസി ശിശുക്കൾ ഉൾപ്പെടെ മരണപ്പെട്ടതായും എന്നാൽ പട്ടിണി മരണങ്ങൾ ഇല്ലാതാക്കുന്നതിനും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും യാതൊരുവിധ നടപടിയും സ്വീകരിക്കാതിരിക്കുന്നതായും പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

2. ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 261,08,02,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്

(സേവനാവകാശ നിയമം സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലും കാര്യക്ഷമമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

3. ശ്രീ. പി. തിലോത്തമൻ : സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 261,08,02,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്

(നദീജല കരാറുകൾ പ്രകാരം സംസ്ഥാനത്തിനു ലഭിക്കേണ്ട ജലം പൂർണ്ണ തോതിൽ നേടിയെടുക്കുന്നതിനുള്ള യാതൊരുവിധ നടപടിയും സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

4. ശ്രീ. കെ. അജിത് : സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 261,08,02,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്

(വിവിധ വകുപ്പുകളിലുണ്ടാകുന്ന ഒഴിവുകൾ യഥാസമയം റിപ്പോർട്ടു ചെയ്ത് നിയമനം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

5. ശ്രീ. കെ. രാജു : സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 261,08,02,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്

(സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകളെക്കുറിച്ചവലോകനം നടത്തി തീർപ്പു കല്പിക്കുന്നതിന് യാതൊരുവിധ നടപടിയും സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

6. <u>ശ്രീ. ചിറ്റയം ഗോപകുമാർ</u>: സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 261,08,02,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്

(സംസ്ഥാനത്ത് പ്രഖ്യാപിച്ച നൂറുദിന കർമ്മ പരിപാടികൾ ഉൾപ്പെടെയുള്ള പദ്ധതികൾ പരാജയപ്പെട്ടതായി പറയപ്പെടുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

7. <u>ശ്രീ. ഇ. കെ. വിജയൻ</u> : സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 261,08,02,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്

(എൻഡോസൾഫാൻ ഇരകൾക്ക് മുഴുവനും മതിയായ സഹായം എത്തിച്ചുകൊടുക്കാൻ കഴിയാതിരിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

8. <u>ശ്രീ. വി. ശശി</u>: സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ

പേരിൽ വകകൊള്ളിച്ചിട്ടുള്ള 261,08,02,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്

(സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ നടക്കുന്നതായി പറയപ്പെടുന്ന അഴിമതി ഇല്ലാതാക്കുന്നതിന് യാതൊരുവിധ നടപടിയും സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

9. <u>ശ്രീമതി ഗീതാ ഗോപി</u> : സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 261,08,02,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(ഐ.എ.എസ്. ഉദ്യോഗസ്ഥർ സംസ്ഥാന സർവ്വീസ് ഉപേക്ഷിച്ചു പോകുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

10. <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 261,08,02,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്

(മുഖ്യമന്ത്രിയേയും മന്ത്രിമാരെയും ഒഴിവാക്കി സേവനാവകാശ നിയമം പ്രഹസനമാക്കിയതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡ നോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

11. <u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : സർ, സംസ്ഥാന ഭരണത്തല വൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 261,08,02,000 രൂ. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(പി.എസ്.സിയിൽ തസ്തികകൾ വെട്ടിച്ചുരുക്കുകയും അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

12. <u>ശ്രീ. എം. എ. ബേബി</u> : സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 261,08,02,000 രൂ. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിക്കായി ഭീമമായ തുക ചെലവാക്കിയതായി പറയപ്പെടുന്നതും ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച 2 ലക്ഷത്തോളം അപേക്ഷകൾ തീർപ്പാക്കാതെ കെട്ടികിടക്കുന്നതായി പറയപ്പെടു

ന്നതും ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

13. ശ്രീ. ബാബു എം. പാലിശ്ശേരി : സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 261,08,02,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്

(സംസ്ഥാന സർവ്വീസിലേക്ക് വരാൻ ഐ.എ.എസ്.-കാർ വിമുഖത കാട്ടുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

14. ശ്രീ. ഇ. പി. ജയരാജൻ : സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 261,08,02,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(പങ്കാളിത്ത പെൻഷൻ ഉൾപ്പെടെയുള്ള വിഷയത്തിൽ സർക്കാർ ജീവനക്കാരോട് ശത്രുതാപരമായി പെരുമാറിയതായും കോടികൾ ചെലവഴിച്ച് ജീവനക്കാരുടെ സമരത്തിന് എതിരെ പരസ്യം നല്കിയതായും പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

15. <u>ശ്രീ. ബി..ഡി. ദേവസ്സി</u> : സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 261,08,02,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്

(സംസ്ഥാന സർക്കാർ വിളിച്ചു ചേർക്കുന്ന എം.പി.മാരുടെ യോഗങ്ങൾ പ്രഹസനമാകുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

16. <u>ശ്രീ. എം. ഹംസ</u> : സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 261,08,02,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(സി-ഡിറ്റ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ അനധികൃതനിയമനങ്ങൾ നടക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

17. <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 261,08,02,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(കേന്ദ്ര സർക്കാരിന്റെ 5 വർഷത്തിൽ 50 ലക്ഷം കോടി അടിസ്ഥാന സൗകര്യവികസന പദ്ധതിയിൽ സംസ്ഥാനത്തിന് ഒന്നും നേടാനാകാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ**

സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 261,08,02,000 ക.യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

18.ഡോ. കെ. ടി. ജലീൽ
19.ശ്രീ. ജെയിംസ് മാത്യു
20.ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
21.ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
22.ശ്രീ. കെ. കെ. നാരായണൻ
23.ശ്രീ. പുരുഷൻ കടലുണ്ടി
24.ശ്രീ. പി.റ്റി.എ. റഹീം
25.ശ്രീ. ആർ. രാജേഷ്
26.പ്രൊഫ. സി. രവീന്ദ്രനാഥ്
27.ശ്രീ. സി. കെ. സദാശിവൻ
28.ശ്രീ. സാജു പോൾ

29.ശ്രീ. ജി. സുധാകരൻ

30.ഡോ. ടി. എം. തോമസ് ഐസക്

31.ശ്രീ. കെ. വി. വിജയദാസ്

32. ശ്രീ. എ. എ. അസീസ്

**ധനാഭ്യർത്ഥന നമ്പർ III – നീതിന്യായ നിർവ്വഹണം**

**സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥയുടെ തുക 283,77,69,000 ക.**

**നയനിരാകണത്തിനുള്ള വെട്ടികുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ**

1. ഡോ. കെ. ടി. ജലീൽ : സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 283,77,69,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്

(കോടതി ഉത്തരവുകളോട് സർക്കാർ അനാദരവ് കാണിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

2. ശ്രീ. ജെയിംസ് മാത്യു : സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 283,77,69,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(കോടതികളിലെത്തുന്ന സർക്കാരിനെതിരായ കേസുകളിൽ സർക്കാർ ഭാഗം വാദിക്കുന്നതിൽ സംഭവിച്ചുകൊണ്ടിരിക്കുന്നതായി പറയപ്പെടുന്ന വീഴ്ചകൾ ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

3. ഡോ. ടി. എം. തോമസ് ഐസക് : സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 283,77,69,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്

(കേരള ഹൈക്കോടതിയുടെ ബഞ്ച് തിരുവനന്തപുരത്ത് സ്ഥാപിച്ച് കിട്ടേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

4. ശ്രീ. സി. ദിവാകരൻ : സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 283,77,69,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്

(സംസ്ഥാനത്ത് കോടതികളിൽ കേസ്സുകൾ തീർപ്പുകൽപ്പിക്കുന്നതിനുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കാതിരിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

5. ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 283,77,69,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(കോടതിഭാഷ മലയാളമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

6. ശ്രീ. മുല്ലക്കര രത്നാകരൻ : സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 283,77,69,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്

**(കോടതികളിൽ ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.**

7. ശ്രീ. പി. തിലോത്തമൻ : സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 283,77,69,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്

**(കോടതികളിൽ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിൽ ഗവൺമെന്റിന്റെ ഭാഗത്തു നിന്നും വീഴ്ചകൾ ഉണ്ടാകുന്നതായും തൻമൂലം മിക്ക കേസ്സുകളും പരാജയപ്പെടുന്നതായും പറയപ്പെടുന്ന സാഹചര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.**

8. <u>ശ്രീ. കെ. രാജു</u> : സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 283,77,69,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്

**(സംസ്ഥാനത്ത് കുടുംബ കോടതികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.**

9. <u>ശ്രീ. കെ. അജിത്</u> : സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 283,77,69,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്

**(കോടതികളിലുണ്ടാകുന്ന ഒഴിവുകൾ യഥാസമയം നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.**

10. <u>ശ്രീ. ഇ. കെ. വിജയൻ</u> : സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 283,77,69,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്

**(അഡ്വക്കേറ്റ് ക്ലാർക്ക് ക്ഷേമനിധി ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.**

11. <u>ശ്രീ. വി. ശശി</u> : സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 283,77,69,000 രൂ. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്

**(കോടതികളുടെ പ്രവർത്തനം സുഗമമാക്കുന്നതിന് ജീവനക്കാരുടെ ഒഴിവുകൾ യഥാസമയം നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.**

12<u>. ശ്രീ. ചിറ്റയം ഗോപകുമാർ</u> : സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 283,77,69,000 രൂ. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്

**(കൂടുതൽ അതിവേഗ കോടതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.**

13.<u>ശ്രീമതി ഗീതാ ഗോപി</u> : സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 283,77,69,000 രൂ. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്

**(നീതി നിർവ്വഹണ ഉദ്യോഗസ്ഥന്മാർക്കുനേരെ ഉത്തരവാദിത്വസ്ഥാനം വഹിക്കുന്നവർ നടത്തുന്നതായി പറയപ്പെടുന്ന പരാമർശങ്ങൾ ഒഴിവാക്കുന്ന**

**തിനുള്ള നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.**

**സൂചക വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ**

നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 283,77,69,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

14. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
15. ശ്രീ. ബാബു എം. പാലിശ്ശേരി
16. ശ്രീ. എം. എ. ബേബി
17. ശ്രീ. വി. ചെന്താമരാക്ഷൻ
18. ശ്രീ. കെ. ദാസൻ
19. ശ്രീ. ബി. ഡി. ദേവസ്സി
20. ശ്രീ. എം. ഹംസ
21. ശ്രീ. ഇ. പി. ജയരാജൻ
22. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
23. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
24. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
25. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
26. ശ്രീ. കെ. കെ. നാരായണൻ
27. ശ്രീ. പുരുഷൻ കടലുണ്ടി

28. ശ്രീ. കെ. രാധാകൃഷ്ണൻ

29. ശ്രീ. പി. റ്റി. എ. റഹീം

30. ശ്രീ. ആർ. രാജേഷ്

31. പ്രൊഫ. സി. രവീന്ദ്രനാഥ്

32. ശ്രീ. സി. കെ. സദാശിവൻ

33. ശ്രീ. സാജു പോൾ

34. ശ്രീ. ജി. സുധാകരൻ

35. ശ്രീ. കെ. വി. വിജയദാസ്

36. ശ്രീ. എ. എ. അസീസ്

**ധനാഭ്യർത്ഥന നമ്പർ XXXIV - വനം**

സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക 322,30,35,000 ക.

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ**

1. ശ്രീ. സി. ദിവാകരൻ : സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 322,30,35,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്

**(വനമേഖലയിലെ പാട്ടക്കാലാവധി കഴിഞ്ഞതും പാട്ടക്കരാർ ലംഘിച്ചതുമായ തോട്ടങ്ങൾ ഏറ്റെടുക്കുന്നതിന് കഴിയാതിരിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.**

2 <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 322,30,35,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്

**(വനസമ്പത്തിന് നാശം സംഭവിക്കാവുന്ന വനമേഖലയിലെ വിനോദ സഞ്ചാരം തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.**

3. <u>ശ്രീ. പി. തിലോത്തമൻ:</u> സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 322,30,35,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്

**(സംസ്ഥാനത്ത് വിജയകരമായി നടപ്പാക്കിവന്ന വഴിയോര തണൽ പദ്ധതി മുന്നോട്ടു കൊണ്ടുപോകുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.**

4. <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 322,30,35,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്

**(വനഭൂമി കയ്യേറ്റം തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.**

5. ശ്രീ. കെ. രാജു: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 322,30,35,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്

**(പൊതുമേഖലയിലാരംഭിച്ച ചന്ദനത്തൈല ഫാക്ടറിയുടെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.**

6. ശ്രീ. കെ. അജിത് : സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 322,30,35,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്

**(വനത്തിലെ അമൂല്യമായ ഔഷധ സസ്യസമ്പത്ത് സംരക്ഷിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാതിരിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.**

7. <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 322,30,35,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്

**(വന്യമൃഗങ്ങളുടെ ആക്രമണത്തിനു വിധേയമാകുന്നവർക്കുള്ള നഷ്ട പരിഹാരം കാലോചിതമായി പരിഷ്കരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.**

8. <u>ശ്രീ. ഇ. കെ. വിജയൻ</u> : സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 322,30,35,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്

(ഹരിതകേരളം പദ്ധതിയിലൂടെ നട്ടുവളർത്തിയ വൃക്ഷത്തൈകളുടെ തുടർ പരിപാലനത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

9. <u>ശ്രീ. വി. ശശി</u> : സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 322,30,35,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്

(ആഗോള താപനത്തെ ചെറുക്കുന്നതിന് വനംവകുപ്പിന്റെ കീഴിൽ പ്രയോജനകരമായ പദ്ധതികൾ ആവിഷ്കരിക്കാതിരിക്കുന്നതായി പറയപ്പെടു

ന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

10. ശ്രീമതി ഗീതാ ഗോപി: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 322,30,35,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്

(സംസ്ഥാനത്ത് വന സംരക്ഷണ സമിതികളുടെ പ്രവർത്തനത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

11. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 322,30,35,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്

(വനസംരക്ഷണ സേനാംഗങ്ങളുടെ വിദ്യാഭ്യാസ ശാരീരിക യോഗ്യത പോലീസിന് സമാനമാക്കിയ ഉത്തരവ് അട്ടിമറിക്കപ്പെടുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

12.ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 322,30,35,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്

(ആര്യങ്കാവ് റിസർവ് വനം ഹാരിസൺ കമ്പനി വിറ്റതായും ഈ വിഷയത്തിൽ സർക്കാർ നിസ്സംഗതയിലായിരിക്കുന്നതായും പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

13. പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 322,30,35,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്

(വനഭൂമി കയ്യേറ്റക്കാരെ സഹായിക്കാൻ റീസർവ്വേ നടപ്പാക്കൽ നിർത്തി വച്ചിരിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

14. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 322,30,35,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്

(നെല്ലിയാമ്പതിയിലെ വനഭൂമി അന്യാധീനപ്പെടുത്താനുള്ള നീക്കങ്ങൾക്ക് ഗവൺമെന്റ് ചീഫ് വിപ്പ് കൂട്ടുനിൽക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

15. ശ്രീ. കെ. കെ. നാരായണൻ :സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 322,30,35,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്

(കടുവാ സങ്കേതങ്ങളിലെ സഞ്ചാരനിയന്ത്രണം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

16. ശ്രീ. പുരുഷൻ കടലുണ്ടി : സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 322,30,35,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്

(ചന്ദന കള്ളക്കടത്ത് തടയുക ലക്ഷ്യമാക്കി സ്ഥാപിച്ച മറയൂർ ചന്ദനഫാക്ടറിയുടെ ഉല്പാദനം നിറുത്തിവച്ച് ചന്ദനക്കള്ളക്കടത്തിനെ പ്രോത്സാഹിപ്പിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

17. ശ്രീ. പി. റ്റി. എ. റഹീം : സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 322,30,35,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്

(കേരളത്തിൽ വനം കയ്യേറ്റം വ്യാപകമാകുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

18. ശ്രീ. ആർ. രാജേഷ് : സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 322,30,35,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്

(വന്യമൃഗങ്ങൾ നാട്ടിലിറങ്ങാതിരിക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

19. ശ്രീ. സാജു പോൾ : സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 322,30,35,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്

(വനാവകാശ നിയമം നടപ്പാക്കുന്നതിൽ വീഴ്ചകൾ സംഭവിച്ചതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

20. ശ്രീ. സി. കെ. സദാശിവൻ : സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 322,30,35,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്

(പാട്ടക്കരാർ ലംഘിച്ച് തോട്ടം മാഫിയകൾ കയ്യടക്കിവച്ചിരിക്കുന്നതായി പറയപ്പെടുന്ന നെല്ലിയാമ്പതിയിലെ അത്യപൂർവ്വ മഴവനങ്ങളിലെ തോട്ടങ്ങൾ ഏറ്റെടുക്കുന്നതിൽ സർക്കാർ ഭൂമാഫിയകൾക്ക് കീഴടങ്ങുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

21. ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 322,30,35,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്

(വനം കേസുകൾ അട്ടിമറിക്കുന്നതിന് സർക്കാർ സംവിധാനങ്ങൾ കൂട്ടു നിൽക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

22. ശ്രീ. ജി. സുധാകരൻ : സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 322,30,35,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്

(അത്യപൂർവ്വ വനമേഖല തോട്ടം റിസോർട്ട് മേഖലയ്ക്ക് കൈമാറുവാൻ നടത്തുന്നതായി പറയപ്പെടുന്ന നീക്കം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

23. ശ്രീ. കെ. വി. വിജയദാസ് : സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 322,30,35,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്

(വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റുമുള്ള ജനവാസകേന്ദ്രങ്ങളെ പരിസ്ഥിതി ദുർബല പ്രദേശമായി പ്രഖ്യാപിച്ചതായി പറയപ്പെടുന്ന നയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചിക വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ**

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 322,30,35,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

24. ശ്രീ. കെ. വി അബ്ദുൾ ഖാദർ
25. ശ്രീ. ബാബു എം. പാലിശ്ശേരി
26. ശ്രീ. എം. എ. ബേബി
27. ശ്രീ.വി. ചെന്താമരാക്ഷൻ
28. ശ്രീ. കെ. ദാസൻ
29. ശ്രീ. ബി .ഡി. ദേവസ്സി
30. ശ്രീ. എം. ഹംസ
31. ഡോ. കെ. ടി. ജലീൽ
32. ശ്രീ. ജെയിംസ് മാത്യു
33. ശ്രീ. ഇ. പി. ജയരാജൻ
34. ശ്രീ. കെ. രാധാകൃഷ്ണൻ
35. ഡോ. ടി .എം. തോമസ് ഐസക്
36. ശ്രീ. എ. എ. അസീസ്

ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ച

ശ്രീ. ഇ.പി. ജയരാജൻ: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ ആസ്ഥാന ഉദ്യോഗസ്ഥന്മാർ, നീതിന്യായ നിർവ്വഹണം, വനം എന്നിവയ്ക്കു വേണ്ടിയുള്ള ധനാഭ്യർത്ഥനകളാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഈ ധനാഭ്യർത്ഥനകളെയെല്ലാം ഞാൻ ശക്തമായി

എതിർക്കുകയാണ്. കേരളത്തിൽ ഒരു ഭരണമുണ്ടോ എന്ന കാര്യം തന്നെ സംശയമാണ്. കേരളത്തിലെ ജനങ്ങൾ വലിയ പ്രതീക്ഷ വച്ചു പുലർത്തുന്ന വരാണ്. കഴിഞ്ഞ 50 വർഷ കാലയളവിനുള്ളിൽ ഒട്ടനവധി മാറ്റങ്ങൾ കേരള ത്തിനുണ്ടായിട്ടുണ്ട്. ഒരു ഇടതുപക്ഷ മനസ്സ് രൂപപ്പെട്ടുവന്നതാണ് കേരള ത്തിന്റെ ഇന്നത്തെ വളർച്ചയ്ക്ക് പ്രധാനമായും കാരണമായിട്ടുള്ളത്. പക്ഷെ ഇപ്പോൾ കേരളം മതനിരപേക്ഷതയുടെ സംസ്കാരത്തിൽ നിന്ന് അകന്നുപോ യിക്കൊണ്ടിരിക്കുകയാണ്. അതിന്റെ പ്രധാനപ്പെട്ട കാരണം യു.ഡി.എഫ്.ന്റെ നയങ്ങളും ഭരണരീതികളുമാണ്. കേരളത്തെ ഇന്ന് നിയന്ത്രിക്കുന്നതും നയി ക്കുന്നതും വർഗ്ഗീയ സാമുദായിക സംഘടനകളാണ്. ഭരണരംഗത്താകട്ടെ മന്ത്രിമാർ തന്നെ മുഖ്യമന്ത്രിയോട് അടുപ്പമുള്ളവരോ അടുപ്പമില്ലാത്തവരോ എന്ന നിലയിൽ ഗ്രൂപ്പുതിരിഞ്ഞ് നിൽക്കുകയാണ്. യഥാർത്ഥത്തിൽ ഭരണ യന്ത്രം ഇപ്പോൾ നിശ്ചലമാണ്. കേരളത്തിന്റെ സമഗ്രമായ വളർച്ചയ്ക്ക് കാർഷിക വ്യാവസായിക രംഗം അഭിവൃദ്ധിപ്പെടുത്തുന്നതോടൊപ്പം കേരള ത്തിന്റെ വിഭവശേഷി പരമാവധി സമാഹരിക്കുകയും കേന്ദ്ര ഗവൺമെന്റിൽനിന്ന് ആവശ്യമുള്ള സഹായങ്ങൾ വാങ്ങി സമസ്ത മേഖലക ളേയും പ്രോത്സാഹിപ്പിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുന്നതി നുള്ള നടപടികൾ സ്വീകരിക്കുന്നതിനുപകരം വീതം വയ്ക്കലാണ് ഭരണ ത്തിന്റെ പേരിൽ ഇവിടെ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. സാമുദായിക സംഘടനകൾ നിശ്ചയിച്ച് കൽപ്പിക്കുന്നതു പോലെയാണ് ഇപ്പോൾ കാര്യ ങ്ങൾ നടന്നുവരുന്നത്. എൻ.എസ്.എസ്-ന്റെ ജനറൽ സെക്രട്ടറി പറയുന്നത് ഭരണകക്ഷിക്കകത്ത് അവർക്ക് 8 എം.എൽ.എ.മാർ ഉണ്ടെന്നാണ്. എസ്.എൻ. ഡി.പി. പറയുന്നത് 12 എം.എൽ.എ. മാർ ഉണ്ടെന്നാണ്. അതുപോലെതന്നെ

കാന്തപുരം പറയുന്നത് ഇവിടെ മുസ്ലീം ലീഗ് എം.എൽ.എ.മാരെല്ലാം ജയിച്ചുവന്നത് തങ്ങളുടെ സ്വാധീനം കൊണ്ടെന്നാണ്. ഇത്തരത്തിലുള്ള ജാതി മത സമുദായ വർഗ്ഗീയ സംഘടനകളുടെ ഒരു സൃഷ്ടിയായി ഈ ഗവൺമെന്റ് രൂപപ്പെട്ടുവന്നിരിക്കുകയാണ്. അവരുടെ സമ്മർദ്ധങ്ങൾക്കു മുമ്പിൽ തലകുനിച്ച് നിൽക്കാൻ മാത്രമെ ഈ ഗവൺമെന്റിന് സാധിക്കുന്നുള്ളൂ. കേരളത്തെ കണ്ടുകൊണ്ട് കേരളത്തിന്റെ നയങ്ങൾ ആവിഷ്കരിക്കാൻ കെൽപ്പില്ലാത്ത, ദുർബ്ബലമായ ഒരു മന്ത്രിസഭയാണിത്. ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന ഓരോ കാര്യവുമെടുത്ത് പരിശോധിക്കാം. ശ്രീ. ആർ. ബാലകൃഷ്ണ പിള്ളയ്ക്കുവേണ്ടി ക്യാബിനറ്റ് റാങ്ക് പദവി കൊടുക്കാനുള്ള ഒരു പ്രത്യേക പദവി നിങ്ങളുണ്ടാക്കി. കേരളത്തിന്റെ എന്ത് താൽപ്പര്യം സംരക്ഷിക്കാനാണ്? ഇത് നിങ്ങൾക്കകത്തുള്ള നിങ്ങളുടെ തർക്കങ്ങളുടെയും വിലപേശലിന്റെയും രാഷ്ട്രീയത്തിന്റെയും ഭാഗമല്ലേ? നിങ്ങൾ പി.എസ്.സി. മെമ്പർമാരുടെ എണ്ണം ഇപ്പോൾ വർദ്ധിപ്പിച്ചു. സമുദായ ശക്തികൾക്ക് കീഴടങ്ങിക്കൊണ്ട് വീതം വയ്ക്കൽ നടപടിയുടെ ഭാഗമായിട്ടല്ലേ ഇത് ഇവിടെ സ്വീകരിച്ചിട്ടുള്ളത്? അക്കാദമിക് രംഗങ്ങളെടുക്കാം, അക്കാദമിക് രംഗങ്ങളൊക്കെ പണ്ഡിതന്മാരുടെയും വിദ്യാഭ്യാസ വിചക്ഷണന്മാരുടെയും കേന്ദ്രമായിരിക്കണം. വൈസ് ചാൻസിലർമാരെ നിശ്ചയിക്കുന്നത് അക്കാദിക് നിലവാരവും അതിന്റെ മഹത്വവും നോക്കിയിട്ടാണോ? സാമുദായിക സംഘടനകളുടെ സമ്മർദ്ധത്തിന് വഴങ്ങി അവർ പറയുന്ന ഓരോരുത്തരെയും ഓരോ സ്ഥാനത്ത് നിങ്ങൾ നിലയുറപ്പിച്ച് കൊടുക്കുകയാണ്. ക്യാബിനറ്റ് യോഗങ്ങൾതന്നെ ഇപ്പോൾ കൂടുന്നത് ജനങ്ങൾക്ക് വേണ്ടിയിട്ടല്ല, വകുപ്പുകൾ വീതം വയ്ക്കാൻ വേണ്ടിയാണ്. ഈ ബഡ്ജറ്റ് സമ്മേളനം കഴിയുമ്പോഴേയ്ക്കും ഈ ഗവൺമെന്റിന്റെ പകുതി കാലാവധി

കഴിയും. ജനങ്ങൾക്കുവേണ്ടി എന്തു ചെയ്തിട്ടുണ്ട്? ജനങ്ങളുടെ ജീവിത നിലവാരം താണുകൊണ്ടിരിക്കുകയാണ്. ജനജീവിതം ദുസ്സഹമാകുകയാണ്. അതിരൂക്ഷമായ വിലക്കയറ്റമാണ്. ഇവിടെ ഇന്ന് വിലക്കയറ്റം സംബന്ധിച്ച് ചർച്ച നടന്നു. വിലക്കയറ്റം തടയാൻ എന്ത് ശ്രമങ്ങളാണ് നടക്കുന്നത്? വില ക്കയറ്റത്തെ ന്യായീകരിക്കാനുള്ള വാദഗതികളാണ് ഇവിടെ നടക്കുന്നത്. പ്രതിപക്ഷത്തെ വിശ്വാസത്തിലെടുത്ത് പറയുന്ന കാര്യങ്ങളുടെ ഉള്ളടക്കത്തെ ക്കുറിച്ചാണ് ഗവൺമെന്റ് പരിശോധിക്കേണ്ടത്. പ്രതിപക്ഷം പറയുന്നതിനെ ന്യായീകരിക്കാൻ നിൽക്കാതെ നിങ്ങളുടെ കാലത്തും അങ്ങനെയായിരുന്നു, പണ്ടും അങ്ങനെയായിരുന്നു എന്നിങ്ങനെയുള്ള വാദഗതികളല്ലാതെ മറ്റെന്തെങ്കിലും നിങ്ങൾക്ക് ഉന്നയിക്കാനുണ്ടോ?

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ എന്തൊക്കെ മാറ്റങ്ങളുണ്ടായി? വിലക്കയറ്റത്തിന്റെ കാര്യംതന്നെ എടുക്കാം, വിലക്കയറ്റം എത്ര രൂക്ഷമാണ്. അരിയുടെ വില ക്രമാതീതമായി വർദ്ധിക്കു ന്നു. അരിയുടെ വിലവർദ്ധനവിനെക്കുറിച്ച് പറഞ്ഞപ്പോൾ മുഖ്യമന്ത്രിതന്നെ അതിനെ വഴിതിരിച്ചുവിടാനാണ് ശ്രമിച്ചത്. നിങ്ങൾ വസ്തുതകളിലേയ്ക്ക് കടന്നുചെന്ന് അതിനെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് കാര്യങ്ങൾ വിശകലനം ചെയ്യണം. ഒരു ഭാഗത്ത് വിലക്കയറ്റം, മറുഭാഗത്ത് വെള്ളമില്ലാത്ത അവസ്ഥ. യഥാർത്ഥത്തിൽ എന്തിനുവേണ്ടിയാണ് നിങ്ങൾ വ്യായാമം നടത്തിക്കൊണ്ടി രിക്കുന്നത്; അതിന്റെ പിന്നിലുള്ള ജീർണ്ണതയെക്കുറിച്ച് നിങ്ങൾ ചിന്തിക്കു ന്നുണ്ടോ; അതിന്റെ പിന്നിൽ നടക്കുന്ന കാര്യങ്ങളെക്കുറിച്ച് നിങ്ങൾ ആലോ ചിക്കുന്നുണ്ടോ? അതിന്റെ പിന്നിൽ നടമാടുന്നത് അതിഭീകരമായിട്ടുള്ള അഴി മതിയുടെ രംഗമാണ്. ജനങ്ങൾക്ക് വെള്ളം നൽകാനുള്ള സദുദ്ദേശപരമായി നിലപാടല്ല ഇവിടെ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. പാലിന്റെ വിലയാണ്

ഇപ്പോൾ വെള്ളത്തിന് കൊടുക്കേണ്ടി വരുന്നത്. ഇവയൊക്കെയാണ് നമ്മുടെ കേരളം അഭിമുഖീകരിക്കുന്ന വലിയ പ്രശ്നങ്ങൾ.

കേരളം മുഴുവൻ ഇപ്പോൾ പകർച്ചവ്യാധിയാണ്. പനി പടർന്നുപിടിച്ചു കൊണ്ടിരിക്കുന്നു. എല്ലായിടത്തും മാലിന്യങ്ങളാണ്. മാലിന്യങ്ങൾ എല്ലാപേരുടേയും പ്രശ്നമാണ്. ഒരു ഗവൺമെന്റ് എന്ന നിലയിൽ മുൻകൈയെടുത്ത് പരിഹരിക്കേണ്ട ഏതെങ്കിലും പ്രശ്നങ്ങളിൽ അനുകൂലമായ എന്തെങ്കിലും നിലപാടുകൾ സ്വീകരിക്കാൻ സാധിച്ചിട്ടുണ്ടോ? നിങ്ങൾ തരം കിട്ടുമ്പോഴൊക്കെ ശിവൻകുട്ടി, മേയർ എന്നൊക്കെ പറയുന്നതല്ലാതെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഒരു താൽപ്പര്യവും കാണിക്കുന്നില്ല. ജനതാൽപ്പര്യങ്ങളെക്കാൾ രാഷ്ട്രീയ താൽപ്പര്യങ്ങൾക്കാണ് നിങ്ങൾ മുൻഗണന കൊടുക്കുന്നത്. ഇത്തരം വിഷയങ്ങളിൽ നിങ്ങൾ എടുത്തുകൊണ്ടിരിക്കുന്ന നിലപാട് തികച്ചും സങ്കുചിതമാണ്, കേരളത്തിന്റെ താൽപ്പര്യത്തിന് അനുകൂലമായിട്ടുള്ളതല്ല.

ആശുപത്രിയിൽ ഡോക്ടർമാരില്ല, മരുന്നില്ല തുടങ്ങിയ വിശയങ്ങളെക്കുറിച്ച് ഇവിടെ ചർച്ച നടന്നതാണ്. ഇന്നലെയും എത്രയോ പേർ മരിച്ചു. ഇപ്പോഴും മരിച്ചുകൊണ്ടേയിരിക്കുന്നു. കാലവർഷമുണ്ടായാൽ പകർച്ചവ്യാധിക്ക് സാദ്ധ്യതയുണ്ട് എന്ന് മനസ്സിലാക്കി പ്രതിരോധിക്കാനുള്ള ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. രോഗത്തിന് പ്രതിരോധം കാണാൻ നമ്മുടെ മന്ത്രി എവിടെയോ ഭജനമിരിക്കാൻ പോയിരിക്കുകയാണ്. കർണ്ണാടത്തിലോ മറ്റോ പോയി ഭജനമിരിക്കുകയായിരുന്നു. അതുകൊണ്ട് ഇവിടത്തെ പനി മാറുമോ? ഇതാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്ന ശീലങ്ങൾ. ഇവിടെ ചെയ്യേണ്ട കാര്യങ്ങളൊന്നും ഇവിടെ ചെയ്യുന്നില്ല. ആശുപത്രികളിൽ മരുന്നില്ല, രോഗികൾ മരിക്കുന്നു, ഡോക്ടർമാരില്ല. ഉണ്ടെന്ന് നിങ്ങൾ പറഞ്ഞിട്ടൊന്നും കാര്യമില്ല,

ഇല്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. അങ്ങനെ പറയുമ്പോൾ, അത് വിശ്വാസത്തിലെടുത്ത് ഉണ്ടോ ഇല്ലയോ എന്ന് പരിശോധിക്കേണ്ടതല്ലേ? ഇന്ന് റിക്കാർഡിലുള്ള പല ആളുകളും ഡ്യൂട്ടിയിലില്ല. റിക്കോർഡിൽ ഒരുപക്ഷെ ഇവിടെയുണ്ടാകും. സൗകര്യപ്രദമായ സ്ഥലത്തേയ്ക്ക് ട്രാൻസ്ഫർ വാങ്ങാൻ വർക്ക് അറേഞ്ച്മെന്റ് നടത്തി പലരും പല സ്ഥലത്തും പൊയ്ക്കൊണ്ടിരിക്കുകയാണ്. അതാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നടന്നുകൊണ്ടിരിക്കുന്നത്. വല്ലാത്ത തരത്തിലുള്ള ഒരു ഇടപെടലാണ്. പല സ്ഥലത്തും ഡോക്ടർമാരും നഴ്സുമാരുമില്ല.

ഇത് മനസ്സിലാക്കി കൈകാര്യം ചെയ്യാൻ കഴിയത്തക്ക നിലയിലുള്ള ഒരു ഭരണ സംവിധാനമില്ല. ഇവിടെ ഫ്ളക്സ് ബോർഡ് വച്ചതുകൊണ്ടൊന്നും രോഗമില്ലാതാവില്ല. മനോഹരമായ ഫ്ളക്സ് ബോർഡുകൾ നിരത്തിവച്ചാൽ കൊതുക് പറന്നുപോകുമെന്നാണോ കരുതുന്നത്? വിലക്കയറ്റം കൊണ്ട് ജനങ്ങൾ പൊറുതി മുട്ടി ഒരു കിലോ റോസ് അരിക്ക് 45 രൂപയാണ് വില. ഒന്നര മാസം കൊണ്ട് 9 രൂപ വർദ്ധിച്ചു. ജയ അരിക്ക് ഏപ്രിൽ മാസം 30 രൂപ ആയിരുന്നത് ഇപ്പോൾ 35 രൂപയായി. ചെറിയ ഉള്ളിക്ക് ഏപ്രിൽ മാസം 40 രൂപയായിരുന്നത് ഇപ്പോൾ 105 രൂപയായി. മുളകിന് 105 രൂപയായി. പൊതുവെ വിലക്കയറ്റം വർദ്ധിക്കുന്നുവെന്ന കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് തർക്കമില്ല. സിവിൽ സപ്ലൈസ് കോർപ്പറേഷൻ നിലവാരം കുറഞ്ഞ ഉത്പന്നങ്ങളാണ് വാങ്ങി വിൽക്കുന്നത്. നമ്മുടെ ഗവൺമെന്റ് സ്ഥാപനങ്ങളിൽ പരിശോധന നടത്തി ഗുണനിലവാരം കുറഞ്ഞതാണ് എന്നു കാണിച്ച് ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തിയിട്ടുള്ള പല കമ്പനികളിൽ നിന്നും പല ഇടപാടുകൾ നടത്തി ഗുണനിലവാരമില്ലാത്ത സാധനങ്ങളാണ് ഇവിടെ

സപ്ലൈ ചെയ്തുകൊണ്ടിരിക്കുന്നത്. അതൊക്കെ ഇവിടെ അങ്ങാടിപ്പാട്ടാണ്. ഇത് ആരും അറിയില്ലെന്ന് ധരിക്കരുത്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഫലപ്രദമായി മാർക്കറ്റിൽ ഇടപെടുന്നുണ്ടോ?

ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് 21 സാധനങ്ങൾക്ക് സബ്സിഡി കൊടുത്തു. നിങ്ങൾ അത് 13 ആക്കി വെട്ടിച്ചുരുക്കി. അതിൽ നിത്യോപ യോഗ സാധനങ്ങളായ പഞ്ചസാര, ചെറുപയർ, ഉഴുന്ന് എന്നിവ ഇപ്പോൾ കിട്ടുന്നത് വെറും ഒരു കിലോ വീതം മാത്രമാണ്. 10 കിലോ അരിയാണ് 15 ദിവസത്തിലൊരിക്കൽ കൊടുക്കുന്നത്. ഇതുതന്നെ കാര്യക്ഷമമായി നടപ്പിൽ വരുത്തുന്നില്ല. സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ പലചരക്കു സാധനങ്ങ ളുടെ സബ്സിഡി ഇനത്തിൽ ഗവൺമെന്റ് 166 കോടി രൂപ കൊടുക്കണം. അരിയുടെ സബ്സിഡി 120 കോടി രൂപ കൊടുക്കണം. അവർ പൈസയില്ലാ യെന്നു പറഞ്ഞുകൊണ്ട് മാർക്കറ്റിലിറങ്ങുന്നതിന് ശങ്കിച്ചുനിൽക്കുകയാണ്. മാർക്കറ്റിലിറങ്ങി ജനങ്ങളെ സഹായിക്കാൻവേണ്ടി നല്ല നിലയിൽ പ്രവർത്തി ച്ചുകൊണ്ടിരുന്ന ഒരു സഹകരണ സ്ഥാപനമായിരുന്നു കൺസ്യൂമർഫെഡ്. 500 കോടിയോളം രൂപ ഇപ്പോൾ അവർക്ക് കൊടുക്കണം. കൺസ്യൂ മർഫെഡിന് ഇപ്പോൾ ആരും കടം കൊടുക്കുന്നില്ല. ഗവൺമെന്റ് പണം കൊടുക്കുന്നുണ്ടോ? രാജ്യത്ത് സാധനങ്ങൾക്ക് വില വർദ്ധിക്കുമ്പോൾ ഓപ്പൺ മാർക്കറ്റിൽ വില നിലവാരം പിടിച്ചുനിർത്താൻ വിതരണശൃംഖല ശക്തിപ്പെടുത്തണ്ടേ? അതിന് ഒരു നടപടിയും ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. ഇപ്പോഴുള്ള സംവിധാനങ്ങൾതന്നെ ദുർബലപ്പെട്ട് കൊണ്ടിരിക്കുകയാണ്. ഇവിടെ ലോഡ് ഷെഡ്ഡിംഗും പവർകട്ടും നിറുത്തലാക്കുമെന്ന് പറയുന്നുണ്ട്. രണ്ടുകൊല്ലക്കാലംകൊണ്ട് ഒരു യൂണിറ്റ് വൈദ്യുതിയുടെ ഉത്പാദനം എങ്കിലും വർദ്ധിപ്പിച്ചോ? ഉത്പാദനം വർദ്ധിപ്പി

ക്കാനുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? പിന്നെ എങ്ങനെയാണ് അങ്ങോട്ട് കടന്നുപോകുന്നത്. നമ്മുടെ ഭാവി എന്തായിരിക്കും; ഇവിടെ വ്യവസായങ്ങൾ വരുമോ? ഇന്ന് ഇലക്ട്രിസിറ്റി ആളുകൾക്ക് ആവശ്യമല്ല, അത്യാവശ്യമാണ്. ഊർജ്ജം ഉത്പാദിപ്പിക്കുന്നില്ലെങ്കിൽ അത് കേരളത്തിൽ വലിയ വിഷയമാകും. ഉത്പാദനം വർദ്ധിപ്പിക്കാൻ എന്തു നടപടിയാണ് സ്വീ കരിച്ചത്? ഇപ്പോൾ ഉള്ളതെടുത്ത് അല്പാല്പം അങ്ങോട്ടുമിങ്ങോട്ടും കൊടു ത്തുകൊണ്ടിരിക്കുകയാണ്. ഇത് ഭാവികേരളത്തിന്റെ സുരക്ഷിതത്വത്തിന് ഗുണകരമല്ല. വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള എന്തെങ്കിലും നടപടി സ്വീകരി ക്കുന്നുണ്ടോ? വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നുണ്ടോ? അവിടെ 1000 മെഗാ വാട്ട്, ഇവിടെ 500 മെഗാ വാട്ട്, 106 എറണാകുളത്തുണ്ടാകും ഇങ്ങനെ കണക്കുപറഞ്ഞിട്ട് എന്താണ് കാര്യം. ഒരു യൂണിറ്റെങ്കിലും വൈദ്യുതി ഉത്പാ ദനം വർദ്ധിപ്പിച്ചോ? അതിന് എന്തെങ്കിലും നടപടി സ്വീകരിച്ചോ? അതിന് പ്രതിപക്ഷത്തിന്റെ എന്ത് സഹായം വേണം. കേരളത്തിന്റെ ഊർജ്ജ രംഗത്ത് ഫലപ്രദമായ ഇടപെടൽ നടക്കുന്നില്ല. കെ.എസ്.ആർ.ടി.സി.യെക്കുറിച്ച് നമ്മുടെ കണക്കിൽ പറയുന്നത്, 2013 മേയ് മാസം 13-ാം തീയതിയിലെ സഞ്ചിത ബാധ്യത 1922.3 കോടി രൂപയാണ്. രണ്ടുവർഷംകൊണ്ട് കെ.എസ്. ആർ.ടി.സി.ക്ക് 650 കോടി രൂപകൂടി വർദ്ധനവുണ്ടായി. കെ.എസ്.ആർ.ടി.സി. എങ്ങനെ മുന്നോട്ടുപോകും. നമ്മുടെ സംസ്ഥാനത്തിന്റെ തന്നെ കടബാധ്യത വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഉത്പാദന രംഗത്തുള്ള കുറവിന്റെ ഫലമാ യിട്ടാണ് കടബാധ്യത വർദ്ധിക്കുന്നത്. നമ്മുടെ ആഭ്യന്തര ഉത്പാദനം കാർഷിക രംഗത്തും വ്യാവസായിക രംഗത്തും ഗണ്യമായി കുറഞ്ഞുവരിക യാണ്. ഈ ബഡ്ജറ്റിൽ 1200 കോടി രൂപയുടെ പുതിയ നികുതികൾ ജനങ്ങ ളുടെ മേൽ ചുമത്തിയിരിക്കുന്നത് ബഡ്ജറ്റ് കമ്മി നികത്തുന്നതിനുവേണ്ടിയാ

ണ്. ഇത് സാമ്പത്തിക തകർച്ചയിലേയ്ക്കാണ് വെളിച്ചം വീശുന്നത്. കാർഷിക രംഗത്ത് ഉത്പാദനം കുറഞ്ഞുകൊണ്ടിരിക്കുന്നു. ജനങ്ങളുടെ കൈവശം വരുന്ന പണത്തിന്റെ അളവ് കുറഞ്ഞുകൊണ്ടിരിക്കുന്നു. മാർക്കറ്റ് നിർജ്ജീവമായിക്കൊണ്ടിരിക്കുന്നു. കാർഷികോത്പാദനത്തിന്റെ കാര്യം ഞാൻ ഇന്നലെ ഇവിടെ ചൂണ്ടിക്കാണിച്ചു. എല്ലാ കാർഷിക ഉത്പന്നങ്ങൾക്കും വിലയിടിഞ്ഞു. ഒരു കേന്ദ്ര സഹായവും ലഭിക്കുന്നില്ല. കേന്ദ്രഗ വൺമെന്റിന്റെ സാമ്പത്തിക നയത്തിന്റെ മഹാ ദുരന്തമാണ് ഇന്ന് കേരള ത്തിലെ കർഷക ജനസാമാന്യം ഏറ്റുവാങ്ങിക്കൊണ്ടിരിക്കുന്നത്. നാളികേരം, നെല്ല്, റബ്ബർ, ഏലം, കുരുമുളക് തുടങ്ങിയ എല്ലാ കാർഷികോത്പന്നങ്ങളും ആവശ്യമില്ലാത്ത നിലയിലേയ്ക്ക് തള്ളി ഇന്ത്യൻ മാർക്കറ്റും കേരളത്തിലെ മാർക്കറ്റും വിദേശികൾ കയ്യടക്കിക്കൊണ്ടിരിക്കുകയാണ്. ഇത് അപകടകര മായ നിലയിലേയ്ക്കാണ് പോകുന്നത്. ഗോട്ടിമാലയിൽ നിന്ന് ഏലക്ക കൊണ്ടുവന്നാണ് ഇപ്പോൾ മാർക്കറ്റിൽ കച്ചവടം നടക്കുന്നത്. ഇത് അത ്യന്തം അപകടകരമായ ഇറക്കുമതി നയമാണ്. കേന്ദ്രഗവൺമെന്റിന്റെ നയമാ ണ്. ആ നയത്തിന്റെ ഫലം നമ്മൾ ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്നു. പരിഹാരം കാണാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? കേന്ദ്രമന്ത്രിമാ രായ ചില ആളുകൾ ചർച്ച ചെയ്ത് വെളിച്ചെണ്ണ ഇറക്കുമതി ചെയ്യുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു. പക്ഷെ അതിനുണ്ടാക്കിയിരിക്കുന്ന കണ്ടീഷൻ വെളിച്ചെണ്ണ കയറ്റുമതി ചെയ്യാൻ സാധിക്കില്ല. 5 കിലോ പാക്കറ്റാ യിട്ടുമാത്രമേ അയയ്ക്കാൻ സാധിക്കൂ. ബൾക്കായി അയയ്ക്കാൻ കഴിയില്ല. അത് യഥാർത്ഥത്തിൽ വെളിച്ചെണ്ണ കയറ്റുമതി ഇല്ലാതാക്കാനെടുത്തിട്ടുള്ള നട പടികളാണ്. കേന്ദ്ര ഗവൺമെന്റിന്റെ ഇത്തരം നടപടികൾക്കെതിരായി ശബ്ദിക്കാൻ നിങ്ങൾക്ക് കഴിയുമോ? കേന്ദ്രഗവൺമെന്റിന്റെ തെറ്റായ നടപ

ടികൾ തിരുത്തിക്കാൻ നിങ്ങൾക്ക് സാധിക്കുമോ? കേരളത്തിൽ വലിയ തോതിൽ വരൾച്ചയുണ്ടായി. എന്ത് കേന്ദ്ര സഹായമാണ് ലഭിച്ചത്. ഫലപ്രദ മായി കേന്ദ്രസഹായം നേടിയെടുക്കാൻ നിങ്ങൾക്ക് സാധിച്ചിട്ടുണ്ടോ? കേന്ദ്ര ഗവൺമെന്റിന്റെ സഹായങ്ങൾ നേടിയെടുക്കാൻ കഴിഞ്ഞില്ല. വരൾച്ചയുടെ വലിയരീതിയിലുള്ള പ്രയാസങ്ങൾതന്നെ കേരളം അനുഭവിക്കേണ്ടി വന്നിട്ടുണ്ട്.

ആദിവാസി ജനവിഭാഗങ്ങളുടെ ഇടയിലുണ്ടായിട്ടുള്ള പ്രശ്നങ്ങൾ ഇവിടെ ചർച്ച ചെയ്തു. ആദിവാസി മേഖലയിൽ വ്യാപകമായി ഉണ്ടായ പട്ടിണി, പകർച്ചവ്യാധികൾ, നവജാത ശിശുക്കളുടെ മരണം തുടങ്ങിയവ യ്ക്കൊന്നും സംരക്ഷണം കൊടുക്കാൻ സാധിക്കുന്നില്ല. കേന്ദ്രമന്ത്രി ശ്രീ. ജയറാം രമേഷ് വന്ന് പാട്ടുംപാടി അട്ടപ്പാടിയിലൂടെ നടന്നാൽ പ്രശ്നം പരിഹ രിക്കാൻ കഴിയുമോ? കേരളത്തിലെ ഗവൺമെന്റ് കേന്ദ്ര സഹായത്തോടു കൂടി, പ്രതിപക്ഷ സഹായത്തോടുകൂടി അട്ടപ്പാടിയെ മോചിപ്പിക്കാനുള്ള ശാസ്ത്രീയമായ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ നിലപാട് സ്വീകരിച്ച് പ്രവർത്തിക്കുമോ? എങ്കിൽ ഞങ്ങൾ കുറച്ചുകാര്യം അപ്പോൾ നിങ്ങളോട് പറയാം. നമുക്ക് ആലോചിച്ച് പരിഹാരം കാണാം. അതിനല്ല നിങ്ങൾ ശ്രമിക്കുന്നത്. നിങ്ങൾ ഇത് രാഷ്ട്രീയ ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുകയാണ്. ഏറ്റവും ദുർബലമായ ജനവിഭാഗമാണ് ആദിവാസികൾ.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: മിസ്റ്റർ ജയരാജൻ, 5 മിനിട്ട് കൂടുതലായി.

<u>ശ്രീ. ഇ. പി. ജയരാജൻ:</u> സർ, ഈ സംസ്ഥാന ഭരണംതന്നെ അഴിമതിയുടെ ചെളിക്കുണ്ടിലേയ്ക്ക് വീണുകൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസ രംഗത്ത് പ്ലസ് ടു അനുവദിക്കുന്നതിനുവേണ്ടിയുള്ള ലേലംവിളി

ആരംഭിച്ചിട്ടുണ്ട്. സ്കൂളുകൾ സ്വകാര്യമേഖലയ്ക്ക് കൊടുക്കുന്നതിനുവേണ്ടി യുള്ള നിലപാടുകളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, താങ്കൾ ശ്രീ. ശശി തരൂരിനെ വിശ്വസിക്കരുത്. നിങ്ങളെ അബദ്ധത്തിൽ ചാടിക്കും. അദ്ദേഹം അവിടെ ഒരു ക്ലർക്കായി ഇരുന്നതുകൊണ്ട് ഒരു അവാർഡ് ഒപ്പിക്കാൻ വേണ്ടി കുറച്ചു കാര്യങ്ങളൊക്കെ ചെയ്തിട്ടുണ്ട്. കേരളത്തിലെ ജനങ്ങളിൽ നിന്നും ഒരുപാട് അപേക്ഷകൾ സ്വീകരിച്ചതുകൊണ്ടൊന്നും ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയില്ല.

നിങ്ങൾ സെക്രട്ടേറിയറ്റിൽ രാഷ്ട്രീയ നിലപാടാണ് സ്വീകരിക്കുന്നത്. നിങ്ങളുടെ രാഷ്ട്രീയത്തിൽ വിശ്വസിക്കുന്ന ആളുകളെ മാത്രം സെക്രട്ടേറിയറ്റിലിരുത്തുക, ബാക്കി എല്ലാവരേയും പറഞ്ഞുവിടുക. ഐ.എ.എസ്. ഉദ്യോഗസ്ഥന്മാർക്ക് നിങ്ങളിൽ വല്ല വിശ്വാസവുമുണ്ടോ? വനം വകുപ്പുമന്ത്രി മാറിയപ്പോൾ നിങ്ങളുടെ കൈവശം ആ വകുപ്പുവന്നു. ഇപ്പോൾ ആ വകുപ്പിൽ എന്താണ് നടന്നുകൊണ്ടിരിക്കുന്നത്? ബ്ലാക്ക് ലിസ്റ്റിൽപ്പെട്ട്, ക്രിമിനൽ കേസ്സിൽപ്പെട്ടിരിക്കുന്ന ഐ.എഫ്.എസ്. ഉദ്യോഗസ്ഥൻമാർക്ക് പ്രൊമോഷൻ കൊടുത്തു. പല കേസ്സുകളുടെയും പ്രത്യേക പാരിസ്ഥിതിക പ്രശ്നങ്ങളുടെയും പേരിൽ ഗവൺമെന്റിൽ നിക്ഷിപ്തമായിട്ടുള്ള ഭൂമി തിരിച്ചുപിടിക്കാൻ വേണ്ടി ചില ശ്രമങ്ങൾ നടക്കുന്നുണ്ട്. നിങ്ങളുടെ ആഫീസ് അതിന് വേഗത കൂട്ടിക്കൊണ്ടിരിക്കുകയാണ്. രാഷ്ട്രീയ പ്രതിയോഗികളെ അതിനുവേണ്ടി ഉപയോഗിക്കുകയാണ്.

നമ്മുടെ സംസ്ഥാനത്തിന്റെ പൊതുതാൽപ്പര്യങ്ങൾ സംരക്ഷിക്കാനല്ല, ഗവൺമെന്റ് ശമിക്കുന്നത്. ഇവിടെ ഭരണകക്ഷിക്കകത്തുള്ള ആളുകൾ തമ്മിൽ ഏറ്റുമുട്ടുകയാണ്. ഘടകപ്പാർട്ടികൾ തമ്മിൽ ഏറ്റുമുട്ടുകയാണ്, തെറി

വിളി നടക്കുകയാണ്. ഇപ്പോൾ ശ്രീ. കെ. ബി. ഗണേഷ് കുമാറിനെ മന്ത്രിയാക്കാനാണല്ലോ നിങ്ങൾക്ക് തിടുക്കം. നിങ്ങൾ എവിടെ എത്തി എന്നാണ് ജനങ്ങൾ ചിന്തിക്കുന്നത്. അദ്ദേഹം എന്താണ് പുറത്തുപോകാൻ കാരണം, എല്ലാവർക്കുമറിയാമല്ലോ. അടിപിടി തുടങ്ങിയവയെല്ലാം നടത്തിയിട്ടുള്ള ആളെ മന്ത്രിയാക്കുന്ന കാര്യമാണ് നിങ്ങളുടെ മുന്നിലുള്ളത്. ഇന്ത്യയുടെ സ്ഥിതിഗതികൾ വളരെ മോശമാണ്. പണാധിപത്യം രാജ്യത്തിനുമേൽ ആധിപത്യം ചെലുത്തുകയാണ്. പാർലമെന്റ് ശതകോടീശ്വരന്മാരുടെ കേന്ദ്രമായി. കർണ്ണാടകയിൽ നിയമസഭാ തെരഞ്ഞെടുപ്പ് നടന്നു, ശതകോടീശ്വരന്മാർ പിടിച്ചടക്കി. ഇത് രാജ്യത്ത് ശക്തിപ്പെട്ടുവരികയാണ്. ജനാധിപത്യത്തിന്റെ സ്വഭാവത്തിൽ മാറ്റം വന്നുകൊണ്ടിരിക്കുകയാണ്. പണം ഉപയോഗിച്ചുകൊണ്ട് അധികാരം പിടിക്കുക, അധികാരമുപയോഗിച്ചുകൊണ്ട് പണമുണ്ടാക്കുക. ഇത് സാർവ്വത്രികമായി നടന്നുകൊണ്ടിരിക്കുകയാണ്.

ഒരുകാര്യംകൂടി ഞാനിവിടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസുമായി ബന്ധപ്പെട്ട് വലിയ ആക്ഷേപം ഇന്ന് ഉയർന്നുവന്നിട്ടുണ്ട്. മുഖ്യമന്ത്രിയുടെ സ്റ്റാഫംഗമായ ഒരു ജീവനക്കാരൻ, ടെനി ജോപ്പൻ, പല സാമ്പത്തിക ക്രമക്കേടുകളിലുംപെട്ട് പോലീസിന്റെ പിടിയിലായ സരിത എസ്. നായരുമായി........, പോലീസ് പിടിച്ചതിനുശേഷവും അതിനുമുമ്പും താങ്കളുടെ വീട്ടിൽ നിന്നുള്ള ഫോൺ ദുരുപയോഗപ്പെടുത്തിയിട്ടുണ്ട്. ഇതാണ് താങ്കളുടെ ഓഫീസിന്റെ ഇപ്പോഴത്തെ നിലയെന്ന് മനസ്സിലാക്കണം. ഇതുമാത്രമല്ല, ഈ സരിത എസ്. നായരുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു കേസ്സ് വന്നു. ആ കേസ്സ് വന്നപ്പോൾ ഉണ്ടായ അനുഭവം, ഒരു ഡി.വൈ.എസ്.പി. മുഖാന്തിരം ഒരു വിദേശ മലയാളി ഈ കേസ്സിൽ അവരെ ചോദ്യം ചെയ്യാൻ പരാതി കൊടുത്തപ്പോൾ ആ ഡി.വൈ.

എസ്.പി.-യെ ഉപയോഗിച്ചുകൊണ്ട് കേസ് പിൻവലിപ്പിക്കാൻ ശക്തമായ ഇട പെടൽ നിങ്ങളുടെ ഓഫീസിൽ നടന്നു. ഇത്തരത്തിൽ സംസ്ഥാനത്തിനു തന്നെ വിശ്വാസ്യത നഷ്ടപ്പെട്ടുപോയി. തമ്മിലടിച്ചുകൊണ്ടിരിക്കുന്ന മന്ത്രി മാർ, പരസ്പര വിശ്വാസമില്ലാത്ത മന്ത്രിമാർ, ശ്രീ. ജോർജും ഈ മന്ത്രിസഭ യിലെ മന്ത്രിമാരുമായി എന്തെങ്കിലും വിശ്വാസമുണ്ടോ? 21 മന്ത്രിമാർ, എന്തി നാണ് ശ്രീ. ജോർജിന് 22-ാമതൊരു മന്ത്രിയുടെ അതേ സീറ്റ് കൊടുത്തത്; എന്തിനാണ് 30 സ്റ്റാഫ്? ഇത് സംസ്ഥാനത്തിന്റെ ഖജനാവിലെ പണം ദുരുപ യോഗപ്പെടുത്തുന്നതാണ്. സംസ്ഥാനത്തിന് ആവശ്യമില്ലാത്ത ഒരു മന്ത്രിസഭ യായി ഭരിക്കുക, വെറും പ്രഖ്യാപനങ്ങൾ മാത്രം നടത്തുക, സസ്ഥാനത്ത് ഒന്നും നടക്കുന്നില്ല. ജനങ്ങൾ അങ്ങേയറ്റം ദുരിതപൂർണ്ണമായ ജീവിതമാണ് നയിക്കുന്നത്. ഞങ്ങളുമായി രാഷ്ട്രീയ അഭിപ്രായവ്യത്യാസമുള്ളവർ അപ്പു റവുമിപ്പുറവും ഇരിക്കുന്നുണ്ട്. ഇടതുപക്ഷ വിരോധത്തിന്റെ പേരിൽ അപ്പുറത്ത് വന്നിട്ടുള്ളവരും അധികാരത്തിനുവേണ്ടി അപ്പുറത്തിരിക്കുന്നവരു മെല്ലാമുണ്ടാകും. അവരെല്ലാം ഇപ്പോഴൊരു ക്രൈസിസ്സിലേക്കാണ് പോകു ന്നത്. കേരളത്തിന്റെ പൊതു താൽപ്പര്യം സംരക്ഷിക്കാൻ കോൺഗ്രസ്സിനും ബി.ജെ.പി.-ക്കും സാധിക്കില്ല. ഈ രണ്ടിനേയും തോൽപ്പിച്ചുകൊണ്ട് മതനിര പേക്ഷ ശക്തികളുടെ ഒരു ഉയർത്തെഴുന്നേൽപ്പുണ്ടാകണം. പുതിയ മതനിര പേക്ഷ ശക്തികളുടെ ധ്രുവീകരണത്തിന് എല്ലാ കാലങ്ങളിലും കേരളം സാക്ഷ്യം വഹിച്ചിട്ടുണ്ട്. ദേശീയ രാഷ്ട്രീയത്തിൽ കുഴപ്പം മൂർച്ചിച്ചിരിക്കുക യാണ്. കോൺഗ്രസ്സിന് ഇനി അധികാരത്തിലേയ്ക്ക് വരാൻ സാധിക്കില്ല. ഇത്തരമൊരു രാഷ്ട്രീയ സാഹചര്യത്തിൽ രാജ്യത്തിന്റെ നന്മയെ ലക്ഷ്യമാ ക്കിക്കൊണ്ട്, ഈ നാടിന്റെ മതനിരപേക്ഷത കാത്തുസൂക്ഷിക്കാൻ, വർഗ്ഗീയത ക്കെതിരായി, സാമുദായിക ശക്തികൾക്കെതിരായി കേരളത്തെ സംരക്ഷി

ക്കാനും കേരളത്തിന്റെ സമഗ്രമായ വികസനത്തിനും അഭിവൃദ്ധിക്കുംവേണ്ടി കേരളത്തിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ, ഐശ്വര്യ സമ്പുഷ്ടമായ ഒരു കേരളം കെട്ടിപ്പടുക്കാൻ ഇടതുപക്ഷത്തെ ശക്തിപ്പെടുത്തുക, ഇടതുപക്ഷ മനസ്സിനോടൊപ്പം സഞ്ചരിക്കുക, ആ കാര്യം നിർവ്വഹിക്കാൻ അപ്പുറമിരി ക്കുന്ന പല കക്ഷികൾക്കും വ്യക്തികൾക്കും സാധിക്കും. അവരെല്ലാം ആ ദൗത്യം നിർവ്വഹിക്കാൻവേണ്ടി മുന്നോട്ടുവരേണ്ട സാഹചര്യമാണ് കേരള രാഷ്ട്രീയത്തിൽ രൂപപ്പെട്ടുകൊണ്ടിരിക്കുന്നത്. അതിന്റെ ശബ്ദം കേൾക്കാൻ എല്ലാവർക്കും കഴിയട്ടെ. മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ ധനാഭ്യർത്ഥനകൾ കേരളത്തിന് യോജിച്ചതല്ല, കേരളത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കാനുള്ളതല്ല. അതിന് പിന്തുണ കൊടുക്കുന്നത് പാപമായിരിക്കും, ശ്രീ. ജോർജ് പറഞ്ഞതുപോലെ അത് പാപികളോടുള്ള അനുകൂല അവസ്ഥയായിരിക്കും. ഞാൻ ഈ പ്രമേയത്തെ ശക്തമായി എതിർക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ ധനാഭ്യർത്ഥന നമ്പർ II, III, XXXIV എന്നിവയെ പിന്താങ്ങുന്നു. ധനാഭ്യർത്ഥനകളുടെ ചർച്ച ഇന്ന് ആരംഭിക്കുകയാണ്. പ്രതിപക്ഷം ഓപ്പണിംഗ് ബാറ്റ്സ്മാനായി ഇറക്കിയത് ശ്രീ. ഇ. പി. ജയരാജനെയാണ്. പക്ഷെ അദ്ദേഹം ഒരു റണ്ണുപോലുമെടുക്കാതെ ഔട്ടായ ദയനീയ കാഴ്ചയാണ് ഇവിടെ കണ്ടത്. ഭര ണകക്ഷിക്കെതിരെ എന്തെങ്കിലും കാര്യങ്ങൾ അദ്ദേഹം പറയുമെന്ന് പ്രതീക്ഷിച്ചു. പക്ഷെ ഒന്നുമുണ്ടായില്ല. പ്രതിപക്ഷത്തെ ബാധിച്ചിരിക്കുന്ന വരൾച്ച ശ്രീ. ഇ. പി. ജയരാജനിലൂടെ വ്യക്തമായി എന്നതിന്റെ തെളിവാണ് അദ്ദേഹത്തിന്റെ പ്രസംഗം. ഇരട്ടി സമയമെടുത്തു പ്രസംഗിച്ചു. പക്ഷെ, ഭരണ

കക്ഷിക്കെതിരെ ഒന്നും പറയാനില്ലാതെ അദ്ദേഹത്തിന്റെ സ്വപ്നവും പോക്കറ്റിലിട്ടുകൊണ്ട് നടക്കുകയാണ്. ബി.ജെ.പി.-ക്കും കോൺഗ്രസ്സിനുമെതിരെയുള്ള വലിയ ഉയിർത്തെഴുന്നേൽപ്പുണ്ടാകുമെന്നും അതിനുള്ളിൽ എന്തെങ്കിലുമെല്ലാം ആകാമെന്നുമുള്ള ഒരു വ്യാമോഹവും വച്ചുകൊണ്ട് നടക്കുകയല്ലാതെ, മലർപ്പൊടിക്കാരന്റെ സ്വപ്നം എന്നതിൽക്കവിഞ്ഞ് ഒന്നും ഇതിനകത്ത് ഉണ്ടാകാൻ പോകുന്നില്ലെന്ന് ഇന്ത്യയിലെ രാഷ്ട്രീയ പശ്ചാത്തലം അറിയാവുന്ന എല്ലാവർക്കും ബോധ്യമാകും. ഭരണകക്ഷിക്കെതിരെ ഒരുപാട് സമരങ്ങൾ നടത്തിയില്ലേ; സമരത്തിന് ആളുകളെ കിട്ടാത്തതെന്തേ? ഭരണകക്ഷിക്കെതിരെ സമരത്തിന് ഇറങ്ങാൻ കേരളത്തിലെ ജനങ്ങളെ കിട്ടില്ല. ശ്രീ. ഇ. പി. ജയരാജൻ തന്നെ നേതൃത്വം കൊടുത്ത് കാസർഗോഡ് മുതൽ പാറശ്ശാല വരെ സഞ്ചരിച്ച് സമരം നടത്തിയില്ലേ. എന്നിട്ട് ശ്രീ. ഇ. പി. ജയരാജൻ സമരം പിൻവലിച്ച് എങ്ങോട്ട് ഓടിയെന്ന് ആർക്കും അറിയാൻ വയ്യ. നിങ്ങൾ എന്തുനേടി; ആ സമരം എവിടെപ്പോയി? ഈ ഗവൺമെന്റിനെതിരെ നിങ്ങൾ സമരം ചെയ്താൽ, ചികിത്സ ആഗ്രഹിക്കുന്ന, രോഗം വന്ന് രോഗാതുരമായി കിടക്കുന്ന ആളുകൾ, പാവപ്പെട്ട ആളുകൾ, അവർ പോലും ആ സമരത്തിനെതിരെ നിൽക്കുമെന്നതിന്റെ തെളിവാണ് നിങ്ങൾ നടത്തിയ ഓരോ സമരവും എന്ന് നിങ്ങൾക്ക് ബോധ്യമാകാനിരിക്കുന്നതേയുള്ളൂ. ശ്രീ. മാത്യു റ്റി. തോമസ് എന്നെ നോക്കി ചിരിക്കുകയാണ്. ഇന്നുരാവിലെ ഇവിടെ വലിയൊരു മുദ്രാവാക്യംവിളി കേട്ടു - എന്താണ്, 'വെള്ളം വിൽക്കരുത്". വെള്ളം വിൽക്കരുതെന്നുള്ള മുദ്രാവാക്യമാണ്. മാക്ഡവൽ, കിംഗ് ഫിഷർ, അക്വാഫിന, കിൻലേ എന്നീ കമ്പനികളെല്ലാം വെള്ളം വിൽക്കുന്നതിന് യാതൊരു പ്രശ്നവുമില്ല. പക്ഷെ ഗവൺമെന്റ് ഒരു കമ്പനിയുണ്ടാക്കി വെള്ളം

വിൽക്കാൻ തുടങ്ങിയാൽ മുദ്രാവാക്യമാണ്. ശ്രീ. മാത്യു റ്റി. തോമസിന്റെ നേതൃത്വത്തിൽ വെള്ളം വിറ്റയാളിനെ, ശ്രീ. കൃഷ്ണൻ കുട്ടിയെ, രണ്ടുകയ്യും നീട്ടി സ്വീകരിച്ചുകൊണ്ടുവരുന്ന പടം ഞങ്ങൾ ഇന്നലെ കണ്ടു. അദ്ദേഹവും ശ്രീ. ജോസ് തെറ്റയിലും ഇടത്തും വലത്തും നിന്ന് കൊണ്ടുവരികയാണ്. പെപ്സിക്കും കൊക്കൊകോളയ്ക്കും വെള്ളം വിൽക്കാൻ ആരാണ് അനുമതി നൽകിയത്; ഞങ്ങളാണോ? കൊക്കൊകോളയ്ക്ക് അനുമതി കൊടുത്തുവെന്ന് മാത്രമല്ല, കൊക്കൊകോള കമ്പനിക്ക് ഒരു ലോഡ് വെള്ളത്തിന് 400 രൂപ വച്ച് വിറ്റയാളിനെ ചുവന്ന പരവതാനി വിരിച്ച് ഇടതുമുന്നണിയിലേയ്ക്ക് കൊണ്ടുവന്നിട്ട് വെള്ളം വിൽക്കരുതെന്ന വലിയ മുദ്രാവാക്യം വിളിയാണ്. ആർക്കുവേണ്ടിയാണ് നിങ്ങളുടെ മുദ്രാവാക്യം വിളി എന്ന് കേരളത്തിലെ ജനങ്ങൾക്ക് മനസ്സിലാകും. അതുകൊണ്ട് ആ രീതിയിലുള്ള മുദ്രാവാക്യങ്ങൾ വിളിച്ചുകൊണ്ട് കേരളത്തിൽ ഇറങ്ങേണ്ട കാര്യമില്ലെന്നാണ് എനിക്കിവിടെ സൂചിപ്പിക്കാനുള്ളത്. വികസനവും കരുതലുമാണ് ഈ ഗവൺമെന്റിന്റെ മുഖമുദ്ര. വികസന പ്രവർത്തനങ്ങളൊന്നും നടത്താതിരിക്കുന്നതിനുവേണ്ടിയുള്ള ബോധപൂർവ്വമായ, നിഷേധാത്മകമായ സമീപനം നിങ്ങൾ എടുത്തിട്ടും ജനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ട് ആ വികസന പ്രവർത്തനങ്ങൾ ഒന്നൊന്നായി നടപ്പിലാക്കാൻ ഈ ഗവൺമെന്റിന് കഴിയുന്നു. സ്മാർട്ട് സിറ്റി പദ്ധതി – ഏതാനും മാസങ്ങൾക്കുള്ളിൽ അത് ഉയരുകയാണ്. കേരളത്തിൽ ഇവർ ഭരിച്ച അഞ്ച് വർഷവും തർക്കങ്ങളിലും വിവാദങ്ങളിലും കുടുങ്ങിക്കിടന്ന സ്മാർട്ട് സിറ്റി പദ്ധതി ആരംഭിക്കാൻ പോകുന്നു. മോണോ റെയിൽ പദ്ധതി ആരംഭിക്കുന്നു, മെട്രോ റെയിൽ

പദ്ധതി ആരംഭിക്കുന്നു. വിഴിഞ്ഞം പദ്ധതിക്കുവേണ്ടിയുള്ള പരിസ്ഥിതി ക്ലിയറൻസിനുള്ള നടപടികളെടുത്തിരിക്കുന്നു. ......(ബഹളം)......

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കോവൂർ കുഞ്ഞുമോൻ, ഒരു കാര്യം, ഇവിടെ ശ്രീ. ഇ. പി. ജയരാജൻ സംസാരിച്ചു. പത്ത് മിനിട്ട് അദ്ദേഹം കൂടുതൽ സംസാരിച്ചു. ഇപ്പുറത്തുനിന്ന് ഒരു ശബ്ദവുമുണ്ടായില്ല. ......(ബഹളം)...... ശ്രീ. കോവൂർ കുഞ്ഞുമോൻ, പറയുന്നത് കേൾക്കണം. ഇനിയും ആൾക്കാർ സംസാരിക്കാനുണ്ട്. സംസാരിക്കുമ്പോൾ ബഹളമുണ്ടാക്കുന്നതുകൊണ്ട് എന്താണ് പ്രയോജനം? ശ്രീ. ഇ. പി. ജയരാജൻ സംസാരിച്ചപ്പോൾ എല്ലാവരും മിണ്ടാതിരുന്നില്ലേ? ദയവുചെയ്ത് ശബ്ദമുണ്ടാക്കരുത്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ശ്രീ. കുഞ്ഞുമോൻ ബഹളം ഉണ്ടാക്കുന്നതിന്റെ കാരണം ശാസ്താംകോട്ട കായലിന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി എടുത്ത താത്പര്യം കുഞ്ഞുമോനും കുഞ്ഞുമോന്റെ മന്ത്രിയായിരുന്ന ശ്രീ. എൻ.കെ. പ്രേമചന്ദ്രനും കാണിച്ചില്ല എന്നതാണ്. അവർ കാണിക്കാതിരുന്ന താത്പര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി എടുത്തു. ശാസ്താംകോട്ട കായലിന്റെ കാര്യത്തിൽ നിലപാട് എടുത്ത് കാര്യങ്ങൾ നടക്കുമെന്ന് ബോധ്യമായപ്പോൾ ഞാനും ഇതിന്റെ കൂടെയുണ്ടെന്ന് പറഞ്ഞ് നിരാഹാര സത്യാഗ്രഹം എന്ന രീതിയിൽ ഒരു സമരാഭാസം നടത്തിയ ശ്രീ. കുഞ്ഞുമോൻ, നിങ്ങൾ എഴുന്നേൽക്കും. ഞാൻ സംസാരിക്കുമ്പോൾ നിങ്ങൾ എഴുന്നേൽക്കും. നിങ്ങൾക്ക് ദേഷ്യം വരും. ഒരു സംശയവുമില്ല. കുഞ്ഞുമോനിത്രയൊക്കെയല്ലേ പറയുന്നുള്ളൂ. കുഞ്ഞുമോന്റെ ആരോഗ്യത്തിനനുസരിച്ചുള്ള പ്രതിഷേധം നടത്തിക്കൊള്ളട്ടെ. ഒരു കുഴപ്പവുമില്ല. വികസനവും കരുതലുമാണ് ഈ ഗവൺമെന്റിന്റെ മുഖമുദ്ര. ഓരോന്നായി ഞാൻ പറയുന്നില്ല. എല്ലാം പറയേണ്ട കാര്യമില്ല. വിദ്യാഭ്യാസ രംഗത്ത് അദ്ധ്യാപകർ ശമ്പളമി

ല്ലാതെ എത്ര കാലം ജോലി ചെയ്തു. പോസ്റ്റ് സാങ്ഷനില്ലാതെ എത്ര കാലം ജോലി ചെയ്തിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എന്തെങ്കിലും നടപടി എടുത്തോ? ഈ ഗവൺമെന്റ് വന്നതിന് ശേഷമാണ് ശമ്പളമില്ലാതെ വർഷങ്ങളായി ജോലി ചെയ്തു കൊണ്ടിരുന്ന ആയിരക്കണക്കിന് അദ്ധ്യാപ കർക്ക് പ്രത്യേകമായ പാക്കേജ് ഉണ്ടാക്കി അവർക്ക് സ്ഥിരനിയമനം കൊടുത്തത്; അവർക്ക് ശമ്പളം കൊടുത്തത്. ഇതിൽ അനദ്ധ്യാപകരെയും ഉൾപ്പെടുത്തിക്കൊണ്ട് നടപടികളുണ്ടായി. ചികിത്സാ ധനസഹായം, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഞാനും അന്നത്തെ ഭരണ കക്ഷിയിലുള്ളവരും ചികിത്സാ ധനസഹായത്തിന് അപേക്ഷ കൊടുത്തു. പക്ഷെ മുഖ്യമന്ത്രിയുടെ ആഫീസുവരെ മാത്രമേ ഈ അപേക്ഷകൾ എത്തുകയുള്ളൂ. അവിടെ നിന്നും പുറത്തോട്ട് വരില്ല. ഇന്ന് അതാണോ സ്ഥിതി. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് എല്ലാവർക്കും ധനസഹായം കിട്ടുന്നില്ലേ. ലോട്ടറി, മാണിസാറിന്റെ നേതൃത്വത്തിൽ ചികിത്സയുടെ മുഴുവൻ ചെലവും വഹിച്ചു കൊണ്ടുള്ള ബെനവലന്റ് ഫണ്ട്. കാരുണ്യ പദ്ധതി, സാധാരണക്കാരൻ അസുഖം വന്നു കഴിഞ്ഞാൽ എനിക്കാരുമില്ല എന്ന തോന്നലല്ല എനിക്ക് ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റുണ്ട് എന്ന ചിന്ത സാധാരണക്കാരനിൽ ഉണ്ടാക്കുവാൻ കഴിഞ്ഞുവെങ്കിൽ നിങ്ങൾക്ക് ചെയ്യാൻ കഴിയാതിരുന്ന കാര്യങ്ങളാണ് ഞങ്ങൾ ചെയ്യുന്നത്. അതിനെ നിങ്ങൾ വാനോളം പുകഴ്ത്തണം എന്ന് പറയുന്നില്ല. പക്ഷെ അതിനെ ആക്ഷേപിക്കാ തിരിക്കണം. സമഗ്ര ഇൻഷ്വറൻസ് പദ്ധതി ഇവിടെ നടപ്പാക്കി. ചെവി കേൾക്കാൻ കഴിയാതെ സംസാരിക്കാൻ കഴിയാതെ നമ്മുടെ സഹോദര ങ്ങൾ, നമ്മുടെ കുട്ടികൾ ഈ സംസ്ഥാനത്ത് എത്രയോ കാലമായി ഉണ്ടായി രുന്നു. അവരുടെ കാര്യം ആരെങ്കിലും പരിഗണിച്ചിരുന്നോ. ഡയാലിസിസ്

ചെയ്തുകൊണ്ടിരുന്ന ആളുകൾ പണമില്ലാതെ അടുത്തയാഴ്ച എനിക്ക് മരണത്തിലേയ്ക്ക് പോകണമെന്ന് ചിന്തിച്ചു കൊണ്ടിരുന്ന രോഗികൾ നമ്മുടെ സംസ്ഥാനത്ത് എന്നുമുണ്ടായിരുന്നില്ലേ. ഇവരുടെ കാര്യം ആരെങ്കിലും ശ്രദ്ധിച്ചിരുന്നോ. ഈ ആളുകളുടെ കാര്യങ്ങൾ ശ്രദ്ധിക്കാൻ ഇവിടെ ശ്രീ. ഉമ്മൻ ചാണ്ടി നേതൃത്വം കൊടുക്കുന്ന ഒരു ഗവൺമെന്റുണ്ട് എന്ന് ജനങ്ങൾക്ക് ബോധ്യമായിരിക്കുന്നു. എ.പി.എൽ.വിഭാഗത്തിലുള്ള ആളുകൾക്ക് ക്യാൻസർ വന്നു കഴിഞ്ഞാൽ എ.പി.എൽ. വിഭാഗമായതുകൊണ്ട് ചികിത്സിക്കാൻ വൻതോതിൽ പണം ചെലവഴിക്കണം. ക്യാൻസർ രോഗിയാണെങ്കിൽ അവരെ എ.പി.എൽ. വിഭാഗത്തിൽ നിന്ന് ബി.പി.എൽ. വിഭാഗത്തിലേക്ക് മാറ്റുന്നതിന് കളക്ടർമാർക്ക് അനുമതി കൊടുത്ത ഗവൺമെന്റാണ് ഇത്. ക്ഷേമ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന ഗവൺമെന്റാണ് ഇത്...... എവിടെയാണെന്നത് നാട്ടിൽ ചെന്ന് സാധാരണക്കാരനോട് ചോദിക്കണം. നിങ്ങൾ കണ്ണാടിക്കൂട്ടിൽ ഇരുന്നാൽ പോരാ; സാധാരണക്കാരന്റെയിടയിലേയ്ക്ക് ഇറങ്ങി വരണം. അപ്പോൾ നിങ്ങൾക്ക് കാര്യങ്ങൾ മനസ്സിലാകും. റേഷൻ കാർഡിന് വേണ്ടിയുള്ള ആയിരക്കണക്കിന് അപേക്ഷകൾ കെട്ടിവച്ചുകൊണ്ട് ബഹുമാനപ്പെട്ട ശ്രീ. സി. ദിവാകരൻ മന്ത്രിയായിരുന്നിട്ടില്ലേ. ഇന്നിപ്പോൾ ആർക്കെങ്കിലും റേഷൻ കാർഡ് കിട്ടുന്നതിനുവേണ്ടി മാസങ്ങളോളം കാത്തിരിക്കേണ്ട ഗതികേടുണ്ടോ? ടി.എം.ജേക്കബ് മന്ത്രിയായിരുന്നപ്പോൾത്തന്നെ കെട്ടിക്കിടന്ന മുഴുവൻ അപേക്ഷകളിലും തീരുമാനമെടുത്തുകൊണ്ട് റേഷൻകാർഡ് കൊടുത്ത ഗവൺമെന്റാണ് ഈ ഗവൺമെന്റ്. വികലാംഗ നിയമനം, എൽ.ഡി.എഫ്.-ന്റെ കാലത്ത് വികലാംഗ നിയമനം പി.എസ്.സി.ക്ക് വിട്ടു. ഒരു നിയമനം കാത്ത് വികലാംഗൻ കൈയ്ക്കും കാലിനും സ്വാധീനമില്ലാത്ത ആളുകൾ, കണ്ണിന് കാഴ്ചയില്ലാത്ത ആളുകൾ വേഴാമ്പലിനെപ്പോലെ കാത്തിരുന്നു.

മുഴുവൻ വികലാംഗ നിയമനങ്ങളും പി.എസ്.സി.യുടേയും ഗവൺമെന്റി ന്റെയും ഉദ്യോഗസ്ഥൻമാരെ വിളിച്ചു വരുത്തി മുഴുവൻ കുടിശ്ശിക നിയമന ങ്ങളും നടത്തിയ ഗവൺമെന്റാണ് ഇത്. ആശ്രിത നിയമനത്തിന് അപേക്ഷ കൊടുത്തിട്ട് വർഷങ്ങളോളം കാത്തിരിക്കേണ്ട ഗതികേടുണ്ടായിരുന്ന സംസ്ഥാനത്ത് ആശ്രിത നിയമനത്തിന്റെ മുഴുവൻ കുടിശ്ശികയും നികത്തിയ ഒരു ഗവൺമെന്റാണ് ഇത്. വിദ്യാഭ്യാസ വായ്പയുടെ പലിശയുടെ കാര്യം. വായ്പയെടുത്ത് നഴ്സിംഗും എഞ്ചിനീയറിംഗും പഠിക്കാൻ പോയ കുട്ടികൾ അവർക്ക് വരുമാനം കിട്ടാതെ, വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെയി രുന്നപ്പോൾ, അവരുടെ പലിശ ഭാരം മുഴുവൻ ഏറ്റെടുത്ത ഒരു ഗവൺമെന്റാണ് ഇത്. ഇത്രയേറെ ക്ഷേമ പ്രവർത്തനങ്ങൾ നടത്തിയ ഗവൺമെന്റ് ഇതിന് മുമ്പ് ഉണ്ടായിട്ടുണ്ടോ? സമർത്ഥരായ വിദ്യാർത്ഥികൾക്ക് മുഴുവൻ സ്കോളർഷിപ്പ് നൽകി. ഈ ഗവൺമെന്റ് സുതാര്യമായിരിക്കണ മെന്ന് ഗവൺമെന്റ് ആഗ്രഹിക്കുന്നു. അഴിമതിരഹിതമായ ഒരു ഗവൺമെന്റാ യിരിക്കണമെന്ന് ഗവൺമെന്റ് ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് സേവനാവ കാശ നിയമം ഉണ്ടാക്കിയത്. ഒരു സർട്ടിഫിക്കറ്റിനുവേണ്ടി വില്ലേജ് ആഫീ സിൽപ്പോയി മാസങ്ങളോളം കാത്തിരിക്കേണ്ട കാര്യമില്ല. ഇന്ന ഇന്ന സേവന ങ്ങൾ ഇന്ന ഇന്ന ഓഫീസുകളിൽ നിന്ന് ലഭ്യമാണ്. അത് തരാതിരുന്നാൽ ഉദ്യോഗസ്ഥൻമാർക്ക് ശിക്ഷ ഏൽക്കേണ്ടിവരും എന്ന ഒരു ചിന്ത ഉണ്ടാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞില്ലേ? അതല്ലേ ഈ ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട കാര്യം. ആ നിലയിൽ മുന്നോട്ടു പോകുന്ന ഒരു ഗവൺമെന്റാ ണ്. ഓരോ പ്രശ്നങ്ങളെയും നേരിടുന്നത് എങ്ങനെയെന്ന് നോക്കാം. വരൾച്ച യുടെ കാര്യം വന്നപ്പോൾ 14 ജില്ലയിലും മുഖ്യമന്ത്രി പോയി. അടിയന്തര

സ്വഭാവത്തോടുകൂടി നടപടികളെടുത്ത് വരൾച്ചയെ നേരിടാൻ എല്ലാ ജനപ്രതിനിധികളെയും ഉദ്യോഗസ്ഥൻമാരെയും വിളിച്ചു കൂട്ടി എല്ലാവിധ നടപടികളും എടുത്തു. കുടിവെള്ളം അവരുടെ വീടുകളിൽ ലോറിയിൽ കൊണ്ടെത്തിക്കുന്നതിനുവേണ്ടി പണം കൊടുത്തു. എല്ലാ തരത്തിലും വരൾച്ചയെ നേരിടാൻ നമുക്ക് കഴിഞ്ഞു. ഒരു ക്രൈസിസ് വന്നു കഴിഞ്ഞാൽ ഗവൺമെന്റ് എങ്ങനെ അത് നേരിടുമെന്നതാണ് ഏറ്റവും പ്രധാന പ്രശ്നം. ഇത്രയും കൊടിയ വരൾച്ച ഇതിനുമുമ്പ് കേരളം കണ്ടിട്ടുണ്ടോ? വെള്ളത്തിനുവേണ്ടി ഇത്രയേറെ ദാഹിച്ച ഒരു കാലഘട്ടം ഇതിനുമുമ്പ് ഉണ്ടായിട്ടുണ്ടോ? ആ പ്രതിസന്ധിയെയും തരണം ചെയ്യാൻ സമർത്ഥമായിത്തന്നെ ഗവൺമെന്റ് അവസരത്തിനൊത്ത് ഉയർന്നു എന്നതാണ് കേരളത്തിലെ ജനങ്ങൾക്ക് ആശ്വാസകരമായത് എന്ന കാര്യത്തിൽ ആർക്കാണ് സംശയം. പനിയുടെ കാര്യം, ഇവിടെ ഇന്നലെ അടിയന്തര പ്രമേയം അവതരിപ്പിച്ചു. കഴിഞ്ഞ കുറച്ചു വർഷങ്ങളായി പനി ഉണ്ടാകുന്നു. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തും പനി ഉണ്ടായി ഇപ്പോഴും ഉണ്ടാകുന്നു. അഭൂതപൂർവമായി കേരളത്തിൽ പനിയുടെ വൈറസ് ബാധിച്ചിരിക്കുന്നു. അത് ചിക്കുൻഗുനിയായും, ഡെങ്കിപ്പനിയായും, എലിപ്പനിയായും പല തരത്തിൽ വരുന്നു. കേരളീയ സമൂഹം ആലോചിക്കേണ്ട ഒരു പ്രധാന വിഷയം തന്നെയാണ് ഇത്. നാട്ടിൽ പനി ബാധിച്ചപ്പോൾ ശ്രീ. വി.എസ്. ശിവകുമാർ വിദേശത്തായിരുന്നില്ല. ശ്രീ. വി.എസ്. ശിവകുമാർ ഇവിടെത്തന്നെ നിന്ന് ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ഉത്തരവാദിത്ത ബോധത്തോടെ പരിശ്രമിക്കുകയാണ്. ശ്രീ. എ. കെ. ബാലൻ പറയട്ടെ, ഇത്രയേറെ പോസ്റ്റുകൾ ഉണ്ടാക്കി ഡോക്ടർമാരെ നിയമിച്ച ഒരു കാലഘട്ടം ഇതിന് മുമ്പ് ഉണ്ടായിട്ടുണ്ടോ? അദ്ദേഹത്തിന് വ്യക്തിപരമായി അറിയാം അതുകൊണ്ടാണ് ഞാൻ അത് പറഞ്ഞത്. ഇത്രയേറെ ഡോക്ടർമാരുടെയും

നഴ്സുമാരുടെയും തസ്തിക ഉണ്ടാക്കി അവരെ നിയമിച്ച ഒരു ഗവൺമെന്റ് ഇതിന് മുമ്പ് ഉണ്ടായിട്ടുണ്ടോ? മരുന്നുകൾ, എല്ലാ ആശുപത്രിയിലും മരുന്നുകൾ കൊടുക്കുന്നു. ജനറിക് മരുന്ന് കൊടുക്കുമെന്ന് പറഞ്ഞു. ജനറിക് മരുന്നെന്നു പറഞ്ഞാൽ മരുന്ന് കമ്പനികളുടെ ചൂഷണത്തിൽ നിന്ന് നമ്മുടെ സാധാരണ രോഗിയെ രക്ഷിക്കുന്നതിന് വേണ്ടിയാണ് ജനറിക് മരുന്നുകൾ കൊടുക്കുന്നത്. ആ ജനറിക് മരുന്നുകൾ വ്യാപകമായ തോതിൽ കൊടുക്കാൻ ഈ ഗവൺമെന്റ് മുൻകൈയെടുക്കുകയല്ലേ ചെയ്തത്. അതു മാത്രമല്ല, എല്ലാ ആശുപത്രികളിലും എല്ലാ വിധമായ ടെസ്റ്റുകൾ ചെയ്യുന്നതിനുള്ള സൗകര്യമൊരുക്കി. ഡയാലിസിസ് ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കി. ഗവൺമെന്റ് ആശുപത്രികളുടെ കാര്യത്തിൽ ഇത്രയേറെ താത്പര്യമെടുത്ത് ആശുപത്രികളെ നവീകരിച്ച ഒരു ഗവൺമെന്റ് ഇതിന് മുമ്പ് ഉണ്ടായിട്ടുണ്ടോ? എൻ.ആർ.എച്ച്.എം. ഫണ്ട് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പാഴാക്കിയത് സംബന്ധിച്ച് അന്ന് ഈ നിയമസഭയിൽത്തന്നെ എത്രയോ ആരോപണങ്ങളുണ്ടായി. എൻ.ആർ.എച്ച്.എം. ഫണ്ട് വിനിയോഗിക്കുന്നത് സംബന്ധിച്ച് ശ്രീ.റ്റി. എൻ. പ്രതാപൻ അന്ന് അഴിമതി ആരോപണം വരെ ഉന്നയിച്ചതാണ്. പൂർണ്ണതോതിൽ എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിക്കാൻ കഴിയാതിരുന്ന ഒരു സാഹചര്യമുണ്ടായി. ഇന്ന് എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ചു തന്നെ കെട്ടിടങ്ങൾ ഉണ്ടാക്കുന്നു. ആശുപത്രികളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നു. പത്തനംതിട്ട ജനറൽ ഹോസ്പിറ്റലിൽ, എനിക്ക് വ്യക്തിപരമായി അറിയാം, ഏറ്റവും കൂടുതൽ ആധുനിക ചികിത്സാ സൗകര്യങ്ങൾ ഒരുക്കുന്നതിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം വലിയ പുരോഗതി ഉണ്ടായിട്ടുണ്ട്.

ഡോ. ടി.എം. തോമസ് ഐസക്: സർ, ഇങ്ങനെ പല കാര്യങ്ങളൊക്കെ ചെയ്തുകാണും. പക്ഷെ അവയുടെയൊക്കെ ഫലമെന്താണ്? അത് അളക്കു

ന്നതിനുള്ള മാർഗ്ഗം, എത്ര പേർക്ക് പനി വന്നു. അതിൽ എത്ര പേർ മരിച്ചു. എന്ന കണക്കുകൾ ലഭ്യമാണല്ലോ? ആ കണക്കുകൾ കാണിക്കുന്നത് സർക്കാരിന്റെ സമ്പൂർണ്ണ പരാജയമല്ലേ.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഗവൺമെന്റ് ആശുപത്രികളിൽ നവജാതശിശുക്കൾ മരിച്ചതിന്റെ കണക്കെടുത്തുകൊണ്ട് ശ്രീമതി ടീച്ചറിന്റെ പ്രവർത്തനത്തെക്കുറിച്ച് വിലയിരുത്താൻ സാധിക്കുമോ? തിരുവനന്തപുരത്ത് നവജാതശിശുക്കൾ മരിച്ചതിന്റെ കണക്കുവച്ചുകൊണ്ട് ഒരു ഗവൺമെന്റിനെ വിലയിരുത്താൻ കഴിയുമോ? രോഗം വരും; രോഗം വന്നുകഴിഞ്ഞാൽ നടപടിയെടുക്കും; ആ നടപടിയുമായി മുന്നോട്ട് പോകണം. രോഗം വന്നു കഴിഞ്ഞാൽ ചിലപ്പോൾ മരണമുണ്ടാകാം. പക്ഷേ ഒരു കാര്യം മനസ്സിലാക്കണം. ഇവിടെ മുമ്പെങ്ങുമില്ലാത്ത തരത്തിലുള്ള രോഗങ്ങൾക്ക് കേരളീയ ജനത കീഴ്പ്പെടേണ്ട ഒരു സാഹചര്യമുണ്ടായിരിക്കുന്നു. അത് കണ്ടുകൊണ്ട് നോക്കിയിരിക്കുകയല്ല......, ഇത് പരിഹരിക്കുന്നതിന് ക്യൂബയിൽ നിന്നും വരെ ആളുകളെ വരുത്തി...., ക്യൂബ എന്നു പറഞ്ഞപ്പോൾ......, പണ്ട് കേരളത്തിൽ നിന്ന് ക്യൂബയിൽ പിടിയരി പിരിക്കാൻ പോയത് ശ്രീ. വി. എസ്. സുനിൽ കുമാറിന്റെ പാർട്ടിയാണ്. അതുകൊണ്ട് ആ കഥയൊന്നും പറയേണ്ട. ഞങ്ങൾക്ക് ക്യൂബയാണെന്നോ ചൈനയാണെന്നോ ഉള്ള വ്യത്യാസമില്ല. ക്യൂബയിൽ നിന്നാണ് വേണ്ടതെങ്കിൽ അവിടെ നിന്നും ആളുകളെ കൊണ്ടുവരണം. ക്യൂബയിൽ നിന്നുള്ള എക്സ്പെർട്സിനെ കൊണ്ടുവന്ന് ഇത് പരിഹരിക്കണം. ക്യൂബയിൽ നല്ല ചികിത്സാസമ്പ്രദായം അല്ലെങ്കിൽ അവിടെ ഇതുപോലുള്ള വൈറസ് പരിഹരിച്ചതിന്റെ എക്സ്പീരിയൻസ്, അത് അവർക്കുണ്ട്. എന്നാൽ നമുക്കിത് പുതിയതാണ്. ക്യൂബയിൽ പണ്ടേ ഈ

വൈറസ് വന്നിട്ടുണ്ട്. അത് ഞങ്ങളുടെ കുഴപ്പമല്ല...., അവിടെ അത് പരിഹരിച്ചു. ആ പരിഹരിച്ച എക്സ്പെർട്സിനെ ഇവിടെ കൊണ്ടുവന്ന് ആ രംഗത്ത് ഒരു മാറ്റമുണ്ടാക്കാൻ വേണ്ടി ശ്രമിക്കുകയാണ്. ഇവിടെ എല്ലാ രംഗത്തും ഗവൺമെന്റ് ആക്ട് ചെയ്തുകൊണ്ടിരിക്കുകയാണ്. ആ ഗവൺമെന്റിന്റെ പ്രവർത്തനത്തെ മോശമാക്കി കാണിക്കാൻ നിങ്ങൾ എത്ര തന്നെ ശ്രമിച്ചു കഴിഞ്ഞാലും അത് ജനങ്ങളുടെ മുമ്പിൽ വിലപ്പോകില്ല, കാരണം ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളുടെ ഗുണഫലങ്ങൾ അവർ അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. ആ ഗുണഫലങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ജനങ്ങളുടെ മുമ്പിൽ നിങ്ങളുടെ സമരങ്ങളൊന്നും വിലപ്പോകാത്തത് അതു കൊണ്ടു തന്നെയാണ് എന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. ഇവിടെ അഖിലേന്ത്യാ തലത്തിൽ റീ-ഗ്രൂപ്പിംഗ് വരുന്നുവെന്നാണ് ശ്രീ. ഇ. പി. ജയരാജൻ പറഞ്ഞത്. ഇവിടെ നിന്നുള്ള ആളുകൾ അങ്ങോട്ട് ചെല്ലണം എന്നാണ് അദ്ദേഹം സൂചിപ്പിക്കുന്നത്. അവിടെ നിന്ന് എത്ര ആളുകൾ ഇങ്ങോട്ടു പോരുന്നു എന്നുള്ളതിനെക്കുറിച്ച് വല്ല കണക്കുമുണ്ടോ? അത് നോക്കാതിരിക്കുകയായിരിക്കും നല്ലത്. ഞങ്ങൾക്ക് വേണ്ട, ആരും ഇങ്ങോട്ട് വരേണ്ട കാര്യവുമില്ല. പക്ഷേ ഒരു കാര്യം നിങ്ങൾക്ക് ബോധ്യമാകണം. അഖിലേന്ത്യാ തലത്തിൽ നടന്ന തെരഞ്ഞെടുപ്പുകളിൽ ബി.ജെ.പി. ഭരിച്ചിരുന്ന സംസ്ഥാനങ്ങളിൽ ബി.ജെ.പി.-യെ മാറ്റിനിർത്തിക്കൊണ്ട് കോൺഗ്രസ് അധികാരത്തിലേയ്ക്ക് വരാൻ ഇന്ത്യയിൽ പല സംസ്ഥാനങ്ങളിലും കഴിഞ്ഞുവെങ്കിൽ നാളെയും നരേന്ദ്ര മോഡി എന്ന ഒരു ഫാസിസ്റ്റ് ഭരണാധികാരി ഇന്ത്യയിൽ ഉണ്ടാകാതിരിക്കാൻവേണ്ടി കോൺഗ്രസിന് കഴിയുമെന്ന കാര്യത്തിൽ ആർക്കും ഒരു സംശയവും വേണ്ട. അതിന് തടസ്സം നിൽക്കുന്ന രീതിയിലുള്ള പ്രചരണവുമായി നിങ്ങൾ പോകാതിരുന്നാൽ മതി. പണ്ട് നിങ്ങൾ

മൂന്നാം മുന്നണി കൊണ്ടുവന്നതല്ലേ? അതിന്റെ നേതാവായിരുന്ന ശ്രീ. ചന്ദ്ര ബാബു നായിഡുവിനെ പിന്നീട് കണ്ടത് ബി.ജെ.പി. യുടെ കൂടാരത്തിലാണ്. നിങ്ങളുടെ മൂന്നാം മുന്നണിയുടെ പല നേതാക്കളും അവിടെ നിന്നും മുങ്ങി പിന്നീട് പൊങ്ങിയത് ബി.ജെ.പി. യുടെ കൂടാരത്തിലാണ്. പിന്നെയും മലർപ്പൊടിക്കാരന്റെ സ്വപ്നവുമായി ആ പഴയ മൂന്നാം മുന്നണിയുമായി നിങ്ങൾ ഇറങ്ങിയിരിക്കുകയാണ്. ഇത് ഇന്ത്യയിൽ വിലപ്പോകില്ല. ബി.ജെ.പി. എന്ന ഫാസിസ്റ്റ് പ്രസ്ഥാനത്തെ ഒഴിച്ചു നിർത്താൻ; ഇന്ത്യയുടെ മണ്ണിൽ അവർക്ക് സ്ഥാനമില്ല എന്ന് ബോദ്ധ്യപ്പെടുത്താൻ ഇന്ത്യൻ നാഷണൽ കോൺഗ്രസ് എന്ന ദേശീയ പ്രസ്ഥാനത്തിന് മാത്രമേ കഴിയുകയുള്ളൂ.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഈ നിയമസഭയിൽ എൽ.ഡി.എഫ്. -ന്റെ എം.എൽ.എ.-യായിരുന്ന ഒരു അംഗം ഇപ്പോൾ നരേന്ദ്ര മോഡിയുടെ മുഖ്യപ്രചാരകനായി ഡൽഹിയിലുണ്ട് എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. ശിവദാസൻ നായർ: സർ, കഴിഞ്ഞ നിയമസഭയിൽ അദ്ദേഹം എൽ.ഡി.എഫ്-നു വേണ്ടി ഘോരഘോരം വാദിച്ചയാളാണ്. അത് ഞാൻ പറയുന്നില്ല. പക്ഷേ ഞാൻ പറഞ്ഞത്, അഖിലേന്ത്യാ തലത്തിൽ കോൺഗ്ര സിനെ അധികാരത്തിൽ നിന്നും മാറ്റാനുണ്ടാക്കിയ മൂന്നാം മുന്നണിയുടെ നേതാക്കൾ എവിടെയൊക്കെ പോയിയെന്നുള്ളത് ഇന്ത്യയിലെ ജനങ്ങൾ ക്കറിയാം. അതുകൊണ്ട് ബി.ജെ.പി. എന്ന ഫാസിസ്റ്റ് പ്രസ്ഥാനത്തെ ഒഴിവാക്കാൻ ബംഗാളിൽ പോലും സ്ഥാനമില്ലാത്ത നിങ്ങൾക്ക് കഴിയുമോ എന്നതിനെ സംബന്ധിച്ച് കേരളത്തിലെ സാധാരണക്കാർക്കറിയാം. ഇന്ത്യൻ രാഷ്ട്രീയത്തിൽ നിങ്ങൾ എവിടെ നിൽക്കുന്നു എന്നതിനെ സംബന്ധിച്ച് നിങ്ങൾക്കും ബോദ്ധ്യമുണ്ട്. ഞാൻ ചോദിക്കട്ടെ, നിങ്ങളുടെ പാർട്ടിയിലെ

ചർച്ചയെന്താണ്? നിങ്ങളുടെ പി.ബി. യിലെയും സി.സി. യിലെയും ചർച്ചയെന്താണ്? അവിടെയെല്ലാം പ്രതിപക്ഷ നേതാവായ ശ്രീ. വി. എസ്. അച്ചുതാനന്ദനെ താഴെയിറക്കണമോ വേണ്ടയോ എന്നുള്ളതിനെക്കുറിച്ചുള്ള ഗൗരവമായ ചർച്ചയാണ് നടക്കുന്നത്. ഇപ്പോൾ താഴെയിറക്കുമെന്ന് പറഞ്ഞ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഉൾപ്പെടെയുള്ള പി.ബി. അംഗങ്ങൾ പോളിറ്റ് ബ്യൂറോയിൽ പോയി. അവിടെ ചെന്ന് ഒന്നും സംഭവിക്കാതെ പോന്നു. അവസാനം പറഞ്ഞു, ഇപ്രാവശ്യം ഞങ്ങൾ താഴെയിറക്കിയതിനുശേഷമേ വരികയുള്ളുവെന്നാണ്. ഇപ്രാവശ്യം പുറത്താക്കിയത് ആരെയാണ്? ഇന്ദുലേഖയില്ലെങ്കിൽ തോഴിയായാലും മതി. പ്രതിപക്ഷ നേതാവിന്റെ പി.എ. ആയിരുന്ന സുരേഷിനെയും മറ്റു രണ്ടു സ്റ്റാഫിനേയും പുറത്താക്കി, ഞങ്ങൾ വിജയിച്ചു എന്ന് വലിയ വിജയഭേരിയുമായി ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഉൾപ്പെടെയുള്ള പി.ബി. അംഗങ്ങൾ കേരളത്തിലേയ്ക്ക് മടങ്ങിവരികയാണ്. വിജയശ്രീലാളിതനായി നീട്ടലും കുറുക്കുമായി പ്രതിപക്ഷ നേതാവും ഇങ്ങോട്ട് വന്നിട്ടുണ്ട്. നിങ്ങൾ വിചാരിച്ചാൽ അദ്ദേഹത്തെ ഒരു ചുക്കും ചെയ്യാൻ സാധിക്കില്ല. നിങ്ങളെ ഒതുക്കിയിട്ടേ അദ്ദേഹം പോകൂ, അതിനകത്ത് ഒരു സംശയവും വേണ്ട. അതിനുവേണ്ടിയിട്ടുള്ള എല്ലാ കാര്യങ്ങളും അദ്ദേഹത്തിന്റെ കൈവശമുണ്ട്. അദ്ദേഹത്തിന്റെ ലക്ഷ്യം ഞങ്ങളല്ല, ഇടതുവശത്തിരിക്കുന്ന ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഉൾപ്പെടെയുള്ള ആളുകളാണ് എന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടാൽ മതി. ജനകീയ പിന്തുണയില്ലാത്ത നേതാക്കൾ നയിക്കുന്ന പ്രസ്ഥാനമാണ് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി എന്ന കാര്യം മനസ്സിലാക്കണം. പണ്ട് ജനങ്ങളുടെ പിന്തുണയുള്ള നേതാക്കൾ മാർക്സിസ്റ്റ് പാർട്ടിയിലുണ്ടായിരുന്നു, അവർ നയിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. ഇന്ന്

കോർപ്പറേറ്റ്സിനെപ്പോലെ വാദിക്കുന്ന; വിദേശത്ത് പോയി ഇംഗ്ലീഷ് വിദ്യാഭ്യാസം നേടി; ഇന്ത്യയിലെ തൊഴിലാളി വർഗ്ഗത്തെക്കുറിച്ച് പുസ്തകത്തിൽ മാത്രം വായിച്ചറിഞ്ഞ നേതാക്കൾ നയിക്കുന്ന പ്രസ്ഥാനമാണ് ഇന്ന് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി. ഇത് നിങ്ങൾ മനസ്സിലാക്കണം. ആ നേതാക്കൾ നയിക്കുന്ന പ്രസ്ഥാനത്തിൽ ഇവിടെ നിങ്ങൾ ഉദ്ദേശിക്കുന്ന രീതിയിലുള്ള കാര്യങ്ങളൊന്നും നടക്കില്ല എന്ന യാഥാർത്ഥ്യം ഉൾക്കൊള്ളണം. ഇവിടെ പാർലമെന്റ് തെരഞ്ഞെടുപ്പ് വരാൻ പോകുന്നു. കേരളത്തിൽ ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റുണ്ട്, ക്ഷേമപ്രവർത്തനങ്ങൾക്ക് ഊന്നൽ കൊടുക്കുന്ന ഒരു ഗവൺമെന്റുണ്ട്. അത് നിങ്ങളും തലകുലുക്കി സമ്മതിക്കുന്നു. ഇത്രയേറെ ക്ഷേമപ്രവർത്തനങ്ങൾ നടത്തിയ ഒരു ഗവൺമെന്റ് കേരള ചരിത്രത്തിൽ ഇതിനു മുമ്പുണ്ടായിട്ടില്ല.

ശ്രീ. ജി. സുധാകരൻ: സർ, പോയിന്റ് ഓഫ് ഓർഡർ...., വിദേശത്ത് പോയി വിദ്യാഭ്യാസം നടത്തി തിരിച്ചുവന്ന് രാഷ്ട്രീയ പ്രവർത്തനം നടത്തിയാൽ ജനനേതാക്കന്മാർ ആകാൻ സാധിക്കുകയില്ലെന്നുള്ളത് വസ്തുതയല്ല, പാർലമെന്റിസത്തിന്റെ ഓർഡറിലല്ല കാരണം പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഓക്സ്ഫോർഡിലാണ് പഠിച്ചത്. അതിന് മുമ്പ് ഗാന്ധിജി, കൃഷ്ണ മോനോൻ, മുഹമ്മദലി ജിന്ന, ജ്യോതിബസു, രാജീവ് ഗാന്ധി ഇവരെല്ലാം വിദേശത്ത് പഠിച്ചിട്ടാണ് ജനനേതാക്കന്മാരായത്. അതുകൊണ്ട് വിദേശത്ത് പോയി വിദ്യാഭ്യാസം നേടിയത് തെറ്റായ കാര്യമല്ല, അങ്ങനെ വന്ന് നാട്ടിൽ പ്രവർത്തിച്ച് ജനപിന്തുണ നേടി ജനനേതാക്കന്മാരാകുന്നത് എല്ലാ ലോക രാഷ്ട്രങ്ങളിലുമുണ്ട്. ഹോച്ചിമിൻ ഫ്രാൻസിലായിരുന്നു. അങ്ങനെ പറയുന്നത് ഓർഡറിലാണോ? വിദ്യാസമ്പന്നനായ നിയമബിരുദധാരിയായ അങ്ങ്

ഇത് പറയാമോ? രാഷ്ട്രീയ ലക്ഷ്യം വച്ച് വസ്തുതകളെ വളച്ചൊടിക്കുന്നത് ഓർഡറിലല്ല.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഇംഗ്ലീഷ് വിദ്യാഭ്യാസം നേടുന്നത് കുറ്റമാണെന്ന് ഞാൻ പറഞ്ഞില്ല. പക്ഷേ, ശ്രീ. ജി. സുധാകരനെപ്പോലുള്ള ഒരാൾ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെയും നിങ്ങളുടെ അഖിലേന്ത്യാ സെക്രട്ടറിയേയും തമ്മിൽ താരതമ്യപ്പെടുത്തരുതായിരുന്നു. ആ ഒരു വിവേക മെങ്കിലും ഉണ്ടാകണമായിരുന്നു. അങ്ങനെയൊരു വിവേകമെങ്കിലും അങ്ങയിൽ നിന്ന് ഞാൻ പ്രതീക്ഷിക്കുന്നു. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ താഴെതലം മുതൽ ഉന്നതതലം വരെ എല്ലാ രംഗത്തും ജനങ്ങളോടൊപ്പം പ്രവർത്തിച്ച ആൾ എവിടെ? ഇംഗ്ലീഷ് വിദ്യാഭ്യാസം മാത്രം കഴിഞ്ഞ് പുസ്തകത്തിൽ മാത്രം തൊഴിലാളിയെന്ന് കേട്ട് അതുമാത്രം പഠിച്ച് ഇവിടെ വന്ന് തൊഴിലാളി പ്രവർത്തനം നടത്താതെ തൊഴിലാളികൾക്കുവേണ്ടി സംസാരിക്കാനിറങ്ങുന്ന നേതാക്കന്മാരാണ് നിങ്ങൾക്കുള്ളത്. അതാണ് പ്രധാനപ്പെട്ട പ്രശ്നം. ഹോച്ചിമിൻ ജനങ്ങളുടെ ഇടയിലാണ് പ്രവർത്തിച്ചത് അതുകൊണ്ടാണ് ഹോച്ചിമിൻ, ഹോച്ചിമിനായത്. അത് മനസ്സിലാക്കണം. ഏത് ജനങ്ങളുടെ ഇടയിലാണ് നിങ്ങളുടെ നേതാക്ക ന്മാർ പ്രവർത്തിച്ചത്; ഏത് പൊതുജന സംഘടനയിലാണ് പ്രവർത്തിച്ചത്? ഇവിടെ സാധാരണക്കാർക്കിടയിൽ പ്രവർത്തിച്ച് സ്വാതന്ത്ര്യസമരത്തിന് നേതൃത്വം കൊടുത്ത ഏറ്റവും വലിയ സെക്യുലറായ ഇന്ത്യയുടെ മനസ്സറിഞ്ഞ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു എവിടെ നിൽക്കുന്നു? ഇവരുടെ പാർട്ടിനേതാവ് എവിടെ നിൽക്കുന്നുവെന്നതിനെക്കുറിച്ച് നിങ്ങൾ ആലോചിക്കണം. അതുകൊണ്ട് ശ്രീ. ജി. സുധാകരൻ, ഞാൻ കുറ്റം

പറഞ്ഞതല്ല. ഞാൻ നിങ്ങളെ മാനിക്കുന്നു. കാരണം നിങ്ങൾ സാധാരണക്കാരുടെയിടയിൽ ജീവിക്കുന്ന ഒരു ആളാണ്, സാധാരണക്കാരുടെയിടയിൽ പ്രവർത്തിച്ച് സമരം നടത്തിയ ഒരാളാണ്. ശ്രീ. ഇ.പി. ജയരാജനും ശ്രീ. കോടിയേരി ബാലകൃഷ്ണനും ആ ജനുസ്സിൽപ്പെട്ട ആളുകൾ തന്നെയാണ് ഞാൻ നിങ്ങളെ മാനിക്കുന്നു. പക്ഷേ നിങ്ങളുടെ അഭിപ്രായങ്ങൾ അവിടെ വിലപ്പോകാത്തത് സംബന്ധിച്ചാണ് ഞാൻ പറഞ്ഞത്, അവിടെ കോർപ്പറേറ്റ് മനോഭാവമാണ്. ആ കോർപ്പറേറ്റ് മനോഭാവമുള്ള ആളുകൾ നയിക്കുന്ന പ്രസ്ഥാനമായി നിങ്ങളുടെ പ്രസ്ഥാനം മാറിയെന്നാണ് ഞാൻ പറഞ്ഞത്. കേരളത്തിലെ പാർട്ടി നേതൃത്വം എടുക്കുന്ന തീരുമാനം നടപ്പിലാക്കാൻ കഴിയാതെ നിരാശയോടുകൂടി മടങ്ങേണ്ട ഒരു സാഹചര്യമുണ്ടായത് അതുകൊണ്ടാണെന്നാണ് ഞാൻ പറഞ്ഞത്. ഞാൻ ദീർഘമായി മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഇവിടെ വികസനവും കരുതലുമാണ്. അങ്ങ് വേഗതയിൽ കാര്യങ്ങൾ നടത്തണമെന്ന് ആഗ്രഹിക്കുന്ന മുഖ്യമന്ത്രിയാണ്. പക്ഷേ ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ഇപ്പോഴും കാര്യങ്ങൾ പഴയതുപോലെ താമസം നേരിടുകയാണ്. ആ നിലയിൽ പോയാൽ നമുക്ക് എങ്ങുമെത്താൻ കഴിയില്ല. അങ്ങയുടെ മനസ്സ് പോകുന്നതുപോലെയും അങ്ങ് പ്രവർത്തിക്കുന്നതുപോലെയും കേരളത്തിൽ കാര്യങ്ങൾ നടക്കണമെന്നുണ്ടെങ്കിൽ സെക്രട്ടേറിയറ്റിൽ കാര്യങ്ങൾ പെട്ടെന്ന് നടക്കണം. പല കാര്യങ്ങളിലും എത്ര മേശ കടന്നുവേണം ഓരോ കാര്യങ്ങൾ തീർക്കാൻ. അവിടെ എല്ലാവർക്കും ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിയാനാണ് ആഗ്രഹം. മറ്റുള്ളവർ തീരുമാനമെടുക്കട്ടെയെന്ന് പറഞ്ഞുകൊണ്ട് ഈ ഫയലുകൾ അങ്ങോട്ടുമിങ്ങോട്ടുമിട്ട് തട്ടുന്ന രീതി അവസാനിപ്പിക്കണമെന്നാണ് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, ബഹുമാന്യനായ മുഖ്യമന്ത്രി അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. ബഹുമാന്യനായ ശ്രീ. ഇ. പി. ജയരാജൻ ഇവിടെ പ്രസംഗിച്ചപ്പോൾ, ഗവൺമെന്റിനെക്കുറിച്ച് എന്തെങ്കിലും പറയുമെന്ന് ഞാൻ വിചാരിച്ചു. പ്രതിപക്ഷത്തിന് ഗവൺമെന്റിനെപ്പറ്റി ഒന്നും പറയാനില്ലായെന്നാണ് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ നിന്ന് എനിക്ക് മനസ്സി ലായത്. ഇത്രയും നല്ലൊരു ഗവൺമെന്റ് കേരളത്തിന്റെ ചരിത്രത്തിൽ ഉണ്ടാ യിട്ടില്ല. ഗവൺമെന്റിന്റെ മാനുഷിക മുഖം, ഗവൺമെന്റിന്റെ വികസന മുഖം അതാണ് ഈ ഗവൺമെന്റിന്റെ മുഖമുദ്ര. നിങ്ങളുടെ കാലത്ത് ഒരു മുഖ്യമന്ത്രിയെ ജനങ്ങൾക്ക് കാണാൻ പറ്റുമോ; ഒരു മുഖ്യമന്ത്രിയുടെ അടുത്തുപോയി പരാതി കൊടുക്കാൻ പറ്റുമോ; പരാതി കൊടുത്താൽ മുഖ്യമന്ത്രി ആ കാര്യങ്ങളെ സംബന്ധിച്ച് എന്തെങ്കിലും തീരുമാനം എടുക്കുമോ; എന്തെങ്കിലും അഭിപ്രായം മുഖ്യമന്ത്രി പറയുമോ? അപ്പുറത്തിരി ക്കുന്ന എം.എൽ.എ.മാർക്ക് ഈ മുഖ്യമന്ത്രിയിൽ നിന്നും കിട്ടുന്ന പോലുള്ള ഉത്തരവ് ഏതെങ്കിലും ആ കാലത്ത് ലഭിച്ചിട്ടുണ്ടോ? ബഹുമാന്യനായ മുഖ്യമന്ത്രി 14 ജില്ലകളിലും ജനസമ്പർക്ക പരിപാടി നടത്തി. ഓരോരുത്തരു ടേയും പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും അവിടെവച്ച് തീർപ്പാക്കാൻ പറ്റാത്ത കാര്യങ്ങൾക്ക് തിരുവനന്തപുരത്ത് വച്ച് ചർച്ച നടത്തി പരിഹാരം കാണുകയും ചെയ്തു.  അതിന്റെ ഫലമായി പല ഉത്തരവുകളുമിറക്കി. അതു കൊണ്ടാണ് 'ജനപക്ഷ ചുവടുകൾ' എന്നുപറഞ്ഞ് എനിക്കും നിങ്ങൾക്കും കേരള ഗവൺമെന്റ് ഇതുപോലെ പ്രായോഗികമായ ഉത്തരവുകൾ ഇറക്കി ക്കൊണ്ടുള്ള ബുക്ക് തന്നത്. നിങ്ങളുടെ കാലത്ത് ഇങ്ങനെ ഏതെങ്കിലും നട ന്നിട്ടുണ്ടോ? ഏത് കാര്യത്തിനാണ് പ്രായോഗിക സമീപനമില്ലാത്തത്? ഏത്

കാര്യങ്ങളാണ് നടക്കാത്തത്? മുഖ്യമന്ത്രിയുടെ ചികിത്സാ ഫണ്ടിൽ നിന്ന് 133 കോടി രൂപ കൊടുത്തിട്ടുണ്ട്. നിങ്ങളുടെ കാലത്ത് ഒരു ആക്സിഡന്റിൽ മരണപ്പെട്ടാൽ 30,000 രൂപയാണ് ലഭിച്ചിരുന്നത്. അത് ഈ ഗവൺമെന്റ് ഒരു ലക്ഷം രൂപയാക്കി ഉയർത്തി. ക്യാബിനറ്റിൽ പോയാൽ രണ്ടും-മൂന്നും അഞ്ച് ലക്ഷം രൂപ വരെയും ലഭിക്കും. നിങ്ങളുടെ കാലത്ത് അങ്ങനെ എന്തെങ്കിലും നടന്നിട്ടുണ്ടോ? പാവപ്പെട്ടവർക്ക് മുഖ്യമന്ത്രിയുടെ ഫണ്ടിൽനിന്ന് ചികിത്സാ സഹായമായി പരമാവധി 10,000/- രൂപ വരെ മിനിമം കൊടുക്കുന്ന പദ്ധതി കൊണ്ടുവന്നു. കളക്ടറുടെ റിപ്പോർട്ട് വാങ്ങിയാൽ അത് കൊടുക്കുന്നുണ്ട്. ഇവിടെ ഏത് എം.എൽ.എ.മാർ ശുപാർശ ചെയ്ത ഏത് കാര്യങ്ങളാണ് നട ക്കാത്തത്? നിങ്ങളുടെ കാലത്ത് ഇതുപോലുള്ള ഏതെങ്കിലും കാര്യങ്ങൾ നട ന്നിട്ടുണ്ടോ? ലോട്ടറിയുടെ കാര്യത്തിൽ, നിങ്ങളുടെ കാലത്ത് സാന്റിയാഗോ മാർട്ടിന് ഉപകാരം ചെയ്ത് കൊടുത്തതല്ലാതെ എന്താണ് ചെയ്തത്? ഈ ഗവൺമെന്റ് വന്നതിനുശേഷം കാരുണ്യ ബെനവലന്റ് സ്കീം ഉണ്ടാക്കി. ക്യാൻസർ, കിഡ്നി സംബന്ധമായ അസുഖം, നട്ടെല്ലിന് ക്ഷതമേറ്റ ആളുകൾ ഇവർക്കെല്ലാം രണ്ട് ലക്ഷം രൂപ ചികിത്സാ സഹായം നൽകുന്ന പദ്ധതി ആവിഷ്കരിച്ചു. കാരുണ്യ ബെനവലന്റ് സ്കീം വഴി 120 കോടി രൂപ കൊടു ത്തിട്ടുണ്ട്. മൂന്ന് വയസ്സുവരെയുള്ള ചെവി കേൾക്കാൻ പറ്റാത്ത, സംസാര ശേഷി നഷ്ടപ്പെട്ട കുട്ടികൾക്ക് അഞ്ചര ലക്ഷം രൂപ ചെലവ് വരുന്ന ഓപ്പറേ ഷൻ 'ശ്രുതിതരംഗം പദ്ധതി' വഴി സൗജന്യമായി ചെയ്ത് കൊടുക്കുന്നുണ്ട്. 200 കുട്ടികൾക്ക് ഇക്കൊല്ലം ഈ പദ്ധതി നടപ്പിലാക്കാൻ പോവുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അക്കാര്യത്തിൽ എനിക്കൊരു നിർദ്ദേശം പറയാനുള്ളത്, ഈ പദ്ധതിയിൽ 'മൂന്ന് വയസ്സ് വരെയുള്ള കുട്ടികൾക്ക്'

എന്ന പരിധി ഉയർത്തി 'അഞ്ച് വയസ്സുവരെയുള്ള കുട്ടികൾക്ക്' എന്നാക്കി ഈ ആനുകൂല്യം നൽകണം. ഓപ്പറേഷൻ ചെയ്താൽ സംസാരശേഷി തിരിച്ചുകിട്ടുമെന്ന് ഡോക്ടർ സർട്ടിഫൈ ചെയ്താൽ അത്രയും കുട്ടികളെയും ഈ സ്കീമിൽ ഉൾപ്പെടുത്തണമെന്ന ഒരു നിർദ്ദേശമാണ് എനിക്ക് വയ്ക്കാനുള്ളത്. എൻഡോസൾഫാൻ പാക്കേജ് പദ്ധതി നടപ്പിലാക്കിയതാരാണ്? നിങ്ങളുടെ കാലത്ത് ഒരു ടൈംബാർ വച്ചു. ഈ ഗവൺമെന്റ് വന്നപ്പോൾ അതു മാറ്റി. സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള നിർഭയ, ആശ്രയ, താലോലം, സാന്ത്വനം, പാലിയേറ്റീവ് കെയർ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയ ഗവൺമെന്റാണ് ഇത്. കഴിഞ്ഞ അഞ്ച് കൊല്ലം നിങ്ങൾ ഭരിച്ചിരുന്നപ്പോൾ എന്തുകൊണ്ട് ഇതുപോലുള്ള പദ്ധതികൾ നടപ്പിലാക്കിയില്ല. 18 വയസ് വരെ ക്യാൻസർ വരുന്ന കുട്ടികൾക്ക്.......ഗവൺമെന്റിന്റെ നേട്ടങ്ങളാണ് ഞാൻ പറയുന്നത്. അച്ഛനമ്മമാർ നഷ്ടപ്പെട്ട കുട്ടികൾക്ക് പ്ലസ് 2 വരെയുള്ള വിദ്യാഭ്യാസ ചെലവുകൾ 'സ്നേഹതീരം പദ്ധതി' യിലൂടെ നടപ്പിലാക്കുന്നു. അതുപോലെ ആൺമക്കൾ ഉണ്ടെങ്കിലും വാർദ്ധക്യകാല പെൻഷൻ കൊടുക്കാനുള്ള കുടുംബവാർഷിക വരുമാനം 20,000 രൂപയാക്കി ഉയർത്തി. കാർഷിക വായ്പകൾക്ക് പലിശ ഇളവുകൊടുത്തു, നബാർഡ് വായ്പകൾക്ക് പലിശരഹിത പദ്ധതികൾക്ക് രൂപം കൊടുത്തു. വീടുണ്ടാക്കുമ്പോൾ പഞ്ചായത്തുകൾ നമ്പർ കൊടുക്കാത്ത ആളുകൾക്ക് താൽക്കാലിക റെസിഡൻഷ്യൽ സർട്ടിഫിക്കറ്റ് കൊടുക്കാനുള്ള അനുമതി കൊടുത്തു. കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ക്യാൻസർ രോഗികൾക്ക് ടിക്കറ്റിൽ അമ്പത് ശതമാനം യാത്രാ സൗജന്യം അനുവദിച്ചു. മരണ രജിസ്ട്രേഷൻ സ്വന്തം നാട്ടിൽ ചെയ്യാനുള്ള സൗകര്യമുണ്ടാക്കി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ജനസമ്പർക്ക

പരിപാടിയെ അവഹേളിക്കുന്ന രീതിയിൽ കഴിഞ്ഞ സഭയിൽ പറഞ്ഞപ്പോൾ, മുഖ്യമന്ത്രി സഭയിൽവച്ച് പറഞ്ഞത്, ജനസമ്പർക്ക പരിപാടിയുടെ ഏറ്റവും വലിയനേട്ടമെന്ന് പറയുന്നത് നാലര കൊല്ലമായി സ്വന്തം അമ്മയുടെ മരണ സർട്ടിഫിക്കറ്റ് ലഭിക്കാത്ത ഒരാൾക്ക് ആ സർട്ടിഫിക്കറ്റ് കൊടുക്കാതിരിക്കാനുള്ള കാരണമെന്താണെന്ന് അന്വേഷിച്ച് ഉദ്യോഗസ്ഥന്മാർക്ക് അതിനുള്ള പ്രയാസങ്ങൾ മനസ്സിലാക്കി അതിനനുസരിച്ച് അവസാനം ഉത്തരവ് പുറപ്പെടുവിച്ചു. ഒരു മയ്യത്ത് എവിടെയാണോ സംസ്കരിക്കുന്നത് അവിടത്തെ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ മരണ സർട്ടിഫിക്കറ്റ് കൊടുക്കണമെന്ന ഉത്തരവിറക്കി. അതുപോലെതന്നെ.......ഞാൻ വായിച്ചോളാം. എന്നെ പഠിപ്പിക്കേണ്ട. എനിക്ക് ഇതെല്ലാം നന്നായി അറിയും. വസ്തു രജിസ്ട്രേഷന്റെ ഫീസ് ഇളവ് ചെയ്ത് കൊടുത്തു. കുടുംബങ്ങളിലെ ഭാഗംവയ്ക്കൽ, സർക്കാർ ആശുപത്രികളിലെ പ്രസവം എന്നിവ സൗജന്യമാക്കി. ഞാൻ ഗവൺമെന്റിന്റെ നേട്ടങ്ങളാണ് പറയുന്നത്. ഇക്കാര്യങ്ങളെക്കുറിച്ച് വിമർശിക്കാനുണ്ടെങ്കിൽ പറയുക. നിങ്ങൾ ഇങ്ങനെ ആഗോളവും, ക്യൂബയും, പോളിറ്റ്ബ്യൂറോയുടെ കാര്യങ്ങളുമാണല്ലോ പറഞ്ഞുനടക്കുന്നത്, അതല്ലാതെ വേറെയൊന്നുമില്ലല്ലോ. അതുപോലെ തന്നെ തൊഴിലുറപ്പു പദ്ധതിയുടെ പ്രവൃത്തി സമയത്തിൽ ഇളവ് വരുത്തി. പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കുമുള്ള സഹായധനം സർക്കാർ ഉയർത്തി. അദ്ധ്യാപകരുടെ ദിവസ വേതന നിരക്ക് വർദ്ധിപ്പിച്ചു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇതുപോലെ എന്തെങ്കിലും പരിപാടികൾ നടത്തിയോ? അതുപോലെ എയ്ഡഡ് സ്കൂളിലെ പ്രധാന അദ്ധ്യാപകർക്ക് ശമ്പളം മാറാനുള്ള ഉത്തരവ് കൊടുത്തു. അതുപോലെ എല്ലാ സ്കൂളുകളിലും മലയാളഭാഷ പഠനം നിർബന്ധമാക്കി. കളക്ടർക്ക് ബി.പി.എൽ. കാർഡിൽ തീരുമാനമെടുക്കാനുള്ള ഉത്തരവ്

കൊടുത്തു. അനാഥശാലയിലുള്ള അന്തേവാസികളെ ബി.പി.എൽ. പട്ടികയിൽ ചേർത്തു. ജീവൻരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തി. സൗജന്യ വൈദ്യുതി കണക്ഷൻ കൊടുത്തു. കെ.എസ്.ആർ.ടി.സി.യിൽ വികലാംഗർക്ക് സ്ഥിരം പാസ് കൊടുത്തു. അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:40 ആക്കി. വിവാഹ ധനസഹായം വർദ്ധിപ്പിച്ചു. പ്രവാസികൾക്കുള്ള ധനസഹായം വർദ്ധിപ്പിച്ചു. എൻഡോസൾഫാൻ അർബുദ രോഗികൾക്ക് നഷ്ടപരിഹാരം കൊടുത്തു. 1318 പേർക്കാണ് എൻഡോസൾഫാൻ പദ്ധതിയിലൂടെ കൂടുതൽ ആനുകൂല്യം കൊടുത്തത്. ശ്രീ. സാജു പോൾ, അവിടെയിരിക്ക്.....നിങ്ങൾക്ക് ഒരു ചുക്കും അറിയില്ല. വിവരമുള്ള ഡോ. തോമസ് ഐസക്കോ, ശ്രീ. കോടി യേരി ബാലകൃഷ്ണനോ, ശ്രീ. ഇ. പി. ജയരാജനോ പറയട്ടെ. നിങ്ങളൊക്കെ ശിശുക്കളല്ലേ. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത്, ഇവിടെ ശ്രീ. കെ. ശിവദാസൻ നായർ സൂചിപ്പിച്ചതുപോലെ സെക്രട്ടേറിയ റ്റിലെ കാര്യങ്ങൾക്ക് പെട്ടെന്ന് തീരുമാനം ഉണ്ടാകണം. നമ്മുടെ മുഖ്യമന്ത്രി ബഹുദൂരം മുന്നിലാണ്. നേരെമറിച്ച് സെക്രട്ടേറിയറ്റിൽ ഒരു ഫയൽ നീങ്ങണ മെങ്കിൽ 2-3 മാസം എടുക്കും. ബഹുമാന്യനായ മുഖ്യമന്ത്രി, വികലാംഗനായ ഒരാളിന്റെ റിപ്പോർട്ട് ഒരു മാസത്തിനകം ലഭിക്കണമെന്ന് ആവശ്യപ്പെട്ടിട്ട് ഏഴ് മാസമായിട്ടും റിപ്പോർട്ട് മുഖ്യമന്ത്രിക്ക് ലഭിച്ചിട്ടില്ല. ആ വികലാംഗനായ ആൾ എട്ട് കൊല്ലമായി ഇതിന്റെ പുറകിൽ നടക്കുകയാണ്. അതുകൊണ്ട് ഞാൻ സെക്രട്ടേറിയറ്റിനെ പറഞ്ഞതാണ്. നിങ്ങളുടെയും ഞങ്ങളുടെയും യൂണിയ നിലുള്ള ആളുകളാണ് അവിടെയുള്ളത്. ആ കാര്യങ്ങളെ സംബന്ധിച്ചാണ് ഞാൻ പറഞ്ഞത്. ഡി.വൈ.എഫ്.ഐ.ക്കാരുടെ പഴയ ഉശിരൊന്നും നിങ്ങൾക്കില്ല.

അതിന്റെ ഫയൽ നമ്പർ **21/13** ആണ്. ഈ ഫയൽ റിപ്പോർട്ടിനുവേണ്ടി അയച്ചിട്ട് ഒരു മാസമായി. 12 കൊല്ലംകൊണ്ട് അദ്ദേഹം നീതിക്കുവേണ്ടി സെക്രട്ടേറിയറ്റ് കയറിയിറങ്ങുന്നു. ഗവൺമെന്റ് സർവ്വീസിലുള്ള ഒരു ഉദ്യോഗസ്ഥനാണ് അദ്ദേഹം. ആ ഫയലിന് തീരുമാനമെടുക്കാനുള്ള ഒരു നടപടിയുണ്ടാക്കണം. അതൊക്കെ വച്ചുതാമസിപ്പിക്കുന്ന ഉദ്യോഗസ്ഥരുടെ പേരിൽ കർശന നടപടിയെടുക്കണം. അതുപോലെതന്നെ ബഹുമാന്യനായ മുഖ്യമന്ത്രിയോട് എനിക്ക് പറയാനുള്ളത്, നാഷണൽ ഇന്നവേഷൻ കൗൺസിൽ ചെയർമാനും പ്രധാനമന്ത്രിയുടെ ഉപദേഷ്ടാവുമായിരുന്ന ശ്രീ. സാം പിത്രോഡ മുഖ്യമന്ത്രിയും ചീഫ് സെക്രട്ടറിയുമായി സംസാരിച്ച് നമ്മുടെ സംസ്ഥാനത്ത് കേരള സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിൽ രൂപീകരിക്കണമെന്ന് പറഞ്ഞിരുന്നു. അതിന്റെ നടപടിയൊന്നുമായിട്ടില്ല. ഇന്ത്യയിലെ 20 സംസ്ഥാനങ്ങളിലും ഇന്നവേഷൻ കൗൺസിൽ വന്നിട്ടുണ്ട്. നേരെമറിച്ച് നമ്മുടെ സംസ്ഥാനത്ത് ഇതുവരെ അതിന്റെ റിപ്പോർട്ട് വന്നിട്ടില്ല. അതിനുവേണ്ടി ടോം ജോസിനെ അധികാരപ്പെടുത്തിയെങ്കിലും അതിന്റെ റിപ്പോർട്ട് വന്നിട്ടില്ല. അതുകൊണ്ട് ഇന്നവേഷൻ കൗൺസിലുണ്ടാക്കിയാൽ സമൂഹത്തിന്റെ താഴെ തട്ടിലുള്ള ജനവിഭാഗങ്ങളുടെ ആവശ്യങ്ങൾക്കും അടിസ്ഥാന സൗകര്യങ്ങൾക്കും പരിഹാരം കാണാനും അതുപോലെ പുതിയ വികസന പദ്ധതികൾ നടത്താനും സാധിക്കും. എനിക്ക് ഈ ഡിമാന്റ് കുറിപ്പിൽ പറയാനുള്ളത് വനം വകുപ്പിനെസംബന്ധിച്ചാണ്. എന്റെ മണ്ഡലത്തിൽ കീഴുപറമ്പ് പഞ്ചായത്തിൽ അരിമ്പറപ്പ് എന്ന സ്ഥലത്ത് ഫോറസ്റ്റിന്റെ 350 ഏക്കർ സ്ഥലമുണ്ട്. രേഖകൾ പ്രകാരം ഈ 350 ഏക്കർ സ്ഥലത്ത് കാഷ്യൂ പ്ലാന്റേഷനാണ്. പക്ഷേ വനം വകുപ്പിന്റെ നേതൃത്വത്തിൽ

അവിടെ കാഷ്യൂ പ്ലാന്റേഷൻ വളരെ തുച്ഛമായിട്ടേയുള്ളൂ. ഈ 350 ഏക്കർ സ്ഥലം വെറുതെ കിടക്കുകയാണ്. ഒന്നുകിൽ സംസ്ഥാന ഗവൺമെന്റ് മുൻകൈ എടുത്ത് വനം വകുപ്പിന്റെ മേൽനോട്ടത്തിൽ ഒരു ബയോളജിക്കൽ പാർക്കിനോ ഇക്കോ ടൂറിസം പോലുള്ള പദ്ധതിക്കോ രൂപം കൊടുക്കണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയാനുള്ളത്. അതുപോലെ നമ്മുടെ സംസ്ഥാനത്ത് 50 വർഷത്തോളമായി ഫർണിച്ചറും തടി മില്ലും ഒരുമിച്ചാണ് പ്രവർത്തിക്കുന്നത്. എന്നാൽ 19.04.2012 –ന് സർക്കാർ ഇറക്കിയ പുതിയ ഫോറസ്റ്റ് റൂളിൽ അത് രണ്ടാക്കണമെന്ന് പറയുന്നു. ഫർണിച്ചർ വേറെയും തടി മിൽ വേറെയും ആക്കണമെന്നാണ്പറയുന്നത്. 50 കൊല്ലമായി ഒരുമിച്ച് പ്രവർത്തിക്കുന്ന ഫർണിച്ചറും തടി മില്ലും രണ്ടാക്കുമ്പോൾ അതിൽ ഒരെണ്ണത്തിന് ലൈസൻസ് ലഭിക്കില്ല. കാരണം അത് വേറൊരു സ്ഥലത്തേയ്ക്ക് മാറ്റുമ്പോൾ 100 മീറ്ററിനുള്ളിൽ ജനവാസം ഉണ്ടാകരുത്; 25 മീറ്ററിനുള്ളിൽ വീടുണ്ടാകാൻ പാടില്ലായെന്നുള്ള നിബന്ധന കളുണ്ട്. അതുകൊണ്ട് പുതിയ ഫോറസ്റ്റ് റൂളിൽ അതിനൊരു ഭേദഗതി വരുത്തി നിലവിലുള്ള സംവിധാനം നിലനിർത്താനുള്ള ഒരു ഉത്തരവ് ഉണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇത് ഏറ്റവുമധികം ബാധിക്കുന്നത് മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ തടി മിൽ - ഫർണിച്ചർ ഉടമകളെയാണ്. അതുപോലെ തന്നെ പഞ്ചായത്ത് സെക്രട്ടറിമാർക്ക് ലൈസൻസ് കൊടുക്കാൻ ഡിസ്ട്രിക്ട് ഫോറസ്റ്റ് ഓഫീസർമാർ എൻ.ഒ.സി. നൽകിയാലും സർക്കാരിന്റെ അനുമതിയോടെ പ്രവർത്തനം ആരംഭിച്ചിട്ടുള്ള, 2002 ഒക്ടോബർ 31 ന് ശേഷമുള്ള തടി മില്ലുകളുടെ കാര്യത്തിൽ 19.04.2012–ന് ഇറക്കിയ റൂളിൽ ഒന്നുംതന്നെ

പറയുന്നില്ല. അവ സംരക്ഷിച്ച് നിലനിർത്തണമെന്നും പറയുന്നില്ല. അതുകൊണ്ട് അതിനും ഒരു മാറ്റമുണ്ടാകണമെന്നാണ് എനിക്ക് ഈ കാര്യത്തെ സംബന്ധിച്ച് പറയാനുള്ളത്.

മി. ചെയർമാൻ (ശ്രീ. എം.എ വാഹിദ്) : ബഹുമാനപ്പെട്ട പി. കെ. ബഷീർ അങ്ങേയ്ക്ക് അനുവദിച്ച സമയം അധികമായിട്ടുണ്ട്.

ശ്രീ. പി. കെ. ബഷീർ: സർ, എനിക്ക് 12 മിനിട്ടാണ്. മൂന്ന് നാല് മിനിട്ടുകൂടി തരണം. സി.പി.ഐ.(എം.)നോട് ഞാൻ ചോദിക്കട്ടെ, പ്രവാസികളൊക്കെ ഇവിടെ വ്യവസായം കൊണ്ടുവരുന്നുണ്ട്. അവരെ പ്രോത്സാഹിപ്പിക്കുന്ന നയമാണോ നിരുത്സാഹപ്പെടുത്തുന്ന നയമാണോ നിങ്ങൾക്കുള്ളത്. 30000 കോടി രൂപയുടെ ആസ്തിയുള്ള വിദേശ മലയാളിയായ ബഹുമാന്യനായ യൂസഫലി സാഹിബ് എറണാകുളത്ത് ഒരു പദ്ധതി തുടങ്ങാൻ തീരുമാനിച്ചു. ശ്രീ. വി.എസ്. അച്ചുതാനന്ദനോടുള്ള വിരോധം കൊണ്ട് ജില്ലാ കമ്മിറ്റി മാറിയപ്പോൾ യൂസഫലിയുടെ ലുലുമാളിനെ സംബന്ധിച്ചും ബോൾഗാട്ടി പദ്ധതിയെ സംബന്ധിച്ചുമൊക്കെ നിങ്ങളുടെ പാർട്ടിയുടെ നിലപാട് എന്തായിരുന്നു? ശ്രീ. വി. എസ്. അച്ചുതാനന്ദനെ എതിർക്കണമെങ്കിൽ നിങ്ങൾക്ക് വേറെ എന്തൊക്കെ മാർഗ്ഗങ്ങളുണ്ട്. അതുവരെ വികസന വിരോധിയെന്നറിയപ്പെട്ട ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഇപ്പോൾ യൂസഫലിയുടെ വക്താവായി മാറി. നിങ്ങളുടെ നിലപാട് എന്താണ്? നിങ്ങൾ കോൺഗ്രസ്സിൽ ഗ്രൂപ്പിസം പറയുന്നുണ്ട്. കോൺഗ്രസ്സിന്റെ തുടങ്ങിയ കാലം മുതലേ കോൺഗ്രസ്സിൽ ഗ്രൂപ്പുണ്ട്. നിങ്ങൾ അങ്ങനെയാണോ? നിങ്ങൾ വലിയ കേഡർ പാർട്ടി; ഇരുമ്പുമറയിലെ പാർട്ടി; ലീഗിൽ ഗ്രൂപ്പില്ല. പണ്ട് സി.പി.ഐ.യിൽ ഗ്രൂപ്പില്ലായിരുന്നു. ഇപ്പോൾ

സെക്രട്ടറിയെ തെരഞ്ഞെടുക്കാൻ തന്നെ നിങ്ങൾ ഗ്രൂപ്പുണ്ടാക്കി. അതാണ് എനിക്ക് വലിയ സങ്കടം. നിങ്ങളുടെ പാർട്ടിയിൽ അങ്ങനെയുണ്ടാവുമെന്ന് ഞാൻ വിചാരിച്ചിട്ടില്ല. കാരണം അത്യാവശ്യം ബുദ്ധിയും വിവേകവുമുള്ള ആൾക്കാരല്ലേ നിങ്ങൾ. മറ്റുള്ളവരെ പോലെയല്ലല്ലോ. ബഹുമാന്യനായ സി. ദിവാകരനാണ് പറഞ്ഞത് ഞങ്ങളാണ് വല്യേട്ടൻ. പത്രത്തിൽ വല്യേട്ടനെന്ന് പറഞ്ഞല്ലോ പക്ഷേ ശ്രീ. കോടിയേരി ബാലകൃഷ്ണൻ അത് സമ്മതിക്കുമെന്ന് തോന്നുന്നില്ല. ഈ അവസ്ഥയിൽ നിങ്ങളുടെ നിലപാട് എന്താണ്? അവസാനം എന്തായി പാർട്ടി? കേരളത്തിലെ പൊതുസമൂഹവും പ്രവാസികളുമൊക്കെ എതിരായെന്ന് കണ്ടപ്പോൾ ഞങ്ങൾ യൂസഫലിയുടെ പദ്ധതിക്കെതിരല്ലെന്നാണ് പറയുന്നത്. ഇതൊക്കെ നിങ്ങളുടെ കാലത്ത് കൊടുത്തതല്ലേ? അത് ദിനേശ്മണിയും എം. എം. ലോറൻസും തമ്മിലുള്ള എറണാകുളത്തെ പ്രശ്നം. ഇങ്ങനെ വന്നാൽ ആരെങ്കിലും ഇങ്ങോട്ട് വരുമോ? ആരെങ്കിലും കടിക്കുന്ന പട്ടിയെ വിലയ്ക്ക് വാങ്ങുമോ? കേരളത്തിലെ ഭരണ സംവിധാനങ്ങൾ മാറിവരില്ലേ. അപ്പുറത്തെ ഏറ്റവും വലിയ എൻ.ആർ.ഐ ആളല്ലേ ബഹുമാന്യനായ തോമസ് ചാണ്ടി അവർകൾ. നിങ്ങൾക്ക് ഈ കാര്യത്തെപ്പറ്റി അഭിപ്രായമുണ്ടോ ? നിങ്ങൾക്കുണ്ടാവില്ലെന്ന് ഞങ്ങൾക്കറിയാം. കാരണം ആറൻമുള വിമാനത്താവളത്തെപ്പറ്റി ഗവൺമെന്റിന് അനുകൂലമായി വളരെ ശക്തമായ രീതിയിൽ അഭിപ്രായംപറഞ്ഞ ഒരു ബഹുമാന്യനായ നേതാവാണ് അദ്ദേഹം. ഞാൻ നിങ്ങളെ ബഹുമാനിക്കുന്നുണ്ട്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഇന്നലെ ഇവിടെ പറഞ്ഞു മന്ത്രിമാരെയും മുഖ്യമന്ത്രിയെയും അടിക്കണമെന്ന്. അടി കിട്ടിയത് വി. എസ്സിനാണ്. നിങ്ങൾ ആലോചിച്ചിട്ടുണ്ടോ 10 - 12 വർഷം 89

വയസ്സുള്ള ഒരു മനുഷ്യന്റെ കൂടെ കൈത്താങ്ങായി നടന്നിരുന്ന ആളിനെ ഒഴിവാക്കാൻ കമ്മ്യൂണിസ്റ്റ് പാർട്ടിക്കല്ലാതെ വേറെ ആർക്കും കഴിയില്ല. ഒരു മാനുഷിക മുഖം നിങ്ങൾക്കില്ല. നിങ്ങളുടെ പാർട്ടി എവിടെ എത്തിയെന്ന് നിങ്ങൾ ആലോചിക്കണം. ഞങ്ങളൊക്കെ പോളിറ്റ് ബ്യൂറോ കൂടിയാൽ ആഗോളകാര്യങ്ങളും മറ്റും ചർച്ച ചെയ്യും. നിങ്ങളാണെങ്കിൽ പോളിറ്റ് ബ്യൂറോയുടെ അജണ്ട മാറ്റും. മൂന്ന് ദിവസത്തെ സ്റ്റേറ്റ്കമ്മിറ്റി രാവിലെ മുതൽ വൈകുന്നേരം വരെ കൂടും. അവസാനം തീരുമാനമൊന്നും ഉണ്ടാകാതെ പിരിയും. ഇങ്ങനെ ഒരു പാർട്ടി ഉണ്ടായിട്ടുണ്ടോ? നിങ്ങൾ വി.എസിനെ പുറത്താക്കില്ല. വി.എസിന്റെ കാലത്തോളം അദ്ദേഹത്തിനെ പുറത്താക്കാൻ കഴിയില്ല. പഴയ നേതാക്കൻമാരൊന്നുമല്ല ഇപ്പോൾ. ഇ.എം.എസും ജ്യോതിബസുവും ഹർകിഷൻ സിംഗ് സൂർജിതുമൊക്കെയുള്ള കാലത്താണെങ്കിൽ ഞാൻ അംഗീകരിക്കുമായിരുന്നു. ഇപ്പോഴതല്ല അവസ്ഥ. എനിക്ക് പറയാനുള്ളത് സി.പി.ഐ.(എം.)ലെ നയങ്ങളൊക്കെ തിരുത്തണം. ജനക്ഷേമകരമായ കാര്യങ്ങളാണ് ഈ ഗവൺമെന്റ് നടത്തുന്നത്. ബഹുമാന്യനായ മുഖ്യമന്ത്രി ജനസമ്പർക്ക പരിപാടിയുടെ രണ്ടാം ഘട്ടം കൊണ്ടുവരുന്നു. രണ്ടാം ഘട്ടത്തിൽ മുൻകൂട്ടി അപേക്ഷകൾ വാങ്ങുകയും പ്രസ്തുത പരിപാടിയിൽ വച്ച് തീരുമാനമാകാത്ത കാര്യങ്ങൾ വീണ്ടും പരിശോധിച്ച് മുഖ്യമന്ത്രിയും ബന്ധപ്പെട്ട മന്ത്രിയും ജനങ്ങളുടെ ഇടയിൽ ഇറങ്ങിച്ചെന്ന് ആ കാര്യങ്ങൾക്ക് പരിഹാരം കാണുമെന്നാണ് മുഖ്യമന്ത്രി പറയുന്നത്. അതുകൊണ്ടാണ് യു.എൻ. ബഹുമാന്യനായ മുഖ്യമന്ത്രിയെ അഭിനന്ദിച്ചതും അവാർഡ് കൊടുത്തതും. ഇതുവരെ ഇന്ത്യയിലെ ഏതെങ്കിലും മുഖ്യമന്ത്രിമാർക്ക് അങ്ങനെയൊരു അംഗീകാരം ലഭിച്ചിട്ടുണ്ടോ? അതാണ് നമ്മൾ മനസ്സിലാക്കേണ്ടത്. അതുകൊണ്ട് കാരുണ്യവും

ജീവകാരുണ്യ പ്രവർത്തനവും വികസന പ്രവർത്തനങ്ങളും നടത്തുന്ന ഈ ഗവൺമെന്റ് ജനക്ഷേമകരമായ പരിപാടികളുമായി മുന്നോട്ട് പോകും. നിങ്ങളുടെ ഏതെങ്കിലും സമരം വിജയിച്ചിട്ടുണ്ടോ? പങ്കാളിത്ത പെൻഷൻ സമരം പരാജയപ്പെട്ടില്ലേ? രാത്രി 3 മണിക്കൊക്കെ ഏതെങ്കിലും സമരം തീർത്തതായി കേട്ടിട്ടുണ്ടോ? അതുപോലെ തന്നെ മിച്ചഭൂമി സമരം പരാജയപ്പെട്ടില്ലേ? അവസാനം 5 ദിവസം താലൂക്ക് ഓഫീസിൽ പിക്കറ്റിംഗ് നടത്തിയ സമരം പരായപ്പെട്ടില്ലേ? നിങ്ങൾ ഒരു ആത്മ പരിശോധന നടത്തണം. എവിടെയാണ് നിങ്ങൾക്ക് പറ്റിയ തകർച്ച; എവിടെയാണ് തകരാറെന്ന് നിങ്ങൾ മനസ്സിലാക്കണം. നിങ്ങൾ ഒരു സ്വപ്നലോകത്താണ്. അതിൽ നിന്നും മാറി യാഥാർത്ഥ്യത്തിലേയ്ക്ക് തിരിച്ചുവന്ന് ഈ ഗവൺമെന്റിന്റെ വികസനപരമായ കാര്യങ്ങളെയും ജനക്ഷേമകരമായ കാര്യങ്ങളെയും പിന്താങ്ങിക്കൊണ്ട് ബഹുമാന്യനായ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിക്ക് പൂർണ്ണ പിന്തുണ കൊടുത്ത് കേരളത്തിന് സമഗ്രമായ വികസനത്തിന് നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാൻ നിങ്ങളുടെ സഹായം അഭ്യർത്ഥിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ പിന്താങ്ങിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീമതി ജമീലാ പ്രകാശം: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് അട്ടപ്പാടിയിലെ ആദിവാസി ഊരുകളിൽ ഗർഭിണികളായ അമ്മമാർക്ക് പോഷകാഹാരം ലഭിക്കുന്നില്ല എന്ന കാരണം കൊണ്ട് ചോരക്കുഞ്ഞുങ്ങൾ മരണമടയുന്ന സാഹചര്യം നിലവിൽ വന്നിരിക്കുകയാണ്. ഇത്തരം പട്ടിണി മരണങ്ങൾ വയനാട്ടിലെ ആദിവാസി

ഊരുകളിലേക്കും വ്യാപിക്കാൻ തുടങ്ങിയിരിക്കുന്നു. മാത്രമല്ല, സംസ്ഥാന ത്തുടനീളം ഡെങ്കിപ്പനിയും എലിപ്പനിയും മറ്റ് പകർച്ചപ്പനികളും പിടിപെട്ട് ജനങ്ങൾ മരണപ്പെട്ടുകൊണ്ടിരിക്കുകയാണ്. അധികാരം ഏറ്റെടുത്ത നാളുക ളിൽ ജനങ്ങളുടെ ദുരിതങ്ങളും പ്രശ്നങ്ങളും അന്വേഷിച്ച് ജില്ലകൾ തോറും ബഹുജനസമ്പർക്ക പരിപാടികൾ സംഘടിപ്പിച്ച മുഖ്യമന്ത്രി ഇക്കാര്യത്തിൽ അത്തരമൊരു നിലപാട് സ്വീകരിച്ചതായി അറിവില്ല. എല്ലാ അർത്ഥത്തിലും ജനവഞ്ചന മുഖമുദ്രയാക്കിയ ഒരു ഭരണമാണ് കഴിഞ്ഞ രണ്ട് വർഷങ്ങളായി ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. വിലക്കയറ്റം രൂക്ഷമാക്കുക, കാർഷിക മേഖലയെ തകർക്കുക, പൊതുമേഖലയെ ക്ഷീണിപ്പിക്കുക, ക്രമസമാധനം ഇല്ലാതാക്കുക, വികസന ക്ഷേമപദ്ധതികൾ നിശ്ചലമാക്കുക, വർഗ്ഗീയ സാമുദായിക ശക്തികൾക്ക് കീഴ്പ്പെടുക ഇതെല്ലാമാണ് പ്രധാനപ്പെട്ട കൃത്യങ്ങ ളായി ഇവിടെ നടക്കുന്നത്. 'വികസനവും കരുതലും' എന്ന് വിളിച്ചുപറഞ്ഞു കൊണ്ട് ഈ മന്ത്രിസഭ രണ്ടാം വാർഷികം ആഘോഷിച്ചപ്പോഴാണ് അട്ടപ്പാടി യിലെ ചോരക്കുഞ്ഞുങ്ങൾ പോഷകാഹാരക്കുറവ് മൂലം മരണപ്പെട്ടതും ഈ നാട്ടിലെ ലക്ഷക്കണക്കിന് ജനങ്ങൾ പകർച്ചപ്പനി കാരണം നരകിക്കുകയും മരിക്കുകയും ചെയ്യുന്നത്. രണ്ട് വർഷത്തിനുള്ളിൽ മൂന്ന് തവണയാണ് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചത്. പിന്നെയും ജനത്തിന് നൽകിയത് പവർകട്ടും ലോഡ് ഷെഡ്ഡിംഗുമാണ്. കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്ന അരിയും ഗോതമ്പും സ്വകാര്യ ഗോഡൗണുകളിലേക്ക് തിരിച്ചുവിട്ട് വൻകൊള്ള നടത്തു ന്നതായാണ് പത്രമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. കഴിഞ്ഞ വർഷം കൃഷി നാശം നേരിട്ട കർഷകർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾക്കായി അവർ ഇപ്പോഴും കൃഷിഭവനുകളിൽ കയിറിയിറങ്ങി നടക്കുന്ന ഒരു

സ്ഥിതിയാണുള്ളത്. നെല്ല് സംഭരിച്ച ഇനത്തിൽമാത്രം നൂറ് കോടിയോളം രൂപ കുട്ടനാട്ടിലെ കർഷകർക്ക് നൽകാനുണ്ടെന്നാണ് റിപ്പോർട്ട്. നെല്ലിയാമ്പതിയിൽ അനധികൃതമായി വനഭൂമിയും തോട്ടഭൂമിയും കയ്യടക്കിയവർക്ക് സർക്കാർ ഒത്താശ ചെയ്തുകൊടുക്കുകയാണ്. തികച്ചും ന്യായമായ അവകാശം ഉന്നയിച്ചുകൊണ്ട് സമരം നടത്തിയ ജീവനക്കാർക്കെതിരെ വൈരാഗ്യ ബുദ്ധിയോടെയുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുക, ഒരു മാനദണ്ഡവുമില്ലാതെ തലങ്ങും വിലങ്ങും ഇവരെ സ്ഥലം മാറ്റുക ഇതെല്ലാമാണ് ഇപ്പോൾ പ്രധാനമായും ചെയ്തുകൊണ്ടിരിക്കുന്ന കർമ്മപരിപാടികൾ. സർക്കാർ അഴിമതിയിൽ അതിവേഗവും വിലക്കയറ്റത്തിൽ ബഹുദൂരവും സഞ്ചരിക്കുകയാണെന്നാണ് പത്രങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. വാട്ടർസപ്ലൈ ആക്ട് തുരങ്കംവച്ചതിനെക്കുറിച്ച്, അത് അട്ടിമറിച്ചതിനെക്കുറിച്ച് ഇവിടെ നേരത്തെ സൂചിപ്പിച്ചതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. ലാഭത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഒരു പൊതുമേഖലാസ്ഥാപനമാണ് ചവറയിലെ കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്. പ്രസ്തുത പൊതുമേഖലാ സ്ഥാപനത്തെ നഷ്ടത്തിലാക്കുന്നതിനായി സാധനങ്ങൾ വില കൂട്ടി വാങ്ങുകയും ഉൽപ്പന്നങ്ങൾ വില കുറച്ച് വിൽക്കുകയും കണ്ണിൽക്കണ്ട കൺസൾട്ടൻസികൾക്ക് കോടിക്കണക്കിന് രൂപ കമ്മീഷൻ നൽകുകയും ചെയ്യുകയാണ്. അന്താരാഷ്ട്ര ലോബിക്കുവേണ്ടി ഇവിടെ നടക്കുന്ന ഗൂഢനീക്കങ്ങൾ കഴിഞ്ഞ ദിവസമാണ് കേരളകൗമുദി പത്രം പുറത്തുകൊണ്ടുവന്നത്. ഇതുമായി ബന്ധപ്പെട്ട റിപ്പോർട്ട് മന്ത്രി ആവശ്യപ്പെട്ടിരിക്കുന്നു എന്നാണ് അറിയാൻ സാധിച്ചത്. ഇപ്പോഴെങ്കിലും ഇത് അറിയുന്നത് ഭാഗ്യമാണ്. പക്ഷേ ഇപ്പോൾ നിർഭാഗ്യവശാൽ കോൺഗ്രസ്സിലേയും യു.ഡി.എഫി.ലേയും പ്രധാന ചർച്ചാവിഷയം ഇവയൊന്നുമല്ല. ഇക്കഴിഞ്ഞ ദിവസം ഇന്ത്യൻ യൂണിയൻ

മുസ്ലീം ലീഗിന്റെ ജനറൽ സെക്രട്ടറി കെ. പി. എ. മജീദ് അവർകൾ പ്രസ്താവിച്ചത്, കോൺഗ്രസ്സിലെ തർക്കങ്ങൾ കാരണം യു.ഡി.എഫ്. യോഗങ്ങളിൽ അവർക്ക് പറയാനുള്ളത് പറയാൻ സമയം ലഭിക്കുന്നില്ലെന്നാണ്. നിങ്ങൾക്ക് പറയാനുള്ളത് പറയാൻ യു.ഡി.എഫ്. യോഗത്തിൽ അവസരം ലഭിക്കുന്നില്ലെങ്കിൽ നിങ്ങളുടെ മനസ്സിലുള്ള വൈഷമ്യങ്ങൾ ഈ സഭയിലെങ്കിലും തുറന്നുപറയാൻ തയ്യാറാകണമെന്നാണ് മുസ്ലീം ലീഗിലെ അംഗങ്ങളോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ആഭ്യന്തരവകുപ്പ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനിൽത്തന്നെ നിലനിർത്തണമോ, അതോ ശ്രീ. രമേശ് ചെന്നിത്തലയെ മന്ത്രിസഭയിൽ കൊണ്ടുവന്ന് ആഭ്യന്തര വകുപ്പ് ഏൽപ്പിക്കണമോ എന്നിങ്ങനെയുള്ള ചർച്ചകളാണ് കേരളത്തിലെ കോൺഗ്രസ്സുകാർ ഇന്ന് കേരളത്തിലും ഹൈക്കമാന്റിലും തകൃതിയായി നടത്തിക്കൊണ്ടിരിക്കുന്നത്. ശ്രീ. രമേശ് ചെന്നിത്തലയെ ഉപമുഖ്യമന്ത്രിയാക്കാൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി തയ്യാറാണെന്നാണ് അറിയുന്നത്. പക്ഷേ ഒരു കാരണവശാലും ആഭ്യന്തരവകുപ്പ് നൽകാൻ അദ്ദേഹം തയ്യാറല്ല. അതിന് കാരണമെന്തായിരിക്കും? 1970-77-ലെ നാലാം കേരള നിയമസഭയിലാണ് മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി ആദ്യമായി ഒരു അംഗമായി കടന്നുവരുന്നത്. കോൺഗ്രസ് പാർട്ടി ആദ്യം മന്ത്രിസഭയിൽ ചേർന്നിരുന്നില്ല. 71-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിനുശേഷമാണ് കോൺഗ്രസ് പാർട്ടി മന്ത്രിസഭയിൽ ചേരുകയും തൽഫലമായി കരുണാകരൻ ആഭ്യന്തര വകുപ്പുമന്ത്രിയായി ചാർജെടുക്കുകയും ചെയ്യുന്നത്. 1975-ൽ ദേശീയ അടിയന്തരാവസ്ഥ പ്രഖ്യാപിക്കുകയുണ്ടായി. മുഖ്യമന്ത്രി സഖാവ് അച്ചുതമേനോനായിരുന്നെങ്കിലും മന്ത്രി മുഖ്യൻ കരുണാകരൻ തന്നെയായിരുന്നു എന്നാണ് ഭരണസിരാകേന്ദ്രമായ സെക്രട്ടേ

റിറ്റിലും മറ്റും അന്ന് പറഞ്ഞുകേട്ടത്. ആഭ്യന്തര വകുപ്പ് കയ്യാളിയിരുന്നതുകൊണ്ടാണ് കരുണാകരനെ അപ്രകാരം വിശേഷിപ്പിച്ചിരുന്നത്. ആഭ്യന്തര വകുപ്പു മന്ത്രിയുടെ തടങ്കലിലാണ് മുഖ്യമന്ത്രിയെന്ന് വരെ ഹാസ്യരൂപേണ അന്ന് പരാമർശങ്ങളുണ്ടായിരുന്നു. ഏതായാലും 1977-ലെ പൊതു തെരഞ്ഞെടുപ്പിൽ താൻ നേതൃത്വം നൽകിയ മുന്നണി വൻ ഭൂരിപക്ഷത്തോടുകൂടി വിജയിക്കുന്ന ഒരു സാഹചര്യം സംജാതമായിരുന്നിട്ടുപോലും അന്നത്തെ മുഖ്യമന്ത്രിയായിരുന്ന അച്ചുതമേനോൻ പിന്നീട് മത്സരിക്കാൻ തയ്യാറായില്ല. മാത്രമല്ല കരുണാകരൻ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യുന്നതിന്റെ തലേദിവസം തന്നെ ശ്രീ. അച്ചുതമേനോൻ ഇവിടെനിന്ന് തൃശ്ശൂരിലേക്ക് വണ്ടി കയറി പോകുകയും ചെയ്തു. അതൊരു യാഥാർത്ഥ്യമാണ്. ശ്രീ. അച്ചുതമേനോന്റെ ഈ അനുഭവം മറക്കാൻ കഴിയാത്തത് കൊണ്ടായിരിക്കും ആ നിയമസഭയിൽ ഒരു കന്നിക്കാരനായിരുന്ന നമ്മുടെ മുഖ്യമന്ത്രി ആഭ്യന്തരവകുപ്പ് ശ്രീ. രമേശ് ചെന്നിത്തലയ്ക്ക് നൽകാതെ കയ്യിൽതന്നെ വച്ചിരിക്കുന്നത്. അദ്ദേഹത്തിന് ധൈര്യക്കുറവും ഓർക്കുമ്പോൾ ഭയവും ഉണ്ടാകുന്നത് ഇതുകൊണ്ടായിരിക്കാം. അതിന് അദ്ദേഹത്തെ ആരും കുറ്റം പറയേണ്ട കാര്യമില്ല. സെൽഫ് റിസർവേഷൻ എല്ലാ ജീവികളുടെയും ഒരു അവകാശമാണ്. ഇവിടെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ ആഭ്യന്തര ഭരണം പൊടിപൊടിക്കുകയാണ്. ഇതിൽ ഏറ്റവും കൂടുതൽ ആക്ഷേപമുള്ളത് കേന്ദ്ര ആഭ്യന്തരവകുപ്പ് സഹമന്ത്രി ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രന് തന്നെയാണ്. അല്ലാതെ ഞങ്ങൾക്കാർക്കുമല്ല. ഒരു ദൃശ്യമാധ്യമം അടുത്ത ദിവസങ്ങളിൽ കേരളത്തിലെ ഏറ്റവും പ്രഗത്ഭനായ മന്ത്രി ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണനാണെന്ന് ഒരു മത്സരത്തിലൂടെ കണ്ടെത്തിക്കഴിഞ്ഞു. പിന്നീട് അടുത്ത

മിനിട്ടിൽ ഒരു ബസ് ഡ്രൈവറെ പോലീസ് മർദ്ദിക്കുന്നതിന്റെ ഫോട്ടോയെടുത്ത പ്രസ് ഫോട്ടോഗ്രാഫറെ നടുറോഡിലിട്ട് തല്ലിച്ചതയ്ക്കുകയും പിന്നീട് മ്യൂസിയം പോലിസ് സ്റ്റേഷനിൽ കൊണ്ടുപോയി വീണ്ടും തല്ലിച്ച തയ്ക്കുകയും അത് അന്വേഷിക്കാനെത്തിയ പത്രക്കാരെ വീണ്ടും ഭംഗിയായി തല്ലിവിടുന്ന കാഴ്ചയാണ് നമ്മൾ കണ്ടത്. രാഷ്ട്രീയ-കലാ-സാസ്ക്കാരിക രംഗങ്ങളിൽ മാന്യമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പൊതുപ്രവർത്തകരെ ഗുണ്ടാലിസ്റ്റിൽ ഉൾപ്പെടുത്തി നാടുകടത്താൻ ശ്രമിക്കുകയാണ്. ഇവിടത്തെ പോലീസ് ഭരണത്തിന് ബഹുമുഖ നീതിയുണ്ട്. യു.ഡി.എഫ്.നും എൽ.ഡി.എഫ്.-നും വെവ്വേറെ നീതികൾ, യു.ഡി.എഫ്.നുള്ളിൽതന്നെ ഓരോ കക്ഷിക്കും പ്രത്യേക നീതി സമവാക്യങ്ങൾ, കോൺഗ്രസ്സിനകത്തുതന്നെ മുഖ്യമന്ത്രിയുടെ ഗ്രൂപ്പിനും വിരുദ്ധ ഗ്രൂപ്പിനും പ്രത്യേകം പ്രത്യേകം നീതി വാക്യങ്ങളുമാണുള്ളത്.

മി. ചെയർമാൻ (ശ്രീ. എം.എ വാഹിദ്) : പ്രസംഗം ചുരുക്കണം.

ശ്രീമതി ജമീലാ പ്രകാശം: സർ, ഞാൻ എന്റെ പ്രസംഗം ചുരുക്കുകയാണ്. തനിക്ക് ചുറ്റുമുള്ള ഒരു ഉപജാപകവൃന്ദത്തിന്റെ പിടിയിലാണ് മുഖ്യമന്ത്രിയെന്നുള്ള ഒരു ആക്ഷേപവും ഉയർന്ന് വരുന്നുണ്ട്. മുഖ്യമന്ത്രി സൂക്ഷിച്ചില്ലെങ്കിൽ അദ്ദേഹത്തെയും ആ ഉപജാപക സംഘം വിഴുങ്ങും. അദ്ദേഹത്തിന്റെ ഒരു പേഴ്സണൽ സ്റ്റാഫ് അംഗത്തിന്റെ പേര് കൊള്ളരുതാത്ത പല സംഘടനകളുമായി കൂട്ടിക്കുഴച്ച് കാണുവാനും കേൾക്കുവാനും തുടങ്ങിയിരിക്കുകയാണ്. മുഖ്യമന്ത്രി കരുതിയിരിക്കണമെന്ന് ഞാൻ വീണ്ടും പറയുകയാണ്. കേന്ദ്രഭരണത്തിന് നേതൃത്വം നൽകുന്ന കോൺഗ്രസ് പാർട്ടിയും പ്രധാന പ്രതിപക്ഷ പാർട്ടിയായ ബി.ജെ.പി.യും അമേരിക്കയുടെയും അവരുടെ ഏജന്റുമാരുടെയും പിടിയിലാണ്. ഇന്ത്യൻ രാഷ്ട്രീയ

ത്തിൽ ഒരേസമയം വർഗ്ഗീയമായ ചേരിതിരിവുണ്ടാക്കി കോൺഗ്രസ്സിനെയും ബി.ജെ.പി.യെയും സഹായിക്കുകയും അവർ തമ്മിലുള്ള അധികാരത്തിന്റെ കസേരകളിയായി ഇന്ത്യൻ രാഷ്ട്രീയത്തെ മാറ്റണമെന്നുമാണ് അമേരിക്കയുടെ ആഗ്രഹം. കോൺഗ്രസ്സിൽ നിന്നോ ബി.ജെ.പി.യിൽ നിന്നോ വരുന്ന ഏതൊരു പ്രധാനമന്ത്രിയെക്കാളും മൂന്നാമതൊരു കക്ഷിയിൽ നിന്നും വരുന്ന പ്രധാനമന്ത്രി എന്തുകൊണ്ടും മെച്ചമായിരിക്കും. 1977-ലും 1989-ലും 1996-ലുമെല്ലാം നമ്മൾ കണ്ടത് അതാണ്. അക്കാലത്തെ മന്ത്രിസഭകൾക്ക് ചുരുങ്ങിയ ആയുസ്സ് മാത്രമേ ഉണ്ടായിരുന്നുള്ളൂവെങ്കിലും ദിശാബോധമുള്ള ഭരണം, സമൂഹ്യനീതിയും മതനിരപേക്ഷതയും കള്ളപ്പണത്തോടും അഴിമതിയോടുമുള്ള യുദ്ധം പ്രഖ്യാപിക്കുന്നതിൽ ഉറച്ചുനിന്ന ഒരു നേതൃത്വം ഇതൊന്നും നമുക്ക് മറ്റൊരു ഭരണത്തിലും കാണാൻ സാധിച്ചിട്ടില്ല. 1980-മുതൽ അപ്രഖ്യാപിതമായും 1991-ൽ പ്രഖ്യാപിച്ചുകൊണ്ടും ഇവിടെ നടപ്പിലാക്കാൻ തുടങ്ങിയ സാമ്പത്തിക നയങ്ങൾ പരാജയമായിരുന്നുവെന്ന് എല്ലാ പത്രങ്ങളും എഴുതാൻ തുടങ്ങിയിട്ടുണ്ട്.

മി. ചെയർമാൻ: ഇരട്ടി സമയം കഴിഞ്ഞു. അങ്ങ് പ്രസംഗം ചുരുക്കണം.

ശ്രീമതി ജമീലാ പ്രകാശം: സാമ്പത്തിക വളർച്ച മൂക്കുകുത്തുന്നതാണ് ഇന്നത്തെ ഏറ്റവും വലിയ വാർത്ത. ബദൽ സാമ്പത്തിക നയങ്ങൾ കണ്ടെത്താൻ വിവിധ രാഷ്ട്രീയ കക്ഷികൾ ഇന്ന് ഒന്നിക്കേണ്ടിയിരിക്കുന്നു. ഇതിലൂടെ ഒരു ബദൽ രാഷ്ട്രീയ സംവിധാനം ഇവിടെ ഉയർന്നുവരും. കോൺഗ്രസ്സല്ലാത്ത, ബി.ജെ.പി.യല്ലാത്ത ഒരു പ്രധാനമന്ത്രി 2014-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിനുശേഷം ഉണ്ടാകും. ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ശ്രീ. ഇ.പി. ജയരാജൻ ഇവിടെ സംസാരിച്ചപ്പോൾ ഏതെങ്കിലുമൊരു കാര്യത്തിന് അദ്ദേഹത്തെ അനുകൂലിക്കണമെന്ന് ആഗ്രഹിച്ചിരുന്നു. നല്ലൊരു പൊതു പ്രവർത്തനും സഖാവുമെന്ന നിലയിൽ അങ്ങനെയൊരു തോന്നലുണ്ടായിരുന്നു. പക്ഷേ, അദ്ദേഹം അവതരിപ്പിച്ച വിഷയങ്ങളിലൊന്നായ ഫ്ളക്സ് വിപ്ലവത്തോട് അനുകൂലിക്കുകയാണ്. മാത്രമല്ല, കേരള സംസ്ഥാനത്ത് ഇത്തരത്തിൽ ഫ്ളക്സ് വയ്ക്കുന്നതിന് നിർബന്ധമായും തൃതല പഞ്ചായത്തുകൾ ടാക്സ് ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചാൽ കോർപ്പറേഷനുകൾക്കും പഞ്ചായത്തുകൾക്കും അതൊരു വലിയൊരു വരുമാന മാർഗ്ഗമായിരിക്കും. കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും ഇതിനൊരു റേറ്റ് നിശ്ചയിച്ച് ടാക്സ് ഏർപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം. ഇപ്പോൾ ടാക്സുണ്ടെങ്കിലും ആരും വാങ്ങുന്നില്ല. മാത്രമല്ല, ടാക്സ് ചുമത്തേണ്ടവർ തന്നെയാണ് ഫ്ളക്സ് കൊണ്ടുവയ്ക്കുന്നതെങ്കിൽപിന്നെ എങ്ങനെയാണ് ടാക്സ് ഈടാക്കുന്നത്. അതുകൊണ്ട് നിർബന്ധമായും ടാക്സ് ഈടാക്കിയാൽ അത് ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും വലിയൊരു വരുമാനമാവുമെന്നാണ് എന്റെ അഭിപ്രായം. ശ്രീ. ഇ.പി. ജയരാജൻ ഇവിടെ പ്രസംഗിച്ചപ്പോൾ വലിയൊരബദ്ധം പറഞ്ഞു. അദ്ദേഹത്തിന്റെ ഏറ്റവും വലിയ ആരോപണം ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ്, ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റ് സമവായ സംഘടനകൾക്കും എൻ.എസ്.എസ്., എസ്.എൻ.ഡി.പി. ഉൾപ്പെടെയുള്ള സംഘടനകൾക്കും കീഴ്പ്പെട്ട് ഭരണം നടത്തുന്നുവെന്നതാണ്. ആ ആരോപണത്തിന് തെളിവായി എൻ.എസ്.എസ്.-ന്റെ എട്ട് എം.എൽ.എ. മാരും എസ്.എൻ.ഡി.പി.യുടെ 12 എം.എൽ.എ.മാരുമുണ്ടെന്നും

എസ്.എൻ.ഡി.പി.യുടെ 12 എം.എൽ.എ.മാരും ജനറൽ സെക്രട്ടറി പറയുന്ന കാര്യങ്ങൾ കേൾക്കുന്നവരാണെന്നും യു.ഡി.എഫ്. ആണ് കുഴപ്പക്കാരുമെന്നാണ് അദ്ദേഹം പറഞ്ഞത്. ശ്രീ. ഉമ്മൻ ചാണ്ടി സർക്കാർ ഈ മതസംഘടനകൾക്ക് കീഴ്പ്പെടുന്നുവെന്നാണ് പറയുന്നത്. പക്ഷേ, ശ്രീ. ഇ. പി. ജയരാജന് തെറ്റിപ്പോയി. എസ്.എൻ.ഡി.പി.യുമായി ബന്ധപ്പെട്ട് എസ്.എൻ.ഡി.പി. എന്ന ഈഴവ സമുദായത്തിൽപ്പെട്ട മൂന്ന് എം.എൽ.എ.മാർ മാത്രമേ ഭരണപക്ഷ എം.എൽ.എ.മാരായിട്ടുള്ളൂ. ബാക്കി ഒൻപത് എം.എൽ.എ.മാരും പ്രതിപക്ഷ എം.എൽ.എ. മാരായി ഇവിടെ ഇരിക്കുന്നുണ്ടെന്ന കാര്യം മറക്കരുത്. ശ്രീ. ഇ.പി. ജയരാജന് ഇങ്ങനെയൊരബദ്ധം പറ്റരുതായിരുന്നു. എസ്.എൻ. ഡി.പി. ജനറൽ സെക്രട്ടറി പറഞ്ഞ പന്ത്രണ്ട് എം.എൽ.എ. മാരിൽ മൂന്നുപേർ ഭരണപക്ഷത്തും ബാക്കിയുള്ള ഒൻപതുപേർ പ്രതിപക്ഷത്തോടൊപ്പമാണെന്ന വസ്തുത ജനറൽ സെക്രട്ടറി ശ്രീ. വെള്ളാപ്പള്ളി നടേശൻ പത്ര സമ്മേളനം നടത്തിയപ്പോൾ നിങ്ങൾ എതിർക്കേണ്ടതായിരുന്നു. നിങ്ങൾക്ക് എതിർക്കാൻ കഴിയാത്ത സാഹചര്യത്തിൽ അത് അംഗീകരിക്കാനുള്ള ധാർമ്മികത നിങ്ങൾ പ്രകടിപ്പിക്കണമെന്നാണ് പറയാനുള്ളത്. ....(ബഹളം).......... ശ്രീ. ഇ.പി. ജയരാജൻ പറഞ്ഞകാര്യങ്ങൾക്കുള്ള മറുപടിയാണ് പറഞ്ഞത്. മറ്റൊന്നും പറഞ്ഞില്ല. വിഷമിക്കേണ്ട കാര്യമില്ല. ശ്രീ. ഇ. പി. ജയരാജൻ പറഞ്ഞ കാര്യങ്ങൾക്ക് മറുപടി പറയണ്ടേ;

<u>മി. ചെയർമാൻ</u>: ശ്രീ. പി. സി. ജോർജ് പറഞ്ഞെന്നല്ല, എസ്.എൻ.ഡി.പി. ജനറൽ സെക്രട്ടറി പറഞ്ഞുവെന്നാണ് പറഞ്ഞത്.

<u>ശ്രീ. പി. സി. ജോർജ്</u>: .........(ബഹളം)....... ഇപ്പോൾ എന്തിനാണ് ഇത്ര വിഷമിക്കുന്നത്. അങ്ങനെയായിരുന്നുവെങ്കിൽ നിങ്ങൾ അന്ന് എതിർക്കണമാ

യിരുന്നു. എസ്.എൻ.ഡി.പി. ജനറൽ സെക്രട്ടറി പറഞ്ഞാൽ കേൾക്കുന്ന പന്ത്രണ്ട് എം.എൽ.എ. മാരുണ്ടെന്നും യു.ഡി.എഫ്- ആണ് കുഴപ്പക്കാരെന്നുമാണ് ശ്രീ. ഇ. പി. ജയരാജൻ ഇവിടെ പറഞ്ഞത്. അങ്ങനെയാണെങ്കിൽ ഞങ്ങളോടൊപ്പം മൂന്നുപേർ മാത്രമേയുള്ളൂ, ബാക്കിയുള്ളവർ അപ്പുറത്താണിരിക്കുന്നത്. എങ്കിൽപ്പിന്നെ എസ്.എൻ.ഡി.പി. ജനറൽ സെക്രട്ടറി പറഞ്ഞപ്പോൾ നിങ്ങൾ എതിർത്തില്ല. അന്ന് എതിർത്തിരുന്നുവെങ്കിൽ അംഗീകരിക്കാമായിരുന്നു. ഇത്തരത്തിൽ രണ്ട് തട്ടിൽ നിന്നുള്ള കളി അവസാനിപ്പിക്കുന്നതിനുവേണ്ടിയാണ് ഇക്കാര്യം പച്ചയ്ക്ക് പറയുന്നത്. ആരെങ്കിലും ഇക്കാര്യങ്ങളൊക്കെ പറയണ്ടേ; ഇവിടെ പ്രതിപക്ഷം പറഞ്ഞതെന്താണ്? ബി.ജെ.പി.യുടെ ഭരണമുണ്ടാവാതിരിക്കാൻ യു.പി.എ.യും എൻ.ഡി.എ.യും എതിർത്ത് ഒരു മൂന്നാം മുന്നണിയുണ്ടാക്കണമെന്നാണ് ബഹുമാനപ്പെട്ട ജമീലാപ്രകാശം പറഞ്ഞത്. ഏത് വിധത്തിൽ ഇത് നടക്കുമെന്നാണ് ചോദിക്കുന്നത്. അതിനെപ്പറ്റി തന്നെ ചർച്ച ചെയ്യാം. ഏത് മേഖലയിൽ അത് നടക്കും. ഇപ്പോൾ ഇടതുപക്ഷ പാർട്ടിക്ക് ഇപ്പോൾ എവിടെയെങ്കിലും അധികാരമുണ്ടോ; ബംഗാളിലും തൃപുരയിലുമല്ലാതെ വേറെ എവിടെയുണ്ട്. തമിഴ്നാട്ടിലെങ്കിലും നിങ്ങൾക്ക് രക്ഷയുണ്ടോ? കേരള കോൺഗ്രസ്സിന് വളരെ വ്യക്തമായ കാഴ്ചപ്പാടുണ്ട്. ഞങ്ങൾ ഒരു സ്റ്റേറ്റ് പാർട്ടിയാണ്. സുശക്തമായ കേന്ദ്രവും, സംതൃപ്തമായൊരു സ്റ്റേറ്റും വേണമെന്നാവശ്യപ്പെടുന്ന കേരളാ കോൺഗ്രസ്സ് പാർട്ടിയുടെ വക്താവാണ് ഞാൻ. അതുകൊണ്ടുതന്നെയാണ് പറയുന്നത്, കേരളാ കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം അസന്നിഗ്ദ്ധമായി പറയുകയാണ് ഹിന്ദുവർഗ്ഗീയ ഫാസിസ്റ്റുകളുടെ ഭരണം കേന്ദ്രത്തിൽ വരാൻ പാടില്ല. അത് വരാതിരിക്കണമെങ്കിൽ എന്ത് ചെയ്യണം; അങ്ങനെ വരാതിരിക്കണമെങ്കിൽ യു.പി.എ.യ്ക്ക് പിന്തുണ കൊടുക്കണം. അതിനുപകരം നിങ്ങൾ ഇവിടെ വന്ന്

കേരളത്തിന്റെ കാര്യം പറഞ്ഞ് യു.പി.എ.യിലും കോൺഗ്രസ്സിലും തർക്കമുണ്ടാക്കി നിങ്ങൾ എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്. ബംഗാളിൽ നിങ്ങൾ എവിടെപ്പോയി, ബംഗാൾ ഇപ്പോൾ മമത ബാനർജിയുടെ കയ്യിലായില്ലേ; അവിടെ കോൺഗ്രസ്സുമായി യോജിച്ചുനിൽക്കാൻ തയ്യാറുണ്ടോ; ബംഗാളിൽ മമതയുടെ പോക്കിനെതിരെ യോജിച്ചുനിന്നുകൊണ്ട് അവിടെ പത്ത് എം.പി. മാരെയുണ്ടാക്കാൻ നോക്കുന്നതിനുപകരം തർക്കമുണ്ടാക്കികൊണ്ട് നടക്കുകയാണ്. ഇവിടെ കേരളത്തിൽ നമ്മൾ തമ്മിൽ മത്സരിക്കുന്നതെന്തിനാണ്? ഇവിടെ ബി.ജെ.പി.യെ സംബന്ധിച്ചിടത്തോളം വളരെ വ്യക്തമല്ലേ; ബി.ജെ.പി. എന്ന പാർട്ടി ആർ.എസ്.എസ്.-ന്റെ മുഖമുള്ളൊരു ഭരണം ഇന്ത്യാരാജ്യത്ത് കൊണ്ടുവരാൻ വേണ്ടി ശക്തമായി നീങ്ങിക്കൊണ്ടിരിക്കുമ്പോൾ അതിനെതിരായി നിൽക്കുന്നത് ആരാണ്? അതിനെതിരായി ശ്രീമതി സോണിയാ ഗാന്ധിയുടെ നേതൃത്വത്തിലുള്ള യു.പി.എ. നിൽക്കുകയാണ്. ആ യു.പി.എ.യ്ക്ക് പിന്തുണ കൊടുക്കുന്നതിനുപകരം ആ യു.പി.എ.യുടെ ശിഥിലീകരണമുണ്ടാക്കണമെന്ന ലക്ഷ്യത്തോടുകൂടി മാക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി പോകുന്നത് ഇന്ത്യാ രാജ്യത്തെ ജനാധിപത്യത്തെ തകർക്കാനാണെന്ന് മനസ്സിലാക്കാനുള്ള ധാർമ്മികത നിങ്ങളുടെ മനസ്സിലുണ്ടാവണമെന്ന് പറയാതിരിക്കാൻ സാധിക്കില്ല.

ശ്രീ. കെ. അജിത്: ബഹുമാന്യനായ അംഗം കേരള കോൺഗ്രസ്സിന്റെ ഔദ്യോഗിക വക്താവാണെന്ന് പറയുന്നത് കേട്ടു. ഇക്കാര്യം ബഹുമാനപ്പെട്ട ടി.യു. കുരുവിളയും ശ്രീ. മോൻസ് ജോസഫും അംഗീകരിക്കുന്നുണ്ടോ;

ശ്രീ. പി. സി. ജോർജ്: അക്കാര്യത്തിൽ ബഹുമാനപ്പെട്ട അംഗം വിഷമിക്കണ്ട. ഇന്ത്യൻ രാഷ്ട്രീയത്തെപ്പറ്റി കേരള പൊളിറ്റിക്സിനെപ്പറ്റി പറയുമ്പോൾ കേരള കോൺഗ്രസ്സിന്റെ നേതാവാരാണെന്നാണോ ചോദിക്കുന്നത്.

അതൊക്കെ എല്ലാവർക്കും അറിയാവുന്നതാണ്. അക്കാര്യങ്ങളെപ്പറ്റി ചർച്ച ചെയ്യുണ്ട. ഈ ഗവൺമെന്റിനെ കുറിച്ച് പ്രതിപക്ഷാംഗങ്ങൾ ഇവിടെ സംസാരിച്ചു. കഴിഞ്ഞ രണ്ട് വർഷംകൊണ്ട് ശ്രീ. ഉമ്മൻചാണ്ടി ഗവൺമെന്റ് എന്ത് ചെയ്തുവെന്നതിനെപ്പറ്റി വിശകലനം ചെയ്യാനുള്ള ധാർമ്മികത നിങ്ങൾ കാണിച്ചോ? നിങ്ങൾ ആ ധാർമ്മികത കാണിക്കണ്ടേ; അവിടെയാണ് പ്രശ്നം. ഈ രണ്ടുവർഷത്തെ ഭരണത്തിനിടയിൽ ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റിലെ മന്ത്രിമാരെ ആരെയെങ്കിലും നിങ്ങൾ ആക്രമിച്ചാൽ അത് അംഗീകരിക്കാം. കുറ്റപ്പെടുത്താൻ മറ്റ് മന്ത്രിമാരുണ്ട്. അക്കാര്യം സമ്മതിക്കുകയാണ്. പക്ഷേ, മന്ത്രിമാർ എല്ലാവരും സകലകലാവല്ലഭന്മാരല്ല. പക്ഷേ, ശ്രീ. ഉമ്മൻ ചാണ്ടിയെ പ്പോലെ ഇതുപോലൊരു ജനകീയനായി ജനാധിപത്യ മര്യാദയനുസരിച്ച് പ്രവർത്തിക്കുന്നൊരു മുഖ്യമന്ത്രിയെ കുറ്റപ്പെടുത്താൻ ആരും തയ്യാറായിട്ടില്ല. മുഖ്യമന്ത്രിയുടെ പ്രവർത്തനത്തെ കുറ്റപ്പെടുത്തിയിട്ടില്ല. അപ്പോൾ പൊതുഭര ണത്തിലെങ്കിലും മുഖ്യമന്ത്രിയുടെ വകുപ്പിനെപ്പറ്റി സംസാരിക്കാനുള്ള ധാർമ്മികതയെങ്കിലും കാണിക്കണമെന്നാണ് എന്റെ അഭിപ്രായം. ഞാൻ ചോദിക്കട്ടേ, ഡോ. തോമസ് ഐസക് ഇവിടെ ഇരിക്കുന്നുണ്ടല്ലോ; ഈ ഗവൺമെന്റ് വന്നതിനുശേഷം ലോട്ടറിയുടെ സ്ഥിതിയെന്താണ്? ലോട്ടറിയുടെ പേരിലുള്ള കാരുണ്യ പദ്ധതിയെന്തായി? നിങ്ങളുടെകാലത്ത് വെറും 500 കോടി രൂപ മാത്രം നേടിക്കൊണ്ടിരുന്ന ലോട്ടറിയിലൂടെ 2700 കോടി രൂപ സർക്കാർ ഖജനാവിലേയ്ക്ക് വരുത്തിയില്ലേ? ആ 2700 കോടി രൂപ എന്തിനു വേണ്ടി ചെലവഴിക്കുന്നു. ഈ രാജ്യത്തെ പാവപ്പെട്ടവർക്കുവേണ്ടി മാത്രമല്ല, ഇവിടെ ദു:ഖിക്കുന്നവർ, രോഗികൾ, ആശ്രയമില്ലാത്തവരായ ആളുകൾ, എന്നിവരെ സംരക്ഷിക്കാനുള്ള നടപടികളുമായി കോടിക്കണക്കിന്

രൂപയാണ് ചെലവഴിക്കുന്നത്. ഡോ. തോമസ് ഐസക്കിന്റേ കാലത്തോ? ഡോ. തോമസ് ഐസക് ചില നീക്കങ്ങൾ നടത്തിയെന്നുള്ളത് ശരിയാണ്. ഓൺലൈൻ ലോട്ടറിക്കാരെ നിയന്ത്രിക്കാൻ ഡോ. തോമസ് ഐസക് നടത്തിയ നീക്കം സ്വാഗതാർഹമാണ്. ആ നടപടിയെ അംഗീകരിക്കുന്നു. പക്ഷേ, ആ നീക്കത്തെ ശക്തമായി ഈ ഗവൺമെന്റ് തുടർന്നുവന്നതു കൊണ്ടാണ് ലോട്ടറിയെ രക്ഷിക്കാൻ കഴിഞ്ഞത്, കാരുണ്യ ലോട്ടറി നിലവിൽ വന്നത്. അതിനെപ്പറ്റിയൊരു നല്ലവാക്ക് നിങ്ങൾ പറഞ്ഞോ; എന്താണ് പറയാത്തത്; അതിനെപ്പറ്റിയൊരു നല്ലവാക്ക് പറയാനുള്ള മര്യാദ കാണിക്കണ്ടേ; പക്ഷേ, നിങ്ങൾ സാന്റിയാഗോ മാർട്ടിന്റെ ആളുകളായിരുന്നുവെന്ന ആരോപണമുണ്ട്. സാന്റിയാഗോ മാർട്ടിന്റെ ആളുകളാണെന്ന് ആരോപണമുള്ളവരാണ് നിങ്ങൾ. ആ ആരോപണം മാറ്റണം. ആ ആരോപണം മാറ്റിക്കൊണ്ട് മുന്നോട്ടു പോകണം. അതുകൊണ്ട് ലോട്ടറി ഇടപാടിലൂടെയെങ്കിലും ഈ ഗവൺമെന്റ് ചെയ്യുന്ന നല്ല പ്രവൃത്തിയെ നിങ്ങൾ അംഗീകരിക്കണം.

<u>ശ്രീ. പാലോട് രവി</u>: ബഹുമാന്യനായ ശ്രീ. ഉമ്മൻ ചാണ്ടി കേരളത്തിന്റെ മുഖ്യമന്ത്രിയായി അതിനുശേഷം അദ്ദേഹം പ്രതിപക്ഷനേതാവായതിനു ശേഷമാണ് കേരളത്തിന്റെ മുഖ്യമന്ത്രിയായത്. അതുപോലെ സഖാവ് വി. എസ്. അച്ചുതാനന്ദൻ കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്നു. ഏറ്റവും നല്ല കാര്യങ്ങൾ ചെയ്തുവെന്ന് അപ്പുറത്തുള്ളവർ പ്രസംഗിക്കുന്ന കേരളത്തിന്റെ മുഖ്യമന്ത്രി ഇപ്പോൾ പ്രതിപക്ഷ നേതാവാണ്. ആ പ്രതിപക്ഷ നേതാവിനെ മാറ്റാൻ ആ പാർട്ടിയൊരു തീരുമാനമെടുക്കാനുള്ള കാരണമെന്താണ്?

<u>ശ്രീ. പി. സി. ജോർജ്</u>: സമയമില്ലാത്തതുകൊണ്ട് ആ വിഷയത്തിലേയ്ക്ക് കടക്കുന്നില്ല. അത് പാർട്ടി പൊളിറ്റിക്സിന്റെ ഭാഗമാണ്. മറ്റൊരു കാര്യം സൂചിപ്പിക്കാനുള്ളത് കഴിഞ്ഞ 20 വർഷക്കാലത്തെ കണക്കെടുത്ത്

പരിശോധിച്ചാൽ ഒരു സത്യം മനസ്സിലാകും. രാഷ്ട്രീയ കൊലപാതകങ്ങൾ മലബാർ മേഖലയിൽ വ്യാപകമായിരുന്നു. 188 രാഷ്ട്രീയ കൊലപാതകങ്ങളാണ് നടന്നത്. കണക്കുപ്രകാരം അത് പപ്പാതിയാണ്. ഒരുഭാഗം സി.പി.എം. പ്രവർത്തകരും മറുഭാഗത്ത് ബി.ജെ.പി.യും കോൺഗ്രസ്സും മറ്റ് കക്ഷികളുമുണ്ടാകാം. പക്ഷേ, 188 രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നതിൽ ഒരു കൊലപാതകത്തിലൊഴികെ 187 കൊലപാതകങ്ങളിലെയും പ്രതികൾ ആരാണ്? കൊലപാതകികളായി പാർട്ടിക്കാർ കൊടുക്കുന്ന ആളുകളെ വച്ച് കേസ് വെറുതെ വിട്ട് അഡ്ജെസ്റ്റ്മെന്റ് നടത്തി. രാജ്യവ്യാപകമായി നാശമുണ്ടായി. രാഷ്ട്രീയ കൊലപാതകം നടക്കുകയാണ്. ഈ ഗവൺമെന്റിന്റെ ഗുണമെന്താണ്? രാഷ്ട്രീയ കൊലപാതകം നടന്നാൽ രാഷ്ട്രീയത്തിന്റെ പേരിൽ കൊലപാതകം നടന്നാൽ ആ കൊലപാതകികൾ കൽത്തുറുങ്കിലാകുമെന്ന് മാത്രമല്ല, നിയമത്തിനുമുമ്പിൽ അവരെ കൊണ്ടുവരുമെന്ന് തെളിയിക്കാൻ കഴിഞ്ഞ, ആദ്യത്തെ ഗവൺമെന്റാണ് ഈ ഗവൺമെന്റെന്ന കാര്യം നിഷേധിക്കണ്ട. 187 പ്രതികളേയും അതിന്റെ ചരിത്രത്തിലേയ്ക്ക് കടക്കുന്നത് രാഷ്ട്രീയമായിപ്പോകുമെന്നുള്ളതുകൊണ്ട് അതിലേയ്ക്ക് കടക്കുന്നില്ല. ബി.ജെ.പി.യുമായി ഉണ്ടാക്കിയ അണ്ടർസ്റ്റാൻഡിംഗ് ഉൾപ്പെടെ എനിക്കറിയാം. അതിലേയ്ക്ക് ഞാൻ കടക്കുന്നില്ല. പക്ഷേ 188-ൽ 187-ഉം അങ്ങനെയായപ്പോൾ ടി. പി. യുടെ കൊലപാതകത്തിൽ യഥാർത്ഥ പ്രതികളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവന്ന് കോടതിയുടെ പരിഗണനയ്ക്ക് വിടാൻ കഴിഞ്ഞ ഗവൺമെന്റാണിത് എന്ന കാര്യം അംഗീകരിച്ചല്ലേ പറ്റൂ. അപ്പോൾ കുറ്റംപറയണ്ട. അങ്ങനെ കുറ്റം പറയുമ്പോൾ വളരെ സൂക്ഷിക്കണം. സ്മാർട്ട് സിറ്റി, മെട്രോ ട്രെയിൻ ഇതുപോലുള്ള എത്രയെത്രകാര്യങ്ങളാണ്, ഒരു ഗവൺമെന്റ് ആഗ്ര

ഹിച്ച് പ്രവർത്തിക്കുമെന്ന് പറഞ്ഞ കാര്യങ്ങൾ മുഴുവൻ കൊണ്ടുവന്നില്ലേ? എനിക്കൊരു പ്രത്യേക കാര്യംകൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. വിദ്യാഭ്യാസ സംവരണം സംബന്ധിച്ചുള്ള നീക്കങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ടാകേണ്ടതുണ്ട്. കാരണം, വിദ്യാഭ്യാസാവകാശ കമ്മീഷനുണ്ട്. 1966-ലെ കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിൽ വിദ്യാഭ്യാസ സംവരണം നടപ്പിലാക്കിയിരിക്കുന്നത്. 67-നു ശേഷം 87-ൽ നാരായണപിള്ള ചെയർമാനായി ഒരു കമ്മീഷനെ നിയമിച്ചു. തെളിവെടുപ്പും നടത്തി ആ റിപ്പോർട്ട് അംഗീകരിക്കുകയോ പ്രസിദ്ധീകരിക്കുകയോ ചെയ്തിട്ടില്ല. 47 വർഷമായി വിദ്യാഭ്യാസ സംവരണം ഒരേ രീതിയിൽ തുടരുകയാണ്. അതുകൊണ്ട് നഷ്ടം സംഭവിക്കുന്നത് ആർക്കാണെന്ന കാര്യത്തെപ്പറ്റി ആലോചിക്കണ്ടേ?

ഈ രാജ്യത്തെ ഏറ്റവും പാവപ്പെട്ടവരും ഏറ്റവും പിന്നോക്കം നിൽക്കുന്നവരുമൊക്കെ അവഗണിക്കപ്പെടുകയാണ്. അതുപോലെ പലരുണ്ട്. അവരെയൊക്കെ സംരക്ഷിക്കുവാനുള്ള ബാധ്യതയും നമ്മൾ ഏറ്റെടുക്കണം. മുന്നോക്ക വിഭാഗങ്ങൾക്ക് കിട്ടുന്നതുപോലെ മാത്രമേ പിന്നോക്കവിഭാഗം വിദ്യാർത്ഥികൾക്കും ആനുകൂല്യങ്ങൾ ലഭിക്കുന്നുള്ളൂ. ഇതിന്റെ വരുമാന പരിധി ഇപ്പോഴും 44,500 രൂപയായി നിർത്തിയിരിക്കുകയാണ്. ഈ തുകയ്ക്ക് മുകളിൽ വരുമാനമുള്ള കുടുംബത്തിലെ ഒരു കുട്ടിക്ക് വിദ്യാഭ്യാസ സംവരണമോ ആനുകൂല്യങ്ങളോ ലഭിക്കുന്നില്ല. ഈ പറയുന്നത് കാലോചിതമായി ഉയർത്തണ്ടേ? ക്രീമിലെയർ പരിധി നാലര ലക്ഷമാക്കണം. ആ നാലര ലക്ഷത്തിലേയ്ക്ക് കൊണ്ടുവരണ്ടേ? അതുകൊണ്ട് 1966-ൽ നടപ്പാക്കിയ, 47

വർഷം കഴിഞ്ഞ വിദ്യാഭ്യാസ സംവരണം കാലോചിതമായി പരിഷ്ക്കരിക്കാൻ ഒരു പുതിയ സംവരണ കമ്മീഷനെ നിയമിച്ചാലും അതിനെ സ്വാഗതം ചെയ്യണമെന്ന അഭിപ്രായംകൂടി ഞാൻ രേഖപ്പെടുത്തുകയാണ്. ഇപ്പോഴും മുന്നോക്ക സമുദായത്തിൽ സംവരണം നൽകാൻ നിശ്ചയിച്ചപ്പോൾ അവരുടെ കുടുംബ വരുമാനം മൂന്നുലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. എന്നാൽ പിന്നോക്കക്കാരുടെ വരുമാന പരിധി ഇപ്പോഴും 44,500 രൂപയെന്നാണ് നിൽക്കുന്നത്. കോളേജുതലങ്ങളിലാണ് 44,500 രൂപ. പ്ലസ് ടു-വിന് വാർഷിക വരുമാനം ഇപ്പോഴും 18,500 രൂപയാണ്. ഇതുകൊണ്ട് വരുന്ന കുഴപ്പം എന്താണ്? നമുക്ക് വളരെ നിഷ്പക്ഷമായി ആലോചിക്കാം. കേരളത്തിലെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ  മുന്നോക്ക സമുദായങ്ങൾക്ക് സാമ്പത്തിക സംവരണം പത്തുശതമാനമുണ്ട്. ഈഴവ, മുസ്ലിം, ലത്തീൻ കത്തോലിക്ക, ധീവര, നാടാർ, വിശ്വകർമ്മ തുടങ്ങിയ 81 സമുദായങ്ങൾക്കെല്ലാംകൂടി 21 ശതമാനം സംവരണം. ഞാൻ അതൊന്ന് ബൈഫർക്കേറ്റ് ചെയ്തുനോക്കി. പിന്നോക്ക വിഭാഗങ്ങൾക്കുള്ള 20 ശതമാനം സംവരണം താഴെപ്പറയുന്ന തരത്തിലാണ്. ഈഴവ - 8 ശതമാനം, മുസ്ലീം - 7 ശതമാനം, ലാറ്റിൻ കാത്തലിക് - 1 ശതമാനം, കൺവേർട്ടഡ് ക്രിസ്റ്റ്യൻ - ഒരു ശതമാനം, ഒ.ബി.സി. - എല്ലാവരുംകൂടി മൂന്ന് ശതമാനം. ഈ മൂന്നുശതമാനം കിട്ടുന്നത് ആർക്കാണെന്ന് അറിയാമോ? 77 സമുദായങ്ങൾക്ക്. ധീവര, നാടാർ, വിശ്വകർമ്മ ഉൾപ്പെടെ 77 സമുദായങ്ങൾക്ക് മൂന്നു ശതമാനമാണ് സംവരണം. 20 കുട്ടികൾ അഡ്മിറ്റ് ചെയ്യപ്പെട്ടാലാണ് 77 സമു

യങ്ങളിൽനിന്നും ഒരു കുട്ടി അഡ്മിറ്റ് ചെയ്യപ്പെടുന്നത്. M.A, M.Sc.ക്ക് 15 സീറ്റേയുള്ളൂ. അപ്പോൾ ജീവിതകാലത്ത് ഈ 77 സമുദായങ്ങളിലെ കുട്ടികളിൽ ആരെങ്കിലും പോസ്റ്റ് ഗ്രാഡുവേഷന് സംവരണത്തിന്റെ അടിസ്ഥാനത്തിൽ വരുമോ? മറ്റെല്ലാം മാറ്റിവയ്ക്കാം. 77 സമുദായത്തിന് മൂന്നുശതമാനം സംവരണം വച്ചുകൊണ്ട് പാവങ്ങളെ കബളിപ്പിച്ചുകൊണ്ടിരുന്ന പരിപാടി നമുക്ക് അവസാനിപ്പിക്കണം. ഈ സംവരണതത്വത്തിൽ മാറ്റം വരുത്തണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ അപേക്ഷിക്കുന്നു. ഇവിടെ പാവപ്പെട്ട നാടാൻമാരുണ്ട്. എല്ലാ കാലഘട്ടങ്ങളിലും യു.ഡി.എഫ്.-ഉം എൽ.ഡി.എഫ്.-ഉം അവരെ വഞ്ചിച്ചിട്ട് മാത്രമേയുള്ളൂ. എന്റെ മുന്നണിയിൽനിന്നുകൊണ്ട് പറയാം. ഞാൻ ചരിത്രം പരിശോധിച്ചു. നിങ്ങളും കണക്ക്, ഇവിടെയും കണക്ക്. അതുകൊണ്ടുതന്നെയാണ് പറയുന്നത്. ഇതിനൊരു മാറ്റം വരുത്തണം. വിശ്വകർമ്മജരെക്കുറിച്ച് എപ്പോഴും പറയും എല്ലാവരും പ്രസംഗിക്കും. നിങ്ങളാണ് നിർമ്മാതാക്കൾ, നിങ്ങളുണ്ടാക്കിയതാണ് വിശ്വദ്ധാത്മാവ് എന്നൊക്കെ പറയും. അവരുടെ ഒരു കുട്ടിക്ക് ഇന്ന് M.A, M.Sc- ക്ക് അഡ്മിഷൻ കിട്ടുമോ? ഒന്ന് ആലോചിക്കൂ. അതുപോലെയാണ് ധീവരർ. പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ മത്സ്യം പിടിച്ച് ജീവിക്കണം. അവരുടെ കാര്യം പരിശോധിക്കണ്ടേ? അവരുടെ കാര്യം എന്തുകൊണ്ട് മറന്നുപോകുന്നു. രാഷ്ട്രീയം മറന്നുകൊണ്ട് ഇവിടുത്തെ രാഷ്ട്രീയകക്ഷികൾ ഒന്നിച്ചുകൊണ്ട് 77 സമുദായങ്ങൾക്ക് മൂന്നുശതമാനം സംവരണം. ആ സംവരണതത്വത്തിന് മാറ്റം വരുത്തണം. 20 സീറ്റുണ്ടെങ്കിൽ മാത്രമേ അഡ്മിഷനുള്ളൂ. ഇരുപതാമതാണ് പരിഗണിക്കപ്പെടുന്നത്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട പി. സി. ജോർജ്, അഞ്ചുമിനിട്ട് അധികമായി.

ശ്രീ. പി. സി. ജോർജ്: സർ, സാരമില്ല.

മി. ചെയർമാൻ: ചുരുക്കണം.

ശ്രീ. പി. സി. ജോർജ്: സർ, എല്ലാവർക്കും കൂട്ടിക്കൊടുക്കാം. അങ്ങയുടെ ദയാമനസ്സിന് നന്ദി. ഞാൻ നിറുത്തിക്കോളാം. ഞാൻ പറഞ്ഞത്, ഈ ഇനം കാര്യങ്ങളിൽ ഉചിതമായ തീരുമാനമെടുത്തുകൊണ്ട് സാമൂഹ്യനീതി ഉറപ്പാക്കാനുള്ള ഉത്തരവാദിത്വം പൂർണ്ണമായി ഏറ്റെടുത്തുകൊണ്ട് പ്രതിപക്ഷത്തെക്കൂടി പൂർണ്ണമായി വിശ്വാസത്തിലെടുത്തുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ വിദ്യാഭ്യാസ സംവരണത്തിൽ കാലോചിതമായ മാറ്റംവരുത്തി ഇവിടുത്തെ അവഗണിക്കപ്പെട്ട സമൂഹത്തിന് നീതി ചെയ്തുവെന്ന് വരുത്തിത്തീർക്കുമ്പോൾ അങ്ങേയ്ക്ക് എതിരായി ആര് എന്തുപറഞ്ഞാലും ഒന്നും നടക്കില്ല, ജനം അങ്ങയോടൊപ്പമുണ്ടാകുമെന്ന് ഇവിടെ സൂചിപ്പിക്കുകയാണ്.

ശ്രീ. എ. കെ. ബാലൻ: സർ, വനത്തെക്കുറിച്ചും എന്തെങ്കിലുമൊന്ന് പറയണ്ടേ?

ശ്രീ. പി. സി. ജോർജ്: സർ, വനം വനമായി ഇപ്പോൾ മുഖ്യമന്ത്രിയുടെ കയ്യിലുണ്ട്. നാഥനില്ലായെന്ന് സിനിമാക്കാരനാണ് പറഞ്ഞത്. നല്ല ഒന്നാന്തരം നാഥൻ, കേരളത്തിലെ മുഖ്യമന്ത്രിയായ ശ്രീ. ഉമ്മൻ ചാണ്ടി വനം ഭരിക്കുന്നുണ്ട്. ഒരു കുഴപ്പവുമില്ല. xxxxxxx[1] അത്രയേ എനിക്ക് പറയുവാനുള്ളൂ. I am sorry Mr. Balan. ഞാൻ വളരെ മാന്യമായി സംസാരിക്കുകയാണ്. നിങ്ങൾ എന്നെക്കൊണ്ട് മാന്യതയില്ലാതെ പറയിക്കരുത്. അതൊക്കെയാ

---

xx എക്സ്പഞ്ച്

ണല്ലോ ഞാൻ പറഞ്ഞത്. എല്ലാവർക്കും അർത്ഥം മനസ്സിലായി. ശ്രീ. രാജു എബ്രഹാം ഒരു പ്രേതമാണല്ലോ.

മി. ചെയർമാൻ: അദ്ദേഹം വഴങ്ങുന്നില്ല.

ശ്രീ. രാജു എബ്രഹാം: XXXXXXX

ശ്രീ. പി. സി. ജോർജ്: സർ, XXXXXX അത് എന്തുമാകട്ടെ. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. XXXXXXX ഈ സിനിമാക്കാരുടെ XXXXX... ഞാൻ പച്ചയ്ക്ക് പറയാം. ഈ സിനിമാക്കാരുടെ XXXXX കൂട്ടുനിൽക്കുന്നത് ശരിയല്ല. മനസ്സിലായില്ലേ; അതുപോലെ മമ്മൂട്ടിയുമൊക്കെ........... വയസ്സ് അറുപതും അറുപത്തിയഞ്ചും കഴിയുമ്പോൾ ചെറുപ്പക്കാർ വരുന്നതിന് എന്താണ് കുഴപ്പം? അതിനുപകരം 90 വയസ്സായാലും പിടിച്ചുനിൽക്കുകയാണ്. മമ്മൂട്ടി മോശമെന്ന് പറഞ്ഞില്ല.

മി. ചെയർമാൻ: പോയിന്റ് ഓഫ് ഓർഡർ.....

ശ്രീ. പാലോട് രവി: സർ, സിനിമാക്കാരുടെ XXXXXX വാക്ക് സഭയുടെ രേഖയിലുണ്ടാകാൻ പാടില്ല. ആരെയെങ്കിലും കുറിച്ച് അഭിപ്രായ വ്യത്യാസമുണ്ടെങ്കിൽ പറഞ്ഞോട്ടെ. ഒരിക്കലും സിനിമാക്കാരുടെ XXXXX പദം ഇതുപോലെ നമ്മളെല്ലാവരും ഇരിക്കുന്ന വേദിയിൽ പറയാൻ പാടില്ല.

മി. ചെയർമാൻ: ജനറലൈസ് ചെയ്തുകൊണ്ടുള്ള പരാമർശം ശരിയല്ല. അത് രേഖയിലുണ്ടാകുകയില്ല.

ശ്രീ. പി. സി. ജോർജ്: സർ, ഞാനൊന്ന് പറഞ്ഞോട്ടെ. മന്ത്രിയുടെ ഓഫീസ്സിൽനിന്ന് നിർദ്ദേശമില്ലാതെ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ ഗസ്റ്റ് ഹൗസ് കൊടുക്കാൻ പാടില്ലെന്ന് പറഞ്ഞിട്ട് അവിടെ സിനിമാക്കാർ തന്നെ കയറി

xxxxx വാക്ക് വീണ്ടും ഞാൻ പറയുന്നു. എന്താണ് തർക്കം? xxxxxxxx[2] പിന്നെ എന്താണ്; ഇത് കേരളത്തിലെ പൊതുപ്രവർത്തനത്തിന് മാന്യത യാണോ? സമയക്കുറവുകൊണ്ടല്ല, മറ്റ് പലതും ഞാൻ ഒളിച്ചുവയ്ക്കുന്നു. അത് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് .........(ബഹളം)....... ഒറ്റയെണ്ണം പറയുന്നു, xxxxxxxxx

മി. ചെയർമാൻ: സമയം ഒരുപാട്.....................

ശ്രീ. പി. സി. ജോർജ്: സർ, നിറുത്തുകയാണ്.

മി. ചെയർമാൻ: സമയം ഒരുപാട് അതിക്രമിച്ചു.

ശ്രീ. പി. സി. ജോർജ്: സർ, ഇതോടെ നിറുത്തുകയാണ്.

മി. ചെയർമാൻ: ചുരുക്കണം.

ശ്രീ. പി. സി. ജോർജ്: സർ, xxxxxxx[3]

മി. ചെയർമാൻ: സമയം ഒരുപാട് അതിക്രമിച്ചു. നിങ്ങൾ ചുരുക്കണം.

ശ്രീ. പി. സി. ജോർജ്: സർ, അതുകൊണ്ട് എന്നെക്കൊണ്ട് ഒന്നും പറയിപ്പിക്കരുത്. ഞാൻ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായി അനുകൂലിക്കുന്നു.

ശ്രീ. എ. എ. അസീസ്: സർ, ഈ ഗവൺമെന്റ് രണ്ടുവർഷം പൂർത്തീക രിച്ചപ്പോൾ ജനങ്ങളെയാകെ ദുരിതത്തിലാക്കിയ ഗവൺമെന്റാണ്. എല്ലാ നിത്യോപയോഗ സാധനങ്ങളുടെയും വില കുത്തനെ ഉയർന്നു. മത്സ്യത്തിനു പോലും വില ഉയർന്നു. പവ്വർ കട്ടും ലോഡ് ഷെഡ്ഡിംഗുംമൂലം വ്യവസായ സ്ഥാപനങ്ങൾ പലതും അടച്ചുപൂട്ടി. മൂന്ന് ഷിഫ്റ്റ് നടന്നുകൊണ്ടിരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ രണ്ട് ഷിഫ്റ്റാക്കി. രണ്ട് ഷിഫ്റ്റ് നടന്നുകൊ

---

xx എക്സ്പഞ്ച്

[xx] എക്സ്പഞ്ച്

ണ്ടിരുന്ന സ്ഥലങ്ങളിൽ ഒരു ഷിഫ്റ്റാക്കി. തൊഴിലാളികൾ ഈ മഴക്കാലത്ത് ജോലിയും കൂലിയുമില്ലാതെ പട്ടിണിക്കാരായി മാറി. പോഷകാഹാരം കിട്ടാതെ ആദിവാസി അമ്മമാരും കുഞ്ഞുങ്ങളും പട്ടിണി കിടന്ന് പിടഞ്ഞുമരി ക്കുന്ന ഒരു കാലഘട്ടം. ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് യഥാർത്ഥത്തിൽ സമയമില്ല. പകരം പുതിയ അധികാര സ്ഥാനങ്ങൾക്കുവേണ്ടി മൽപ്പിടിത്തം നടത്തുന്ന യു.ഡി.എഫ്.-ന്റെ രാഷ്ട്രീയം മലിനീകരിക്കപ്പെട്ടു.

അതുപോലെ ഈ ഗവൺമെന്റ് പണ്ടൊരിക്കലുമുണ്ടാകാത്ത നിലയിൽ സമുദായ സംഘടനകളുടെ നീരാളിപ്പിടിത്തം മൂലം നട്ടം തിരിയുകയാണ്. കൈക്കൂലിയും അഴിമതിയും ദേശസാൽക്കരിക്കപ്പെട്ടു. ചില വകുപ്പുകളിൽ നല്ല തുക കൊടുക്കുന്നവർക്ക് നല്ല താക്കോൽസ്ഥാനം ലഭിക്കും. ജീവനക്കാ രുടെ സ്ഥലംമാറ്റത്തിന് യാതൊരു മാനദണ്ഡവുമില്ല. പൊതുമേഖലാസ്ഥാപന ങ്ങൾ പലതും അടച്ചുപൂട്ടി. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഗുണമേൻമയുള്ള കുപ്പിവെള്ളം വില കുറച്ച് ജനങ്ങൾക്ക് നൽകുവാൻ വാട്ടർ അതോറിറ്റി വഴി നടപ്പാക്കിയ അരുവിക്കരയിലെ കുപ്പിവെള്ള വിതരണപദ്ധതി ഇല്ലാതാക്കി അത് സ്വകാര്യ കമ്പനികൾക്ക് വിലയ്ക്ക് കൊടുത്ത് അതിന്റെ കാശ് വാങ്ങി കീശയിലാക്കാൻ മന്ത്രിയും ബന്ധപ്പെട്ട വകുപ്പും നടപടികൾ സ്വീകരിച്ചു. മാലിന്യങ്ങൾ നാട്ടിലാകെ ചീഞ്ഞുനാറുകയാണ്. കരിനിയമങ്ങൾ ഉപയോഗിച്ച് രാഷ്ട്രീയ പ്രതിയോഗികളെ നാടു കടത്തുന്നു. വിദ്യാഭ്യാസ മേഖല വാണിജ്യവൽക്കരിച്ചു. വിദ്യാഭ്യാസത്തെ ലാഭം കിട്ടുന്ന ഏറ്റവും നല്ല വ്യവസായമാക്കി മാറ്റി. ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ അഗതികളുടെ പെൻഷൻ പദ്ധതി വർദ്ധിപ്പിച്ചുവെന്ന് വീമ്പിളക്കി പത്രങ്ങളിൽ വലിയ വാർത്തയുണ്ടാക്കി. എന്നാൽ അഗതികളുടെ പെൻഷൻ പദ്ധതി അട്ടിമറി

ക്കപ്പെടുകയാണുണ്ടായത്. ബി.പി.എൽ/എ.പി.എൽ. വ്യത്യാസമില്ലാതെ സമ്പന്നരല്ലാത്ത 60 വയസ്സ് കഴിഞ്ഞ അഗതികൾക്ക് നൽകിവന്ന പെൻഷൻ പദ്ധതി 65 വയസ്സാക്കി ഉയർത്തി. ബി.പി.എൽ. വിഭാഗത്തിന് മാത്രമായി അത് ഒതുക്കി. ആൺമക്കളുണ്ടെങ്കിൽപോലും വരുമാനം കുറഞ്ഞവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്ന മുൻ ഗവൺമെന്റിന്റെ നയം തിരുത്തി. കടൽക്ഷോഭംമൂലം മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിന് പോകാൻ കഴിയുന്നില്ല. കടലേറ്റം മൂലം തീരദേശമേഖലയിൽ ഭവനരഹിതരായവർ നിരവധിയാണ്. തീരദേശം സംരക്ഷിക്കുവാൻ പുലിമുട്ടുകൾ സ്ഥാപിക്കേണ്ടതുണ്ട്. ഖജനാവിൽ പണമില്ല എന്ന കാരണത്താൽ അതിന് ഭരണാനുമതി ലഭിക്കുന്നില്ല. മത്സ്യത്തൊഴിലാളികൾ ഇന്ന് അതീവ ദു:ഖത്തിലാണ്. മത്സ്യമേഖലയിൽ അതിരൂക്ഷമായ സമരമാണ് ഇപ്പോൾ നടക്കുന്നത്. നാഷണൽ ഹൈവേ പിക്കറ്റ് ചെയ്യുന്നു, കൊല്ലത്ത് കളക്ടറെയും തഹസീൽദാരെയും ജനപ്രതിനിധികളെയും പിക്കറ്റ് ചെയ്യുന്നു, മനുഷ്യമതിൽ കെട്ടി, അങ്ങനെ വിവിധങ്ങളായ സമരമുറകൾ പാവങ്ങളായ തീരദേശ മത്സ്യത്തൊഴിലാളികൾ നടത്തുന്നുണ്ട്. ഇവിടെ പുലിമുട്ട് കെട്ടുന്നതിന് പണമില്ല, വകുപ്പുമന്ത്രി ഇന്നലെ നിയമസഭയിൽ പറഞ്ഞത് അതിന് ഭരണാനുമതിക്ക് വേണ്ടിയുള്ള ബഡ്ജറ്റ് തയ്യാറാക്കികൊണ്ടിരിക്കുന്നുവെന്നാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ നടപടി സ്വീകരിച്ചതാണ്. ഈ ഗവൺമെന്റ് ഒന്നും ചെയ്തില്ല. മദ്രാസ് ഐ.ഐ.ടി.വഴി തീരദേശമേഖലയിൽ പുലിമുട്ടുകൾ സ്ഥാപിക്കുമെന്ന് വകുപ്പുമന്ത്രി കഴിഞ്ഞ സമ്മേളനത്തിൽ പ്രഖ്യാപിച്ചതാണ്. പുലിമുട്ടുകൾ സ്ഥാപിച്ചുകൊണ്ടുമാത്രമേ തീരദേശ മേഖലയേയും അതുവഴി മത്സ്യത്തൊഴിലാളികളെയും സംരക്ഷിക്കാൻ കഴിയൂ എന്ന് അദ്ദേഹം ഉറക്കെ പറഞ്ഞതാണ്. പക്ഷേ പുലിമുട്ടുകൾ സ്ഥാപിക്കുന്നതിനു

വേണ്ടി കേന്ദ്രത്തിൽ നിന്ന് കാൽക്കാശിന്റെ സഹായം വാങ്ങാൻ മന്ത്രിക്കും ഈ ഗവൺമെന്റിനും കഴിഞ്ഞില്ല. ഇന്ന് കടൽക്ഷോഭം മൂലം തീരദേശ മേഖലയിൽ മത്സ്യത്തൊഴിലാളികൾ ധർമ്മസങ്കടത്തിലാണ്, അവരെ മാറ്റിപ്പാർപ്പിച്ചിരിക്കുകയാണ്. അവർക്ക് മത്സ്യബന്ധനത്തിനും മത്സ്യവിപണനത്തിനും പോകാൻ കഴിയുന്നില്ല. അവർക്ക് യാതൊരു സഹായവും ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടില്ല. സാധാരണ ഗതിയിൽ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുന്ന കാലഘട്ടത്തിൽ അവർക്ക് സൗജന്യ റേഷനോ മറ്റ് സഹായങ്ങളോ നൽകുമായിരുന്നു. അതൊന്നും ഈ ഗവൺമെന്റ് ചെയ്തിട്ടില്ല. പിന്നെ എന്തു കൊണ്ടാണ് ശ്രീ. പി.സി.ജോർജ് ഇത്രയും നല്ല ഗവൺമെന്റ് ഉണ്ടായിട്ടില്ല എന്നു പറഞ്ഞതെന്ന് അറിയില്ല. നല്ല ഗവൺമെന്റാണ്. ചില നല്ല കാര്യങ്ങൾ ചെയ്തതിനുശേഷം ചീത്തയാക്കിയതും നിങ്ങളല്ലേ. ബഹുമാന്യനായ മുഖ്യമന്ത്രിയുടെത് നല്ല തുടക്കമൊക്കെയായിരുന്നു. ആ തുടക്കത്തിന് മങ്ങലേൽപ്പിച്ചത് ആരാണ്? ഇന്ന് ഇപ്പോൾ ഐ, എ യൂത്ത് കോൺഗ്രസ്സുകാർ തമ്മിലടി, ഒരു കോൺഗ്രസ്സുകാരനെ മറ്റൊരു കോൺഗ്രസ്സുകാരൻ കുത്തികൊല്ലുന്നു. ഞങ്ങളുടെ കാലത്ത് എന്തെങ്കിലും തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ ഫലമായിട്ടാണ് ഞങ്ങൾ ഇപ്പുറത്ത് ഇരിക്കുന്നത്. നിങ്ങളെ അപ്പുറത്ത് ഇരുത്തിയത് എന്തിനുവേണ്ടിയാണ്, തമ്മിലടിച്ച് കൊല ചെയ്യാൻ വേണ്ടിയാണോ? അങ്ങനെയല്ലേ ഇപ്പോൾ ചെയ്യുന്നത്. അങ്ങേയറ്റം മുതൽ ഇങ്ങേയറ്റം വരെ ഒരു ജാഥ നടത്തി കെ.പി.സി.സി. പ്രസിഡണ്ട് ഇവിടെ വരുമ്പോൾ ആഭ്യന്തര മന്ത്രിപദം കൊടുക്കാമെന്നും ഉപമുഖ്യമന്ത്രി പദം കൊടുക്കാമെന്നും പറഞ്ഞ് നിങ്ങൾ ആ പാവം മനുഷ്യനെ xxxxx[4] ഇതിനകത്ത് കയറിവരാൻപോലും......

<u>മി. ചെയർമാൻ:</u> അങ്ങേയ്ക്ക് അനുവദിച്ച സമയവും അധികവുമായി.

---

xx എക്സ്പഞ്ച്

ശ്രീ. പി. സി. ജോർജ്: സർ, ബഹുമാനപ്പെട്ട അസീസ്, ഇങ്ങനെ പറയാമോ; വളരെ സുസ്മേര വദനനായി സന്തോഷത്തോടുകൂടി ഇന്നലെയും ഇന്നും ഈ സഭയിൽ ഹാജരായി ചോദ്യവും ചോദിച്ചുപോയ കെ.പി.സി.സി. പ്രസിഡണ്ടിനെപ്പറ്റി ഇത്രയും മോശമാക്കി പറയരുത്. അത് മര്യാദയല്ല.

ശ്രീ. എ. എ. അസീസ്: ഞാൻ കെ.പി.സി.സി. പ്രസിഡണ്ടിനെ ബഹുമാനിച്ചുകൊണ്ടാണ് പറഞ്ഞത്. മോശമാക്കിയല്ല പറഞ്ഞത്. കാസർഗോഡ് മുതൽ പാറശ്ശാല വരെ ജാഥ നടത്തി കൊല്ലത്തു വന്നപ്പോൾ അദ്ദേഹത്തിന് കുഴപ്പം മനസ്സിലായി.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പോയിന്റ് ഓഫ് ഓർഡർ, ഇന്നലെയും ഇന്ന് അല്പസമയം മുമ്പുവരെയും ഈ സഭയിലുണ്ടായിരുന്ന ബഹുമാന്യനായ കെ.പി.സി.സി. പ്രസിഡണ്ടിനെക്കുറിച്ച് വസ്തുതാവിരുദ്ധമായ കാര്യങ്ങൾ മുൻനിരയിലിരിക്കുന്ന ഒരു പാർട്ടിയുടെ നേതാവ്, അങ്ങ് പാർലമെന്ററി പാർട്ടിയുടെ ലീഡറാണ്, അങ്ങയെപ്പോലൊരു നേതാവ് തമാശയ്ക്കുപോലും ഇങ്ങനെ സംസാരിക്കാൻ പാടില്ല എന്നുള്ള കാര്യമാണ്.

മി. ചെയർമാൻ: അദ്ദേഹത്തിന്റെ പരാമർശങ്ങൾ രേഖയിലുണ്ടാകില്ല.

ശ്രീ. എ. എ. അസീസ്: ഞാൻ അദ്ദേഹത്തെ മോശമാക്കിയല്ല പറഞ്ഞത്. ആദരണീയനായ നേതാവിനെ നിങ്ങൾ xxxxxxx[5]

മി. ചെയർമാൻ: ഈ പരാമർശവും രേഖയിലുണ്ടാകില്ല.

ശ്രീ. എ. എ. അസീസ്: ഇന്ന് പത്രമാധ്യമങ്ങളിൽ എന്തെല്ലാം വാർത്തകളാണ് വരുന്നത്. ഞങ്ങളാണോ ആ വാർത്തകൾ കൊടുക്കുന്നത്. ആഭ്യന്തരം കൊടുക്കാമെന്നും ഉപമുഖ്യമന്ത്രി സ്ഥാനം കൊടുക്കാമെന്നും പറഞ്ഞ് അവസാനം ഒന്നുമില്ല. ഇനിയിപ്പോൾ ശ്രീ. എ. കെ. ആന്റണി വന്നതിനു

---
xx എക്സ്പഞ്ച്

ശേഷം കൊടുക്കാമെന്ന് പറഞ്ഞ് ഇപ്പോൾ അണ്ടി കളഞ്ഞ അണ്ണാനെപ്പോലെ യാണ്. ഇത് നിങ്ങളല്ലേ ചെയ്തത്. നല്ല തുടക്കമായിരുന്നു. ബഹുമാന്യനായ പി. സി. ജോർജ്, നിങ്ങളുടെ തുടക്കം നന്നായിരുന്നു. മുഖ്യമന്ത്രി ബഹുദൂരം അതിവേഗം സഞ്ചരിച്ചു, നിങ്ങൾ തന്നെ അത് കുളമാക്കി. അതുകൊണ്ട് നിങ്ങൾക്ക് ഇത് തുടരാൻ ഇപ്പോൾ അവകാശമില്ലാതായി മാറിയിരിക്കുന്നു. അതുകൊണ്ടാണ് ഈ ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുന്നത്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ ശക്ത മായി എതിർക്കുകയാണ്. ലക്ഷ്യബോധമില്ലാത്ത, പരസ്പരം പോരടിക്കുന്ന ഒരു യാദവകുലമാണ് ഈ സർക്കാർ. മുഖ്യമന്ത്രിയുടെ വേഗതയും ബഹുദൂ രവും പ്രചരിപ്പിച്ച് മറ്റെല്ലാം മൂടിവച്ച് മുന്നോട്ടുപോകാമെന്ന് കരുതുന്ന ഒരു ഗവൺമെന്റാണിത്. ജനങ്ങൾക്ക് എല്ലാ സർക്കാർ സംവിധാനങ്ങളും ഫലപ്രദ മായി വിനിയോഗിക്കാൻ കഴിയുന്നതിനെയാണ് നല്ല ഗവേണൻസ് എന്നു പറയുന്നത്. എല്ലാ കാര്യങ്ങൾക്കും മുഖ്യമന്ത്രിയെ നേരിൽ കാണണമെന്ന സ്ഥിതി വന്നാൽ പിന്നെ എന്തിനാണ് ഈ നാട്ടിൽ വില്ലേജ് ഓഫീസുകളും അധികാരിമാരുമുള്ളത്? മുഖ്യമന്ത്രി നേരിൽകണ്ട് എല്ലാ പ്രശ്നങ്ങളും പരിഹ രിക്കാൻ കഴിയുമെന്നാണ് ഭരണപക്ഷ അംഗങ്ങൾ ഓരോരുത്തരും പ്രചരിപ്പി ച്ചുകൊണ്ടിരിക്കുന്നത്. അദ്ദേഹം ലക്ഷക്കണക്കിന് ആളുകളെ നേരിൽ കാണുന്നു, അവരുടെ പ്രശ്നങ്ങൾ ഓരോന്നായി പരിഹരിച്ച് കൊടുത്തുകൊ ണ്ടിരിക്കുന്നു. അതുകൊണ്ട് ഇത് മാതൃകാപരമായ ഒരു പ്രവർത്തനമാണെന്ന് പറയുകയും അദ്ദേഹത്തിന്റെ വേഗതയെക്കുറിച്ച് പുകഴ്ത്തുകയും ചെയ്യു മ്പോൾ യഥാർത്ഥത്തിൽ സംഭവിക്കുന്നത് ആളും നാഥനുമില്ലാത്ത ഒരു ഭരണ സംവിധാനമായി കേരളത്തിലെ സർക്കാർ ഓഫീസുകൾ മാറി എന്നുള്ള താണ്. എല്ലാ ഓഫീസുകളും മാറുന്ന കൂട്ടത്തിൽ അദ്ദേഹത്തിന്റെ ഓഫീസും

ഈ രൂപത്തിൽ തന്നെയാണ് വരുന്നത്. വളരെ ഗൗരവമായ ഒരു ആക്ഷേപം മുഖ്യമന്ത്രിയുടെ ഓഫീസിനെ സംബന്ധിച്ച് ഇന്നത്തെ ചില പ്രമുഖ പത്രങ്ങളിൽ വന്നിട്ടുണ്ട്. ഫോൺ സംഭാഷണങ്ങൾ ചോർത്തൽ ഒരു കലയാക്കിയ ഗവൺമെന്റാണിത്. രാഷ്ട്രീയ നേതാക്കൻമാരുടെ, രാഷ്ട്രീയ എതിരാളികളുടെ ഫോൺ ചോർത്തുന്നത് സംബന്ധിച്ച് നിരവധി വിമർശനങ്ങളാണ് ഉയർന്നുവന്നത്. എൻ.എസ്.എസ്.ന്റെ ജനറൽ സെക്രട്ടറി ശ്രീ. സുകുമാരൻ നായർ അദ്ദേഹത്തിന്റെ ഫോൺ ചോർത്തുന്നതുമായി ബന്ധപ്പെട്ട് ആക്ഷേപം ഉന്നയിച്ചു. കെ.പി.സി.സി. പ്രസിഡണ്ട് ശ്രീ. രമേശ് ചെന്നിത്തലയുടെ ഫോൺ ചോർത്തുന്നത് സംബന്ധിച്ച് അദ്ദേഹം ആക്ഷേപം പറഞ്ഞതായി ശ്രീ. സുകുമാരൻ നായർതന്നെ പരസ്യപ്പെടുത്തി. ഇന്നേ ദിവസംവരെ ശ്രീ. രമേശ് ചെന്നിത്തല അത് തിരുത്താൻ തയ്യാറായിട്ടില്ല. ഫോൺ ചോർത്തലിനെ സംബന്ധിച്ച സ്പെസിഫിക്കായിട്ടുള്ള ചോദ്യങ്ങൾ സഭയിൽ ചോദ്യോത്തരവേളയിൽ ചോദിച്ചപ്പോൾ കൃത്യമായ ഉത്തരം കിട്ടുകയുണ്ടായില്ല. തിരുവനന്തപുരം നഗരത്തിൽ സ്വകാര്യവീടെടുത്ത് സർക്കാർ സംവിധാനങ്ങൾ മാറ്റിവച്ച് മറവിലിരുന്ന് ഫോൺ ചോർത്തുന്നതിനെ സംബന്ധിച്ചുള്ള ചോദ്യത്തിനുപോലും ഇവിടെ ഉത്തരം ലഭിക്കുകയുണ്ടായില്ല. ഫോൺചോർത്തൽ ഒരു കലയായിട്ടുള്ള, ഫോൺ ഒരു മുഖ്യതെളിവായി എടുക്കുന്ന ഈ ഗവൺമെന്റിന്റെ മുഖ്യമന്ത്രിയുടെ ഓഫീസിലെ ഫോണും അദ്ദേഹം ഉപയോഗിച്ചുകൊണ്ടിരിക്കുന്ന മൊബൈൽഫോണും ഉപയോഗിച്ച് ഒരു വിഖ്യാതയായ കുറ്റവാളിയുമായി ബന്ധപ്പെട്ട വാർത്തയാണ് ഇന്ന് വന്നിട്ടുള്ളത്. ഇവിടെ സോളാർ എനർജിയുടെ തട്ടിപ്പുകേസിൽ അറസ്റ്റിലായ സരിത എസ്. നായരുമായി മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിലെ ഡെന്നീസ് ജോപ്പൻ 70 തവണ സംസാരിച്ചതായി ഇന്ന് മാധ്യമങ്ങളിൽ വന്നിരിക്കുകയാണ്. അദ്ദേഹ

ത്തിന്റെ മൊബൈൽഫോണിൽ നിന്നും സംസാരിച്ചിരിക്കുന്നു, മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയിലെ ലാന്റ് ഫോണിൽ നിന്ന് അങ്ങോട്ടും തിരിച്ചും വിളിച്ചിരിക്കുകയാണ്. ഇതൊക്കെ അയാളുടെ അറസ്റ്റിന് തൊട്ടുമുമ്പാണുണ്ടായത്. അങ്ങോട്ടുമിങ്ങോട്ടും 70 കാളുകൾ വിളിച്ചതായി എല്ലാ വിശദാംശങ്ങളോടുംകൂടി നിരവധി മാധ്യമങ്ങൾ ഇന്ന് വാർത്ത കൊടുത്തിരിക്കുന്നു. ഇത് അറിയപ്പെടാത്ത ഒരു സ്ത്രീയല്ല. 2009-ൽ ക്രെഡിറ്റ് ഇൻഡ്യ എന്ന സ്ഥാപനം നടത്തി ആളുകളെ കബളിപ്പിച്ച് ജയിലിൽ കിടന്ന ഒരു കുറ്റവാളിയാണ്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉപയോഗിക്കുന്ന മൊബൈൽ ഫോണും അദ്ദേഹത്തിന്റെ ഔദ്യോഗിക വസതിയിലെ ഫോണും ഉപയോഗിച്ച് നേരത്തെ കുറ്റവാളിയായി ആറുമാസം ജയിൽവാസം അനുഭവിച്ച ഒരു സ്ത്രീയുമായിട്ട് നിരന്തരമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന ഗൗരവമായ ഒരു വാർത്ത വന്നിട്ട് അതിനെക്കുറിച്ച് പ്രതികരിക്കാൻ ട്രഷറി ബഞ്ചിൽനിന്ന് ആരും തയ്യാറായില്ല, മുഖ്യമന്ത്രിയും തയ്യാറായില്ല. ചീഫ് വിപ്പ് അതുസംബന്ധിച്ച് നിശബ്ദത പാലിക്കുകയാണ്. ഈ ചർച്ചയ്ക്ക് മറുപടി പറയുമ്പോൾ സെക്ഷൻ 300 പ്രകാരം ഈ കാര്യത്തെ സംബന്ധിച്ച് വിശദീകരണം നൽകാൻ മുഖ്യമന്ത്രി തയ്യാറാകണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. അതിനെക്കാൾ ഗൗരവമായ മറ്റൊരു ആരോപണം ചീഫ് വിപ്പ് ശ്രീ. പി.സി.ജോർജ് ഇവിടെ നടന്ന ചർച്ചയിൽ ഉന്നയിച്ചിരിക്കുകയാണ്. അദ്ദേഹം ഈ ചർച്ചയിൽ പറഞ്ഞത് 18 വർഷം ജോലി ചെയ്ത ഒരു ഉദ്യോഗസ്ഥനെ ഒരു സ്ത്രീയുടെ നിർദ്ദേശപ്രകാരം മുൻ വനംവകുപ്പുമന്ത്രി പിരിച്ചുവിട്ടു എന്നാണ്. ഗൗരവമായ ഒരു ആക്ഷേപമാണ് ചീഫ് വിപ്പ് ഇവിടെ ഉന്നയിച്ചിരിക്കുന്നത്. ഒരു സ്ത്രീ

ഒരാക്ഷേപം ഉന്നയിക്കുമ്പോഴേക്കും 18 വർഷം ജോലി ചെയ്ത ഒരു ഉദ്യോഗസ്ഥനെ പിരിച്ചുവിടുന്ന ഒരു ഗവൺമെന്റ് ആണോ ഇത്? ഇത്തരം കാര്യങ്ങളിലെല്ലാം വ്യക്തതയുണ്ടാക്കുന്ന നിലയിലുള്ള വിശദീകരണം മറുപടിയുടെ ഭാഗമായിട്ട് ഉണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്. അങ്ങനെ പിരിച്ചുവിട്ടിട്ടുണ്ടെങ്കിൽ ശക്തമായ നടപടി സ്വീകരിച്ച് തിരിച്ചെടുക്കുന്നതിനുള്ള സമീപനം സ്വീകരിക്കണം. എല്ലാ ജനവിരുദ്ധ നീക്കങ്ങൾക്കും നേതൃത്വം കൊടുക്കുന്ന ഈ ഗവൺമെന്റിന്റെ കാതലായ സവിശേഷത എന്താണ്? സാമ്പത്തികതലത്തിൽ പണാധിപത്യത്തെ ശക്തിപ്പെടുത്തുന്ന ഗവൺമെന്റാണിത്. സാമൂഹികതലത്തിൽ സാമുദായികതയേയും ശക്തിപ്പെടുത്തുന്നു. ഇതുവഴി ഇടതുപക്ഷത്തെ തകർക്കുക എന്ന സമീപനമാണ് ഇവിടെ ചെയ്തുകൊണ്ടിരിക്കുന്നത്. യഥാർത്ഥത്തിൽ മൻമോഹൻ-ചിദംബരം-അലുവാലിയ കൂട്ടുകെട്ട് കേരളത്തിൽ കെട്ടിയിറക്കാൻ പരിശ്രമിക്കുന്ന ഒരു രാഷ്ട്രീയ വൈകൃതമാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. അതിന് ഇടതുപക്ഷ പൊതുബോധത്തെ തർക്കുക എന്നുള്ള സമീപനമാണ് സ്വീകരിക്കുന്നത്. കേരളത്തിലെ ഇടതുപക്ഷ പൊതുബോധം എന്നുപറയുന്നത് കേരളത്തിന്റെ ഒരു പൊതു പൈതൃകമാണ്. അത് സെക്കുലർ ജനാധിപത്യ ശക്തികളെ തകർക്കലാണ്. ഇടതുപക്ഷം തകരുമ്പോൾ സെക്കുലർ ജനാധിപത്യ ശക്തികൾ തകരും അപ്പോൾ ഇടതുപക്ഷത്തിനുമാത്രമായിരിക്കില്ല നഷ്ടം എന്നുള്ള ഓർമ്മ നിങ്ങൾക്കുണ്ടാകണം. നിങ്ങൾക്കും ആ ധാര ഉപേക്ഷിക്കാൻ പ്രയാസമുണ്ട്. അതുകൊണ്ടാണ് പല കാര്യങ്ങളും ഇന്ത്യയിൽ നടപ്പിലാക്കുമ്പോൾ കേരളത്തിൽ നടപ്പിലാക്കാൻ ഞങ്ങൾ തയ്യാറല്ല എന്ന് പറയുന്നത്. ചില്ലറ വ്യാപാര മേഖലയിലെ വിദേശനിക്ഷേപം വന്നപ്പോൾ 28 സംസ്ഥാനങ്ങളിൽ നടപ്പിലാ

ക്കും, പക്ഷെ കേരളത്തിൽ ഞങ്ങൾ നടപ്പിലാക്കില്ല എന്നാണ് പറയുന്നത്. വൈദ്യുതി സ്വകാര്യവത്ക്കരണം ഞങ്ങൾ കേരളത്തിൽ നടപ്പിലാക്കില്ല, പങ്കാളിത്ത പെൻഷൻ നടപ്പിലാക്കുമ്പോൾ നിലവിലുള്ള ജീവനക്കാരെ ബാധി ക്കാത്ത വിധം കേരളത്തെ ഞങ്ങൾ മാറ്റി നിർത്തും എന്നാണ് പറയുന്നത്. കേരളത്തിൽ മാത്രം ഇത്തരത്തിലുള്ള ഒരു സമീപനം സ്വീകരിക്കുന്നത് എന്താണ്? ഈ നയം ശരിയാണെങ്കിൽ ദേശീയാടിസ്ഥാനത്തിൽ ശരിയാ യൊരു കാര്യമാണെങ്കിൽ കേരളത്തിലും നിങ്ങൾക്ക് നടപ്പിലാക്കാമല്ലോ. അപ്പോൾ കേരളത്തിലെ ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ സ്വാധീനം നിങ്ങൾക്കുകൂടി ഉള്ളതുകൊണ്ടാണ് നിങ്ങൾ പലപ്പോഴും ഈ സമീപനം സ്വീകരിക്കേണ്ടി വരുന്നത്. 28 സംസ്ഥാനങ്ങളിലുമുള്ള ഒരു നയം കേരള ത്തിൽ പറ്റില്ല എന്നുപറയുന്നതിന്റെ കാരണം നിങ്ങൾ മനസ്സിലാക്കണം. കേര ളത്തിന്റെ അടിസ്ഥാന വികസനരീതികളെ ആകെ തകർക്കുന്ന പിടിപ്പു കേടാണ് ഈ ഗവൺമെന്റ് രണ്ടുകൊല്ലംകൊണ്ട് നടപ്പിലാക്കിയത്. സാമുദാ യികത തിരിച്ചുകൊണ്ടുവരുന്നു സർക്കാർ സംവിധാനങ്ങൾ വ്യാപകമായി ദുരുപയോഗം ചെയ്യുന്നു. ആരോഗ്യം, പൊതുഗതാഗതം, കുടിവെള്ളം, വിദ്യാ ഭ്യാസം, അടിസ്ഥാന വികസനം, പ്രവാസിക്ഷേമം എല്ലാറ്റിലും ഈ തിരിഞ്ഞു നടക്കലിന്റെ ലക്ഷണമാണ് കഴിഞ്ഞ രണ്ടുവർഷവും നമ്മൾ കണ്ടത്. ശ്രീ. കെ. ശിവദാസൻ നായർ വലിയ വാദമാണ് കുടിവെള്ളത്തിന്റെ കാര്യത്തിൽ ഇവിടെ ഉന്നയിച്ചത്. അദ്ദേഹം കുടിവെള്ളത്തിന്റെ വിൽപ്പനയെക്കുറിച്ച് വളരെ ലാഘവത്തോടുകൂടിയാണ് വിശദീകരിച്ചത്. 2002-ൽ ശ്രീ. എ.കെ. ആന്റണിയുടെ മന്ത്രിസഭ വാട്ടർ അതോറിറ്റിയെ കമ്പനി ആക്കുന്നതിനുള്ള ഒരു ധവളപത്രം പുറത്തിറക്കുകയുണ്ടായി. കുടിവെള്ള കമ്പനി രൂപീകരണം

സഭയെ ബൈപ്പാസ് ചെയ്ത് നിങ്ങൾ ഉത്തരവിറക്കിയതല്ലേ; ഈ സഭയിൽ ഇക്കാര്യം ചർച്ച ചെയ്തപ്പോൾ ജല വിഭവ വകുപ്പുമന്ത്രി നൽകിയ മറുപടി എന്താണ്? ജാറുകളിൽ വിൽപ്പന നടത്താൻ വേണ്ടിയുള്ള പദ്ധതിയെക്കുറിച്ചു മാത്രമേ ആലോചിച്ചിട്ടുള്ളൂ, മറ്റൊരു വാട്ടർ സപ്ലൈ സ്കീമും ഞങ്ങളുടെ പരിഗണനയിലില്ല എന്ന് ഈ സഭയിൽ നൽകിയ ഉറപ്പ് മാറ്റിവച്ചുകൊണ്ട്, 1986 ജൂലൈ 29-ന് കേരള വാട്ടർ സപ്ലൈ ആക്ട് ഈ സഭ പാസ്സാക്കിയ നിയമമാണ്. അത് ഒരു വകുപ്പുസെക്രട്ടറിയുടെ ഉത്തരവിലൂടെ അടിയോടെ പിഴുതെറിഞ്ഞത് നിങ്ങളാണ്. 2006-ൽ വാട്ടർ അതോറിറ്റിയുടെ 1006 കോടി രൂപയുടെ ബാധ്യത എൽ.ഡി.എഫ് ഗവൺമെന്റ് ഏറ്റെടുത്ത് വാട്ടർ അതോറിറ്റിയെ ശക്തിപ്പെടുത്താനാണ് ശ്രമിച്ചത്. എന്നാൽ യു.ഡി.എഫ്. ഗവൺമെന്റ് എന്താണ് ചെയ്തത്? 2012-ൽ യു.പി.എ.- യുടെ ഒരു സമീപന രേഖ പുറത്തിറങ്ങിയിട്ടുണ്ട്. ആ സമീപനരേഖയിൽ കുടിവെള്ളം സ്വകാര്യവത്ക്കരിച്ചേ മതിയാകൂ എന്ന് വളരെ കൃത്യമായിട്ട് പറയുന്നുണ്ട്. കുടിവെള്ളവും ശുചിത്വ നയങ്ങളും സ്വകാര്യവത്ക്കരിക്കുന്നത് ഒരു ദേശീയ നയമായിട്ട് അപ്രോച്ച് പേപ്പറിൽ പ്രഖ്യാപിച്ചു. അതൊരു കമ്മോഡിറ്റി മാത്രമാണ്. അതുകൊണ്ട് കുടിവെള്ളത്തിന്റെ വിൽപ്പനയിൽനിന്നും ഗവൺമെന്റ് പിൻവാങ്ങണമെന്ന യു.പി.എ. ഗവൺമെന്റിന്റെ 2012-ലെ കുപ്രസിദ്ധമായ പ്രഖ്യാപിത നയത്തിന്റെ ഭാഗമായിട്ടാണ് കുടിവെള്ള സ്വകാര്യവത്ക്കരണം കൊണ്ടുവരുന്നത്. അത് നിങ്ങൾ സഭയെ ബൈപ്പാസ് ചെയ്തിട്ടാണ് നടപ്പിലാക്കിയത്. വെള്ളക്കരം ഇപ്പോൾ 1000 ലിറ്ററിന് 4 രൂപ 20 പൈസക്കാണ് നമുക്ക് കിട്ടിക്കൊണ്ടിരിക്കുന്നത്. ഇവിടെ മുഖ്യമന്ത്രി പറഞ്ഞതനുസരിച്ച് പുതിയ കമ്പനിയുടെ വില 1000 ലിറ്ററിന് 250 രൂപയാണ്. ഇതിനെ സംബന്ധിച്ച് നിങ്ങൾ ആരോ

ടാണ് വിശദീകരിച്ചത്; ഇതിന് നിങ്ങൾക്ക് മാൻഡേറ്റ് കിട്ടിയിട്ടുണ്ടോ; നിങ്ങൾ തെരഞ്ഞെടുപ്പ് സമയത്ത് 4 രൂപ 20 പൈസയ്ക്കുള്ള കുടിവെള്ളം 250 രൂപയ്ക്ക് വിൽക്കുമെന്ന് ജനങ്ങളോട് വിശദീകരിച്ചിട്ടുണ്ടോ? കേന്ദ്ര ഗവൺമെന്റ് ഞങ്ങളുടേതായതുകൊണ്ട് ഞങ്ങൾ അധികാരത്തിൽ വന്നാൽ ഞങ്ങൾക്ക് കൂടുതൽ സഹായം ലഭിക്കുമെന്നാണ് നിങ്ങൾ പ്രചരിപ്പിച്ചത്. കേന്ദ്ര സഹായം വട്ടപ്പൂജ്യമല്ലേ; ഡെൽഹി യാത്രയ്ക്കുവേണ്ടി ചെലവഴിച്ച കാശ് പോകട്ടെ, കേരള ഹൗസിൽ ഇഡ്ഡലിക്കുവേണ്ടി ചെലവഴിച്ച കാശ്പോലും തിരിച്ചുകിട്ടാത്ത രീതിയിലുള്ള യാത്രകളല്ലേ നടന്നത്? എന്തെല്ലാം കാര്യങ്ങൾ വിശദീകരിക്കാൻ സാധിക്കും. ധനകാര്യ കമ്മീഷന്റെ ഗ്രാന്റ് കാലാകാലങ്ങളിൽ നമുക്ക് ലഭിച്ചുകൊണ്ടിരിക്കുന്നതാണ്. ചരിത്രത്തിൽ ആദ്യമായിട്ട് ധനകാര്യ കമ്മീഷന്റെ ഗ്രാന്റിന് നിബന്ധനകൾ അടിച്ചേൽപ്പിക്കുന്നു. 1970-ലെ കേരളത്തിലെ കേന്ദ്രനിക്ഷേപം 3.1 ശതമാനമായിരുന്നു. ഇപ്പോഴത് 2.6 ശതമാനമായി കുറഞ്ഞു. കേന്ദ്ര നികുതിവരുമാനത്തിന്റെ 32% നമുക്ക് നൽകാമെന്ന വാഗ്ദാനം എവിടെപ്പോയി; കോച്ച് ഫാക്ടറി, വാഗൻ ഫാക്ടറി, മെഡിക്കൽ കോളേജുകൾ, ഐ.ഐ.ടി. എല്ലാം നമുക്ക് നഷ്ടപ്പെട്ടു. റെയിൽവെ ഒന്നും ലഭിക്കാൻ പോകുന്നില്ല എന്ന പ്രവചന തുല്യമായ ദീർഘവീക്ഷണത്തോടുകൂടി കേരളത്തിന്റെ റെയിൽവെ വികസന വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ് പ്രഖ്യാപിക്കുന്നത് നമ്മൾ കണ്ടു. വൈതരണിപാടം നമുക്ക് നഷ്ടപ്പെട്ടു. വരൾച്ചാ സഹായമായി 10,000 കോടി രൂപ ആവശ്യപ്പെട്ടതിൽ ഒരു രൂപപോലും ഇന്നേവരെ ലഭിച്ചിട്ടില്ല. ഡീസൽ വില വർദ്ധനവിൽനിന്ന് കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കാനുള്ള യാത്ര കേരളാ ഹൗസിൽ നിന്ന് മന്ത്രിയെ ഫോൺ ചെയ്ത് തിരിച്ചുപോരേണ്ട ഗതി

കേടിൽ അവസാനിപ്പിക്കേണ്ടി വന്നു. എന്ത് കേന്ദ്രസഹായമാണ് നിങ്ങൾക്ക് ലഭിക്കുന്നത്? അടിസ്ഥാന വികസനത്തെ സംബന്ധിച്ചുള്ള സമ്പൂർണ്ണമായ മുരടിപ്പിന് നിങ്ങൾ നേതൃത്വം കൊടുത്തു. പണം ഇരട്ടിപ്പ് വികസന ഫോർമുലയാണ് നിങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഒരു വർഷംകൊണ്ട് കാർഷികമേഖലയിലെ നിക്ഷേപം 9.41%-ൽ നിന്ന് 8.7% ആയി കുറഞ്ഞു. 2.7%-ൽ നിന്ന് വ്യവസായിക മേഖലയിലെ നിക്ഷേപം 2.1% ആയി ചുരുങ്ങി. പൊതുമേഖല വ്യവസായങ്ങളെ സംരക്ഷിക്കാൻ യു.ഡിഎഫ് 80 കോടിരൂപ നീക്കിവച്ചപ്പോൾ, നിങ്ങൾ എമർജിംഗ് കേരളയെക്കുറിച്ചാണ് പറയുന്നത്. ആ എമർജിംഗ് കേരളക്കുവേണ്ടി എന്ത് നിക്ഷേപമാണ് നിങ്ങൾ നടത്തിയത്; പവർ ഓൺ ഡിമാന്റ് എന്ന സമീപനത്തിൽ വൈദ്യുതി കൊടുക്കേണ്ടിടത്ത് വൈദ്യുതി ഉത്പ്പാദനം നടന്നോ? 80 കോടിരൂപ നിങ്ങൾ നീക്കിവച്ചതെങ്കിൽ എൽ.ഡി.എഫ് ഗവൺമെന്റ് 260 കോടി രൂപ വിപുലീകരണത്തിനായി നീക്കി വച്ചു. 65 കോടിരൂപ പുതിയ സ്ഥാപനങ്ങൾക്കായി നീക്കിവച്ചു. 67 കോടി രൂപ കിൻഫ്രാ പാർക്കുകൾക്കായി മാറ്റിവച്ചു. നിങ്ങൾ പരസ്പരം പുകഴ്ത്തിയിട്ട് എന്താണ് കാര്യം; നിങ്ങളുടെ വികസന ഫോർമുല എന്താണ്; നിങ്ങൾ സോഷ്യലിസം അംഗീകരിക്കുന്നുണ്ടോ; നിങ്ങൾ മുതലാളിത്തം അംഗീകരിക്കുന്നുണ്ടോ, നിങ്ങൾ ഗാന്ധിസം അംഗീകരിക്കുന്നുണ്ടോ; എല്ലാ രാഷ്ട്രീയ നേതാക്കൾക്കും ഒരു ഫിലോസഫിയുണ്ടെന്ന് ഒരിക്കൽ ഇവിടെ ശ്രീ. ജി. സുധാകരൻ പ്രസംഗിക്കുകയുണ്ടായി. നിങ്ങളുടെ ഫിലോസഫിക്കൽ ബാക്ക്ഗ്രൗണ്ട് എന്താണ്; നിങ്ങൾക്ക് സോഷ്യലിസമില്ല, മുതലാളിത്തമില്ല, ഗാന്ധിസവുമില്ല. ആനയുടെ തലയും എലിയുടെ വാലും കോഴിയുടെ കാലും കാണ്ടാമൃഗത്തിന്റെ തോലും ചേർന്നൊരു പ്രത്യേക വികസന

സങ്കൽപ്പമാണ് നിങ്ങൾക്കുള്ളത്. നിങ്ങളുടെ വികസന ഫോർമുല മുത്തൂറ്റ്-ചെമ്മണ്ണൂർ-കൊശമറ്റം-മണപ്പുറം മോഡൽ പണമിരട്ടിപ്പ് ഫിനാൻസ് വികസനമാണ്. പണമിരട്ടിപ്പ് ഫിനാൻസ് വികസനത്തിന് കേരളത്തിന്റെ യാതൊരു വികസന പ്രശ്നങ്ങളേയും അഡ്രസ്സ് ചെയ്യാൻ കഴിയുകയില്ല. മുതലാളിത്ത വികസനത്തിൽപോലും പ്രാഥമികമായ വ്യവസായിക ഉത്പാദനം നടക്കുന്നു. അത് നിങ്ങളുടെ ലക്ഷ്യത്തിലില്ല. ശ്രീ. ഇ. ശ്രീധരനെ പുറത്താക്കാനായി ഒന്നര വർഷം നിങ്ങൾ നഷ്ടപ്പെടുത്തയതിന്റെ ഭാഗമായി 2000 കോടിരൂപ പൊതുഖജനാവിന് നഷ്ടപ്പെട്ടു. വിഴിഞ്ഞം തുറമുഖം സ്മാർട്ട്സിറ്റി എല്ലാം തുടക്കത്തിൽ നിൽക്കുകയാണ്. നിങ്ങൾ അധികാരത്തിൽവന്ന ദിവസം മുതൽ നിങ്ങൾ വ്യാഖ്യാനിച്ചുകൊണ്ടിരിക്കുന്ന വ്യാഖ്യാനങ്ങൾ അതേപടി നിൽക്കുകയാണ്. വാഗ്ദാന ലംഘനങ്ങളുടെ പെരുമഴയാണ് നിരന്തരമായി നടത്തിക്കൊണ്ടിരിക്കുന്നത്. യുവാക്കളെ വിശ്വാസത്തിലെടുക്കാതെ യുവജന സംഘടനകളുമായി ചർച്ച ചെയ്യാതെ പെൻഷൻ പരിഷ്കരണം നടപ്പിലാക്കില്ല എന്നല്ലേ നിങ്ങൾ പറഞ്ഞത്. എന്താണ് കേരളത്തിലെ യുവജന സംഘടനകൾക്ക് നിങ്ങൾ നൽകിയ വാക്കും പ്രവർത്തിയും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ; ഏതെങ്കിലും ഒരു ചർച്ച നിങ്ങൾ നടത്തിയോ; ഞങ്ങൾ റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടിക്കൊണ്ടിരിക്കുകയാണ് എല്ലാ യുവാക്കൾക്കും തൊഴിലവസരങ്ങൾ കൊടുക്കും എന്നല്ലേ നിങ്ങൾ പ്രഖ്യാപിച്ചത്. പക്ഷെ ഇന്നലത്തെ പത്രത്തിൽ വന്ന വാർത്ത എന്താണ്; 32 റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടി. പക്ഷെ അതിൽനിന്ന് ഒരാളെപ്പോലും പുതുതായി നിയമിക്കാൻ കഴിഞ്ഞില്ല. കാരണം റാങ്ക് ലിസ്റ്റുകളുടെ കാലാവധി കഴിഞ്ഞപ്പോൾ അതെല്ലാം റദ്ദായി. ജീവനക്കാരോട് ഞങ്ങൾക്ക് യാതൊരു പ്രതികാര

വുമില്ല. കേരളത്തിലെ ജീവനക്കാരുടെ ട്രാൻസ്ഫറിന്റെ കാര്യത്തിൽ എന്തെങ്കിലും ഒരു മാനദണ്ഡം ഉണ്ടോ; സെക്രട്ടേറിയറ്റിലെ ജീവനക്കാരെ നിശ്ചയിക്കുന്നതിൽ യു.ഡി.എഫ്-ന്റെ ബാന്ധവമല്ലാതെ മറ്റെന്തെങ്കിലും പരിഗണനയുണ്ടോ?

ആർ.ടി. ഓഫീസുകളിൽ, ആരോഗ്യവകുപ്പിൽ, പഞ്ചായത്തുകളിൽ പ്രാദേശിക പ്രവർത്തകന്മാരുടെ സമ്മർദ്ദത്തിന് വിധേയമായി ആഴ്ചയിൽ നാല് ദിവസവും കേരളത്തിൽ അങ്ങോട്ടുമിങ്ങോട്ടും പാവപ്പെട്ട ജീവനക്കാരെ പായിച്ചുകൊണ്ട് സിവിൽ സർവ്വീസിനെ നാശോന്മുഖമാക്കുന്ന വൃത്തികേടാണ് നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. കുടിവെള്ളത്തിന്റെ കാര്യത്തിൽ പണം പ്രശ്നമാകില്ലെന്ന് നിങ്ങൾ പ്രഖ്യാപിച്ചു. പക്ഷെ കേരളത്തിൽ കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിന് സാധിച്ചില്ല. പിൻവാതിൽ നിയമനങ്ങളില്ല എന്ന് പറയുകയാണ്. മുഖ്യമന്ത്രിയുടെ ഓഫീസിൽപോലും പിൻവാതിൽ നിയമനം നടക്കുന്നുണ്ട്. യാതൊരു പരസ്യപ്പെടുത്തലുമില്ലാതെ, അപേക്ഷകൾ ക്ഷണിക്കാതെ മുഖ്യമന്ത്രിയുടെ ഓഫീസിൽ പിൻവാതിൽ നിയമനം നടത്തിയതിനെ സംബന്ധിച്ചും അതിന്റെ നീക്കങ്ങളെ സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ പുറത്തുവന്നു. നിയമം നിയമത്തിന്റെ വഴിക്ക് പോകുമെന്നും പോലീസിന്റെ പ്രവർത്തനത്തിൽ ഇടപെടില്ലെന്നുമാണ് നിങ്ങൾ പറഞ്ഞത്. ഈ രാഷ്ട്രീയവൽക്കരണം പോലീസ് അസോസിയേഷനിൽ ഏതുവരെ എത്തിയെന്നുള്ളതിന്റെ ഒരു ഉദാഹരണം ഞാൻ വായിച്ച് കേൾപ്പിച്ചുതരാം. പോലീസ് അസോസിയേഷന്റെ മലപ്പുറം ജില്ലാസമ്മേളനത്തിൽ അവതരിപ്പിച്ച ഒരു റിപ്പോർട്ടാണിത്. ആ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് 'നമ്മുടെ കൂടെ മേഞ്ഞ് നടക്കുന്ന കൂട്ടത്തിൽ ആട്ടിൻതോലണിഞ്ഞ

ചെന്നായ്ക്കളുണ്ടെന്ന് തിരിച്ചറിയുക. സമയനിഷ്ടയില്ലാതെ ജോലി ചെയ്ത് തളർന്നുറങ്ങുന്ന സമയം നമ്മുടെ ജീവൻ ഇവരാൽ അപഹരിക്കപ്പെട്ടേയ്ക്കാം. ഇത്തരക്കാരെ കണ്ടെത്തി തല്ലിക്കൊന്ന് മാതൃകാപരമായി കെട്ടിത്തൂക്കിയില്ലെങ്കിൽ സേനയ്ക്കും സമൂഹത്തിനും ആപത്താണ്'. സ്വന്തം സേനയിലെ സഹപ്രവർത്തകരെ സംബന്ധിച്ച് രാഷ്ട്രീയ വിരോധത്തിന്റെ പേരിൽ പോലീസ് അസോസിയേഷന്റെ മലപ്പുറം ജില്ലാ സമ്മേളനത്തിൽ അവതരിപ്പിച്ച റിപ്പോർട്ട് സഭയുടെ മേശപ്പുറത്തുവയ്ക്കാൻ ഞാൻ തയ്യാറാണ്. സ്വന്തം അസോസിയേഷനിലെ അംഗങ്ങളെ തല്ലിക്കൊന്ന് കെട്ടിത്തൂക്കണമെന്നാണ് ആവശ്യപ്പെട്ടത്. മാതൃകാപരമായി ശിക്ഷിച്ച് കെട്ടിത്തൂക്കണം. ഇങ്ങനെ പരസ്പര വൈരാഗ്യം പോലീസ് സേനയിൽപ്പോലും കൊണ്ടുവന്ന് പോലീസ് അസോസിയേഷനെപ്പോലും നിങ്ങൾ രാഷ്ട്രീയവൽക്കരിക്കുന്ന സമീപനം സ്വീകരിക്കുകയാണ്. വാഗ്ദാന ലംഘനങ്ങൾ നടക്കുകയാണ്. നിങ്ങളുടെ സ്വന്തം പാർട്ടിയിൽ നേരത്തെ പറഞ്ഞതിന്റെ പത്തിരട്ടിയാണ്. വാഗ്ദാനലംഘനത്തിന്റെയും പരസ്പര പോരിന്റെയും ഭാഗമായിട്ടുള്ള ഇരകളുടെ ഒരു സംഗമം നിങ്ങൾ വിളിച്ചുചേർക്കേണ്ടതാണ്. 1991-ലും 2001 -ലും ആരംഭിച്ചിട്ടുള്ള ആ ഇരകളുടെ സംഗമം ഉദ്ഘാടനം ചെയ്യാൻ ശ്രീ.ബെന്നി ബെഹനാനെ ഏൽപ്പിക്കണം. ശ്രീ. ബെന്നി ബെഹനാൻ ആണ് അത് ഉദ്ഘാടനം ചെയ്യാൻ ഏറ്റവും പറ്റിയയാൾ. കാസർഗോഡ് നിന്നും ഒരു യാത്ര നടത്തി. നേരത്തെ ഇതുകേട്ടപ്പോൾ ശ്രീ. പി. സി. വിഷ്ണുനാഥിന് വലിയ വിഷമമുണ്ടായി. ആ യാത്ര കേരളത്തിലെ കെ.പി.സി.സി. പ്രസിഡന്റ് നയിച്ച ഒരു യാത്രയാണ്. അതൊരു ഉപനയന യാത്രയായിരുന്നു. ഉപനയനം എന്ന് പറയുന്നത് ബ്രാഹ്മണ ബാലന്മാരെ ബ്രാഹ്മണരാക്കി ഉയർത്തിക്കൊ

ണ്ടുവരുന്നതിനുവേണ്ടിയുള്ള ഒരു ചടങ്ങാണ്. കേരളത്തിന്റെ ഉപമുഖ്യമന്ത്രി യാക്കുന്നതിന് വേണ്ടി അദ്ദേഹം നടത്തിയ ആ ഉപനയന യാത്ര ഒരു നയനം നനച്ച യാത്രയായി അവസാനിച്ചു. ഇപ്പോൾ കെ.പി.സി.സി. പ്രസിഡന്റിന്റെ സ്ഥിതി എന്താണ്? കേരളത്തിലെ കെ.പി.സി.സി. പ്രസിഡന്റ് എങ്ങനെയാണ് ഇരിക്കുന്നത്? അദ്ദേഹം ഇങ്ങനെ ഇരിക്കുന്നത് കണ്ടാൽ കുമാരനാശാന്റെ കവിതയായ വീണപൂവ് ആണ് ഓർമ്മവരുന്നത്. കണ്ണേമടങ്ങുക.........അദ്ദേഹ ത്തിന്റെ ഇരിപ്പ് അങ്ങനെയാണ്. 'അധികതുംഗപതത്തിലെത്ര ശോഭിച്ചിരു ന്നിതു രാജ്ഞികണക്കെയേ നീ.....' ഇന്ന് എന്താണ് അദ്ദേഹത്തിന്റെ സ്ഥിതി? അദ്ദേഹം ഇങ്ങനെ ഇരിക്കുകയാണ്. അദ്ദേഹം ഇങ്ങനെ ഇരിക്കുമ്പോൾ 'ആരാകിലെന്ത് മിഴിയുള്ളവർ നോക്കിയിരിക്കാ'മെന്ന് കുമാരനാശാൻ എഴുതിയതുപോലെ വിരക്തി ബാധിച്ച ആര്യാടനാകിലും വൈരിക്കുപുറ കെയോടുന്ന ചീഫ് വിപ്പായാലും വിഷാദനാം സതീശനാകട്ടെ കാഠിന്യം ഉള്ളി ലൊളിപ്പിച്ച തിരുവഞ്ചൂരാണെങ്കിലും ഒന്ന് മിഴിയുള്ളവർ നോക്കാതിരിക്കുന്നത് ശരിയല്ല. മിഴിയുള്ളവർ കെ.പി.സി.സി. പ്രസിഡന്റിനെ ഒന്ന് നോക്കണം. ഒന്ന് നോക്കൂ. ഈ കൊലച്ചതി ബെന്നി ബെഹനാൻ ഒരിക്കലും ചെയ്യാൻ പാടില്ലാ യിരുന്നു. എന്താണ് ഇവിടെ നടക്കുന്നത്? എന്താണ് ഈ ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യാൻ ഇത്ര വലിയ താൽപ്പര്യം? സ്വന്തം പാർട്ടിയുടെ സംസ്ഥാന പ്രസിഡന്റിനുപോലും ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യാൻ വിട്ടുകൊടുക്കില്ലായെന്ന് പറയുന്നതിന്റെ യുക്തി എന്താണ്? ഈ വഴിവിട്ട നീക്കങ്ങൾ രാഷ്ട്രീയമായി ഗ്രൂപ്പ് പിടിക്കാനും ഉപയോഗിക്കുന്നുവെന്നതിന്റെ ഒരുപാട് വാർത്തകൾ വരികയാണ്. പോലീസിനെ ഇറക്കി യൂത്ത് കോൺഗ്രസ്സ് പിടിച്ചുവെന്ന് ഐ ഗ്രൂപ്പിന്റെ പരാതി. മുഖ്യമന്ത്രിയുടെ മകനു

വേണ്ടി ഇടപെട്ടുവെന്ന് ഹൈക്കമാന്റിന് പരാതി. അയ്യന്തോളിലെ മധൂ ഈ ച്ചരനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. അദ്ദേഹം. യൂത്ത് കോൺഗ്രസ്സിന്റെ ഒരു നേതാവാണ്. അദ്ദേഹം പത്നിയുമായി രാവിലെ ക്ഷേത്രദർശനം കഴിഞ്ഞ് ഇറ ങ്ങുന്ന സമയത്ത് മൃഗീയമായി വെട്ടികൊലപ്പെടുത്തുകയാണുണ്ടായത്. അദ്ദേ ഹത്തെ കൊലപ്പെടുത്തിയതിനുശേഷം, യൂത്ത് കോൺഗ്രസ്സിന്റെ പ്രവർത്ത കനെ ഇങ്ങനെ മൃഗീയമായി കൊലപ്പെടുത്തിയതിനുശേഷം നിങ്ങൾ ആരെ ങ്കിലും ഒരാൾ അവിടെ സന്ദർശിച്ചോ? ഈ രാജ്യത്തിന്റെ ആഭ്യന്തര സുര ക്ഷയെ സംബന്ധിച്ചുള്ള ചർച്ചയ്ക്ക് വേണ്ടി മുഖ്യമന്ത്രിമാരുടെ ഒരു യോഗം നേരത്തെ ഡൽഹിയിൽ വിളിച്ച് ചേർത്തിരുന്നു. പ്രധാനമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ പങ്കെടുക്കാൻ പോയ മുഖ്യമന്ത്രി അത് റദ്ദ് ചെയ്ത്, രാജ്യ ത്തിന്റെ ആഭ്യന്തര സുരക്ഷയെ സംബന്ധിച്ചുള്ള യോഗം റദ്ദ് ചെയ്തിട്ടാണ് മന്ത്രിസഭാ യോഗം ചേരുന്നതുപോലെ കോഴിക്കോട്ട് ഒരു സ്ഥലത്ത് സന്ദർശിക്കാൻവേണ്ടി ഓടിപ്പോയത്. നല്ല കാര്യമാണത്. സ്വന്തം പാർട്ടിയിലെ യൂത്ത് കോൺഗ്രസ്സിന്റെ മണ്ഡലം സെക്രട്ടറി കൊല ചെയ്യപ്പെട്ടിട്ട് ഏതെ ങ്കിലും ഒരു യൂത്ത് കോൺഗ്രസ്സിന്റെ പൂച്ചക്കുട്ടി തിരിഞ്ഞുനോക്കാത്തതിൽ നിങ്ങളുടെ രാഷ്ട്രീയമെന്താണ്? എന്താണ് നിങ്ങളുടെ പാർട്ടിയെക്കുറിച്ചുള്ള നിലപാട്? സ്വന്തം പ്രവർത്തകരോടുള്ള നിങ്ങളുടെ സ്നേഹമെന്താണ്? നിങ്ങ ളാണോ ഇവിടെ വലിയ പ്രസംഗം നടത്തുന്നത്? എന്തെല്ലാം വീരവാദങ്ങ ളാണ് ഇവിടെ പ്രസംഗിച്ചത്? ജാതീയതയെ തിരിച്ചുകൊണ്ടുവരുന്ന നിങ്ങൾ ആരാണ്? ജാതിയതയെക്കുറിച്ച് ഇപ്പോൾ ചില കോൺഗ്രസ്സ് നേതാക്കന്മാർ ആക്ഷേപം പറയുന്നുണ്ട്. എന്താണ് നിങ്ങൾക്ക് ആക്ഷേപം പറയാൻ അവകാ ശമുള്ളത്? കിലുക്കം സിനിമയിൽ ഇന്നസെന്റിന്റെ ഒരു കഥാപാത്രമുണ്ട്. ജീവിതകാലം മുഴുവൻ തിലകനെ പിറകെനടന്ന് സഹായിച്ച് ലോട്ടറി അടി

ച്ചുവെന്ന് കേട്ടതോടുകൂടി തെറി വിളിക്കുന്നുണ്ട്. അങ്ങനെ ജാതി പ്രസ്ഥാന ത്തിന്റെ, ജാതി നേതാക്കന്മാരുടെ അടുക്കളത്തിണ്ണയിൽ നിരങ്ങി കിട്ടാവുന്ന തെല്ലാം ഭുജിച്ച്, നേടാവുന്നതെല്ലാം നേടിയതിനുശേഷം കിലുക്കത്തിലെ ഇന്നസെന്റിനെപ്പോലെ ചീത്തപറയുന്ന പണി നിങ്ങൾ നിറുത്തുന്നതാണ് നല്ലത്. കാരണം ആ ലോട്ടറിയടിച്ച നമ്പർ മാറിപ്പോകും. മതസൗഹാർദ്ദമെന്ന് പറഞ്ഞാൽ മതവിഭജനമല്ല, അത് മനസ്സിലാക്കണം. മതസൗഹാർദ്ദമെന്ന് പറയുന്നത് മതവിഭജനവും ജാതിയമായിട്ടും മതപരവുമായിട്ടും വീതം വയ്പുമാണെന്ന ധാരണയിലാണ് നിങ്ങൾ മുന്നോട്ട് പോകുന്നത്. ഇത് ജാതി പരമോ മതപരമോ ആയ വീതംവെയ്പ്പല്ല. ആ ദുർഗ്ഗന്ധംകൊണ്ട് ഇവിടെ ഇരി ക്കാൻ പറ്റാത്ത സ്ഥിതി നിങ്ങളുണ്ടാക്കി. തുഞ്ചത്തെഴുത്തച്ഛൻ എന്ന് കേൾക്കുമ്പോൾ എഴുത്തച്ഛൻ സമാജത്തെക്കുറിച്ച് നമ്മളാരും ഓർമ്മിക്കാറില്ല. അദ്ദേഹത്തിന്റെ ജാതിയെക്കുറിച്ച് ആരും ആലോചിക്കാറില്ല. വടക്കൻവീരഗാഥ എന്ന സിനിമയിൽ കോരപ്പുഴയിൽ അർദ്ധരാത്രിയിൽ പൗർണ്ണമി നിലാവിൽ മമ്മൂട്ടി പോകുന്ന ഒരു സീനുണ്ട്. അദ്ദേഹം ചന്ദനലേപ സുഗന്ധമെന്നുള്ള പാട്ടുപാടി ഉണ്ണിയാർച്ചയെ കാണാൻ കുതിരപ്പുറത്ത് പോകുന്നത് കാണുമ്പോൾ മമ്മൂട്ടി ഒരു മുസ്ലീം ആണെന്ന് ഒരു മലയാളിയും ചിന്തിക്കാറില്ല. മമ്മൂട്ടിയെ ഒരു ചന്തുവായിട്ടാണ് കാണുന്നത്. എം.ടി. വാസു ദേവൻനായർ എന്ന മലയാള സാഹിത്യത്തിലെ അപൂർവ്വ പ്രതിഭയുടെ പ്രതി ഭാവിലാസങ്ങളെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ അദ്ദേഹത്തിന്റെ ജാതിയെക്കു റിച്ച് നമ്മൾ ചിന്തിക്കാറില്ല. 'കുന്നിമണിചെപ്പിൽനിന്നും ഒരു നുള്ള് കുങ്കുമം ഞാൻ തൊട്ടെടുത്തു......' എന്നെഴുതിയ ഒ.എൻ.വി. കുറുപ്പിന്റെ സിനിമാഗാനം കേൾക്കുമ്പോൾ അദ്ദേഹം കുറുപ്പാണെന്ന് കേൾക്കുന്ന സ്ഥിതി കേരള

ത്തിലില്ല. വൈക്കം മുഹമ്മദ് ബഷീറിന്റെ 'ന്റ്യുപ്പുപ്പാക്കൊരാനേണ്ടാർന്ന്", പാത്തുമ്മായുടെ ആട്, ബാല്യകാലസഖി തുടങ്ങിയ നോവലുകൾ വായിക്കുമ്പോൾ അദ്ദേഹത്തിന്റെ മതമേതാണെന്ന് നമ്മൾ ചിന്തിക്കാറില്ല. അലാഹയുടെ പെൺമക്കളിലൂടെ പെണ്ണെഴുത്തിന്റെ രാഷ്ട്രീയം മലയാളിയെ പഠിപ്പിച്ച സാറാജോസഫിനെ കാണുമ്പോൾ അവർ ക്രിസ്ത്യാനിയാണെന്ന് ആരും ഓർമ്മിക്കാറില്ല. മാധവിക്കുട്ടി കമല സുരയ്യയായി മാറിയപ്പോൾ അവരുടെ മതത്തെക്കുറിച്ച് ആരും ആശങ്കപ്പെട്ടില്ല. ഈ നാറ്റം ഇപ്പോൾ ഈ കേരളത്തിൽ പഠിപ്പിച്ചുകൊണ്ടിരിക്കുന്നത് നിങ്ങളാണ്. കേരളം ചരിത്രത്തിന്റെ ചവറ്റുകുട്ടയിലേയ്ക്ക് വലിച്ചെറിഞ്ഞുകഴിഞ്ഞ ജാതിയെ തിരിച്ചുകൊണ്ടുവന്ന് ഈ ദുർഗ്ഗന്ധംകൊണ്ട് കേരളീയ സമൂഹത്തെ വിഴുങ്ങാൻ ശ്രമിക്കുന്ന ഈ ജാതിപ്രമാണിമാർക്ക് വേണ്ടി വിട്ടുകൊടുക്കുന്ന ഈ സമീപനം....... അഞ്ചാം മന്ത്രിയിൽ തുടങ്ങിയിട്ടുള്ള ഈ ദുർഗ്ഗന്ധം രണ്ടാം മന്ത്രിസ്ഥാനത്തിനു വേണ്ടിയുള്ള തർക്കത്തിൽ കൊണ്ടുപോയി കലാശിപ്പിച്ചത് നിങ്ങളാണ്. ഇവിടെ ഹിന്ദു-ലീഗ് എന്ന് പറയുന്നത് ചില ആളുകളെക്കൊണ്ട് പറയിപ്പിച്ചത് ആരാണ്? ആരാണ് ഇവിടെ ഹിന്ദു-ലീഗ് ആവശ്യമാണെന്നുള്ള ഒരു തോന്നലിലേയ്ക്ക് ഈ സമൂഹത്തെ എത്തിച്ചത്? വർഗ്ഗീയവിവേചനത്തിന്റെയും ജാതിവിവേചനത്തിന്റെയും ദുർഗന്ധത്തിലേയ്ക്കു കേരളത്തെ നയിച്ച ഈ ഗവൺമെന്റിന്റെ യഥാർത്ഥ വികസന സങ്കൽപ്പങ്ങൾ മുന്നോട്ട് വയ്ക്കാത്തൊരു ഗവൺമെന്റാണ്. നരേന്ദ്ര മോഡി ശിവഗിരിയിൽ വന്നപ്പോൾ നിങ്ങൾക്ക് ഉറങ്ങാൻ പറ്റിയോ? കോൺഗ്രസ്സിന് മാത്രമേ നരേന്ദ്ര മോഡിയെ ചെറുക്കാൻ പറ്റൂവെന്ന് നേരത്തെ ശ്രീ. കെ. ശിവദാസൻ നായർ പറഞ്ഞല്ലോ? കോൺഗ്രസ്സിന് മാത്രമേ നരേന്ദ്ര മോഡിയുടെ ഭീഷണിയുടെ ചെറുക്കാൻ

പറ്റൂവെന്നാണ്. ശിവഗിരി എന്ന് പറയുന്നതിന്റെ ചരിത്രത്തെക്കുറിച്ച് ശ്രീ.കെ. ശിവദാസൻ നായർക്ക് ബോധമുണ്ടോ? മതേതര ആത്മീയതയുടെ സ്ഥാപനമാക്കി മാറ്റുന്നതിനുവേണ്ടി എനിക്ക് 5 ലക്ഷം രൂപ സംഭാവന വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീനാരായണ ഗുരു സ്ഥാപിച്ചെടുത്ത ഒരു സ്ഥാപനത്തിൽ നരേന്ദ്ര മോഡിയെ കൊണ്ടുവന്ന് പ്രസംഗിപ്പിച്ചതിനെ സംബന്ധിച്ച് അഭിപ്രായമുണ്ടോയെന്ന് ചോദിച്ചപ്പോൾ കേരളത്തിന്റെ മുഖ്യമന്ത്രി അഭിപ്രായം പറഞ്ഞോ? കെ.പി.സി.സി. പ്രസിഡന്റ് അഭിപ്രായം പറഞ്ഞോ? യു.ഡി.എഫ്-ന്റെ ഏതെങ്കിലും നേതാക്കന്മാർ അഭിപ്രായം പറഞ്ഞോ? നിങ്ങൾക്ക് അഭിപ്രായമുണ്ടായിരുന്നില്ലല്ലോ? ആ നിങ്ങളാണോ നരേന്ദ്ര മോഡിയുടെ രാഷ്ട്രീയത്തെ രാജ്യത്ത് ചെറുക്കുമെന്ന് പറയുന്നത്? ജാതി വിഭജനത്തിന്റെയും വർഗ്ഗീയവിഭജനത്തിന്റെയും വികസനമുരടിപ്പിന്റെയും രാഷ്ട്രീയ നേതൃത്വം കൊടുക്കുന്ന പരസ്പര പോരിന്റെ യാദവ കുലമായി മാറിയിട്ടുള്ള നിങ്ങളുടെ രാഷ്ട്രീയതാൽപ്പര്യങ്ങൾക്ക് വേണ്ടി ഈ ഗവൺമെന്റിനെ മുന്നോട്ടുകൊണ്ടുപോകുന്ന സാഹചര്യത്തിൽ ഈ ധനാഭ്യർത്ഥനകളൊന്നും അംഗീകരിക്കാൻ കഴിയില്ല. ഈ ധനാഭ്യർത്ഥനകളെ ശക്തമായി എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. ധനാഭ്യർത്ഥനകളുടെ ചർച്ച തുടങ്ങിവച്ച ശ്രീ. ഇ. പി. ജയരാജൻ കേരളത്തിൽ ഒരു ഭരണമുണ്ടോ എന്ന ചോദ്യത്തിലാണ് അദ്ദേഹത്തിന്റെ പ്രസംഗം ആരംഭിച്ചത്. ഈ കേരളത്തിൽ ഒരു ഭരണമുണ്ടെന്നും അത് സത്ഭരണമാണെന്നും കണ്ടെത്തിയത് ഐക്യരാഷ്ട്രസഭ

യാണ്. അതിന്റെ പേരിൽ ഈ 27-ാം തീയതി ഐക്യരാഷ്ട്രസഭയുടെ സെക്രട്ടറി ജനറൽ ബാൻ കീ മൂൺ ബഹറിനിൽ വച്ച് സത്ഭരണത്തിന്റെ അവാർഡ് പ്രതിപക്ഷത്തിന്റെയും ഭരണഭക്ഷത്തിന്റെയുമായ ഈ കൊച്ചു കേരളത്തിന് വേണ്ടി, കേരളത്തിന്റെ മുഖ്യമന്ത്രി ബഹുമാന്യനായ ഉമ്മൻ ചാണ്ടിക്ക് സമ്മാനിക്കുകയാണ്. 2003 മുതലാണ് ഐക്യരാഷ്ട്രസഭ ജൂൺ 23 യു.എൻ. പബ്ളിക് സർവ്വീസ് ഡേയായി ആചരിക്കാൻ തീരുമാനിച്ചത്. 2003 മുതൽ യു.എൻ. പബ്ലിക് സർവ്വീസ് ഡേയ്ക്ക് യു.എൻ. പബ്ലിക് സർവ്വീസ് അവാർഡ് കൊടുക്കുന്നുണ്ട്. അഞ്ച് മേഖലയായി തിരിച്ചാണ് ഈ അവാർഡ് കൊടുക്കുന്നത് - യൂറോപ്പ്, മിഡിൽ ഈസ്റ്റ്, ആഫ്രിക, ലാറ്റിൻ അമേരിക്ക, ഏഷ്യാ-പസഫിക്. അതിൽ നമ്മൾ വരുന്നത് ഏഷ്യാ-പസഫിക്കിലാണ്. കഴിഞ്ഞ വർഷം ഏഷ്യാ-പെസഫിക്കിലെ ഈ അവാർഡ് കിട്ടിയത് സൗത്ത് കൊറിയ എന്ന രാജ്യത്തിനായിരുന്നു. നമ്മൾ മത്സരിച്ചത് ഇന്ത്യയിലെ സംസ്ഥാനങ്ങളുമായിയല്ല. നരേന്ദ്രമോഡിയുമായിട്ടോ ഷീലാദീക്ഷിതുമായിട്ടോ ശിവരാജ് ചൗഹാനുമായിട്ടോ അല്ല, ലോകരാജ്യങ്ങളുമായിട്ടാണ്. കഴിഞ്ഞ വർഷം ഈ അവാർഡ് സൗത്ത് കൊറിയ്ക്ക് ലഭിച്ചു. ഈ വർഷം ആർക്കൊക്കെയാണ് കിട്ടിയത്? ഈ വർഷം ഈ അഞ്ച് മേഖലയിൽ യൂറോപ്പിൽ അവാർഡ് കിട്ടിയത് ഒന്നാം സ്ഥാനം ഇറ്റലിക്കും രണ്ടാം സ്ഥാനം സ്ലോവേനിയക്കുമാണ്. മിഡിൽ ഈസ്റ്റിൽ ഒന്നാം സ്ഥാനം ഒമാനും രണ്ടാം സ്ഥാനം ജോർജിയക്കുമാണ്. ആഫ്രിക്കയിൽ ഒന്നാം സ്ഥാനം മൊറോക്കക്ക്. ലാറ്റിൻ അമേരിക്കയിൽ രാജ്യമുണ്ടായിരുന്നു പക്ഷെ ഒരു 15 മേഖലയിൽ സമഗ്രമായി പരിശോധിച്ചുകൊണ്ട് ............ അതിനൊരു ഏഴംഗ പാനലുണ്ട് -United

Nations Committee of Experts on Public Administration. ഈ ഏഴംഗ കമ്മിറ്റിയുടെ 15 മേഖലാ പരിശോധനയിൽ ലാറ്റിൻ അമേരിക്കയിലെ ചില രാജ്യങ്ങൾ വരാത്തതുകൊണ്ട് അവർ വന്നില്ല.

ഏഷ്യ-പസഫിക്കിൽനിന്നും ഒന്നാം സ്ഥാനത്ത് കേരളവും രണ്ടാം സ്ഥാനത്ത് കഴിഞ്ഞ വർഷം ഒന്നാം സ്ഥാനത്തുവന്ന സൗത്ത് കൊറിയ എന്ന രാജ്യവും വന്നു എന്ന് പറയുമ്പോൾ ഇവിടെ ശ്രീ. ഇ. പി. ജയരാജന് ഞാൻ മറുപടി പ്രത്യേകിച്ച് പറയേണ്ട കാര്യമില്ല. പക്ഷേ ഒരു കാര്യമുണ്ട്, ഈ അവാർഡ് കേരളത്തിന് ലഭിച്ച അവാർഡാണ്. ഈ അംഗീകാരത്തെ നമ്മുടെ സംസ്ഥാനത്തിന് ലഭിച്ച അംഗീകാരമായി കണക്കാക്കിക്കൊണ്ട് നമുക്ക് ഒരുമിച്ച് അഭിമാനിക്കാം. ഈ അവാർഡ് യു.ഡി.എഫ്.-നുള്ളതല്ല, ഇത് കേരളത്തിന് അഭിമാനിക്കാൻ കഴിയുന്ന അഭിമാന മുഹൂർത്തമാണെന്ന് പറയാൻ ഞാൻ ആദ്യം തന്നെ ആഗ്രഹിക്കുകയാണ്. ഇവിടെ ദേശീയ അവാർഡുകൾ കഴിഞ്ഞ ഗവൺമെന്റിനും ലഭിച്ചിട്ടുണ്ട്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ശ്രീ.പ്രണബ് കുമാർ മുഖർജിയിൽനിന്നും അവാർഡ് സ്വീകരിച്ചിട്ടുണ്ട്. ആ അവാർഡൊന്നും അവാർഡല്ലെന്ന് ഞങ്ങൾ പറയില്ല. അവാർഡ് അവാർഡ് തന്നെയാണ്. ഈ ഗവൺമെന്റിന് സി.എൻ.എൻ.ഐ.ബി.എൻ-ന്റെ ഡയമണ്ട് അവാർഡ് കിട്ടി. 9 മേഖലകളിൽ നാല് മേഖലകളിൽ ഒന്നാം സ്ഥാനത്ത് വന്നു. ഇന്ത്യ ടുഡേയുടെ അവാർഡ് ലഭിച്ചു. വെബ്രത്ന അവാർഡ് ഗവൺമെന്റിന്റെ വെബ് സൈറ്റിന് ലഭിച്ചു. അങ്ങനെയുള്ള നിരവധി അവാർഡുകൾ ദേശീയ തലത്തിൽ നമുക്ക് ലഭിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ

ബഹുജന സമ്പർക്ക പരിപാടിയാണ് അവരുടെ പ്രത്യേക ശ്രദ്ധ ആകർഷിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ എത്ര അപേക്ഷകളിൽ തീരുമാനമുണ്ടായിയെന്ന് മുൻമന്ത്രി ബഹുമാന്യനായ സി. ദിവാകരൻ ചോദിച്ചു. 5 ലക്ഷം അപേക്ഷകളിൽ, നേരിട്ട് ജോലി ആവശ്യപ്പെട്ടുകൊണ്ടുള്ളതും കേസുമായി ബന്ധപ്പെട്ടവയുമായ 124000 അപേക്ഷയിലൊഴികെ ബാക്കി അപേക്ഷകളിൽ തീരുമാനമായി. നേരിട്ട് ജോലി ചോദിച്ചുകൊണ്ടുള്ള അപേക്ഷയിൽ മുഖ്യമന്ത്രിക്ക് ആർക്കെങ്കിലും നേരിട്ട് ജോലികൊടുക്കാൻ സാധിക്കുമോ? ഞാൻ അപമാനിക്കാനോ അപഹസിക്കാനോ ഉദ്ദേശിക്കുന്നില്ല. അത് ശരിയല്ല. നമ്മുടെ മുഖ്യമന്ത്രിയെക്കുറിച്ചുള്ള പരാതി എന്താണ്? ചില മാധ്യമങ്ങളിൽ അദ്ദേഹത്തെക്കുറിച്ച് ലേഖനങ്ങൾ വന്നു - അദ്ദേഹമെപ്പോഴും ജനങ്ങളുടെ ഇടയിലാണ്. അദ്ദേഹത്തിന്റെ ഓഫീസിൽ ചെന്നാൽ ജനക്കൂട്ടമാണ്. ഞാൻ കഴിഞ്ഞ നിയമസഭയിലും അംഗമായിരുന്നു. അന്നത്തെ മുഖ്യമന്ത്രിയുടെ ഓഫീസിലും ഞാൻ പോയിട്ടുണ്ട്. അന്നത്തെ മുഖ്യമന്ത്രി ബഹുമാന്യനായ വി. എസ്. അച്ചുതാനന്ദന്റെ ഓഫീസിൽ ചെന്നാൽ അടൂർ ഗോപാലകൃഷ്ണന്റെ സിനിമ കാണുന്നതുപോലെയാണ്. അടൂരിന്റെ സിനിമ കണ്ടിട്ടില്ലേ? ഒരു ഡയലോഗ് കഴിഞ്ഞാൽ അഞ്ച് മിനിട്ട് കഴിഞ്ഞാണ് അടുത്ത ഡയലോഗ്. തൊട്ടി കിണറ്റിൽ വീഴുന്ന ബ്ലൂം....... എന്ന ശബ്ദം പോലും കേൾക്കാൻ കഴിയും. അതുപോലുള്ള ശ്മശാന മൂകതയാണ്. ഓഫീസിൽ മിക്കവാറും അദ്ദേഹമുണ്ടാകാറില്ല. അദ്ദേഹത്തിന്റെ പ്രൈവറ്റ് സെക്രട്ടറിയുടെ കൈയിൽ അപേക്ഷ കൊടുക്കാമെന്ന് വിചാരിച്ചാൽ പ്രൈവറ്റ് സെക്രട്ടറിയുമുണ്ടാകില്ല. ബാക്കിയുള്ളവരെല്ലാം പിണറായി പക്ഷക്കാരാണ്. എങ്ങനെ മുഖ്യമന്ത്രിയെ അവിടെ ചെല്ലുന്നവർക്കെതിരാക്കാമെന്നുള്ള കാര്യ

ത്തിൽ ഗവേഷണം നടത്തിയിരിക്കുന്ന ഒരു പേഴ്സണൽ സ്റ്റാഫിന്റെ മദ്ധ്യത്തിലേക്കാണ് നമ്മൾ അപേക്ഷയുമായി ചെല്ലേണ്ടത്. ഇപ്പോൾ മുഖ്യമന്ത്രിയെക്കാണാൻ ആളുകൾ ചെല്ലുന്നുണ്ട്. മുഖ്യമന്ത്രിയെക്കാണാൻ ചെല്ലുന്നവർക്ക് അവരുടെ കാര്യം നടക്കുമെന്നുള്ള പ്രതീക്ഷയുണ്ട്. അത്തരത്തിൽ പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റ് ഇന്ന് കേരളത്തിലിന്നുണ്ട്. നിങ്ങൾ ഇവിടെ എന്ത് ഭരണമാണ് നടന്നതെന്ന് ചോദിച്ചു. സേവനാവകാശ നിയമം 01-11-2012-ൽ നടപ്പിലാക്കി. സംസ്ഥാനത്ത് 56 വകുപ്പുകളിൽ സേവനാവകാശ നിയമം നടപ്പിലാക്കാൻ കഴിഞ്ഞു. ഇവിടെ ചോദ്യോത്തരവേളയിൽ ഉയർന്ന ഒരു പ്രധാന പ്രശ്നമുണ്ട്...... നമുക്ക് ഒരു കാർഡ് കിട്ടും. നിങ്ങൾ തന്ന പരാതി ബന്ധപ്പെട്ട വകുപ്പിന് അയച്ചുകൊടുത്തിരിക്കുന്നു. ആ വകുപ്പുമായി ബന്ധപ്പെടുക. അതുകൊണ്ട് പ്രത്യേകിച്ച് ഒരു കാര്യവുമില്ല. ആ കാർഡ് അയയ്ക്കാതിരിക്കുന്നതാണ് നല്ലത്. ഈ ഗവൺമെന്റിന്റെ കാലത്തും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുമുള്ള മന്ത്രിമാരും ഈ കാർഡ് അയച്ചുതരാറുണ്ട്. ആ കാർഡ് കിട്ടുമ്പോൾ പാവപ്പെട്ട ആളുകൾ എല്ലാം നടന്നുവെന്ന് കരുതി സെക്രട്ടേറിയറ്റിൽ കയറിയിറങ്ങി നടക്കണം. അതുകൊണ്ട് കാർഡ് അയയ്ക്കുന്ന ഏർപ്പാട് അവസാനിപ്പിക്കണം. എന്തെങ്കിലുമൊരു കാര്യമുണ്ടായതിനുശേഷം അതിന്റെ വിവരങ്ങൾ അറിയിക്കുക എന്ന രൂപത്തിലേയ്ക്ക് മാറ്റണം. ഇവിടെ നാല് ഡിപ്പാർട്ടുമെന്റുകൾ, പ്രധാനമായും ഐ.ടി വകുപ്പിലും ഹയർ എഡ്യൂക്കേഷനിലും നിയമ വകുപ്പിലും ഐഡിയാസ് എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഫയൽ മൂവ്മെന്റ് നമുക്കറിയാനുള്ള സംവിധാനമുണ്ട്. നമ്മൾ കൊടുത്ത പരാതിയിന്മേലുള്ള ഫയൽ ഇപ്പോൾ എവിടെയാണെന്നും അതിന്മേൽ തീരുമാനമെന്താണെന്നും ഐ.ടി വകുപ്പിലും ഹയർ

എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിലും നിയമ വകുപ്പിലും അറിയാൻ കഴിയും. ഫയൽ മൂവ്മെന്റ് അപേക്ഷ കൊടുക്കുന്നവർക്ക് നേരിട്ടറിയാൻ കഴിയുന്ന ഐെഡിയ എന്ന സോഫ്റ്റ്വെയർ വഴി ഇ-ഗവേണൻസ് നമ്മുടെ സംസ്ഥാ നത്ത് നടപ്പാക്കുകയാണ്. എല്ലാ ജില്ലയിലും ഇ-ഡിസ്ട്രിക്ട് നടപ്പിലാക്കുന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനം കേരളമാണ്. 2 ലക്ഷം സർട്ടിഫിക്കറ്റുകൾ ഓൺലൈനായി വിതരണം ചെയ്തു. പന്ത്രണ്ട് മണിക്കൂറുകൾ മതി സർട്ടിഫി ക്കറ്റുകൾ നൽകുന്നതിന്. 23 സേവനങ്ങൾ ഇ-ഡിസ്ട്രിക്ട് വഴി, അക്ഷയ സെന്റർ വഴി നടപ്പിലാക്കുകയാണ്. അക്ഷയ സെന്ററുകൾ ധാരാളം സേവ നങ്ങൾ നടത്തുന്നുണ്ട്. മലപ്പുറത്ത് തുടങ്ങിയ ഇ-ലേണിംഗ് സമ്പ്രദായ ത്തിൽനിന്നും കമ്പ്യൂട്ടർ സാക്ഷരതയിൽനിന്നും മാറി സംസ്ഥാന സർക്കാ രിന്റെ ഫ്ളാഗ്ഷിപ്പ് പ്രോഗ്രാമുകളെല്ലാം ഏറ്റെടുത്ത് നടപ്പിലാക്കുന്ന അക്ഷയ സെന്ററുകൾ വളരെ പ്രതിസന്ധിയിലാണ്. അവർക്ക് മാന്യമായ ലാഭം ആ സംരംഭങ്ങളിൽനിന്ന് ലഭിക്കുന്നില്ല. ഞാൻ നാളെ ഒരു കാളിംഗ് അറ്റൻഷനും അക്കാര്യത്തിൽ ഉന്നയിച്ചിട്ടുണ്ട്. അതുകൊണ്ട് അതിന്റെ വിശദാംശങ്ങളി ലേയ്ക്ക് കടക്കുന്നില്ല. അക്ഷയ സംരംഭകരെ കൂടുതൽ ശക്തിപ്പെടുത്താനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. നമ്മുടെ പ്രധാന പ്രോജ ക്ടുകളെല്ലാം ട്രാക്കിലായി. സ്മാർട്ട്സിറ്റി നിങ്ങളെ ഏൽപ്പിച്ചിട്ടാണല്ലോ ഞങ്ങൾ പടിയിറങ്ങിയത്. നിങ്ങൾക്കെന്ത് ചെയ്യാൻ കഴിഞ്ഞു? സ്മാർട്ട് സിറ്റിയുടെ നിർമ്മാണം ആറ് മാസത്തിനുള്ളിൽ പൂർത്തിയാകും. അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ വ്യവസായ വകുപ്പുമന്ത്രി ഇവിടെ പറയും. മെട്രോയെക്കുറിച്ചും ഇവിടെ പറഞ്ഞല്ലോ- ശ്രീ. ഇ. ശ്രീധരൻ നിങ്ങളുടെ ഭരണകാലത്തും ഉണ്ടായിരുന്നല്ലോ. മെട്രോക്കായി നിങ്ങൾക്ക് ഒന്നും

ചെയ്യാൻ കഴിഞ്ഞില്ല. ഇപ്പോൾ ബഹുമാനപ്പെട്ട പ്രധാനമന്ത്രി തറക്ക ല്ലിടുകയും മെട്രോയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. എറണാകുളത്ത് ചില പാലങ്ങളുടെ ഉദ്ഘാടനം കഴിഞ്ഞു. മെട്രോ ഞങ്ങൾ ട്രാക്കിലാക്കി. മോണോ റയിൽ ആർ.ഒ.ബി ശ്രീ. എ. എൽ ജേക്കബ് ഉദ്ഘാടനം ചെയ്തു. ഡി.എം.ആർ.സി യുമായി ബന്ധപ്പെട്ട് മോണോ റയിൽ കൺസൽട്ടൻസി കരാർ ഒപ്പിടാൻ പോവുകയാണ്. കണ്ണൂർ വിമാനത്താവള ത്തിന്റെയും വിഴിഞ്ഞം പോർട്ടിന്റെയും പാരിസ്ഥിതി ആഘാത പഠനം പൂർത്തിയാവുകയാണ്. ഈ ഗവൺമെന്റിന്റെ കാലത്ത് കണ്ണൂർ വിമാനത്താവ ളത്തിൽനിന്നും നമുക്ക് വിമാനത്തിൽ യാത്രചെയ്യാനുള്ള സൗകര്യമുണ്ടാകു മെന്നുള്ള കാര്യം അഭിമാനപൂർവ്വം ആത്മവിശ്വാസത്തോടുകൂടി അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ 70000 പുതിയ പി.എസ്.സി നിയമന ങ്ങൾ നടന്നു. ഇന്ന് ചെറുപ്പക്കാരുടെ ആശയങ്ങൾ സഫലമാക്കുന്നതിനായി സ്റ്റാർട്ട് അപ് വില്ലേജുകൾ ആരംഭിച്ചു. ഇന്നൊവേഷൻ കൗൺസിലുകൾ..... ഇന്ന് ചെറുപ്പക്കാർക്ക് ആശയമുണ്ടെങ്കിൽ അവരുടെ ആശയങ്ങളെ പിൻതു ണയ്ക്കാൻ ഇന്ന് കേരളത്തിൽ ഒരു സർക്കാരുണ്ട്. എറണാകുളത്ത് സ്റ്റാർട്ട് അപ് വില്ലേജിൽ ആത്മവിശ്വാസമുള്ള ചെറുപ്പക്കാർ ഗവൺമെന്റിന്റെ ഇച്ഛാശ ക്തിയെ എങ്ങനെയാണവരുടെ ജീവിത വിജയത്തിനുവേണ്ടി ഉപയോഗിക്കു ന്നതെന്ന് അനുഭവിച്ചറിയാം. ഇത്തരം കാര്യങ്ങളൊക്കെ നടപ്പിലാക്കിയ ഗവൺമെന്റിനോടാണ് നിങ്ങൾ ചോദിക്കുന്നത് ഭരണമുണ്ടോയെന്ന്. ഇവിടെ കരുതൽ വികസനത്തെക്കുറിച്ച് പറഞ്ഞു. സർക്കാരിന്റ രണ്ടാം വാർഷിക ഉദ്ഘാടനത്തിന് യൂണിവേഴ്സിറ്റി സെനറ്റ് ഹാളിൽ ‘ദൈവമേ കൈ തൊഴാം കാക്കുമാറാകണം........ ’ എന്ന പാട്ടു പാടിയ കുഞ്ഞ് ഈ ഗവൺമെന്റിന്റെ

ശ്രുതി തരംഗം പദ്ധതിയിലൂടെ സംസാരിക്കാനുള്ള ശേഷി വീണ്ടെടുത്ത കുട്ടിയാണ്. നിങ്ങളുടെ കാലത്തും കേൾവിയില്ലാത്ത, സംസാരശേഷിയില്ലാത്ത ഈ കുഞ്ഞുങ്ങൾ കേരളത്തിലുണ്ടായിരുന്നു. 40 എം.എൽ.എ മാരുടെ ഭൂരിപക്ഷമുണ്ടായിട്ടും ഈ കുഞ്ഞുങ്ങൾക്ക് കാഴ്ച ശക്തിയും കേൾവി ശക്തിയും വീണ്ടെടുത്തുകൊടുക്കാൻ നിങ്ങൾക്ക് സാധിച്ചോ? നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല. ഇവിടെ ചീഫ് സെക്രട്ടറിമാരെ എത്ര പേരെയാണ് നിങ്ങൾ മാറ്റിയത്. ആദ്യത്തെ ന്യൂനപക്ഷ ചീഫ് സെക്രട്ടറി റിയാസുദ്ദീനെ നിങ്ങൾ ഐ.എം.ജി യിലേയ്ക്ക് മാറ്റിയില്ലേ,. നിങ്ങളുടെ മുഖ്യമന്ത്രി പരസ്യമായി നിയമസഭയിൽ അപമാനിച്ചപ്പോൾ ചീഫ് സെക്രട്ടറി ലിസി. ജേക്കബ്ബ് രാജി വച്ചുപോയില്ലേ?

നിങ്ങളുടെ ഭരണകാലത്തെക്കുറിച്ച് കൂടുതൽ ഓർമ്മിപ്പിക്കാത്തതാണ് നല്ലത്. എൻഡോസൾഫാനെക്കുറിച്ച് പറയുകയാണെങ്കിൽ ഗവൺമെന്റിന്റെ അവസാനകാലത്ത് വോട്ട് പെട്ടിയിലായയതിനുശേഷം നിരാഹാരം കിടക്കുകയല്ല ഈ ഗവൺമെന്റ് ചെയ്തത്. എൻഡോസൾഫാൻ പാക്കേജ് കാസർഗോട് ജില്ലയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. കാരുണ്യസഹായ നിധിയെക്കുറിച്ച് പറയാതെ പോകുന്നത് ശരിയല്ല. 10307 രോഗികൾക്ക് 110 കോടി രൂപ ഈ ഗവൺമെന്റ് കൊടുത്തില്ലേ? ലോട്ടറിയെന്ന് പറയുന്നത് കൂടുതൽ അനുകരിക്കാൻ പാടില്ലാത്ത വിപത്താണ്. സാന്റിയാഗോ മാർട്ടിനും അദ്ദേഹത്തിന്റെ അനുജൻ കെന്നഡിക്കും വേണ്ടിയല്ല, ക്യാൻസർ രോഗികൾക്കും ഹൃദ്രോഗികൾക്കും ഡയാലിസിസ് ചെയ്യുന്ന രോഗികൾക്കും വേണ്ടി കാരുണ്യ ലോട്ടറി നടപ്പിലാക്കാൻ ഗവൺമെന്റിന് കഴിഞ്ഞു. ഈ ഗവൺമെന്റിന്റെ കാലത്ത്

ഭരണമുണ്ടോയെന്ന് നിങ്ങൾ ചോദിക്കുകയാണ്. ഭൂരിപക്ഷത്തിന് ഗവൺമെന്റിന്റെ പ്രവർത്തനവുമായി യാതൊരു ബന്ധവുമില്ല. നിങ്ങൾക്ക് 99 എം.എൽ.എ. മാർ ഉണ്ടായിരുന്നിട്ടും 12 താലൂക്ക് തുടങ്ങാൻ കഴിഞ്ഞോ? മഹാനായ ഇ.എം.ശങ്കരൻ നമ്പൂതരിപ്പാട് പ്രതിനിധാനം ചെയ്ത മണ്ഡല മാണ് പട്ടാമ്പി. എനിക്ക് നടപ്പാക്കാൻ കഴിയാതെ പോയ സ്വപ്നമാണ് പട്ടാമ്പി താലൂക്കെന്ന് അദ്ദേഹം ഇന്നുണ്ടായിരുന്നെങ്കിൽ പറയുമാറിരുന്നു. ശ്രീ. സി. പി. മുഹമ്മദ് ഇവിടെയിരിക്കുന്നുണ്ട്. കേന്ദ്രകമ്മിറ്റി അംഗം ശ്രീമതി ഷൈലജ ടീച്ചർ പ്രതിനിധാനം ചെയ്തതല്ലേ ഇരുട്ടിയിലെ താലൂക്ക്? ശ്രീമതി ഷൈലജ ടീച്ചറിന്റെ മണ്ഡലമാണെന്ന് കരുതി നിങ്ങൾക്ക് താലൂക്ക് കൊടുക്കാമായിരു ന്നില്ലേ? വർക്കല, കാട്ടാക്കട, വെള്ളരിക്കുണ്ട്, ചാലക്കുടി ഉൾപ്പെടെ 12 താലൂക്കുകൾ ഇപ്പോൾ അനുവദിച്ചതാണ്. രണ്ട് അംഗത്തിന്റെ ഭൂരിപക്ഷമൊന്നും ഈ ഗവൺമെന്റിന്റെ പ്രവർത്തനത്തിന് അൽപ്പംപോലും തടസ്സമല്ല. നിങ്ങൾക്ക് കഴിയാത്ത കാര്യങ്ങൾ 2 വർഷം കൊണ്ട് ഞങ്ങൾ ചെയ്തു. സ്വാതന്ത്ര്യം കിട്ടി ഇതുവരെ കേരളത്തിൽ 5 മെഡിക്കൽ കോളേജു കളാണ് ഉണ്ടായിരുന്നത്. ഈ ഗവൺമെന്റ് 8 മെഡിക്കൽ കോളേജുകൾ ആരംഭിച്ചു. ഇൻഡ്യയിലും കേരളത്തിലും ആദ്യമായി പട്ടികജാതി മേഖല യിൽ ഒരു മെഡിക്കൽ കോളേജ് പാലക്കാട് ജില്ലയിൽ തുടങ്ങി. രണ്ട് എം.എൽ.എ. മാരുടെ ഭൂരിപക്ഷത്തിൽ കേരളത്തിൽ 8 മെഡിക്കൽ കോളേജു കൾ തുടങ്ങാൻ സാധിച്ചു. എന്നിട്ടും നിങ്ങൾ ഇവിടെ പ്രവർത്തിക്കുന്ന ഗവൺമെന്റ് ഉണ്ടോയെന്ന് ചോദിക്കുകയാണ്. ശ്രീ. വി. എസ്. ശിവകുമാ റിന്റെ ഫ്ളക്സ് ബോർഡെന്ന് പറഞ്ഞ് അധിഷേപിക്കുന്നുണ്ടല്ലോ. ഞാൻ കഴിഞ്ഞ ദിവസം കൊയിലാണ്ടി വഴി പോയപ്പോൾ ശ്രീ. കെ. ദാസന്റെ

ഫ്ളക്സുകൾ കാണാൻ കഴിഞ്ഞു. അവിടെ 50 കോടി രൂപയുടെ പ്രോജക്ടാണ് കൊയിലാണ്ടിയിൽ കൃഷിവകുപ്പ് കൊടുക്കുന്നത്. നിങ്ങൾക്കും ഗവൺമെന്റും കൃഷിവകുപ്പുമന്ത്രിയും ഉണ്ടായിരുന്നല്ലോ. ശ്രീ. കെ. ദാസന്റെ മണ്ഡലമായ കൊയിലാണ്ടിയിൽ ഞങ്ങൾ കൊടുത്ത പ്രോജക്ട് നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് കൊടുക്കാൻ സാധിച്ചോ? ഇപ്പോൾ ശ്രീ. കെ. ദാസന്റെ മനോഹരമായ, ചിരിച്ച പടം കാണാതെ കൊയിലാണ്ടിയിലൂടെ പോകാൻ കഴിയില്ല. ഞാൻ അതിൽ യാതൊരു തെറ്റും പറയുന്നില്ല. കാരണം വികസന നേട്ടങ്ങൾ ജനങ്ങളെ അറിയിക്കാൻ ഒരു പടം വച്ചതിൽ യാതൊരു കുഴപ്പവുമില്ല. അവരുടെ ജനപ്രതിനിധി ജനങ്ങൾക്ക് വേണ്ടി എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്ന് അവർക്കറിയാനുള്ള ഉത്തരവാദിത്വവും അവകാശവുമില്ലേ? ഭരണ-പ്രതിപക്ഷ വ്യത്യാസം ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളിൽ ഒരിടത്തും ഉണ്ടായിട്ടില്ല. മാധ്യമങ്ങളിലെല്ലാം നിതാഖാത്ത് വലിയ പ്രശ്നമായിരുന്നു. അറബ് മാധ്യമങ്ങൾ കേരള മുഖ്യമന്ത്രിയെ പ്രശംസിച്ചുകൊണ്ട് വാർത്ത എഴുതി. കാരണമെന്താണ്, നമ്മൾപോലും പ്രതീക്ഷിക്കാത്ത തരത്തിൽ ഈ ഗവൺമെന്റ് പ്രവർത്തിച്ചു. പരിമിതികൾ ഉണ്ടോയെന്ന് സംശയമുണ്ടായിരുന്നു. ആ പരിമിതികൾക്കും അപ്പുറം പ്രവർത്തിച്ചപ്പോൾ സൗദി ഭരണകൂടം നമ്മളോടൊപ്പം നിന്നു. പതിനായിരക്കണക്കിനുള്ള കുടുംബങ്ങളിൽ നെഞ്ച് നീറി കഴിഞ്ഞ അമ്മമാർക്ക് ആശ്വാസമുണ്ടായത് അവരുടെ മക്കളുടെ കാര്യത്തിൽ തീരുമാനമുണ്ടായപ്പോഴാണ്. നിതാഖാത്തിന്റെ പ്രശ്നം വന്നപ്പോൾ ഈ ഗവൺമെന്റ് പ്രവർത്തിച്ചതെങ്ങനെയാണെന്ന് അറബ് മാധ്യമങ്ങൾ വാഴ്ത്തിയപ്പോൾ നിങ്ങൾ ചോദിക്കുന്നു, ഇവിടെ പ്രവർത്തിക്കുന്ന ഗവൺമെന്റും ഭരണവും

ഉണ്ടോയെന്ന്. ഒരു കോടി സ്വയംപര്യാപ്ത ഗ്രാമങ്ങൾ നമ്മുടെ പട്ടികജാതി മേഖലയിൽ നടപ്പിലാക്കുന്നു. കൂടാതെ വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ..... സമയക്കുറവുകൊണ്ടാണ് ഞാൻ അതിലേയ്ക്കൊന്നും കൂടുതലായി കടക്കാത്തത്. ഇവിടെ ഗവൺമെന്റിനെ പരിഹസിക്കുന്നതിനുള്ള അവകാശം നിങ്ങൾക്കുണ്ട്. .നിങ്ങളുടെ സ്ഥിതി എന്താണ്; ബഹുമനപ്പെട്ട പ്രതിപക്ഷ നേതാവിനെതിരെ സംസ്ഥാന കമ്മിറ്റി പ്രമേയം പാസ്സാക്കി. അതിന് എത്ര പോളിറ്റ് ബ്യൂറോയാണ് കൂടിയത്. ഒടുവിൽ എന്താണ് സംഭവിച്ചത്; ശ്രീകൃഷ്ണ കമ്മീഷൻ റിപ്പോർട്ട് എന്നൊക്കെ പറയുന്നതുപോലെ വളരെ പ്രധാനപ്പെട്ട റിപ്പോർട്ടാണ് പി. കരുണാകരൻ റിപ്പോർട്ട്. എന്താണ് പി. കരുണാകരൻ റിപ്പോർട്ട്. പാർട്ടി സംസ്ഥാന കമ്മിറ്റിയിലെ രഹസ്യങ്ങൾ പത്രക്കാർക്ക് ചോർത്തിക്കൊടുക്കുന്നത് സുരേഷും ബാലകൃഷ്ണനുമാണെന്നാണ് ആ റിപ്പോർട്ട്. ഇവർ രണ്ടുപേരും സംസ്ഥാന കമ്മിറ്റിയിലുള്ളവരാണോ? അപ്പോൾ ആരെയാണ് നിങ്ങൾ ലക്ഷ്യം വയ്ക്കുന്നത്? സുരേഷിന് പത്രക്കാർക്ക് വാർത്ത ചോർത്തിക്കൊടുക്കാൻ കഴിയുന്നുണ്ടെങ്കിൽ അദ്ദേഹത്തിന് വാർത്ത കിട്ടുന്ന ശ്രോതസ് ഏതാണ്? ആ ശ്രേതസ്സിനെയാണ് നിങ്ങൾ ലക്ഷ്യം വച്ചത്. അരുൺകുമാറിനെ പോലൊരു മകനുള്ളതുകൊണ്ട് ശ്രീ. വി. എസ്. അച്ചുതാനന്ദന് ഏതായാലും ത്രിപുര മുഖ്യമന്ത്രിയായിരുന്ന നൃപൻ ചക്രവർത്തിയുടെ അവസ്ഥ വരില്ല. ഞാൻ ബഹുമാനിക്കുന്ന ആളാണ് നൃപൻ ചക്രവർത്തി. നിങ്ങൾ ലക്ഷ്യം വച്ചത് എന്താണ്; അവസാനം സൂര്യനമ്പൂതിരിപ്പാടിന്റെ അവസ്ഥയായില്ലേ? ഇന്ദുലേഖ ഇല്ലെങ്കിൽ തോഴിമതിയെന്ന് പറഞ്ഞതുപോലെ സുരേഷിനെക്കൊണ്ടും ബാലകൃഷ്ണനെക്കൊണ്ടും തൃപ്തിപ്പെടേണ്ട അവസ്ഥ നിങ്ങൾക്കുണ്ടായി. ശ്രീ. പി. ശ്രീരാമകൃഷ്ണൻ ഞങ്ങളുടെ പ്രത്യയശാസ്ത്രത്തെക്കുറിച്ച് ആഴത്തിൽ ചില അവ

ലോകനങ്ങൾ നടത്തി. നിങ്ങളുടെ പ്രത്യയശാസ്ത്രം എന്താണ്? നിങ്ങൾക്ക് ഒരു വർഗ്ഗമല്ലേയുള്ളു. നിങ്ങൾക്ക് കാസ്റ്റില്ലല്ലോ കാശ് മാത്രമല്ലേയുള്ളൂ. ബഹുമാനപ്പെട്ട മുൻ നിയമസഭാ സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണനെ വച്ച് പട്ടികജാതിക്കാർക്കു വേണ്ടി പ്രത്യേക പാർട്ടി ഉണ്ടാക്കിയിരിക്കുകയാണ്. ന്യൂനപക്ഷങ്ങൾക്ക് വേണ്ടി പ്രത്യേക മാസിക വരികയാണ്. ഇതൊക്കെ സി.പി.ഐ(എം.)-ന്റെ പ്രത്യയശാസ്ത്രം അനുവദിക്കുന്നതാണോ? അനുവദിക്കുമായിരുന്നെങ്കിൽ ഇത്രയും കാലം എന്താണ് പട്ടികജാതി സെൽ ഉണ്ടാക്കാതിരുന്നത്? ഇപ്പോൾ എത്ര പുതിയ പാർട്ടികളാണുള്ളത്. ഞങ്ങൾക്ക് ദളിത് കോൺഗ്രസ്സും ന്യൂനപക്ഷ സെല്ലും ഉണ്ടായിരുന്നു. കേരളത്തിലെ ഏത് റെയിൽവേ സ്റ്റേഷനിലും ബസ് സ്റ്റാൻഡിലും ചെന്നിറങ്ങിയാൽ അവിടെയുള്ള ഫ്ളക്സ് ബോർഡ് കാണാതെ പോകാൻ കഴിയില്ല. അക്കൂട്ടത്തിൽ ശ്രീ. ഇ .പി. ജയരാജന്റെയും നാല് കോഴികളുടെയും പടവുമുണ്ട്. എനിക്ക് അദ്ദേഹത്തോട് ബഹുമാനമാണ്. ശ്രീ. ഇ. പി. ജയരാജന്റെ പടത്തിന് ഇപ്പുറം കാണുന്നത് ഒരു സിംഹത്തിന്റെ പടമാണ്. കുറഞ്ഞപക്ഷം ഒരു പുലിയുടെ പടമെങ്കിലും വേണ്ടേ? അതിനുപകരമാണ് സി.പി.എം.-ന്റെ ശ്രീ. ഇ.പി. ജയരാജന്റെയും നാല് കോഴികളുടെയും പുതിയ പാർട്ടിയുടെ പടം. അങ്ങനെയൊരു കോഴിപ്പാർട്ടിയാണ് ഉദ്ദേശിക്കുന്നെങ്കിൽ ശ്രീ. ഇ. പി. ജയരാജന് അതിന്റെ ചാർജ്ജ് കൊടുക്കണോ; ചാർജ്ജ് കൊടുക്കാൻ പറ്റുന്ന വേറെ എത്രയോ ആളുകളുണ്ട്. ഇങ്ങനെ എത്ര പുതിയ സംവിധാനങ്ങളാണ് വരുന്നത്. അത്തരത്തിൽ ആഭ്യന്തര പ്രശ്നങ്ങൾ ഉണ്ടാക്കുന്ന ഒരു പാർട്ടിയും അതിന്റെ ദുർബലമായ നേതൃത്വവും. ദേശീയതലത്തിൽ കർണ്ണാടക സംസ്ഥാനത്ത് ഇലക്ഷൻ നടന്നു. ബി.ജെ.പി. സർക്കാരിനെ ആരാണ് താഴെയിറക്കിയത്; തെക്കേ ഇൻഡ്യയിലെ ബഹുമാന്യനായ എഴുത്തുകാരൻ

ആനന്ദ് അദ്ദേഹത്തിൽ ബ്ലോഗിൽ എഴുതിയത്, കർണ്ണാടകം തെക്കേ ഇൻഡ്യയുടെ പാരമ്പര്യത്തിലേയ്ക്ക് തിരിച്ചുവന്നുവെന്നാണ്. ആരാണ് അത്തരത്തിൽ തിരിച്ചുകൊണ്ടുവന്നത്. കോൺഗ്രസ് പാർട്ടിയാണ് തിരിച്ചുകൊണ്ടുവന്നത്. നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. ഉത്തർപ്രദേശ്, ബീഹാർ സംസ്ഥാനങ്ങളിൽ നിങ്ങൾക്ക് എന്തെങ്കിലും ചെയ്യാൻ കഴിയുമോ; നിങ്ങൾ മൂന്നാം യു.പി.എ. യെ പിന്തുണയ്ക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. മൂന്നാം യു.പി.എ. യെ പിന്തുണച്ചുകൊണ്ട് ശ്രീമതി സോണിയാ ഗാന്ധിയെ കാണാൻ പോകുന്ന ആദ്യത്തെ രാഷ്ട്രീയ നേതാവ് സി.പി. എം.ന്റെ നേതാക്കന്മാർ ആരെങ്കിലും ആയിരുക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അത് ഞങ്ങൾക്ക് വേണ്ടിയായിരിക്കില്ല, നിങ്ങളുടെ നിലനിൽപ്പിന് വേണ്ടിയായിരിക്കും. കാരണം കോയമ്പത്തൂർ പാർട്ടി കോൺഗ്രസ് റിപ്പോർട്ട് ചെയ്യാൻ ധാരാളം മാധ്യമങ്ങൾ വന്നു. അതിൽ അന്തർദേശീയ മാധ്യമങ്ങളുമുണ്ടായിരുന്നു. കാരണം സി.പി.എം.-ന് പ്രസക്തിയുണ്ട്. കോയമ്പത്തൂർ പാർട്ടി കോൺഗ്രസ് നടക്കുമ്പോൾ, ഇൻഡ്യയിലെ കോൺഗ്രസ്സിനെ പിന്തുണയ്ക്കുന്ന സി.പി.എം. എടുക്കുന്ന നിലപാട് അറിയാൻ ലോകത്തുള്ള മാധ്യമങ്ങൾക്ക് താൽപ്പര്യമുണ്ട്. കോഴിക്കോട് നടന്ന പാർട്ടി കോൺഗ്രസ് റിപ്പോർട്ട് ചെയ്യാൻ ഒരു ലോകമാധ്യമവും വന്നില്ല. ഞാൻ കഴിഞ്ഞ ദിവസം വൈകുന്നേരം ഡൽഹിയിൽ എ.കെ.ജി. ഭവന് മുന്നിലൂടെ നടന്നപ്പോൾ അവിടെ നിന്നൊരു മനോഹരമായ പാട്ട് കേട്ടു.

“മധുരിക്കും ഓർമ്മകളേ,

മലർമഞ്ചൽ കൊണ്ടുവരൂ

കൊണ്ടുപോകൂ ഞങ്ങളെയാ മാൻചുവട്ടിൽ" എന്ന സി. ഒ.ആന്റോയുടെ പാട്ടായിരുന്നു അത്. ഒന്നാം യു.പി.എ.യിൽ കോൺഗ്രസ്സിനോടൊപ്പം ഉണ്ടായിരുന്ന ഏതോ സഖാവ് മധുര മാമ്പഴക്കാലം അനുസ്മരിക്കുകയാണ്. അതുകൊണ്ട് കോൺഗ്രസ്സിനെ വല്ലാതെ വിമർശിച്ച് ഇല്ലാത്ത പ്രസക്തി കളയാൻ നോക്കണ്ട. നമുക്കൊരുമിച്ചുനിന്ന് ഈ രാജ്യത്തെ വർഗ്ഗീയതയെ തടയാം. നിങ്ങൾ 2004-ൽ എടുത്തത് ചരിത്രപരമായ നിലപാടാണ്. ആ നിലപാടിനെ ബഹുമാനിക്കുന്ന ആളാണ് ഞാൻ. ഇൻഡ്യയിയിലെ വർഗ്ഗീയത തടയാൻ വേണ്ടി ഹർകിഷൻ സിങ് സുർജിത് അടക്കമുള്ള നേതാക്കന്മാർ 2004-ൽ എടുത്ത നിലപാടിനെ ആദരിക്കുന്ന, ബഹുമാനിക്കുന്ന രാഷ്ട്രീയ പ്രവർത്തകനാണ് ഞാൻ. അതുകൊണ്ട് നമുക്കൊരുമിച്ച് മുന്നോട്ട് പോകാം. ഞാൻ ഒരു കാര്യം കൂടി പറയാൻ ആഗ്രഹിക്കുന്നു. കോൺഗ്രസ്സിന്റെ എം. എൽ.എ. മാർ, പണ്ഡിറ്റ് ജവഹർ ലാൽ നെഹ്റുവിന്റെ പാരമ്പര്യമുള്ള ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ എം.എൽ.എ. മാരാണ്. അല്ലാതെ ഒരു സമുദായത്തിന്റെയും ഒരു സമുദായ നേതാവിന്റെയും അല്ലെന്ന് പറയാനുള്ള ആർജ്ജവം ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനുണ്ടെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്.

ശ്രീ. ജി. സുധാകരൻ : സർ, 867.16 കോടി രൂപ അടങ്കൽ വരുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിട്ടുള്ള ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ ഞാൻ നിരാകരിക്കുകയാണ്. ഇംഗ്ലീഷിൽ 'In the wood' എന്നൊരു പ്രയോഗമുണ്ട്. വനംവകുപ്പിന്റെയുംകൂടി ചർച്ചയ്ക്കുവച്ചതുകൊണ്ട് ഞാൻ പറയുകയാണ് 'In the wood' എന്നതിന്റെ അർത്ഥം ആശയക്കുഴപ്പത്തിലാണ്, ഇരുട്ടിലാണ്

എന്നാണ്. 'Out of the wood'എന്ന് പറഞ്ഞാൽ അതിൽ നിന്ന് വെളിയിൽ വരന്നുവെന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും ഭരണകക്ഷി യിലെ വലിയൊരു വിഭാഗവും ആശയക്കുഴപ്പത്തിലാണ്. പരസ്പര വിരുദ്ധമാ യിട്ടാണ് അവർ സംസാരിച്ചുകൊണ്ടിരിക്കുന്നത്. ഐക്യരാഷ്ട്ര സഭയുടെ ഏതോ കമ്മിറ്റിയുടെ അവാർഡ് കിട്ടിയതാണ് ഇവിടെ ഏറ്റവും വലിയ കാര്യ മായി പറയുന്നത്. അവാർഡ് തിരിച്ചുകൊടുക്കണമെന്ന് പറയുന്നില്ല. പക്ഷെ, ഇതിനെന്താണ് ഇവിടെ പ്രസ്ക്തി? ഇവിടുത്തെ ജനങ്ങളാരെങ്കിലും വെരിഫൈ ചെയ്ത അവാർഡാണോ? കുട്ടനാട്ടിൽ ഇപ്പോൾ വെള്ളപ്പൊക്കം വരാൻ പോകുകയാണ്. ഇവിടെ ബഹുമാനപ്പെട്ട തോമസ് ചാണ്ടി ഇരിപ്പുണ്ട്. എന്റെ മണ്ഡലവും അതിന്റെ അടുത്തുതന്നെയാണ്. അവിടെ വെള്ള പ്പൊക്കം വന്ന് വെള്ളപ്പൊക്കമെല്ലാം ഇറങ്ങിക്കഴിഞ്ഞ് കേന്ദ്ര ഉദ്യോഗസ്ഥന്മാർ സന്ദർശിക്കാനെത്തും. സമയത്തിന് അവർ വരില്ല. നമ്മുടെ സംസ്ഥാന ഉദ്യോഗസ്ഥന്മാർ അവർക്ക് തവളക്കാൽ പൊരിച്ചതും താറാവിറച്ചിയും നൽകും. ഇത് കഴിക്കാൻ നല്ല ടെയ്സ്റ്റായതുകൊണ്ട് കൃത്യമായിട്ട് അവർ വരും. നല്ലതാണെന്ന് പറയുകയും ഡൽഹിയിൽച്ചെന്ന് ഇവർക്ക് ഒന്നും കൊടുക്കരുതെന്ന് പറയുകയും ചെയ്യും. ഇത് നേരെ തിരിച്ചാണ്. യു.എൻ. ഡി.പി.യുടെ ഉദ്യോഗസ്ഥന്മാർക്ക് തവളക്കാലും താറാവ് ഇറച്ചിയും കൊടു ത്താൽ അവർ നന്ദിയുള്ളവരാണ്. അവർ ഡൽഹിയിൽനിന്ന് വന്നവരെ പ്പോലെ നന്ദികേട് കാണിച്ചില്ല. അതിന്റെ ഫലമായിട്ടാണ് ഈ അവാർഡ് കിട്ടിയത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് വ്യക്തിപരമായി യാതൊരു പ്രശ്നവുമില്ല. വളരെ ബഹുമാനമുണ്ട്. പക്ഷെ ഈ ഗവൺമെന്റ് വന്നതിനു

ശേഷം എനിക്ക് പണ്ടുള്ള ഭരണപരമായ എസ്റ്റിമേഷനിൽ കുറവ് വന്നത് ഞാൻ പരസ്യമായി പറഞ്ഞു. അതിന് കാരണങ്ങളുമുണ്ട്.

ഈ നിയമസഭയിൽ ഭരണകക്ഷിയിലെ പല മന്ത്രിമാരേയും നിയന്ത്രിക്കാൻ കഴിയുന്നില്ല. മന്ത്രിമാർ, സംസ്ഥാന ഭരണത്തലവന്മാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്നിവരെപ്പറ്റിയാണല്ലോ ഈ വകുപ്പിൽ പറയുന്നത്. ഞാൻ നിയമസഭയിൽ വന്നിട്ട് 12 വർഷമായി. ഒരു നിമിഷവും ഞങ്ങൾ സഭയിൽ നിന്ന് എഴുന്നേൽക്കുകയില്ല, അനങ്ങുകയില്ല, മൂത്രമൊഴിക്കാൻ അത്യാവശ്യത്തിനാരെങ്കിലും പോയാൽ ആയി. അതിനും ആ സമയത്തു പോകാൻ തയ്യാറാകില്ല. ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിക്കുമ്പോഴും ചോദ്യോത്തര വേളയിലും രണ്ട് മന്ത്രിമാർ സ്ഥിരം സ്പീക്കർക്കെതിരായി പൃഷ്ഠം തിരിഞ്ഞ് നിൽക്കുകയാണ്, പേര് ഞാൻ പറയുന്നില്ല. പൃഷ്ഠാപൃഷ്ഠൻ എന്നൊരു അവാർഡാണ് അവർക്കിപ്പോൾ കൊടുക്കേണ്ടത്. യു.എൻ.ഡി.പി.ക്കുവേണമെങ്കിൽ ഞാൻ എഴുതിക്കൊടുക്കാം. പക്ഷേ എന്റെ കയ്യിൽ വെബ്സൈറ്റും മാങ്ങാത്തൊലിയുമൊന്നുമില്ല. എന്റെ കയ്യിൽ അതൊന്നുമില്ലാത്തതുകൊണ്ട് ഞാനതിൽ ഇടപെടുന്നില്ല. പൃഷ്ഠാപൃഷ്ഠന്മാർ, രണ്ടു പേർ സ്ഥിരമല്ലേ; ഇത് ശരിയാണോ? എന്നെങ്കിലും മുഖ്യമന്ത്രി പാർലമെന്ററി മര്യാദകൾ അവർക്ക് കാണിച്ചുകൊടുത്തിട്ടുണ്ടോ? ചോദ്യോത്തരവേളയിൽ കൃത്യസമയത്ത് ഒരിക്കലും വരാത്ത മന്ത്രിമാരില്ലേ? വന്നാൽ കറങ്ങിയടിച്ച് നടക്കുകയല്ലേ? ഇതൊക്കെ എഥിക്സാണോ? പ്രൈമറി സ്കൂളിലും അല്ലെങ്കിൽ പ്രീഡിഗ്രിക്കും പഠിക്കുന്ന പിള്ളേരെപ്പോലെ കറങ്ങിയടിച്ച് നടക്കാനുള്ളതാണോ മന്ത്രിസ്ഥാനം? നിങ്ങളുടെ മന്ത്രിസഭയിലെ കുറെയാളുകൾ അന്തസ്സ് കളഞ്ഞു. എനിക്ക് അവരോട് വിരോധമില്ല. പക്ഷേ ഇത് ശരി

യാണോ? മന്ത്രിമാർ ധരിക്കുന്ന ഡ്രസ്സ് ശ്രദ്ധിച്ചിട്ടുണ്ടോ? ശരിയാണോ ഇത്? ഇത് ശരിയല്ല. മന്ത്രിമാർ ഇടുന്ന ഡ്രസ്സ്...... അതിനൊരു വ്യക്തിത്വമുണ്ട്. ശ്രീ. ഉമ്മൻ ചാണ്ടിക്ക് ഒരു വ്യക്തിത്വമുണ്ട്. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ക്കൊരു വ്യക്തിത്വമുണ്ട്, ശ്രീ. കെ. എം. മാണിക്കൊരു വ്യക്തിത്വമുണ്ട്. ശ്രീ. കെ. പി. മോഹനനും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ഒരോ വ്യക്തി ത്വമുണ്ട്. പക്ഷെ നമ്മുടെ ഒന്ന് രണ്ട് മന്ത്രിമാർക്ക് ഇത് വല്ലതുമുണ്ടോ; രാവിലെ ഒരു പുള്ളി, ഉച്ചയ്ക്കൊരു പുള്ളി, രാത്രിയൊരു പുള്ളി. പലതരം കള്ളി, എന്തൊക്കെയാണിത്? ചിലപ്പോൾ ട്രാഫിക് പോലീസാണെന്ന് തോന്നും, ചില സമയം സർക്കസ്സുകാരനാണെന്ന് തോന്നും. ചില സമയത്ത് വെയറ്ററാണെന്ന് തോന്നും, ഒരിക്കലും മന്ത്രിയാണെന്ന് തോന്നിയിട്ടില്ല. ഇതല്ലേ അവാർഡ് കിട്ടിയ മന്ത്രിസഭയുടെ പെർഫോമെൻസ്? ഞാൻ ദീർഘിപ്പിക്കുന്നില്ല.

2012-2013, അതായത് ഒരു വർഷം നിങ്ങൾ പ്ലാൻ ഫണ്ടിൽനിന്നുമാത്രം ലാപ്സാക്കിയത് 2000 കോടി രൂപയാണ്. ശ്രീ. കെ. എം. മാണി തന്ന കണക്കാണിത്. 2000 കോടി രൂപ 2012-2013-ൽ നിങ്ങൾ ചെലവാക്കിയിട്ടില്ല. അതുപോലെ നിങ്ങൾ ഇത്രയും കാലത്തിനുള്ളിൽ അതായത് രണ്ട് വർഷത്തി നുള്ളിൽ 1,70,000 കോടി രൂപയുടെ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ 30,000 കോടി രൂപയുടെ പദ്ധതികൾ നിങ്ങൾക്ക് നടപ്പിലാക്കാനോ പ്ലാൻ ചെയ്യാനോ കഴിഞ്ഞിട്ടില്ലായെന്ന് ചോദ്യത്തിന് മറുപടി തന്നിരിക്കുകയാണ്. 2011 മുതൽ 2013 വരെയുള്ള രണ്ട് വർഷം 570 പദ്ധതികളിലൂടെ 1,70,000 കോടി രൂപ യുടെ നോൺ പ്ലാൻ അടങ്കലിൽ നിങ്ങൾ 30,000 കോടി രൂപ ചെലവഴിച്ചിട്ടില്ല. എന്നിട്ടാണ് സുതാര്യമാണ്, അവിടെ ഐക്യരാഷ്ട്ര സഭയുടെ അവാർഡ്

കിട്ടി, പഴയ ഐക്യരാഷ്ട്ര സഭ ഇപ്പോഴുണ്ടോ? അമേരിക്കയുടെ നക്കികളല്ലേ ഇപ്പോൾ അവിടെയിരിക്കുന്നത്? ഐക്യരാഷ്ട്ര സഭ, എന്തോന്ന് സഭ? ഇറാഖിലെ പ്രസിഡന്റിനെ കൊണ്ടുപോയി വേറൊരു ഗവൺമെന്റ് തൂക്കിലേറ്റിയപ്പോൾ എവിടെ പോയി ഐക്യരാഷ്ട്ര സഭ? അഫ്ഘാനിസ്ഥാനിൽ അമേരിക്കൻ പട്ടാളം കടന്നുകയറിയപ്പോൾ എവിടെ പോയി ഈ ഐക്യരാഷ്ട്ര സഭ? ഇറാനെ ആക്രമിക്കാൻ ശ്രമിക്കുമ്പോൾ, കൊറിയയെ വെല്ലുവിളിക്കുമ്പോൾ എവിടെ പോയി ഈ ഐക്യരാഷ്ട്ര സഭ; അമേരിക്കൻ നക്കികളാണിപ്പോൾ ഐക്യരാഷ്ട്ര സഭ. പഴയതൊക്കെ പോയി. അവിടെ ഇരുന്ന നക്കിയ ഒരാൾ ഇപ്പോൾ എം.പി.യായി ഇരിപ്പുണ്ട്. അദ്ദേഹം അവിടെപ്പോയി പല കാര്യങ്ങളും സാധിച്ചുകൊടുത്തിട്ടുണ്ട്. ഇതെല്ലാവർക്കുമറിയാം. ഐക്യരാഷ്ട്ര സഭയുടെ അംഗീകാരമാണെങ്കിലും കിട്ടിയത് വാങ്ങിച്ചോ. എനിക്ക് അഭിപ്രായ വ്യത്യാസമില്ല. അതുകൊണ്ട് ഇത് നല്ല ഗവൺമെന്റാണെന്ന് ഞങ്ങൾ പറയണമെന്ന് ശ്രീ. പി. സി. വിഷ്ണുനാഥിനെപ്പോലെ നല്ലൊരു ഭാവിയുള്ള ഒരാളിങ്ങനെ പറയാൻ പാടില്ല. അങ്ങേയ്ക്ക് നാളെ ഒരവാർഡ് കിട്ടിയാലത് നശിപ്പിക്കും നിങ്ങളെ, ഈ അവാർഡിലൊന്നും ശ്രീ. ഉമ്മൻ ചാണ്ടി ഇരിക്കരുത്. ഇതുപോലെയുള്ള വൃത്തികെട്ട ഗവൺമെന്റ് രീതികൾ മാറ്റി നല്ലൊരു ഗവൺമെന്റാകാൻ പഠിക്കുന്നതിനുപകരം ഐക്യരാഷ്ട്ര സഭയിൽ നിന്ന് അവാർഡ് വാങ്ങുന്നു. ഇതിനെക്കാൾ വൃത്തികെട്ട ഒരു കാര്യമുണ്ടോ, എന്നു പറഞ്ഞാൽ പൃഷ്ഠാപൃഷ്ഠന്മാർ 24 മണിക്കൂറും ഈ സഭയ്ക്കകത്ത് പൃഷ്ഠം തിരിഞ്ഞു നിൽക്കും, ഇപ്പോൾ വല്ലപ്പോഴുമേയുള്ളൂ. ഇതൊന്നും ശരിയായിട്ടുള്ള ഒരു കാര്യമല്ല. ഇവിടെ വനം വകുപ്പ് ജനങ്ങൾക്ക് ദ്രോഹമായിട്ട് മാറിയിരിക്കുകയാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാ

ഗത്തെ അവിടെനിന്നും അടിച്ചിറക്കുകയാണ്. അവരെ വനവിഭവങ്ങൾ എടുക്കാൻ സമ്മതിക്കുന്നില്ല. കൃഷിക്കാരേയും അതുപോലെതന്നെ ആനകളേയും അവർ ഉപദ്രവിക്കുകയാണ്. എന്നാൽ കാടുമുഴുവൻ കൊള്ളയടിക്കാൻ കാട്ടുകള്ളന്മാർക്ക് എന്നും കൂട്ടുനിന്നത് വനംവകുപ്പിലെ ഉന്നത ഉദ്യോഗസ്ഥന്മാരാണ്. അവരെ നിയന്ത്രിക്കണം, വളരെ കാര്യമായിട്ടുതന്നെ വനംവകുപ്പിലെ ഉദ്യോഗസ്ഥരെ നിയന്ത്രിക്കേണ്ടതുണ്ട്. കേരളത്തിലെ ജനകീയ കലാകാരനായിട്ടുള്ള കലാഭവൻ മണിയോട് അവർ എന്താണ് ചെയ്തത്? ഐ. ജി. തെറ്റാണെന്ന് പറഞ്ഞിട്ടുപ്പോലും അറസ്റ്റ് ചെയ്തില്ലേ? അങ്ങനെ പലരേയും അറസ്റ്റ് ചെയ്യാൻ ഇവർ തയ്യാറുണ്ടോ; അയാളൊരു പട്ടികജാതിക്കാരനായതുകൊണ്ട്, ഒരു കറുത്ത ആളായതുകൊണ്ട്, ജനങ്ങളുടെ കലാകാരനായതുകൊണ്ട് അയാളെ നിങ്ങൾ ഓടിച്ചിട്ട് പിടിച്ചില്ലേ? അയാൾ ജാമ്യമെടുത്തു. ഇവിടത്തെ മുഖ്യമന്ത്രി അതിനെ എതിർത്തോ? ഗവൺമെന്റ് എതിർത്തോ; സാംസ്കാരിക മന്ത്രി എതിർത്തോ? ഇതൊക്കെ നമ്മുടെ അനുഭവങ്ങളാണ്. വനംവകുപ്പിന്റെ വലിയ വലിയ കാര്യങ്ങളെപ്പറ്റി കൂടുതലൊന്നും പറയേണ്ട. എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ആളാണ് ശ്രീ. പി. ജെ. ജോസഫ്. പക്ഷെ അദ്ദേഹം ഇന്നൊരു മന്ത്രിയാണോ; *************[6]അദ്ദേഹത്തിന്റെ മനസ്സ് ആകാശത്തുമല്ല, ഭൂമിയിലുമല്ല. എന്തെങ്കിലും അദ്ദേഹം ചെയ്യുന്നുണ്ടോ?

<u>ശ്രീ. സി. പി. മുഹമ്മദ്:</u> സർ, പോയിന്റ് ഓഫ് ഓർഡർ

<u>ശ്രീ. ജി. സുധാകരൻ:</u> സർ, പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നത് *************പറഞ്ഞതിനല്ലേ? ഞാൻ പിൻവലിച്ചു. പോയിന്റ് ഓഫ് ഓർഡർ വേണ്ട, ഞാൻ അത് പിൻവലിച്ചു. വെള്ള തേച്ച ശവക്കല്ലറകൾ എന്നു ഞാൻ പറയുകയാണ്. തീർന്നല്ലോ പ്രശ്നം. വെള്ളയുണ്ട്.

---

6 ************* പിൻവലിച്ചു.

മി. സ്പീക്കർ: യെസ്. അദ്ദേഹം അത് പിൻവലിച്ചു. .... (ബഹളം)

ശ്രീ. ജി. സുധാകരൻ: സർ, എന്താണ് പറഞ്ഞത്, *************[7]എന്നു പറഞ്ഞു. ഞാനത് പിൻവലിച്ചു. (ബഹളം) എന്നെപ്പറ്റി അങ്ങനെ പറയേണ്ട അവസ്ഥ ഞാൻ വരുത്തിയിട്ടില്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്. .... (ബഹളം).. ഞാനത് പിൻവലിച്ചു. ************* എന്നുള്ളത് പിൻവലിച്ചു. ശ്രീ. പി. ജെ. ജോസഫ് ഒരുകാലത്ത് ഇവിടത്തെ ഒരു മാതൃകാ നേതാവായിരുന്നു. ആ പി. ജെ. ജോസഫ് എവിടെപ്പോയി; ആ ആത്മാവ് മരിച്ചുപോയെന്നാണ് ഞാൻ പറഞ്ഞത്. വേറെയൊന്നുമല്ല. ഞാൻ നേരത്തെയും പറഞ്ഞു, എന്തായാലും അദ്ദേഹം അഴിമതിയില്ലാത്ത, സംശുദ്ധ നായ ഒരു നേതാവായിരുന്നില്ലേ, അദ്ദേഹത്തിന് എന്തെങ്കിലും വകുപ്പ് കിട്ടിയാൽ... ശ്രീ. കെ. സി. ജോസഫ്, ഞങ്ങൾ അനുഭവംകൊണ്ടാണ് പറയുന്നത്. എന്റെ മണ്ഡലത്തിൽ 30 കിലോമീറ്റർ കടൽത്തീരമുണ്ട്. മുഴുവൻ കടൽകേറി, ഒരൊറ്റ കല്ലിട്ടിട്ടില്ല. കേരളത്തിൽ 500 കിലോമീറ്റർ കടൽത്തീരമുണ്ട്, എവിടെയെങ്കിലും കല്ലിട്ടിട്ടുണ്ടോ? നിങ്ങളുടെ മണ്ഡലങ്ങ ളിലിട്ടോ? അദ്ദേഹമെന്താണ് ചെയ്തത്? ഏത് ഗവൺമെന്റ് വന്നാലും കടലിൽ കല്ലിടുകയും കടൽഭിത്തി കെട്ടുകയും ചെയ്യുമായിരുന്നു, ഒന്നും ചെയ്തില്ല എന്നുള്ളത് പറയുകയാണ്. കുട്ടനാട് പാക്കേജ് നശിപ്പിച്ചില്ലേ, ഇടുക്കി പാക്കേജ്, വയനാട് പാക്കേജ് എന്നിവയെല്ലാം എന്തുചെയ്തു? അതുകൊണ്ട് നിങ്ങളെല്ലാം ഭംഗിയായി ചെയ്തുവെന്ന് പറയുന്നതൊന്നും ശരിയായ കാര്യമല്ല.

---

[7] ************* പിൻവലിച്ചു.

അതുപോലെ ശബരിമലയുടെ വികസനത്തെ വനംവകുപ്പ് തടയുകയാണ്. അന്നുമിന്നും തടയുകയാണ്. ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിലെ ഏറ്റവും വലിയ ശത്രു വനംവകുപ്പിലെ അഴിമതിക്കാരായ ഉദ്യോഗസ്ഥരാണ്. മന്ത്രിമാർക്ക് അത് തടയാൻ കഴിയുന്നില്ല. ഇ-ഗവേണൻസ്. ഞാൻ അധികം സമയമെടുക്കുന്നില്ല. സുതാര്യ കേരളം, സുതാര്യമാണോ? 10-06-2013-ലെ ശ്രീ. കെ. ദാസന്റെ ചോദ്യം നമ്പർ 63, പി.എസ്.സി. നിയമനങ്ങളെപ്പറ്റി വിവരം ചോദിച്ചപ്പോൾ, വിവരം ശേഖരിച്ചുനൽകുന്നതാണ്. ഇതാണോ സുതാര്യം? 10.06.2013-ൽ ശ്രീ. ടി. എ. അഹ്മദ് കബീർ ചോദിച്ച ചോദ്യം നമ്പർ 57, പി.എസ്.സി. നിയമനങ്ങളെപ്പറ്റിയുള്ള ചോദ്യത്തിന് വിവരം ശേഖരിച്ചുനൽകുന്നതാണെന്നാണ് മറുപടി. 10.06.2013-ൽ ഡോ. കെ. ടി. ജലീലിന്റെ ചോദ്യം നമ്പർ 20, മന്ത്രിമാർക്കും ഉദ്യോഗസ്ഥന്മാർക്കുമെതിരെ നിയമസഭയിലുന്നയിച്ച ആക്ഷേപങ്ങളെപ്പറ്റി വിശദീകരിക്കാമോ, വിവരം ശേഖരിച്ചു വരുന്നു. കാർഡുകളുടെ എണ്ണം ചോദിച്ചു, അതിനും വിവരം ശേഖരിച്ചു വരുന്നു, ഇതാണോ ഇ-ഗവേണൻസ്; ഐ- ഗവേണൻസും എ-ഗവേണൻസുമുണ്ട്. എന്റെ ജില്ല എ ആണ്. അതായത് എ കോൺഗ്രസ്സിനാണ് ഡി.സി.സി. പ്രസിഡന്റ് സ്ഥാനം. അങ്ങനെ എ-യും ഐ-യുമായി ഗവേണൻസ്, അത് നിങ്ങളുടെ കാര്യം. പക്ഷെ നിങ്ങൾ ഈ കാര്യങ്ങളൊക്കെ വെറുതെ കൊട്ടിഘോഷിക്കുകയാണ്. ഒന്നുംതന്നെ കാര്യമായിട്ട് നടക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് അതിവേഗം പോയിട്ട്, അങ്ങിപ്പോൾ നിൽക്കുന്നതെവിടെയാണെന്ന് ഒന്ന് പറയാമോ? റെയിൽവേ സ്റ്റേഷനിൽ പോകുമ്പോൾ സ്റ്റേഷൻ അറിയാമല്ലോ; ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിവേഗത്തിൽ പോയിട്ട് ഇപ്പോൾ എവിടെയാണ് നിൽക്കുന്നത്? ഇപ്പോൾ ഇവിടെ

ഇരിക്കുകയാണ്. അതിവേഗം എങ്ങോട്ടാണ് പോകുന്നത്, കാസർഗോഡ് കഴിഞ്ഞ് പോയോ? ബഹുദൂരം- ബഹുദൂരമെന്നുപറഞ്ഞാൽ ഓവർ സ്പീഡാണ്, കേസ്സെടുക്കണം. ഓവർസ്പീഡ് പോകാൻ പാടില്ല. ഈ മുദ്രാ വാക്യം അസംബന്ധമാണ്. നല്ലൊരു മുദ്രാവാക്യം അങ്ങ് സ്വീകരിക്കണം. മുദ്രാവാക്യത്തിന് ഒരു ചാമിംഗ്നെസ്സുണ്ട്, പക്ഷേ ആ ചാമിംഗ്നെസ് അർത്ഥം വന്നപ്പോൾ പിഴച്ചുപോയി. അതിവേഗം പോയാൽ ഓവർ സ്പീഡാണ്. കേസ് എടുത്തേ പറ്റൂ. പക്ഷെ മുഖ്യമന്ത്രിയുടെ പേരിൽ കേസ്സെടുക്കണമെന്നല്ല ഞാൻ പറയുന്നത്. ഇതുപോലെയുള്ള മുദ്രാവാക്യങ്ങളിൽ വലിയ കാര്യമൊ ന്നുമില്ലെന്ന് മനസ്സിലാക്കണം.

അതുപോലെ സേവനാവകാശ നിയമത്തിൽ മന്ത്രിമാരെയും മുഖ്യമന്ത്രി യെയും ഉൾപ്പെടുത്തിയിട്ടില്ല. വരൾച്ചയ്ക്ക് 10,000 കോടി രൂപ നിങ്ങൾ കേന്ദ്ര ത്തോട് ആവശ്യപ്പെട്ടെങ്കിലും ഒറ്റ രൂപപോലും തന്നിട്ടില്ല. ഇതാണോ നല്ല ഭരണം. സാധാരണഗതിയിൽ എല്ലാവർഷവും പ്ലാനിംഗ് കമ്മീഷൻ നമുക്ക് തരുന്ന ഒരു തുകയുണ്ട്. ആ തുകയായ 496 കോടി രൂപ ലഭിച്ചു. അല്ലാതെ 10,000 കോടി രൂപയിൽ ഒരു പൈസ പോലും കിട്ടിയിട്ടില്ല എന്നുള്ളത് അങ്ങ് സമ്മതിക്കണം. സമ്മതിക്കാതിരിക്കാൻ പറ്റില്ല, അങ്ങ് തന്ന കണക്കുകൾ ഞാനിവിടെ വായിക്കുന്നുവെന്ന് മാത്രമേയുള്ളൂ. രണ്ട് വർഷം കേന്ദ്രത്തിൽ നിന്ന് എന്തൊക്കെ കിട്ടിയെന്ന് ഒന്ന് പറയാമോ? ധാരാളം പദ്ധതികൾ കൊടു ത്തില്ലേ? മന്ത്രിസഭ മുഴുവനായി പോകുന്നത് ശരിയാണോ? മന്ത്രിസഭ മുഴു വൻ മുഖ്യമന്ത്രിയുടെ കൂടെയുണ്ടെങ്കിൽ മാത്രമെ ഞാൻ മുഖ്യമന്ത്രിയാ ണെന്ന് ഇൻഡ്യയുടെ പ്രസിഡന്റിനോ പ്രധാനമന്ത്രിക്കോ ക്യാബിനറ്റ് മന്ത്രി മാർക്കോ തോന്നുകയുള്ളൂവെന്ന അപകർഷതാബോധം അങ്ങയുടെ ഹൃദയ

ത്തിലുള്ളതുകൊണ്ടല്ലേ അങ്ങ് 21 പേരുമായി ഡൽഹിയിൽ പോയത്? അതിന്റെ ആവശ്യമെന്താണ്; അങ്ങ് ഒറ്റയ്ക്ക് പോയാൽപ്പോരേ? അല്ലെങ്കിൽ ബന്ധപ്പെട്ട മന്ത്രിമാർ പോയാൽപ്പോരേ? ഇതൊരു മാൽപ്രാകീട്സാണ്. ലോകത്തൊരു രാജ്യത്തുമില്ലാത്ത മാൽപ്രാക്ടീസാണ്. അങ്ങ് പോകുന്നിട ത്തെല്ലാം എല്ലാ മന്ത്രിമാരെയും കൊണ്ടുപോകുകയാണ്. ശരിയല്ല. അങ്ങ യുടെ ഉദ്ദേശശുദ്ധിയെ ഞാനിപ്പോൾ ചോദ്യം ചെയ്യുന്നില്ല. ഇതൊന്നും ശരി യല്ല. കേരളം കാണുന്ന തെറ്റായ പ്രാക്ടീസുകളാണ്. വളരെ വിദഗ്ദ്ധന്മാരായ മുഖ്യമന്ത്രിമാർപോലും അങ്ങനെയൊന്നും ചെയ്തിട്ടില്ല. ശ്രീ. എ. കെ. ആന്റണി പറഞ്ഞതാണ് സത്യം. കേരളത്തിൽ വരാനേ വിഷമമാണ് എന്തുകൊടുത്താലും എടുക്കുകയില്ല, അവിടെ ശ്രീ. എളമരം കരീം ഒക്കെ ഇരുന്നപ്പോൾ ഞാൻ മനസ്സിൽ കണ്ടാൽ മതി, അവർ ആകാശത്ത് കാണുമായിരുന്നു എന്നൊക്കെപ്പറഞ്ഞത് ഈ നാട്ടിലാണ്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. മെട്രോ റെയിൽവെ 4000 കോടി രൂപയ്ക്ക് തീരേണ്ടതല്ലേ? നിങ്ങൾ താമസിപ്പിച്ചതുകൊണ്ട് ഇപ്പോൾ 5000 കോടി രൂപയായി. 1000 കോടി രൂപ കേരളത്തിന്റെ ഖജനാ വിൽ നിന്ന് അനാവശ്യമായി ചെലവഴിക്കണം. നിങ്ങൾ രണ്ട് വർഷം വച്ച് താമസിപ്പിച്ചതുകൊണ്ടല്ലേ?

കേരളത്തിലെ വിമാന സർവ്വീസ് എന്തായി. ഒരു വിമാന കമ്പനി നട ത്തണമെങ്കിൽ വിമാന സർവ്വീസ് നടത്തി ആദ്യം പരിചയം വേണം. ലൈസൻസ് കിട്ടുകയില്ല എന്നറിഞ്ഞുകൊണ്ട് ഇറങ്ങി പുറപ്പെട്ടിരിക്കു കയാണ്, ഇത്ര വർഷമെന്ന് ഒരു കണക്കുണ്ട്. മുഖ്യമന്ത്രി ഇവിടെ വിമാനം പറപ്പിക്കുകയാണോ? ഞങ്ങൾ അദ്ദേഹത്തെപ്പറ്റി കേട്ടിട്ടുള്ള ഏറ്റവും തമാശ

യായ ഒരു കാര്യം ആസ്വദിക്കാവുന്നതാണ്. ജോർജ്ജ് ബുഷ് അമേരിക്കൻ പ്രസിഡന്റ് ആയിരുന്നപ്പോൾ അദ്ദേഹത്തിന് ഒരു കത്തെഴുതി, ഇവിടെ ഫിലാഡെൽഫിയയിൽ താമസിക്കുന്ന അന്തോണിച്ചേട്ടന് അവിടെയൊരു വലിയ ടെക്നോപാർക്കുണ്ട്, ആ ടെക്നോപാർക്കിൽ അദ്ദേഹത്തിന് 100 ഏക്കർ സ്ഥലം കൊടുക്കണം. അതിന് അദ്ദേഹത്തിന്റെ കൂടെ വരുന്ന ചാക്കോച്ചന്റെ കയ്യിൽ കത്ത് കൊടുത്തയയ്ക്കുന്നു, വേണ്ടത് ചെയ്യണം.. അത് തമാശയായിട്ടുള്ളതാണ്. എല്ലാപേർക്കും കത്തുകൾ കൊടുക്കുന്ന ഒരു ജനകീയ എം.എൽ.എ.യെന്നുള്ള നിലയിൽ ഇത്തരം കത്തുകളെഴുതി എന്നത് തമാശക്കഥയാണ്. പക്ഷെ വിമാന സർവ്വീസ് എവിടെയാണ്; അതിന് അംഗീകാരമില്ല. ആ കമ്പനി ഉണ്ടാകുകയില്ല. കുട്ടനാട്ടിലെ മത്സ്യത്തിന്റെ വംശനാശം ഇല്ലാതാക്കാൻ നിങ്ങളിപ്പോൾ കായലിൽ വിമാനമിറക്കാൻ പോകുകയാണ്. തൊഴിലാളികൾ സമ്മതിച്ചില്ല. ഇനിയിപ്പോൾ അറേബ്യൻ കടൽ, നീർക്കുന്നത്തും ചാകര ചാകരയെന്നുവിളിക്കുന്ന പുറക്കാട്ടുമെല്ലാം ഈ പ്ലെയിൻ കൊണ്ടുവന്നാൽ സാധാരണക്കാർക്ക് വല്ല പ്രയോജനവുമുണ്ടോ?

കുട്ടനാട്ടിലെ ചിരിതയും കുട്ടപ്പനുമൊന്നും രാവിലെ കൊയ്യാൻ പോകുന്നത് പ്ലെയിനിൽ കയറി അല്ല. അവിടത്തെ വിമാനത്താവളം ചില സമ്പന്ന വർഗ്ഗത്തിനുവേണ്ടിയുള്ളതാണ്. ഇഷ്ടംപോലെ പണമുള്ളവർക്ക് ആസ്വാദിക്കുവാനും വേണ്ടിയുള്ളതാണ്. അതൊക്കെ നിങ്ങൾ നടത്തിക്കോ. അത് ഗവൺമെന്റിന്റെ നേട്ടമാണ്. പക്ഷെ ജനാധിപത്യപരമാണെന്നുമാത്രം പറയരുത്. ഇങ്ങനെയൊക്കെ കുറേ കെട്ടുകാഴ്ച കാണിച്ചിട്ടുള്ള ആന്ധ്രയിലെ

നേതാവ്, ഞങ്ങളുടെ കൂടെയായിരുന്നു; ഇപ്പോൾ എവിടെയാണ്? ഐ.റ്റി.-യുടെ ഏറ്റവും വലിയ ആളായിരുന്നല്ലോ അദ്ദേഹം. ഇലക്ഷനിൽ അദ്ദേഹം തോറ്റുപോയി. നിങ്ങളാണ് ജയിച്ചത്. കാരണം ആ പണി നിങ്ങൾ അന്നു നടത്തിയില്ല. പക്ഷെ ഇപ്പോൾ ആ പണി ഇവിടെ നടത്തുകയാണ്. കാണാം നമുക്ക്. നിങ്ങൾ സാമ്പത്തിക മേഖലയുടെമേൽ രാഷ്ട്രീയ സമ്മർദ്ദമുണ്ടാക്കുകയാണ്. നിങ്ങൾ പി.എസ്.സി. അംഗങ്ങളുടെ എണ്ണം ആവശ്യമില്ലാതെ വർദ്ധിപ്പിച്ചു. ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നില്ല. അതുപോലെ ധാരാളം സ്പെഷ്യൽ ഓഫീസർമാരേയും സെക്രട്ടറിമാരേയും നിയമിച്ചു. നൂറു വിജിലൻസ് കേസ്സുകളിൽ കിടന്നുലയുന്ന, പെൻഷൻപോലും കിട്ടാത്ത ഒരാളെ പിടിച്ച് ഒരു പ്രത്യേക കോളേജിന്റെ ഓഫീസറാക്കിയിട്ടുണ്ട്. ഞാൻ പ്രായംകൊണ്ട് അദ്ദേഹത്തെപ്പറ്റി ഒന്നും പറയുന്നില്ല. ഇതൊക്കെ വെറും ആശ്രിതവാത്സല്യമാണ്. ഇതൊന്നും ശരിയായ കാര്യമല്ല. 8 കേന്ദ്രമന്ത്രിമാർ ഊരുചുറ്റുന്നു. അതിൽ ശ്രീ. എ.കെ. ആന്റണിയേയും ശ്രീ. വയലാർ രവിയേയും മാറ്റി നിറുത്തുന്നു. അവരൊക്കെ അത്യാവശ്യത്തിനേ വരാറുള്ളൂ. ബാക്കി 6 കേന്ദ്രമന്ത്രിമാരുടെ ജോലി എന്താണ്? അവരുടെ സകല ചെലവും ഈ പാവപ്പെട്ട സംസ്ഥാനമാണ് വഹിക്കുന്നത്. സംസ്ഥാന മന്ത്രിമാരുടെ കാര്യം അവർ പ്രഖ്യാപിക്കുകയാണ്. പല സംസ്ഥാന മന്ത്രിമാരും എം.എൽ.എ. വഴിയോ അവർ നേരിട്ടോ പറയേണ്ട കാര്യം ഇന്ന കേന്ദ്ര സഹമന്ത്രി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അനുവദിച്ചിരിക്കുന്നുവെന്നുപറഞ്ഞ് ഭരണഘടനാ ലംഘനമുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ഞാനിത് ചൂണ്ടിക്കാണിക്കാനുള്ള കാരണം, ഈ സഹമന്ത്രിമാർ നമ്മുടെ സുഹൃത്തുക്കളാണ്, ഇതൊന്നും നല്ലതല്ല.

മുമ്പൊന്നും കോൺഗ്രസ് ഗവൺമെന്റ് ഇങ്ങനെ ചെയ്തിട്ടില്ല. ഏതെങ്കിലുമൊരു സഹമന്ത്രിക്ക് എന്തെങ്കിലും പണിയുണ്ടോ? ഈ സഹമന്ത്രിയെ വടക്കേ ഇൻഡ്യയിൽ ആർക്കെങ്കിലും അറിയുമോ? സഹമന്ത്രിമാരായി പത്തു മൂന്നൂറുപേരുണ്ട്; ആര് ആരെ അറിയാനാണ്? ഇവർക്ക് അവിടെ കസേര പോലുമില്ല. ക്യാബിനറ്റിന്റെ പടിവാതിലിൽ കയറാനൊക്കില്ല. അവിടെ ഒരു പണിയുമില്ല. ഇതൊക്കെ ആയിക്കോട്ടെ, നമുക്കൊരു തർക്കവുമില്ല. ഇവിടത്തെ ശ്രീ. അനിൽകുമാർ, വകുപ്പ് ഒരു സഹമന്ത്രിയെ ഏൽപ്പിച്ചിരിക്കുകയാണ്, അദ്ദേഹമാണ് പ്രഖ്യാപിക്കുന്നത്. ആരോഗ്യവകുപ്പുമന്ത്രിയെ ഏൽപ്പിച്ചിരിക്കുകയാണ് വകുപ്പ്. ഇതൊക്കെ ശരിയാണോ? ഇതൊന്നും ശരിയായ ഭരണ രീതിയല്ല. ഇതൊന്നും ശരിയായ ഗവേണൻസല്ല. ഞാൻ ഈ നിയമസഭ വന്ന കാലംമുതലേ പറയുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങേയ്ക്ക് നല്ല പരിചയമുണ്ട്. അങ്ങ് കോൺഗ്രസ്സിലെ സമുന്നതനായ നേതാവാണ്. ഇത്തരത്തിലുള്ള വൃത്തികെട്ട രീതികൾ അവസാനിപ്പിച്ചിട്ട് കുറേക്കൂടി അന്ത:സുള്ള..... നിങ്ങൾ ഇരിക്കുന്ന കാലത്തോളം ഇരുന്നാൽ മതി. നിങ്ങൾ ഈ വർഷം പോകുമെന്നാണ് എന്റെ വിശ്വാസം. ഈ വർഷം നിങ്ങൾ പോയില്ലെങ്കിൽ ചിലപ്പോൾ കുറച്ചുകാലം കൂടി ഇരിക്കും എന്നൊരു സംശയവും എനിക്കുണ്ട്. പക്ഷെ നിങ്ങൾ ഈ വർഷംതന്നെ പോകാനാണ് സാധ്യത. നിങ്ങൾ കുറച്ചുകൂടി സീരിയസ്സായി കാര്യങ്ങൾ ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്.

പി.ഡബ്ല്യൂ.ഡി. ഒരുപാട് റോഡുകൾ കൊടുത്തു എന്നു പറയും. ആർക്കാണ് കൊടുത്തതെന്ന് ചോദിച്ചാൽ പറയില്ല. അതുസംബന്ധിച്ച് ഒരു ധവളപത്രം ഇറക്കണം. ഈ ഗവൺമെന്റ് വന്നതിനുശേഷം എവിടെയെല്ലാം റോഡുകളും പ്രോജക്ടുകളും ബഡ്ജറ്റിൽ ഇല്ലാത്തത് കൊടുത്തു. ബഡ്ജറ്റിൽ ഇല്ലാത്തത് കൊടുക്കാനുള്ള അധികാരമുണ്ട്. അത് നിയമാനുസ

രണമാണോ? ഇക്വിറ്റബിൾ ഡിസ്ട്രിബ്യൂഷനാണോ? അല്ലെന്നുള്ളതാണ് എന്റെ അഭിപ്രായം. അതിനെക്കുറിച്ച് ഒരു ധവളപത്രമിറക്കണം. ഭയങ്കരമായ സ്വജനപക്ഷപാതം കാണിച്ചിരിക്കുകയാണ്. ഒരു പരിധി വരെ കാണിക്കാം. പിന്നെ ഇവിടെ പറഞ്ഞു അറബി ഭാഷയിൽ അദ്ദേഹത്തിനൊരു അഭിനന്ദനക്കത്തുവന്നു എന്ന്. അതൊക്കെ നല്ലകാര്യം. ഞങ്ങളാരും കാണാത്തത് ഭാഗ്യം. അല്ലെങ്കിൽ ഞങ്ങളും കൂട്ടത്തിൽ വിമർശിക്കുമായിരുന്നു. അറബി ഭാഷ എനിക്കറിയാൻ പാടില്ല. അവിടെ എനിക്ക് കുറച്ചു മലയാളികൾ സുഹൃത്തുക്കളായിട്ടുണ്ട്. എന്തിനാണ് ഇദ്ദേഹത്തെ പുകഴ്ത്തിയതെന്ന് അവരോട് ഞാൻ ചോദിക്കാം. പുകഴ്ത്തിക്കോട്ടെ, ഇതൊക്കെ എന്തിനാണ് ഇവിടെ എടുത്തുപറയുന്നത്? സംസ്ഥാന മുഖ്യമന്ത്രിസ്ഥാനത്തുനിന്നും മാറി അദ്ദേഹം ഒരു അംബാസിഡറാകാൻ പോകുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അറേബ്യയിലെ ഏതോ ഒരു രാജ്യത്തെ അംബാസിഡറായി ഉമ്മൻചാണ്ടി സാറിനെ മാറ്റുന്നതിനുള്ള ഗൂഢനീക്കം നടക്കുന്നു. അതുകൊണ്ടാണ് അറേബ്യയിൽ നടക്കുന്ന കാര്യങ്ങൾ പറയുന്നത്. പുകഴ്ത്തുന്നവരെ സൂക്ഷിക്കണം. തിരുവനന്തപുരം പുകഴ്ത്തലുകാർ കുറച്ച് കൂടുതലുള്ള സ്ഥലമാണ്, വളരെയേറെ സൂക്ഷിക്കണം. ഇവിടെ ഒരു ഫിലോസഫിയുമില്ലായെന്നു ശ്രീ. ശ്രീരാമകൃഷ്ണൻ പറഞ്ഞത് ശരിയാണ്. ബൂർഷ്വാ ഫിലോസഫിയിലെ നല്ല വശങ്ങൾപോലുമില്ല. കേരളത്തിൽ വലിയ ബൂർഷ്വാസികളൊന്നുമില്ല. കുറേ നക്കി ബൂർഷ്വാസികൾ മാത്രമേയുള്ളൂ. അമേരിക്കൻ സാമ്രാജ്യത്വം വാരിപ്പെറുക്കിയിട്ടുകൊടുക്കുന്ന, നൊണഞ്ഞുനൊണഞ്ഞു നടക്കുന്ന നക്കി ബൂർഷ്വാസികളാണുള്ളത്. യഥാർത്ഥ ബൂർഷ്വാസികൾ ഇവിടെയില്ല. അതുകൊണ്ട് സാമ്രാജ്യത്വ ബൂർഷ്വാസികൾ നിങ്ങളെയൊന്നും കണക്കിലെടുത്തിട്ടില്ല.

അതുകൊണ്ട് നിങ്ങൾ അവരുടെ പ്രീതിക്കുവേണ്ടി ചെയ്യുന്നതൊന്നും അവരുടെ മുമ്പിലില്ല.

ശ്രേഷ്ഠഭാഷയെപ്പറ്റി വളരെ ബഹുമാനത്തോടുകൂടി അദ്ദേഹം പറഞ്ഞു. ഞങ്ങൾക്കെല്ലാം ബഹുമാനമുണ്ട്. പക്ഷെ മലയാളം ശ്രേഷ്ഠഭാഷയായതുകൊണ്ട് ഇന്നലെവരെ മലയാളഭാഷ മോശമായിരുന്നു എന്ന ധാരണയിൽ പ്രചരണം നടക്കുകയാണ്. ഇതെന്താണ്; മ്ലേച്ഛഭാഷയായിരുന്നോ? അവാർഡ് കിട്ടിയത് നല്ലകാര്യം. അതിന് അവാർഡ് കിട്ടിയാലും കിട്ടിയില്ലെങ്കിലും കുഴപ്പമില്ല. സഖാവ് എ.കെ. ബാലന്റെ അട്ടപ്പാടിയിലെ മരണത്തെപ്പറ്റിയുള്ള അടിയന്തരപ്രമേയത്തിന് മറുപടിയായി സംസാരിക്കുമ്പോൾ അങ്ങ് 32 ഇംഗ്ലീഷ് പദങ്ങൾ ഉപയോഗിച്ചു. അതിൽ 6 പദങ്ങൾ മലയാളവത്കരിച്ചതൊഴിച്ചാൽ 26 പദങ്ങൾ ഒഴിവാക്കേണ്ടതായിരുന്നു. അപ്പോൾ ശ്രേഷ്ഠഭാഷകൊണ്ട് കാര്യമില്ല. നമ്മൾ മലയാളത്തിൽ സംസാരിച്ച് ശീലിക്കണം. നായർ-ഈഴവ സംഖ്യം എന്നുപറയുന്ന കേരളം കണ്ട ഏറ്റവും അപകീർത്തികരമായ വൃത്തികെട്ട മുദ്രാവാക്യത്തിനുമേൽ യു.ഡി.എഫ്.-ലെ ഒരു വിഭാഗമാണെന്ന് ഞാൻ ആരോപിക്കുന്നു. നായർ-ഈഴവ സംഖ്യം മുസ്ലീമിനും ക്രിസ്ത്യാനിക്കും ധീവരനും നാടാന്മാർക്കും വിശ്വകർമ്മജർക്കും കുടുംബികൾക്കും എല്ലാം എതിരായിട്ടാണ്. ഇവിടെ നായരും ഈഴവരും തമ്മിൽ യുദ്ധം നടക്കുകയാണോ സംഖ്യമുണ്ടാക്കാൻ? ഇത് അസംബന്ധമാണ്. ഇത് അസംബന്ധമാണെന്നു പറയാൻ മുഖ്യമന്ത്രി തയ്യാറായോ, മന്ത്രിസഭ തയ്യാറായോ? നിങ്ങളാണ് അത് പ്രോത്സാഹിപ്പിച്ചത്. അവസാനം ശ്രീ. രമേശ് ചെന്നിത്തല നായർ കെ.പി.സി.സി. പ്രസിഡന്റായി. ശ്രീ. ചെന്നിത്തല നായരായി, കഷ്ടം. അദ്ദേഹം രണ്ടാം സ്ഥാനത്തിനുവേണ്ടി വാദിക്കുക

യാണ്. അദ്ദേഹത്തിന് ഒന്നാംസ്ഥാനമല്ലേ ഞങ്ങൾ കൊടുത്തിരിക്കുന്നത്? സഭയിൽ പ്രതിപക്ഷത്ത് ഒന്നാം സ്ഥാനത്ത് ഞങ്ങൾ അദ്ദേഹത്തിനെ ഇരുത്തിയിരിക്കുകയാണ്. പിന്നെ എന്തിനാണ് അവിടെപ്പോയി രണ്ടാം സ്ഥാനത്തിരിക്കുന്നത്? ഇതുകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. മലയാളം നല്ല ഭാഷയാണ്. ഇംഗ്ലീഷിനുതുല്യമായ ഭാഷയാണെന്ന് ഇംഗ്ലീഷുകൂടി പഠിച്ച ഒരാളെന്ന നിലയിൽ ഞാൻ പറയുന്നു.

1979-ൽ എ.ആർ. രാജരാജവർമ്മയുടെ അനുസ്മരണ യോഗത്തിൽ മഹാനായ ഇ.എം.എസ്. മാവേലിക്കരയിൽ ഒരു പ്രസംഗം നടത്തി. അന്ന് അദ്ദേഹം പറഞ്ഞു രമേശൻ എന്ന വാക്കുമാറ്റി ഇംഗ്ലീഷുകാർ നമ്മളെ രമേഷ് ആക്കി. നമ്മുടെ പേർ എന്തിനാണ് ഇംഗ്ലീഷുകാരിൽ നിന്ന് കടം വാങ്ങുന്നത് എന്ന് ഇ.എം.എസ്. ചോദിച്ചു. അതുകൊണ്ട് ക്യൂൻസ് ഇംഗ്ലീഷൊന്നും നമുക്ക് സംസാരിക്കാൻ കഴിയില്ല. ഞാൻ അഞ്ചുവർഷം ഇംഗ്ലീഷ് സാഹിത്യവും ഭാഷയും ഓപ്ഷനായി എടുത്ത ഒരാളാണ്. എനിക്ക് സായിപ്പിനെപ്പോലെ സംസാരിച്ചാൽ മനസ്സിലാകുമെന്ന് സായിപ്പ് മനസ്സിലാക്കിയില്ല. അതുകൊണ്ട് എന്തിനാണ് വെറുതെ ഈ മുറി ഇംഗ്ലീഷ്, മംഗ്ലീഷ് പറഞ്ഞ് ഇംഗ്ലീഷാണെന്ന് പറയുന്നത്. നല്ല മലയാളം പറയുക, അത്യാവശ്യത്തിന് ഇംഗ്ലീഷ് പറയുക. ഭാഷയെന്നുപറഞ്ഞാൽ ആശയവിനിമയമാണ്. ഇംഗ്ലീഷുകാർ സംസാരിക്കുന്നതുപോലെ നമുക്ക് സംസാരിക്കേണ്ട കാര്യമില്ല. മനോരമ വിഷനിലെ രഞ്ജിനി ഹരിദാസ് പറയുന്നത് കൊരച്ചുകൊരച്ച് മലയാളം എന്നാണ്. അവർക്ക് മലയാളം അറിയാത്തതുകൊണ്ടാണോ. അവരുടെ ധാരണ ഇങ്ങനെ പറഞ്ഞെങ്കിൽ മാത്രമേ മലയാളിക്ക് ഇഷ്ടപ്പെടുകയുള്ളുവെന്നാണ്. ആ കുട്ടിക്ക് നന്നായിട്ട് മലയാളം അറിയാം. അതുകൊണ്ട് നമ്മൾ കൊര

ച്ചുകൊരച്ച് ഇംഗ്ലീഷൊന്നും ഇടയ്ക്കിടയ്ക്ക് പറയണ്ട. നല്ല മലയാളം പറഞ്ഞാൽ മതി.

ഭരണവർഗ്ഗങ്ങളുടെ ഇടയിൽ രൂക്ഷമായ പ്രതിസന്ധിയുണ്ടായിരിക്കുകയാണ്. ഇന്ത്യൻ ഭരണവർഗ്ഗങ്ങളിൽ സ്വാതന്ത്ര്യസമരകാലത്തുതന്നെ ഇന്ത്യൻ ബൂർഷ്വാസികളുടെ ഇടയിൽ ഒരുമിച്ചുനിന്നപ്പോഴും അഭിപ്രായവ്യത്യാസമുണ്ട്. ബാലഗംഗാധര തിലകനും ഗോപാലകൃഷ്ണ ഗോഖലയും തമ്മിൽ, മഹാത്മാഗാന്ധിയും മുഹമ്മദാലി ജിന്നയും തമ്മിൽ, ജവഹർലാൽ നെഹ്റുവും സർദാർ വല്ലഭായി പട്ടേലും തമ്മിൽ, മഹാത്മാഗാന്ധിയും നേതാജിയും തമ്മിൽ ജവഹർലാൽ നെഹ്റുവും രാജാജിയും തമ്മിൽ അംബേദ്ക്കറും മഹാത്മാഗാന്ധിയും തമ്മിൽ, ഇന്ദിരാഗാന്ധിയും ജയപ്രകാശ് നാരായണനും തമ്മിൽ ഇന്ദിരാഗാന്ധിയും മൊറാർജി ദേശായിയും തമ്മിൽ രാജീവ് ഗാന്ധിയും വാജ്പേയിയും തമ്മിൽ ശ്രീ. മൻമോഹൻ സിംഗും ശ്രീ. പ്രണബ് മുഖർജിയും തമ്മിൽ ഇപ്പോൾ ശ്രീ. നരേന്ദ്ര മോഡിയും ശ്രീ. രാഹുൽ ഗാന്ധിയും തമ്മിൽ. ഇപ്പോൾ ശ്രീ. നരേന്ദ്ര മോഡിയും ശ്രീ. രാഹൂൽ ഗാന്ധിയുമാണ് ഇന്ത്യയിലെ 'either' 'or'. ഇത് അമേരിക്കയുടെ സാമ്രാജ്യത്വമാണ് ഇതിന്റെ പുറകിൽ. ശ്രീ. നരേന്ദ്ര മോഡിയെ കൊണ്ടുവരാൻ അവർ ശ്രീ. രാഹുൽ ഗാന്ധിയെ താഴ്ത്തിക്കെട്ടും. ശ്രീ. അദ്വാനി രാജിവച്ചിട്ട് തിരിച്ചുവന്നതുതന്നെ ശ്രീ. നരേന്ദ്ര മോഡിയുടെ പ്രതിച്ഛായ വർദ്ധിപ്പിക്കാൻ അമേരിക്കൻ സി.ഐ.എ., വലിയ ബുദ്ധിമാനാണെന്ന് കാണുന്ന ശ്രീ. അദ്വാനിയെ കളിപ്പിച്ചതാണ്. ശ്രീ. നരേന്ദ്ര മോഡി ഇങ്ങനെയൊരു പദവിയിലേയ്ക്ക് കാലും നീട്ടിയിരിക്കാൻ കാരണം കോൺഗ്രസ്സല്ലേ; യു.പി.എ. ഞങ്ങൾ പറഞ്ഞതുപോലെ കേട്ടിരുന്നെങ്കിൽ

ഇത് സംഭവിക്കുമോ? നിങ്ങൾ അമേരിക്കയുടെ ആണവ നയത്തിനുപുറകേ പോയതുകൊണ്ടല്ലേ? ഹിറ്റ്ലറുടെ കാലത്തെ യുദ്ധകുറ്റവാളികളെപ്പോലെ മുസ്ലീം ജനസാമാന്യത്തെ വംശവിച്ഛേദം, ജനോസൈഡ് നടത്തിയതിന്റെ പേരിൽ ന്യൂറംബെർഗ് ട്രയൽപോലെ ഒരു കോടതി സ്ഥാപിച്ച് മരിക്കുന്നതു വരെ കുറ്റവാളിയായി ജയിലടയ്ക്കേണ്ട ശ്രീ. നരേന്ദ്ര മോഡിയെ നിങ്ങളാണ് വളർത്തിയത്. നിങ്ങൾ അനുഭവിക്കും. പക്ഷേ ശ്രീ. നരേന്ദ്ര മോഡി ഇന്ത്യ യുടെ പ്രധാനമന്ത്രിയാകില്ല. ഞങ്ങൾക്ക് പ്രധാനമന്ത്രിയാകണ്ട. നിങ്ങൾ ക്യാബിനറ്റ് മന്ത്രിസ്ഥാനം തന്നാൽ ഞങ്ങൾ വാങ്ങുകയുമില്ല. പക്ഷെ ഈ പാർലമെന്റ് ഇലക്ഷൻ കഴിയുമ്പോൾ നിങ്ങൾ സി.പി.എം. ഓഫീസിൽ വരും. അന്ന് ഞങ്ങൾ സംസാരിക്കും, സംസാരിക്കണമോയെന്ന് പി.ബി തീരുമാനി ക്കും. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ ഇതിനെ എതിർക്കുന്നു. എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. റ്റി. എ. അഹ്മദ് കബീർ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ച II, III, XXXIV എന്നീ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കു കയാണ്. ഇന്നത്തെ ചർച്ചകൾ ഇതുവരെ നിരീക്ഷിക്കുന്ന ഒരാൾക്ക് വളരെ വ്യക്തമായി മനസ്സിലാകുന്ന ഒരു കാര്യം പ്രതിപക്ഷം അനിതരസാധാരണമായ ആശയക്കുഴപ്പത്തിലാണെന്നുള്ളതാണ്. കഴിഞ്ഞ രണ്ടുവർഷക്കാലത്തെ ഭരണനേട്ടങ്ങൾ നിരത്തിവച്ചുകൊണ്ട് ഐക്യജനാധിപത്യ മുന്നണിക്ക് ജനങ്ങ ളുടെ മുന്നിൽ അഭിമാനപുരസ്സരം തലയുയർത്തി നിൽക്കാൻ കഴിയുന്ന ഒരു സാഹചര്യമാണ് ഇവിടെയുള്ളത് എന്നുള്ളതുകൊണ്ടാണ് വിമർശനങ്ങൾക്ക് വീര്യം കുറഞ്ഞുപോയതെന്ന് നമുക്കെല്ലാവർക്കും ബോമായ കാര്യമാണ്.

കേരളത്തിൽ ഇന്ന് നടക്കുന്നത് ജനായത്ത സംവിധാനത്തിന്റെ ഒരു വലിയ തിരിച്ചുവരവാണെന്നാണ് എന്റെ അഭിപ്രായം. കേരളത്തിലെ ഭരണമാറ്റങ്ങൾ – 1957–ൽ കേരളം മഹനീയമായൊരു മാതൃക കാണിച്ചു. ബാലറ്റിലൂടെ കേരളം കണ്ട ഏറ്റവും വലിയൊരു നേതാവ്, ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്, ഈ സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയായി. എന്നാൽ 1959–ൽ ഇവിടെ ഭരണ മാറ്റമുണ്ടായി. അത് രണ്ടാമത്തെ ഘട്ടമായിരുന്നു. മൂന്നാമത്തെ ഘട്ടം 1967–ലെ രാഷ്ട്രീയ പരീക്ഷണമാണ്. നാലാമത്തെ ഘട്ടം 1969–ലെ ഭരണമാറ്റമാണ്. ഇത് അഞ്ചാമത്തെ ഘട്ടമാണ്. അടിയന്തരാവസ്ഥക്കാലത്തിനുശേഷം സഖാവ് സി. അച്ചുതമേനോന്റെ ഗവൺമെന്റ് തിരിച്ചുവന്നതുപോലെ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിൽ തിരിച്ചുവരാൻ സഹായകമായ ഒരു ജനകീയ സാഹചര്യമാണ് ഈ സംസ്ഥാനത്ത് നിലനിൽക്കുന്നതെന്ന് പ്രതിപ ക്ഷത്തിനുപോലും ബോധ്യമുള്ളതുകൊണ്ടാണ് ഈ വിമർശനങ്ങളുടെ ഗതി തിരിച്ചുവിടാൻ ശ്രമമുണ്ടായത്. യഥാർത്ഥത്തിൽ ഒരു ഭരണകക്ഷിയെന്ന നിലയ്ക്ക് ഐക്യജനാധിപത്യ മുന്നണിയെ പ്രതിക്കൂട്ടിൽ നിർത്താൻ കഴിയില്ല. ആധുനിക കാലത്തെ ഭരണക്രമങ്ങളെ വ്യത്യസ്ത രീതിയിൽ വ്യാ ഖ്യാനിച്ച മാക്സ് വെബ്ബർ, വുഡ്റോ വിൽസൺ, ഫ്രഡറിക് ടെയ്‌ലർ, ഹെർബർട്ട് സൈമൺ എന്നീ നാല് പണ്ഡിതന്മാരും എങ്ങനെയാണ് ഭരണ ക്രമം മുന്നോട്ടുപോകേണ്ടതെന്ന് വിശദീകരിച്ചിട്ടുണ്ട്. വെബ്ബേറിയൻ പബ്ലിക് അഡ്മിനിസ്ട്രേഷൻ, വൈബ്ബർ പറഞ്ഞത്, ഒരു രാഷ്ട്രീയക്കാരനെന്ന് പറയു ന്നത് ജനപക്ഷത്ത് നിൽക്കുന്നവനായിരിക്കണം എന്നാണ്. വുഡ്റോ വിൽസൺ പറഞ്ഞത്, കേവലം രാഷ്ട്രീയമായ ഇടപെടലല്ല മറിച്ച് ബ്യൂറോക്ര

സിയിലെ ഉദ്യോഗസ്ഥന്മാർക്കും നയരൂപീകരണത്തിൽ ഗണനീയമായ പങ്ക് വഹിക്കാൻ കഴിയുമെന്നാണ്. വുഡ്റോ വിൽസൺ ഒരിക്കൽ അമേരിക്കയുടെ പ്രസിഡന്റായിരുന്ന ആളാണ്. ടെയ്‌ലർ പറഞ്ഞു, സർവ്വീസ് സ്റ്റാൻഡേർഡൈസ് ചെയ്യണം. സേവനം മുഴുവൻ ഒരു ഉന്നത നിലവാരത്തിലെത്തിക്കേണ്ടതുണ്ട്. ആ ആശയമാണ് ഹെർബർട്ട് സൈമൺ വളരെ വ്യക്തമായി ലോകത്തോട് വിളിച്ചുപറഞ്ഞത്, എല്ലാവരുടെയും പങ്കാളിത്തമുണ്ടാകണം. ഭരണ മണ്ഡലത്തിന്റെ എല്ലാ തലങ്ങളിലും ഈ നിലവാരം വളർന്നുവരേണ്ടതുണ്ട്. ഈ നാല് ആശയങ്ങളെ ഉയർത്തിപ്പിടിക്കാൻ കഴിഞ്ഞ രണ്ടുകൊല്ലക്കാലം ഈ ഗവൺമെന്റ് കിണഞ്ഞുപരിശ്രമിച്ചിട്ടുണ്ട് എന്ന യാഥാർത്ഥ്യം കേരളീയ ജനതയ്ക്ക് ഒരിക്കലും മറന്നുകളയാൻ കഴിയില്ല. നബി മരിച്ചപ്പോൾ സ്ഥാനമേറ്റെടുത്ത അബൂബക്കർ സിദ്ദീഖ് അധികാരമേറ്റെടുത്തുകൊണ്ട് പറഞ്ഞ ഒരു കാര്യമുണ്ട്. യഥാർത്ഥത്തിൽ ശ്രീ. ഉമ്മൻ ചാണ്ടി പ്രതിനിധാനം ചെയ്യുന്ന രാഷ്ട്രീയ സന്ദേശം എന്തെന്ന് ഈ പരിസരത്തുനിന്നുകൊണ്ട് നമുക്ക് അവലോകനം ചെയ്യാൻ കഴിയും. നബി മരിച്ചതിനുശേഷം അധികാരത്തിൽ വന്ന ഒന്നാമത്തെ ഖലീഫ, അബൂബക്കർ സിദ്ദീഖ് പറഞ്ഞു, ഒരു സാധാരണക്കാരന്റെ അവകാശം ആരെങ്കിലും കവർന്നെടുത്തിട്ടുണ്ടെങ്കിൽ ഞാനത് ബലം പ്രയോഗിച്ചാണെങ്കിലും തിരിച്ചുകൊടുക്കും. ചൂഷിതരുടെ കൂടെ നിൽക്കുന്ന ഒരു മാനദണ്ഡമാണത്. ചൂഷിതർക്കെതിരെ നിൽക്കുന്ന ആളുകളുടെ മാനദണ്ഡമല്ല അത്. ചൂഷിതർക്കുവേണ്ടി നിൽക്കുന്ന ഒരു മാനദണ്ഡം. അങ്ങനെയല്ലാത്തെ ആളുകൾ ചൂഷകരുടെ കൂടെയാണെന്ന് വളച്ചുകെട്ടി പറയേണ്ട കാര്യമല്ല, അവർ ചൂഷകരുടെ കൂടെയാണ്. ഇവിടെ എന്താണ് വരുന്നത്? ഇന്നലെ എനിക്കൊരു അനുഭവമുണ്ടായി. നമ്മൾ എന്താണ് ഈ കാര്യങ്ങളെ

രാഷ്ട്രീയമായ പരിഗണന വച്ച് നിസ്സാരവത്കരിക്കുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഒരു യുവതി ഇന്നലെ മുഖ്യമന്ത്രിയുടെ ചേംബറിൽ നിന്നുകൊണ്ട് വാവിട്ടുകരയുകയാണ്. മുനിഞ്ഞ് വിതുമ്പി വിഷാദത്തിന്റെ കിനിവെയ്യുമ്പോൾ ആ യുവതി നിന്ന് പറയുകയാണ്, ഒന്നര വർഷക്കാലമായി എനിക്ക് നീതി ലഭിക്കുന്നില്ല. അവിടെ ഒരു തെളിഞ്ഞു തുളുമ്പുന്ന പ്രസാദമായി ഒരു മുഖ്യമന്ത്രി സഹായത്തിന്റെ ഹസ്തവുമായി വരുന്നത് ഒരു കൊടിപ്പടമാണ്. ഇത് ഈ ഗവൺമെന്റിന്റെ കൊടിപ്പടമാണ്. ഈ കൊടിപ്പടം താഴ്ത്തിക്കെട്ടാൻ എത്ര ശ്രമിച്ചാലും കേരളത്തിലെ ബഹുജനങ്ങൾ സമ്മതിക്കുകയില്ലെന്ന് കാലം തെളിയിക്കുകതന്നെ ചെയ്യും. കാരണം, ഈ സർക്കാരിന് പ്രഖ്യാപിതമായ ഒരു നയമുണ്ട്. ഇവിടെ ഒരു ഭരണക്രമമുണ്ട്. അതായത് പോളിസിയിൽ ഡയറക്ഷനുണ്ട്. ഞങ്ങൾക്ക് ഒരു നയമുണ്ട്. ആ നയം ഇവിടെ പ്രഖ്യാപിതമാണ്. അപ്രകാശിതമായ ഒന്നല്ല അത്. രണ്ടാമത്തേത്, ഫലപ്രദമായ പേഴ്സണൽ മാനേജ്മെന്റാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഉദ്യോഗസ്ഥന്മാരുമായി നമുക്ക് നല്ല ബന്ധമായിരുന്നോ? ഉദ്യോഗസ്ഥന്മാരെല്ലാം നല്ലവരാണെന്ന മട്ടിലല്ല ഞാൻ പറയുന്നത്. ഞങ്ങൾ ചെയ്യുന്നത്, സർവ്വീസ് സ്റ്റാർഡേർഡൈസ് ചെയ്യുകയെന്ന് പറയുന്ന ആശയത്തിനനുസൃതമായി ഉദ്യോഗസ്ഥവൃന്ദവുമായി സഹകരിച്ചുകൊണ്ട് ഫലപ്രദമായ ഒരു ബ്യൂറോക്രസിയാക്കി മാറ്റാൻ പരിശ്രമിക്കുകയാണ്. ഒരു പേഴ്സണൽ മാനേജ്മെന്റ് ഇവിടെയുണ്ട്, ഫലപ്രദമായ പേഴ്സണൽ മാനേജ്മെന്റ്. സത്യത്തിൽ എഫിഷ്യൻസിയും അക്കൗണ്ടബിലിറ്റിയും ഒരുമിച്ച് കൊണ്ടുപോകാനെടുക്കുന്ന തീവ്രമായ ഒരു ശ്രമമാണിത്. എഫിഷ്യൻസി വളരെ പ്രധാനമാണ്. അക്കൗണ്ടബിലിറ്റിയും വളരെ പ്രധാനമാണ്. ഈ രണ്ട് ധാരകളെയും സമന്വയിപ്പിച്ചുകൊണ്ടുപോകാൻ കഴിയുന്ന ആശയ സമ്പുഷ്ട

മായ ഒരു ഭരണക്രമം കെട്ടിപ്പടുക്കുന്നതിനാണ് ഐക്യജനാധിപത്യ മുന്നണി ശ്രമിക്കുന്നത്. തൽഫലമായി ഇവിടെ സംഭവിക്കാൻ പോകുന്നതാണ് ഞാൻ ചർച്ചയ്ക്ക് തുടക്കം വച്ചുകൊണ്ട് പറഞ്ഞത്, 1957-ലെ ഭരണമാറ്റം എത്രത്തോളം ഗുണപ്രദമാണോ, കേരളക്കരയിൽ ഒരു ഇടതുപക്ഷ പ്രസ്ഥാനം വരികയെന്ന് പറയുന്നത് എന്റെ സ്വപ്നത്തിന്റെ സാക്ഷാത്കാരമാണ്. കാരണം പാവപ്പെട്ടവന്റെകൂടെ, ചൂഷിതന്റെ കൂടെ നിൽക്കുന്ന ഒരു മനസ്സാണ് എനിക്കും നിങ്ങൾക്കുമുണ്ടാകേണ്ടത്. ആ ഭരണക്രമമാണെങ്കിൽ അതിന്റെ അനുക്രമമായ വളർച്ചയുണ്ടാകണം. ആ വളർച്ചയെന്നുപറയുന്നത് എല്ലാ വിഭാഗം ജനങ്ങൾക്കും ഇവിടെ സന്തുഷ്ടമായി ജീവിക്കാൻ കഴിയുന്ന ഒരു ഭരണ സമ്പ്രദായം രൂപീകരിച്ചെടുക്കുക എന്നുള്ളതാണ്. ഇവിടെ ശ്രീ. പി. സി. വിഷ്ണുനാഥ് വളരെ ഗംഭീരമായി ഈ ഗവൺമെന്റിന്റെ പക്ഷത്തുനിന്നുകൊണ്ട് ഓരോന്നും അക്കമിട്ട് പറയുകയുണ്ടായി. വിയോജിപ്പുള്ള ഘടകങ്ങളുണ്ടാകാം. പക്ഷെ ശ്രീ. പി. സി. വിഷ്ണുനാഥ് ഞങ്ങളുടെ വാദഗതിയാണ് ഇവിടെ അവതരിപ്പിക്കാൻ ശ്രമിച്ചിട്ടുള്ളത്. രണ്ടുകൊല്ലക്കാലത്തെ ഞങ്ങളുടെ പ്രകടനം വച്ച് പരിശോധിക്കാൻ കേരളക്കരയിലെ ജനങ്ങൾ മുന്നോട്ടുവരുമെങ്കിൽ ഞങ്ങൾക്കൊരിക്കലും വിഷമിക്കേണ്ടിവരില്ല. ഇവിടെ വന്ന ഏറ്റവും നല്ലൊരു കാര്യം നല്ല ഭരണ നേതൃത്വമാണ്. ശ്രീ. കെ. എം. മാണിയുടെ ധനകാര്യ മാനേജ്മെന്റ് ഈ ഗവൺമെന്റിന് ഒരു മുതൽക്കൂട്ടാണ്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സേവനസന്നദ്ധത ഞങ്ങൾക്കൊരു മുതൽക്കൂട്ടാണ്. ഈ മന്ത്രിമാരെല്ലാവരും എണ്ണയിട്ട യന്ത്രംപോലെ പ്രവർത്തനക്ഷമമായുണ്ട്. കുറവുകളില്ലാത്തവരുണ്ടോ; കുറവുകളുണ്ട്. എന്നാൽ ഈ മന്ത്രിസഭയിലെ അംഗങ്ങളെല്ലാം നേരത്തേ സൂചിപ്പിച്ച പ്രഖ്യാപിതമായ പരി

പാടികൾക്കനുസൃതമായി ഈ ഗവൺമെന്റിനെ മുന്നോട്ടുകൊണ്ടുപോകാൻ ആത്മാർത്ഥമായി ശ്രമിക്കുമ്പോൾ അതിന് തടസ്സം നിൽക്കാൻ ഒരിക്കലും കേരളത്തിലെ ജനങ്ങൾ മുന്നോട്ടുവരികയില്ലെന്നാണ് എന്റെ ഉറച്ച വിശ്വാസം. ഊഴമിട്ട് മുറിയാതെ നമ്മൾ ഇവിടെ ചർച്ച നടത്തിക്കൊണ്ടിരിക്കുന്നത് ഇറങ്ങി പ്പോകാനാണോ; അല്ല, തീരുമാനമെടുക്കാനാണ്. ആ തീരുമാനം ജനപക്ഷ ത്തുണ്ടാകുമെന്ന് ഉറപ്പുവരുത്താൻവേണ്ടിയുള്ള ഒരു മഹാശ്രമമാണ് ഈ സഭാതലത്തിൽ ഞാനും നിങ്ങളും നേരത്തെ സൂചിപ്പിച്ചതുപോലെ ഊഴമിട്ട് മുറിയാതെ നടത്തിക്കൊണ്ടിരിക്കുന്ന ഈ ചർച്ചകൾ. ശരിക്കുപറഞ്ഞാൽ ജനായത്ത സംവിധാനത്തിൽ ബാലറ്റ് ഒരു ബുള്ളറ്റാക്കി നമ്മൾ മാറ്റുകയാണ് എന്നുമനസ്സിലാക്കണം. ഡെമോക്രസിയിൽ ബാലറ്റിന് ഒരു പ്രത്യേകതയുണ്ട്, നമുക്കെതിരെയാണ് ബാലറ്റ്. ഒരു ഭരണ തുടർച്ചയും ഒരു ഭരണക്കാരും തുടർച്ചയായി ഇവിടെ നിൽക്കുന്നില്ല. അതുകൊണ്ടാണ് ചില രാജ്യങ്ങൾ രണ്ടു ടേമായി ഭരണക്രമം ചുരുക്കിക്കൊണ്ടുവരാൻ ശ്രമിച്ചത്. ഈ ബാലറ്റി നുവേണ്ടി നമ്മൾ നിൽക്കുകയാണ്. ആ ബാലറ്റ് യഥാർത്ഥത്തിൽ നമുക്കെതിരെയുള്ള ബുള്ളറ്റായി നമ്മൾ സ്വീകരിക്കും. എന്തിനുവേണ്ടി യാണ്? ഭരണം മാറി വരുമ്പോഴും കണ്ടിന്യൂവിറ്റിയുണ്ടാകണം, നൈരന്തര്യമു ണ്ടാകണം, പിന്തുടർച്ചയുണ്ടാകണം. ബ്യൂറോക്രസിയെ ശക്തിപ്പെടുത്തി ക്കൊണ്ട് ഈ ഭരണകൂടം മാറണം, ഈ ബാലറ്റ് ബുള്ളറ്റാക്കി മാറ്റിക്കൊണ്ട് ഞാനും നിങ്ങളും പരിശ്രമിച്ചുകൊണ്ടിരിക്കുന്നത് ഈ ജനായത്ത സംവിധാ നത്തെ ശക്തിപ്പെടുത്തുന്നതിനുവേണ്ടിയാണ്. ആ ജനായത്ത സംവിധാ നത്തെ ശക്തിപ്പെടുത്തുമ്പോൾ ബ്യൂറോക്രസി അതിനനുസൃതമായി, ജന ങ്ങൾക്കനുകൂലമായി നിൽക്കണമെന്ന ഒരു മുദ്രാവാക്യം എനിക്കും നിങ്ങൾക്കും ഇവിടെ വളർത്തിയെടുക്കാൻ കഴിയണം. തളരുന്ന വ്യവസ്ഥ

ഏതാണെന്നും വളരുന്ന വ്യവസ്ഥ ഏതാണെന്നും തിരിച്ചറിയാൻ കഴിയുന്ന പാകത കേരളത്തിലെ ജനങ്ങൾക്ക് ഇന്നുണ്ട്. അതുകൊണ്ടുതന്നെ ഐക്യജ നാധിപത്യമുന്നണിക്കനുകൂലമായ രാഷ്ട്രീയ സാഹചര്യമാണ് ഇന്നിവിടെ ഉരുത്തിരിഞ്ഞുവരുന്നത്. അതേസമയം നേരത്തേ ഇവിടെ ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞതുപോലെ എല്ലാ കാര്യങ്ങളും ഗവൺമെന്റ് പക്ഷത്തു നിന്നുകൊണ്ടുതന്നെ പറയുന്ന രീതിയല്ല ഒരു ജനായത്ത സംവിധാനത്തിൽ. ഉദാഹരണത്തിന്, നമ്മൾ കഴിഞ്ഞ ഏപ്രിൽ 16 മുതൽ മേയ് 9 വരെയുള്ള ദിവ സങ്ങളിൽ ബഡ്ജറ്റിന്റെ സബ്ജക്ട് കമ്മിറ്റികൾ കൂടി കാര്യങ്ങൾ തീരുമാനിച്ചതാണ്. വോട്ട് ഓൺ അക്കൗണ്ട് എന്നത് ഭരണഘടനയിലുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ വരാൻവേണ്ടിയാണ് ഞാൻ ഇതുപറയുന്നത്. പൊതുഭരണത്തെക്കുറിച്ചുള്ള ചർച്ചയിൽ ആർട്ടിക്കിൾ 116, ആർട്ടിക്കിൾ 206 – കേന്ദ്രത്തിലും സംസ്ഥാനത്തും വോട്ട് ഓൺ അക്കൗണ്ടി നെക്കുറിച്ച് പറയുന്ന ഭാഗങ്ങളാണ്. അത് മാൻഡേറ്ററിയാണോ; ഇത്രയധികം നീട്ടിപ്പോകേണ്ട കാര്യമുണ്ടോ? പ്രതിപക്ഷവും ഭരണപക്ഷവും ആലോചിക്ക ണം. ഏപ്രിൽ 16 മുതൽ മേയ് 9 വരെയുള്ള ദിവസങ്ങളിൽ സബ്ജക്ട് കമ്മിറ്റി പൂർത്തിയായ സ്ഥിതിക്ക്, ബഡ്ജറ്റ് അവതരിപ്പിച്ചുകഴിഞ്ഞു. ഇനി വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കിയാൽ..., ഒരു മാസത്തെ സമയം സബ്ജക്ട് കമ്മിറ്റി കൂടാനും തുടർന്ന് അസംബ്ലി ചേരാനും കഴിയുന്ന രീതിയിൽ നമ്മൾ ഷെഡ്യൂൾ ചെയ്യണം. എന്തിനുവേണ്ടിയാണത്?

കഴിഞ്ഞ വർഷം ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ 65 ശതമാനം എക്സ്പെൻഡിച്ചർ കാണിക്കേണ്ടി വന്നെങ്കിൽ അതിന്റെ ക്വാളിറ്റി എന്തായിരി ക്കും; അങ്ങനെയൊരു അപകടം വരുന്നതെന്തുകൊണ്ടാണ്? ഉദ്യോ

ഗസ്ഥവൃന്ദത്തിന് ഇങ്ങനെ മുന്നോട്ട് പോകാൻ കഴിയുന്ന ഒരു അവസ്ഥയുണ്ടാക്കിയത് അനാവശ്യമായി ഉണ്ടാക്കുന്ന കാലതാമസമാണോയെന്ന് പരിശോധിക്കാൻ ഈ സഭയ്ക്ക് ബാധ്യതയുണ്ട്. സഹകരണ നിയമം ഫെബ്രുവരി മാസം 11-ാം തീയതിയാണ് ഈ സഭയിൽ അവതരിപ്പിച്ചത്. അന്നുതന്നെ സബ്ജക്ട് കമ്മിറ്റിക്ക് വിട്ടു. അന്നുതന്നെ സബ്ജക്ട് കമ്മിറ്റി അത് അംഗീകരിച്ച് ഭേദഗതികൾ വരുത്തി. 12-ാം തീയതി സഭയിൽ വന്നു. 12-ാം തീയതി വൈകുന്നേരം അഞ്ചുമണിവരെ ഭേദഗതികൾ നിർദ്ദേശിക്കാൻ അംഗങ്ങൾക്ക് അവസരം കൊടുത്തു. 13-ാം തീയതി നിയമം പാസ്സാക്കി. 36 വകുപ്പുകളും നിരവധി പട്ടികകളും അടങ്ങിയ സഹകരണ നിയമം പാസ്സാക്കാൻ നമുക്ക് വേണ്ടിവന്നത് കേവലം മൂന്ന് ദിവസം. ഇത് നിരുത്തരവാദിത്തപരമാണ്. പല നിയമങ്ങളും ചർച്ച കൂടാതെ പാസ്സാക്കുന്ന ഒരു സാഹചര്യം ഇവിടെ ഉണ്ടായിരിക്കുന്നു. ഇതൊരിക്കലും പൊറുപ്പിക്കാനാവില്ല. നമ്മുടെ ഉത്തരവാദിത്തം രാജ്യത്തോടും ഭരണഘടനയോടുമാണ്. ഭരണഘടന നമുക്ക് നൽകുന്ന ചില ആനുകൂല്യങ്ങൾ ഉപയോഗപ്പെടുത്താൻ മാത്രം ശീലിച്ചാൽ പോര. മറിച്ച്, നമ്മുടെ രാജ്യത്തിന് വേണ്ടി പോരാടിയ, യൂണിയൻ ജാക്കിന്റെ പതാക താഴെയിറക്കി ഇന്ത്യയുടെ ദേശാഭിമാനത്തിന്റെ പ്രതീകമായ മൂവർണ്ണകൊടി പറപ്പിക്കാൻ കഠിനാദ്ധ്വാനം ചെയ്ത, ചോര കൊടുത്ത, വിയർപ്പു ചിന്തിയ ആയിരക്കണക്കിന് ദേശാഭിമാനികളോട് നീതി പുലർത്താൻ കഴിയണമെങ്കിൽ ഭരണഘടനയോട് ഇഞ്ചോടിഞ്ച് ചേർന്ന് നിൽക്കാൻ, ഭരണഘടനയെ നെഞ്ചോട് ചേർത്ത് പിടിക്കാൻ എനിക്കും നിങ്ങൾക്കും ബാധ്യതയുണ്ട്. അതുകൊണ്ട് ഞാൻ ഇവിടെ സൂചിപ്പിച്ചത് സൃഷ്ടിപരമായ വിമർശനങ്ങളിലൂടെ ഒരു രാജ്യത്തെ മുന്നോട്ട് കൊണ്ടു

പോകാൻ, ഒരു സംസ്ഥാനത്തെ മുന്നോട്ട് കൊണ്ടു പോകാൻ കഴിയുന്ന ഒരു രാഷ്ട്രീയ സാഹചര്യമാണ് ഇന്ന് കേരളക്കരയിൽ ഉണ്ടായിരിക്കുന്നത്. ആ രാഷ്ട്രീയ സാഹചര്യത്തെ ഐക്യജനാധിപത്യ മുന്നണി ഫലപ്രദമായി ഉപയോഗപ്പെടുത്തുകയാണ്. അവിടെ നമുക്ക് സ്വയം വിമർശനങ്ങളിലൂടെ, ഉദാഹരണത്തിന് വിമാനത്താവളങ്ങൾ ഇനി വേണമോയെന്ന ആലോചന ഉണ്ടാകണം. ഗൾഫ് രാജ്യങ്ങളിൽ ജോലി സാധ്യതകൾ കുറയുമ്പോൾ വിമാനത്താവളങ്ങൾ മുൻഗണനാ ക്രമത്തിൽ ആവശ്യമാണോ എന്ന് നമ്മൾ ആലോചിക്കേണ്ടതുണ്ട്. കുടിവെള്ളത്തിന് ഒരു കമ്പനി ഉണ്ടാക്കുമ്പോൾ അത് ഗവൺമെന്റിന്റെ നേതൃത്വത്തിലാകണമെന്നതിന് ശാഠ്യമുണ്ടാകണം. പൊതുമേഖലയെ ക്ഷീണിപ്പിക്കുന്നത് ശരിയല്ല. മിക്സഡ് ഇക്കോണമിയാണ് ഇന്ത്യയുടെ കരുത്ത്. അമേരിക്കയും യൂറോപ്പുമെല്ലാം സാമ്പത്തിക മാന്ദ്യംമൂലം ബുദ്ധിമുട്ടിയപ്പോൾ ഇന്ത്യയെ സഹായിച്ചത് മിക്സഡ് ഇക്കോണമിയാണ്. അതുകൊണ്ട്, നമ്മുടെ പൊതുമേഖല ക്ഷീണിക്കുന്നത് ഒരു കാരണവശാലും അനുവദിക്കാൻ പാടില്ല. അതിന്റെയർത്ഥം സ്വകാര്യ പങ്കാളിത്തം വേണ്ടെന്നല്ല. ദേശീയവും വിദേശീയവുമായ സ്വകാര്യ മൂലധന പങ്കാളിത്തം നിർബന്ധമാണ്. ദേശീയവും വിദേശീയവുമായ മൂലധനത്തെ സ്വീകരിച്ചു കൊണ്ട് നമ്മുടെ ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിതം ഉണ്ടാകണം. അവരുടെ പ്രവർത്തനങ്ങളിൽ മികവുണ്ടാകാൻ സഹായകമാകും വിധം ജനങ്ങളെ എംപവർ ചെയ്യണം. അതിനാണ് ഈ സഭയോട് ഭരണഘടന ആവശ്യപ്പെട്ടിട്ടുള്ളത്. അല്ലാതെ കേവലമായ കക്ഷി രാഷ്ട്രീയത്തിന്റെ നാലതിരുകൾക്കുള്ളിൽ നിന്നുകൊണ്ട് പ്രവർത്തനക്ഷമമായ ഒരു ഗവൺമെന്റിനെ, ഒരു മുഖ്യമന്ത്രിയെ ആക്ഷേപിക്കുംവിധം കാര്യങ്ങൾ അവതരിപ്പിക്കുന്ന നിരുത്തരവാദപരമായ ഒരു നിലപാട് ഒരിക്കലും കേരളീയ സമൂഹം അംഗീകരിക്കുകയില്ല. കഴിഞ്ഞ രണ്ടു

വർഷമായി മുന്നോട്ടു പോകുന്ന ഈ സർക്കാർ ഒരു രംഗത്തും പരാജയമല്ല. പക്ഷെ, രാഷ്ട്രീയ വിവാദങ്ങളുണ്ടായിട്ടുണ്ട്. അതിന് പരിഹാരമുണ്ടായേ മതിയാകൂ. അത് കണ്ണടച്ച് ഇരുട്ടാക്കാൻ കഴിയുന്ന കാര്യമല്ല. രാഷ്ട്രീയ വിവാദങ്ങൾ കാരണം ശ്രീ. ജി. സുകുമാരൻ നായരും ശ്രീ. വെള്ളാപ്പള്ളി നടേശനും കേരളീയ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് മാറിപ്പോകുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. മഹാനായ മന്നത്ത് പദ്മനാഭൻ നട്ടുവളർത്തിയതാണ് എൻ.എസ്.എസ്. മഹാനായ ശ്രീ.നാരായണഗുരുദേവന്റെ പാദസ്പർശമേറ്റ മണ്ണിലാണ് എസ്.എൻ.ഡി.പി. പ്രസ്ഥാനം വളർന്നു വന്നത്. ഏത് ഘട്ടം വരെ പോയാലും എനിക്കുറപ്പുണ്ട്, ശ്രീ. ജി. സുകുമാരൻ നായർ നമ്മുടെ പൊതു സമൂഹത്തിന്റ ഭാഗമാണ്, എൻ.എസ്.എസ്. നമ്മുടെ അഭിമാനമാണ്. ശ്രീ. വെള്ളാപ്പള്ളി നടേശൻ നമ്മുടെ പൊതുസമൂഹത്തിന്റെ ഭാഗമാണ്, എസ്.എൻ.ഡി.പി നമ്മുടെ പൊതു സമൂഹത്തിന്റെ അഭിമാനമാണ്. എൻ.എസ്.എസ്.-നെയും എസ്.എൻ.ഡി.പിയെയും ആക്ഷേപിച്ചുകൊണ്ട് നമുക്കൊരിക്കലും മുന്നോട്ട് പോകാൻ കഴിയില്ല. അവർ ഈ കേരളക്കരയിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ കണ്ണുള്ളവർക്ക് കാണാം, കാതുള്ളവർക്ക് കേൾക്കാം. കണ്ണടച്ച് ഇരുട്ടാക്കുന്നത് ശരിയല്ല. കാടടക്കം വെടിവയ്ക്കുന്നത് ശരിയല്ല. നമ്മുടെ നാട്ടിലെ സാംസ്കാരിക നായകൻമാരായ ശ്രീനാരായണ ഗുരുദേവനും മന്നത്തപ്പനും, ആർ ശങ്കറും, പി.റ്റി. ചാക്കോയുമടക്കമുള്ള നേതാക്കൻമാർ, അയ്യങ്കാളിയെപ്പോലെയും, പണ്ഡിറ്റ് കറുപ്പനെപ്പോലെയും, നടരാജഗുരുവിനെപ്പോലെയും വക്കം അബ്ദുൾ ഖാദർ മൗലവിയെപ്പോലെയുമുള്ള മഹാത്മാക്കൾ കെട്ടിപ്പടുത്ത ഒരു സംസ്കാരം ഇവിടെയുണ്ട്. അങ്ങനെയൊരു സംസ്കാരമുള്ള കേരളമാണ് നമ്മൾ ഇവിടെ കെട്ടിപ്പടുക്കാൻ ആഗ്രഹിക്കുന്നത്. അതുകൊണ്ട് കേവലമായ രാഷ്ട്രീയ താത്പര്യത്തിന്

വേണ്ടി എൻ.എസ്.എസ്-എസ്.എൻ.ഡി.പി വിവാദങ്ങൾ നമ്മുടെ കേരളീയ സമൂഹത്തിന്റെ കരുത്തിനെ തകർക്കുന്ന രീതിയിലേക്ക് വളർന്നു വരാതിരിക്കാൻ ഞാനും നിങ്ങളും കണ്ണിൽ എണ്ണയിട്ട് ശ്രദ്ധിക്കേണ്ട കാര്യമാണ്. ഒരിക്കലും ഈ സമൂഹത്തിന്റെ ഘടനയിൽ ഒരു മാറ്റം വരാൻ പാടില്ല. എന്റെയൊരു ആഗ്രഹം സമകാലീന സംവേദന ശൈലിയിൽ സാധാരണക്കാർക്ക് അനുകൂലമായ, സാധാരണക്കാരുടെ പക്ഷത്തു നിൽക്കുന്ന, അടിച്ചമർത്തപ്പെട്ടവന്റെ കൂടെ നിൽക്കുന്ന അമര പ്രൗഢിയുള്ള പ്രാക്തനമായ പ്രൗഢിയുള്ള ഒരു രാഷ്ട്രമാണ് നമ്മുടേത്. ആ പ്രാക്തനമായ പ്രൗഢിയെ അമര പ്രൗഢിയാക്കി മാറ്റാൻ കഴിയുന്ന ഒരു പുതിയ രചനയുണ്ടാകണം, ഒരു പുതിയ ശൈലിയുണ്ടാകണം. ആ ശൈലിയുണ്ടാകാൻ ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്ന് രണ്ടു വർഷക്കാലംകൊണ്ട് തെളിയിച്ചിട്ടുണ്ട്. ആ ജോലിയുമായി ഞങ്ങൾ മുന്നോട്ടു പോകുമ്പോൾ കേരളത്തിലെ ചെറുപ്പക്കാർ ഞങ്ങൾക്കൊപ്പം നിൽക്കുമെന്ന പ്രത്യാശയോടുകൂടി ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. സി. ദിവാകരൻ: സർ, 2013-14 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥന നമ്പർ II (സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ), ധനാഭ്യർത്ഥന നമ്പർ III (നീതിന്യായ നിർവ്വഹണം) ധനാഭ്യർത്ഥന നമ്പർ XXXIV (വനം) എന്നിവയിലേയ്ക്കു വേണ്ടിയാണ് നിയമസഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ധനാഭ്യർത്ഥന നടത്തുന്നത്. ഇവിടെ വളരെ പ്രക്ഷുബ്ദ്ധമായ ഒരുപാട് പ്രഭാഷണങ്ങൾ നമ്മളെല്ലാവരും കേട്ടുകൊണ്ടിരിക്കുകയാണ്. ലോകത്തിന്റെ സാമ്പത്തിക സംവിധാനം തകരുകയാണ്. ലോകമാകെ ആഗോളവ്യാപകമായ സാമ്പത്തിക

പ്രതിസന്ധിയിലേക്ക് നീങ്ങുകയാണ്. നിങ്ങൾ വിശ്വസിച്ചാലും ഇല്ലെങ്കിലും, സാമ്പത്തിക പ്രതിസന്ധി രാഷ്ട്രീയ പ്രതിസന്ധിയിലേക്ക് വഴിമാറുമെന്ന് മഹാനായ കാറൽ മാർക്സ് പറഞ്ഞിട്ടുണ്ട്. ലോകത്ത് പല രാജ്യങ്ങളിലും ആഭ്യന്തരമായ രാഷ്ട്രീയ കലാപങ്ങൾ ആരംഭിച്ചിരിക്കുന്നു. അതിന്റെ ഭാഗ മായി നമ്മൾ സ്വർഗ്ഗ രാജ്യമെന്ന് വിചാരിച്ചിരുന്ന യൂറോപ്പിലെ മുതലാളിത്ത രാജ്യങ്ങളിലെ നഗരങ്ങളിൽ വിലക്കയറ്റത്തിനെതിരായി, തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാൻ, വാൾമാർട്ട് ക്യാപ്ച്ചറിംഗ് എന്നു പറയുന്ന ജനലക്ഷ ങ്ങൾ പങ്കെടുക്കുന്ന പട്ടിണി ജാഥകൾ നടക്കുകയാണ്. ഫാക്ടറികൾ അടച്ചു പൂട്ടുകയാണ്. പ്രതിസന്ധിയിലേക്ക് നീങ്ങുകയാണ്. ലാറ്റിൻ അമേരിക്കൻ രാജ്യങ്ങൾ മാത്രമാണ് അതിൽനിന്ന് രക്ഷപ്പെട്ടു നിൽക്കുന്നത്. അതുപോലെ തന്നെ ജനാധിപത്യ അവകാശത്തിന് വേണ്ടി അറബ് വസന്തം നടക്കുക യാണ്. മുല്ലപ്പൂ വസന്തമെന്ന് ആളുകൾ പറയുന്ന അറബ് വസന്തം ജനാധി പത്യത്തിന് വേണ്ടിയാണ്. ഒരു ഭാഗത്ത് നീതിക്ക് വേണ്ടിയുള്ള സമരവും മറു ഭാഗത്ത് ജനാധിപത്യത്തിന് വേണ്ടിയുള്ള സമരവും നടക്കുന്നു. ഇത് കാണാതെ ഗവൺമെന്റ് ഓഫ് ഇന്ത്യയ്ക്ക്, ഇന്ത്യയുടെ ഡോ. മൻമോഹൻ സിങ്ങിന് മുന്നോട്ട് പോകാൻ കഴിയില്ല. ഇന്ത്യയുടെ സാമ്പത്തിക സ്ഥിതി ഇപ്പോൾ എന്താണ്?

ഇന്ത്യയുടെ ജി.ഡി.പി. അഥവാ ആഭ്യന്തര ഉല്പാദന പ്രതിശീർഷ വരു മാനം 9% ത്തിലേയ്ക്കു പോകുമെന്നും ചൈനയോടൊപ്പമെത്തും എന്നെല്ലാം നിങ്ങൾ പറഞ്ഞെങ്കിലും ഇപ്പോൾ 4.7% ലേയ്ക്ക് തകരുകയാണ്. ഇന്ത്യൻ കറൻസി വെറും കടലാസുകളായി മാറുകയാണ്. അനുദിനം രൂപയുടെ

മൂല്യം തകരുകയാണ്. ഇതിന്റെയെല്ലാം ഫലമായി വലിയ ദുരിതമാണ് ഇന്ത്യയിലെ ജനങ്ങൾ അനുഭവിക്കുന്നത്. ഇന്ത്യയുടെ ഭാഗമല്ലേ നമ്മളെല്ലാം. ശ്രീ. മൻമോഹൻ സിംഗ് എങ്ങനെയാണ് ഇതിനെ നേരിടാൻ പോകുന്നത്? ശ്രീ. മൻമോഹൻ സിംഗും ശ്രീ. പി. ചിദംബരവും കൂടി ഇപ്പോൾ ചെയ്യുന്നത് മാർക്കറ്റ് ബോറോയിംഗ് ആണ്. എവിടെ നിന്നെല്ലാം കടം കിട്ടുമോ, അവിടെ നിന്നെല്ലാം കടം വാങ്ങുകയാണ്. കടം വാങ്ങുന്നതോടൊപ്പം തന്നെ ആഭ്യന്തരമായി പിരിച്ചെടുക്കേണ്ട നികുതി പിരിച്ചെടുക്കുന്നില്ല. രാജ്യം സാമ്പത്തിക കുഴപ്പത്തിലേയ്ക്ക് നീങ്ങുമ്പോൾ കോർപ്പറേറ്റ് കമ്പനികൾക്ക് 2006 മുതൽ 2013 വരെയുള്ള കണക്കുകളിൽ 13 ലക്ഷം കോടി രൂപയുടെ സൗജന്യങ്ങളാണ് അനുവദിച്ചിരിക്കുന്നത്. വരുമാനമുള്ളവരിൽ നിന്നും ഇൻകം ടാക്സ് പിരിക്കുന്നില്ല. ആഭ്യന്തര വിഭവസമാഹരണം നടത്തുന്നതിൽ കേന്ദ്ര ഗവൺമെന്റ് ദാരുണമായി പരാജയപ്പെട്ടു. അതിന്റെ കണക്കുകളെല്ലാം ഇപ്പോൾ പുറത്തു വന്നിട്ടുണ്ട്. ഇത് എന്റെ കണ്ടുപിടിത്തമില്ല. സമയമില്ലാത്തതുകൊണ്ട് ഞാനതിലേയ്ക്ക് പോകുന്നില്ല. ആഭ്യന്തരമായ ഈ സാമ്പത്തിക കുഴപ്പത്തിലേയ്ക്ക് മാറുമ്പോഴാണ് ഇവിടെ രാഷ്ട്രീയ കുഴപ്പമുണ്ടാകുന്നത്. ഇന്നെന്താണ് സ്ഥിതി? കേന്ദ്ര ഗവൺമെന്റിന് സമാജ് വാദി പാർട്ടി നൽകുന്ന പിന്തുണ പിൻവലിക്കാൻ തീരുമാനിക്കുന്നതോടു കൂടി ഡൽഹിയിൽ ശ്രീ. മൻമോഹൻ സിംഗിന്റെ മരണമണി മുഴങ്ങുകയാണ്. ഡൽഹിയാണല്ലോ നിങ്ങളുടെ സ്വർഗ്ഗരാജ്യം എന്നു പറയുന്നത്. സ്വർഗ്ഗരാജ്യം ഇപ്പോൾ മുലായം സിംഗിന്റെയും.......,

ശ്രീ. ബെന്നി ബെഹനാൻ: സർ, മൻമോഹൻ സിംഗ് സർക്കാർ താഴെപ്പോയി, ഞങ്ങളുടെ സ്വർഗ്ഗരാജ്യം പോയാൽ പിന്നെ അവിടെ ഏത് സ്വർഗ്ഗ

രാജ്യമാണ് വരാൻ പോകുന്നത്; അങ്ങേയ്ക്ക് യോജിക്കാൻ കഴിയുന്ന ഏതെങ്കിലും സ്വർഗ്ഗരാജ്യം വരുമോ?

ശ്രീ. സി. ദിവാകരൻ: സർ, ഞാൻ അതിലേയ്ക്ക് വരികയാണ്. അവിടെ കേന്ദ്രഗവൺമെന്റ് ദുർബലപ്പെട്ടുകഴിഞ്ഞിരിക്കുന്നു. അത് ദുർബലപ്പെടുത്തിയാൽ പകരം കൊണ്ടുവരാൻ ലോകകോർപ്പറേറ്റുകൾ ഇപ്പോൾ ആലോചിക്കുന്നത് ശ്രീ. നരേന്ദ്ര മോഡിയുടെ ഗവൺമെന്റിനെയാണ്. നഗ്നമായ കൂട്ടക്കൊലപാതകം, മതന്യൂനപക്ഷങ്ങളെ കശാപ്പുചെയ്ത, കേസുകളിൽ നിന്നും ഇപ്പോഴും വിമുക്തമാകാത്ത ഒരാളിനെ ഇന്ത്യയുടെ പ്രധാനമന്ത്രിയാക്കാൻ കോർപ്പറേറ്റുകൾ ശ്രമിക്കുമ്പോൾ നിങ്ങളിവിടെ ഞങ്ങളെ ആക്രമിക്കാനിരിക്കുകയാണ്. രണ്ടോ മൂന്നോ എം.എൽ.എ.-മാരുടെ കാര്യമല്ലാതെ നിങ്ങൾക്കെന്താണിവിടെ കാര്യം? അതിൽ ഒരെണ്ണത്തിനെ ചാക്കിട്ടു പിടിച്ചതല്ലേ? 67 എം.എൽ.എ. മാർ പ്രതിപക്ഷത്തിരിക്കുമ്പോൾ അവർ പറയുന്ന ഒറ്റക്കാര്യവും കേൾക്കാതെ ഇത്രയും വലിയ ധിക്കാരം പ്രവർത്തിക്കുവാൻ നിങ്ങൾക്ക് എന്ത് ബലമാണുള്ളത്. നിങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള രാഷ്ട്രീയ അടിത്തറ ഇപ്പോഴുണ്ടോ? യു.ഡി.എഫ്-ലെ ഘടക കക്ഷികളെല്ലാവരും ഇപ്പോൾ നിങ്ങളുടെ കൂടെയുണ്ടോ? ശ്രീ. ബാലകൃഷ്ണ പിള്ളയും, ശ്രീമതി കെ. ആർ. ഗൗരിയമ്മയും ശ്രീ. എം. വി. രാഘവനും ശ്രീ. ജി. സുകുമാരൻ നായരും ശ്രീ. വെള്ളാപ്പള്ളി നടേശനും ശ്രീ. രമേശ് ചെന്നിത്തലയുമുണ്ടോ, ആരുണ്ട് നിങ്ങൾക്ക്? ഞങ്ങളുടെ നിലപാടുകൾ അംഗീകരിച്ചുകൊണ്ട് മുസ്ലീം ലീഗിന്റെ ശ്രീ. ടി. എ. അഹമ്മദ് കബീർ പ്രസംഗിച്ചതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. ഇവിടെ ആറന്മുള വിമാനത്താവളവും വെള്ളക്കച്ചവടക്കമ്പനിയും എന്തിനാണ്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇറ

ക്കിയ ഉത്തരവ് തെറ്റാണെന്ന് രാവിലെ ഞങ്ങൾ പറഞ്ഞപ്പോൾ നിങ്ങൾ ഞങ്ങളെ ആക്ഷേപിച്ചു. ഇപ്പോൾ ശ്രീ. ടി. എ. അഹമ്മദ് കബീർ പറഞ്ഞത് വാട്ടർ അതോറിറ്റിയുടെ പേരിൽ ഒരു കറക്കു കമ്പനിയുണ്ടാക്കുന്നത് പുനരാലോചിക്കണമെന്നാണ്. ഞങ്ങൾ അതിനെ സ്വാഗതം ചെയ്യുന്നു. നമുക്ക് പലതുമങ്ങനെ സ്വാഗതം ചെയ്യാനുണ്ട്. പലതും ആലോചിക്കേണ്ടതുണ്ട്. കേന്ദ്രത്തിന്റെ രാഷ്ട്രീയ അടിത്തറ തകർന്നു എന്നു പറയുന്നതുപോലെതന്നെ അഴിമതിയെക്കുറിച്ച് ഒരക്ഷരം ഈ നിയമസഭയിൽ പറയാൻ നിങ്ങൾക്കവകാശമുണ്ടോ? നിങ്ങളിൽ പലരും ആയിരം നാവുള്ള അനന്തനെപ്പോലെ വാചാലമായി പ്രസംഗിച്ചു. അഴിമതിയെക്കുറിച്ച് ഒരു അക്ഷരം പറയാൻ ഇന്ത്യയിലെ കോൺഗ്രസുകാർക്ക് അവകാശമുണ്ടോ? ടു-ജി സ്പെക്ട്രം മുതൽ കൽക്കരി ഖനി അഴിമതി വരെ, ഇപ്പോഴും കൽക്കരി ഖനികളുമായി ബന്ധപ്പെട്ട നാറുന്ന കഥകൾ.... കൽക്കരി ഖനികൾ കൈമാറ്റം ചെയ്യുമ്പോൾ വകുപ്പ് കൈകാര്യം ചെയ്തിരുന്നത് പ്രധാനമന്ത്രിയാണ്. സി.ബി.ഐ. അന്വേഷണം നടത്തി. തങ്ങളുടെ അന്വേഷണം ചെല്ലുന്നത് പ്രധാനമന്ത്രിയുടെ ഓഫീസിലേയ്ക്കാണെന്നാണ് സി.ബി.ഐ. പറഞ്ഞത്. അശ്വിനി കുമാർ എന്ന നിങ്ങളുടെ മുൻ കേന്ദ്ര നിയമവകുപ്പുമന്ത്രി സി.ബി.ഐ. റിപ്പോർട്ട് വാങ്ങി തിരുത്തി. കോടതിയിലെത്തിയപ്പോൾ സുപ്രീം കോടതി ചോദിച്ചത് സി.ബി.ഐ. യുടെ യജമാനൻ ആരാണ്; സി.ബി.ഐ. എന്നാൽ കൂട്ടിലടച്ച തത്തയാണോ എന്നാണ്. ഇവിടെ എവിയൊണ് നീതിനിർവ്വഹണം? അഴിമതി കാരണം അഞ്ചു ക്യാബിനറ്റ് മന്ത്രിമാർ രാജിവച്ചില്ലേ? നിങ്ങളുടെ ദേശീയ മുഖം അഴിമതിയാൽ വികൃതമാണ്. നിങ്ങൾക്ക് ഞങ്ങൾ നാലരക്കൊല്ലം പിന്തുണ നൽകി. അന്ന് നിങ്ങൾ സത്യസന്ധരായിരുന്നു, നിങ്ങൾ നല്ല കാര്യങ്ങൾ ചെയ്തു. ഞങ്ങൾ പിന്തുണ പിൻവലിച്ചപ്പോൾ നിങ്ങളുടെ മുഖം

വികൃതമായി. നിങ്ങൾ രാഷ്ട്രീയ ഭിക്ഷാംദേഹികളെപ്പോലെ ഓരോ പ്രാദേശിക പാർട്ടികളുടെയും പുറകേ ഭിക്ഷാപാത്രവുമായി നടക്കുകയാണ്. നാലരക്കൊല്ലം ഞങ്ങളുടെ 62 എം.പി. മാർ നിങ്ങളുടെ പിന്നിൽ അണിനിരന്ന് ഒരാനുകൂല്യവും കൈപ്പറ്റാതെ പിന്തുണ നൽകി.

ശ്രീ. ബെന്നി ബെഹനാൻ: സർ, ദേശീയ മുഖത്തിന്റെ വികൃതരൂപത്തെക്കുറിച്ച് ഇവിടെ പറഞ്ഞല്ലോ. ആ മുഖമുപയോഗിച്ചുകൊണ്ടാണ് കർണ്ണാടകത്തിൽ ബി.ജെ.പി. യെ പരാജയപ്പെടുത്തി ഞങ്ങൾ വീണ്ടും അധികാരത്തിൽ വന്നത്. കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് അവിടെ ഒരു സീറ്റുപോലും കിട്ടിയിട്ടില്ല എന്നത് നിങ്ങൾ മനസ്സിലാക്കണം.

ശ്രീ. സി. ദിവാകരൻ: ശ്രീ. ബെന്നി ബെഹനാൻ ഒരു കാര്യം ദയവായി ശ്രദ്ധിക്കണം. കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ബലമില്ലെന്നും പൊളിഞ്ഞു പോയിയെന്നുമൊക്കെ പറഞ്ഞ് നിങ്ങൾ സായൂജ്യമടഞ്ഞാൽ മതി. ഞങ്ങൾക്കതിൽ ഒരു ദു:ഖവുമില്ല. കാരണം ഞങ്ങൾ അങ്ങനെ അവകാശപ്പെടുന്നില്ല. പക്ഷേ സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ, ജവഹർലാൽ നെഹ്റുവിന്റെ കാലഘട്ടത്തിലെ 1952-ൽ നടന്ന പാർലമെന്റ് തെരഞ്ഞെടുപ്പിലെ കോൺഗ്രസിന്റെ സ്ഥിതിയും 2013-ലെ കോൺഗ്രസിന്റെ സ്ഥിതിയും എവിടെ നിൽക്കുന്നു. നിങ്ങൾക്ക് ബീഹാറിലും യു.പി.യിലും ഒറീസ്സയിലും ഗുജറാത്തിലും തമിഴ്നാട്ടിലും എന്താണ് കാര്യം? നിങ്ങൾ എവിടെയുണ്ടെന്നാണ് പറയുന്നത്? മഹാത്മാഗാന്ധിക്ക് ജന്മം നൽകിയ; അദ്ദേഹത്തെ വെടിവച്ചുകൊന്ന ആർ.എസ്.എസ്-കാരുടെ ഗുജറാത്തിൽ നിങ്ങൾ അധികാരം കൈമാറിയില്ലേ? എന്നെക്കൊണ്ട് അധികം പറയിപ്പിക്കരുത്, ഒരുപാട് ചരിത്രത്തിലേയ്ക്ക് പോകേണ്ട. നിങ്ങൾ കർണ്ണാടകത്തിൽ ജയിച്ചു, ഞാൻ

അനുമോദിക്കുന്നു. പക്ഷേ ഒരു രാഷ്ട്രീയ യാഥാർത്ഥ്യം മനസ്സിലാക്കണം. ശ്രീ. യെദ്യൂരപ്പയുടെ 62 നിയമസഭാ സീറ്റുകളിലെ വോട്ടും ബി.ജെ.പി. യുടെ വോട്ടും ചേർന്നാൽ ബി.ജെ.പി. വീണ്ടും അധികാരത്തിൽ വരുമായിരുന്നു. അതുകൊണ്ട് നിങ്ങൾ അഹങ്കരിക്കരുത്. കർണ്ണാടകത്തിന്റെ ചാർജ്ജുള്ള നിങ്ങളുടെ പാർട്ടി നേതാവിനോട് ചോദിച്ചു നോക്കണം. ബി.ജെ.പി. യും യെദ്യൂരപ്പയും രണ്ടായതുകൊണ്ട് അവിടെ നിങ്ങൾ ജയിച്ചു. പക്ഷേ ബി.ജെ.പി. ജയിക്കുന്നതിനേക്കാൾ നിങ്ങൾ ജയിക്കുന്നത് സന്തോഷമുള്ള കാര്യമാണ്.

സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച് ഞാൻ നേരത്തേ പറഞ്ഞു. നിങ്ങൾ കഴിഞ്ഞ നാല് കൊല്ലമായി ഭക്ഷ്യ സുരക്ഷാ ബിൽ കുതിരയ്ക്ക് മുതിര കാണിക്കുന്നതുപോലെ കാണിക്കുകയാണ്. മൂന്ന് രൂപയ്ക്ക് അരിയും രണ്ട് രൂപയ്ക്ക് ഗോതമ്പും കൊടുക്കുമെന്ന് പറഞ്ഞിട്ട് ഇപ്പോൾ എന്താണ് സ്ഥിതി? നാല് കൊല്ലമായിട്ടും ഭക്ഷ്യ സുരക്ഷാ ബിൽ പാസ്സാക്കാൻ കഴിഞ്ഞില്ല. പാർലമെന്റിൽ ഭൂരിപക്ഷം നഷ്ടപ്പെട്ടപ്പോൾ ഓർഡിനൻസ് കൊണ്ടുവരാൻ ആലോചിക്കുന്നു. ഓർഡിനൻസും സാധ്യമല്ല. പാവപ്പെട്ട ആളുകളോട് നിങ്ങൾ വലിയ വഞ്ചനയാണ് ചെയ്തത്. മൂന്ന് രൂപയ്ക്ക് അരി യും, രണ്ട് രൂപയ്ക്ക് ഗോതമ്പും കൊടുക്കാമെന്ന് പറഞ്ഞിട്ട് ഇന്ത്യയിലെ ജന ങ്ങൾക്ക് നിങ്ങൾ കൊടുത്തോ? ഈ ബിൽ തീർച്ചയായും കൊണ്ടുവരണം. ഞങ്ങൾ അതിനെ അനുകൂലിക്കും. പക്ഷേ കൊണ്ടുവരാനുള്ള രാഷ്ട്രീയ ഇച്ഛാശക്തി നിങ്ങൾക്കില്ല. അതിൽ ചില ഭേദഗതികൾ വരുത്തണമെന്ന് ഞങ്ങൾ ഉദ്ദേശിക്കുന്നുണ്ട്. ഇന്ത്യയിലെ മുഴുവൻ ജനങ്ങൾക്കും സാർവ്വത്രിക മായി റേഷനും 35 കിലോ അരിയും കൊടുക്കണമെന്നാണ് ഇടതുപക്ഷ

പാർട്ടികളുടെ അഭിപ്രായം. ഭക്ഷ്യ സുരക്ഷാ ബില്ലിനെ നിങ്ങൾ കശാപ്പ് ചെയ്തു. നാല് കൊല്ലത്തെ അനുഭവത്തിൽനിന്നും, ഇനി ബിൽ വരുമെന്ന് പറയുന്നത് വിശ്വസിക്കാനാവില്ല. കേരളത്തിലെ സ്ഥിതിഗതികൾ ഇതിൽ നിന്ന് വ്യത്യസ്ഥസമാണ്. ഇവിടെ ശ്രീ. അഹമ്മദ് കബീർ ബ്യൂറോക്രസിയെ സംബന്ധിച്ച് പറഞ്ഞു. നിങ്ങളുടെ ഗവൺമെന്റിലെ ഐ.എ.എസ് ഉദ്യോഗസ്ഥന്മാരുടെ യോഗം സെക്രട്ടറിയേറ്റിൽ ചേരുകയും അതിനുശേഷം അവർ ചീഫ് സെക്രട്ടറിയെ പോയി കാണുകയും ചെയ്തു. മന്ത്രിമാർ പറയുന്ന അഴിമതി നിറഞ്ഞ ഫയലിന്റെ താഴെ ഒപ്പിടാൻ തങ്ങൾക്ക് ബുദ്ധിമുട്ടുണ്ടെന്നും അങ്ങനെവന്നാൽ കോടതിയിൽ പോകുമെന്നാണ് അവർ ചീഫ് സെക്രട്ടറിക്ക് എഴുതിക്കൊടുത്തത്. അവരുടെ അഭിപ്രായം ഫയലിൽ എഴുതിക്കോളൂയെന്നാണ് ചീഫ് സെക്രട്ടറി അവർക്ക് കൊടുത്ത നിർദ്ദേശം. അതാണ് ഇവിടത്തെ ഭരണം. ശ്രീ. ഉമ്മൻ ചാണ്ടി ശാരീരികമായി ധാരാളം കഷ്ടപ്പെടുന്ന മുഖ്യമന്ത്രിയാണ്. ഒരു ശിപായി ചെയ്യുന്ന ജോലി പോലും അങ്ങ് ചെയ്യുന്നുണ്ട് അതൊന്നും അങ്ങ് ചെയ്യാൻ പാടില്ലാത്തതാണ്. പക്ഷേ, അങ്ങേയ്ക്ക് കിട്ടിയ ഭൂരിഭാഗം അപേക്ഷകളിലും കാര്യമായിട്ടുള്ള ഒരു തീരുമാനവും എടുത്തിട്ടില്ല. ഭൂമിക്ക് പട്ടയം കിട്ടാൻ വേണ്ടി കൊടുത്ത അപേക്ഷയിന്മേൽ യാതൊരു നടപടിയും സ്വീകരിച്ചില്ല. റേഷൻ കാർഡ് ബി.പി.എൽ. ആക്കാൻ വേണ്ടി കൊടുത്ത അപേക്ഷകളെക്കുറിച്ചും പരാതിയുണ്ട്. അങ്ങ് റിലീഫ് ഫണ്ട് കൊടുത്തു അത് നല്ലകാര്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, കഴിഞ്ഞ മൂന്ന് ദിവസം ഇവിടെ എന്താണ് ചർച്ച ചെയ്തത്? ആദ്യത്തെ ദിവസം അട്ടപ്പാടിയിലെ ആദിവാസികൾ പനിപിടിച്ച് മരിക്കുന്നതിനെക്കുറിച്ചാണ് ചർച്ച ചെയ്തത്. ഇന്ന് അട്ടപ്പാടിയിലെ സ്ഥിതി എന്താണ്; എന്തെങ്കിലും മാറ്റം അവിടെ വരുത്താൻ കഴിഞ്ഞോ? അവിടെ പ്രത്യേകമായ സംവിധാനത്തിൽ പെർമനന്റായ

ഗവൺമെന്റ് മെഷിനറി അവിടെ ഫംങ്ഷൻ ചെയ്യുന്നുണ്ടോ? അട്ടപ്പാടിയിൽ എത്ര കുട്ടികളാണ് മരിച്ചത്? ആദിവാസി വിഭാഗത്തിൽപ്പെടുന്ന മന്ത്രി ഇവിടെ യുണ്ട്. ഇക്കാര്യമെല്ലാം പറഞ്ഞിട്ടും അവർ വാതുറന്നിട്ടില്ല. ഇതുസംബന്ധിച്ച് പറയാൻ അവരെ അനുവദിക്കണ്ടേ, അവരെ പറഞ്ഞ് പഠിപ്പിക്കണ്ടേ, അവരെ സഹായിക്കണ്ടേ, അവരെല്ലെ ഇക്കാര്യത്തിൽ മറുപടി പറയേണ്ടത്; എന്തു കൊണ്ട് അവരെ അനുവദിക്കുന്നില്ല? സ്ത്രീ സ്വാതന്ത്ര്യമില്ലേ; ഇക്കാര്യങ്ങളിൽ വകുപ്പുമന്ത്രി വേണ്ടേ മറുപടി പറയാൻ? രണ്ടാമത്തെ കാര്യം പനി. പനി ബാധിച്ച് ഇന്ന് മരിച്ച 11 പേരുകൂടി ചേർത്ത് 156 പേർ മരിച്ചു. 156 ഡെഡ് ബോഡികളുടെ പുറത്താണ് നമ്മൾ സഭ കൂടുന്നത്. അമ്പതിലേറെ പട്ടിക ജാതി/ആദിവാസി കുട്ടികളുടെ ശവശരീരങ്ങളുടെ പുറത്താണ് ഈ ഗവൺമെന്റ് സിംഹാസനമിട്ടിരിക്കുന്നത്. വിലക്കയറ്റത്തിൽ പിടയുന്ന മൂന്ന് കോടി ജനങ്ങളുടെ കണ്ണുനീര് കാണാതെയാണ് ഈ ഗവൺമെന്റിരിക്കുന്നത്. നിങ്ങൾക്ക് അവാർഡ് തന്നതിനെ ഞാൻ അനുമോദിക്കുന്നു. പക്ഷേ, നിങ്ങൾ അവാർഡ് വാങ്ങുമ്പോൾ കേരളത്തിലെ നിരപരാധികളായ, പനിപിടിച്ച് വിറച്ചുമരിച്ച ആളുകളുടെ നിലവിളി ഐക്യരാഷ്ട്ര സഭയിൽ നിങ്ങൾ എത്തി ക്കണം. അപമാനകരമായ, കേരളത്തിൽ സംഭവിക്കാൻ പാടില്ലാത്ത പട്ടിണി മരണങ്ങൾ ഇവിടെ സംഭവിച്ചുവെന്ന് ഐക്യരാഷ്ട്ര സഭയിൽ നിങ്ങൾ പറ യണം. നിങ്ങൾ അവാർഡ് വാങ്ങാൻ പോവുകയാണെങ്കിൽ അവിടെനിന്ന് എന്തെങ്കിലും സഹായം വാങ്ങണം. ജനങ്ങളുടെ അവാർഡാല്ലേ ഏറ്റവും വലിയ അവാർഡ്. ആ ജനങ്ങളല്ലേ ഇവിടെ മരിക്കുന്നത്; ആ ജനങ്ങളല്ലെ വിലക്കയറ്റത്തിൽ പുളയുന്നത്? അവരുടെ കണ്ണുനീരൊപ്പാതെ, അവരെ സാന്ത്വനപ്പെടുത്താതെ, അവർക്ക് നീതി കൊടുക്കാതെ, ഏതെങ്കിലും

അവാർഡ് വാങ്ങിയാൽ മതിയോ? എല്ലാ അവാർഡുകളും മഹത്തായ അവാർഡുകളാണ്. രാഷ്ട്രീയ പ്രവർത്തകരായ നമുക്ക്, ഏറ്റവും വലിയ അവാർഡെന്ന് പറയുന്നത് ജനങ്ങളുടെ അംഗീകാരമാണ്. അതിൽ കവിഞ്ഞ ഒരു അവാർഡുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ആരെങ്കിലുമൊരു പട്ടും വളയും തന്നാൽ അതാണോ അവാർഡ്? ജനങ്ങളുടെ നേതാക്കന്മാരായ നമ്മുടെ അവാർഡ് ജനങ്ങളുടെ വിശ്വാസമാണ്. ജനങ്ങളുടെ വിശ്വാസം ഈ ഗവൺമെന്റിന് നഷ്ടപ്പെട്ടിരിക്കുന്നു. ഞാൻ ഒരാക്ഷേപം പോലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിക്കെതിരെ ഉന്നയിക്കുകയില്ല. കാരണം വ്യക്തിപരമായി ആരേയും ആക്ഷേപിക്കുന്നത് എനിക്കിഷ്ടമല്ല. കലാകൗമുദിയിൽ വന്ന വാർത്തയാണ് ഞാൻ വായിക്കാം - “വരാപ്പുഴ പീഡനം എം.എൽ.എ.മാർ പ്രതികൾ: വരാപ്പുഴ കേസ് ശരിയായി അന്വേഷിച്ചാൽ വീഴുന്നത് യു.ഡി.എഫ്. സർക്കാരായിരിക്കും. കാരണം പ്രമുഖരായ രണ്ട് എം.എൽ.എ.മാർ ഈ കേസിലെ പ്രതികളാണ്.” (കലാകൗമുദി മാസിക ഉയർത്തി കാണിച്ചു.) ഒന്നുകിൽ നിങ്ങൾ ഇതിന് മറുപടി പറയണം അല്ലെങ്കിൽ നിങ്ങൾ കേസ്സെടുക്കണം. നിങ്ങൾ ഈ വാർത്ത സംബന്ധിച്ച് പോലീസിനെ കൊണ്ട് അന്വേഷിക്കാൻ തയ്യാറുണ്ടോ? ആരാണ് ഈ എം.എൽ.എ.മാർ? ഇത് യു.ഡി.എഫ്.-ന് മൊത്തത്തിൽ അപമാനമാണ്. മറ്റ് കാര്യങ്ങളൊന്നും ഞാൻ പറയുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ത്രീകൾക്കെതിരെ നടന്ന അതിക്രമങ്ങൾ എത്രയാണെന്ന എന്റെ ചോദ്യത്തിന് നൽകിയിരിക്കുന്ന ഉത്തരം - ഈ ഗവൺമെന്റ് വന്നതിനുശേഷം 27264 അതിക്രമങ്ങൾ സ്ത്രീകൾക്കെതിരായി നടന്നുവെന്നാണ്. ഇത് യു.എൻ.എ. യിൽ കൊടുക്കേണ്ടതാണ്, ഗിന്നസ് ബുക്കിൽ കൊടുക്കേണ്ടതാണ്. രണ്ട് കൊല്ലം തികയുന്നതി

നുമുമ്പ് 234 സ്ത്രീകളാണ് കൊല്ലപ്പെട്ടത്, 2172 സ്ത്രീപീഡനങ്ങൾ മാത്രം നടന്നിരിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, തിരുവനന്തപുരം വിജിലൻസ് കോടതി പാമോയിൽ കേസ്സിൽ താങ്കൾക്കെതിരായി തുടരന്വേഷണം വേണമെന്ന് വിധി പ്രഖ്യാപിച്ചപ്പോൾ. നിങ്ങൾ ആ വകുപ്പ് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണന് കൊടുത്തു. നിങ്ങൾ നിരപരാധിയാണെങ്കിൽ വിജിലൻസ് വകുപ്പ് എന്തിനാണ് മാറിയത്? വിജിലൻസ് കോടതിയിലെ ജഡ്ജിയെ പറയാൻ പാടില്ലാത്ത, ഡിക്ഷനറിയിലില്ലാത്ത വാക്കുകൾ ഉപയോഗിച്ചുകൊണ്ട് ബഹുമാനപ്പെട്ട ചീഫ് വിപ്പ് ആക്ഷേപിച്ചു. അയാൾ ഈ കോടതിയിൽ നിന്നുതന്നെ പോയി. ഇനി എങ്ങനെയാണ് വിധി നടത്തുന്നത്? അങ്ങ് ആഭ്യന്തര വകുപ്പ് മാറിയത് എന്തിനാണ്; എന്തടിസ്ഥാനത്തിലാണ് മാറിയത്;. നിയമസഭയിൽ ആരെങ്കിലും ആഭ്യന്തര വകുപ്പ് ഒഴിയണമെന്ന് പറഞ്ഞോ? ആഭ്യന്തര വകുപ്പുമന്ത്രിയുടെ വകുപ്പിനെക്കുറിച്ചൊന്നും ഞങ്ങൾക്ക് ആക്ഷേപമില്ല. നിങ്ങൾ ചെയ്യുന്നതെല്ലാം വളരെ നല്ല കാര്യമാണ്. പക്ഷേ, പൂജപ്പുര സെൻട്രൽ ജയിലിൽ നിന്ന് രണ്ട് പേർ ജയിൽ ചാടി. കോടതിയിൽ കൊണ്ടുപോകുന്ന വഴിക്ക് പ്രതികൾ പോലീസിന്റെ കൈതട്ടിമാറ്റിക്കൊണ്ട് ഓടിപ്പോകുന്നു, എന്ത് പോലീസാണ്? പൂജപ്പുര സെൻട്രൽ ജിയിലിലെ തടവുകാർ ജയിൽ ചാടിയാൽ തിരുവനന്തപുരം ജില്ലയ്ക്ക് അപമാനമല്ലേ? ആളുകൾ അമ്പരന്നിരിക്കുകയല്ലേ. വധശിക്ഷയ്ക്ക് വിധിച്ച പ്രതികളാണവർ. ജയിലിൽ എന്ത് സെക്യൂരിറ്റിയാണുള്ളത്?. തൂക്കികൊല്ലാൻ വിധിച്ചവനാണ് ജയിൽ ചാടിയത്. അയാളിനി എന്തും ചെയ്യും. അയാൾ നഗരത്തിലൂടെ നടക്കുന്നില്ലെന്ന് എങ്ങനെ പറയാൻ കഴിയും? നിങ്ങളുടെ പാർട്ടിയിലെ ആളുകൾ റോഡിൽ കിടന്ന് അങ്ങോട്ടുമിങ്ങോട്ടും വെട്ടി ചാകുന്നില്ലേ. ഇക്കാര്യത്തിൽ

എന്ത് നടപടിയാണ് നിങ്ങൾ എടുക്കുന്നതെന്നാണ് മുൻ സ്പീക്കർ ചോദിച്ചത്. എന്തിനാണ് നിങ്ങൾ മുഖ്യമന്ത്രിയുടെ കയ്യിൽ നിന്ന് അഭ്യന്തര വകുപ്പ് പിടിച്ചുവാങ്ങിച്ചത്? ശ്രീ. രമേശ് ചെന്നിത്തല ഞങ്ങളുടെ നല്ല സുഹൃത്താണ്. ശ്രീ. രമേശ് ചെന്നിത്തലയ്ക്ക് എന്ത് പറ്റിയെന്ന് ഞങ്ങൾക്കറിയില്ല. ഞങ്ങൾ ആ വിവാദത്തിൽ ഇടപെടുന്നില്ല. ഈ വിഷയത്തിൽ സുകുമാരൻ നായരും വെള്ളാപ്പള്ളി നടേശനും പോലുള്ള ആളുകൾ ഇടപെട്ടുകൊണ്ടിരിക്കുകയാണ്. പക്ഷേ ഞങ്ങൾക്കൊരു കാര്യം അറിയണം. അത് ഈ സഭയുടെ അവകാശമാണ്. ഈ സഭയിലെ അംഗമാണ് ശ്രീ. രമേശ് ചെന്നിത്തല. ആ അംഗത്തെ പരസ്യമായി റോഡിലിട്ട് വിഴുപ്പലക്കി അപമാനിച്ചത് ഏത് പാർട്ടിയാണെങ്കിലും ഞങ്ങൾക്കതിൽ ദു:ഖമുണ്ട്, ഞങ്ങളത് വിടില്ല. കേരളത്തിൽ യു.ഡി.എഫിനെയും കോൺഗ്രസ്സിനെയും ഭരണപരമായ കാര്യങ്ങളിൽ നയിക്കേണ്ട അദ്ദേഹത്തെ വെറുമൊരു നോക്കുകുത്തിയാക്കി ഈ നിയമസഭയിൽ ഞങ്ങളുടെ ഇടയിൽ കൊണ്ടിരുത്തിയതുകൊണ്ട് അദ്ദേഹത്തിന് വർത്തമാനം പറയാൻ പോലും കഴിയുന്നില്ല. കാരണം ഞങ്ങളാണ് ഇപ്പുറത്തിരിക്കുന്നത്. എന്തിനാണ് അദ്ദേഹത്തിന്റെ നേർക്ക് ഈ കൊടും പീഡനം? ഇതാണോ നിങ്ങളുടെ പൊതുഭരണത്തിന്റെ കാര്യങ്ങൾ. വിലക്കയറ്റത്തിനെതിരായി എന്ത് നടപടിയെടുത്തുവെന്നാണ് ഗവൺമെന്റ് പറയുന്നത്? യാതൊരു നടപടിയും എടുത്തില്ല. ഈ സർക്കാർ ചെയ്ത നേട്ടങ്ങളുടെ പട്ടിക ഇവിടെ നിരത്തി. ആ പട്ടികയിൽ പറയുന്ന കാര്യങ്ങളെല്ലാം ഞങ്ങൾ തുടങ്ങിവച്ചതാണ്.

ശ്രീ. കെ. ബാബുവിന്റെ പദ്ധതിയിലായാലും ഞങ്ങൾക്ക് സ്പീഡ് അല്പം കുറവാണെന്ന് പറയാമെന്നുള്ളതല്ലാതെ ഞങ്ങൾ പാലക്കാട് കോച്ച് ഫാക്ടറിക്ക് സ്ഥലമെടുത്തു; വിഴിഞ്ഞത്ത് സ്ഥലമെടുത്തു; ഞങ്ങൾ ബാക്കി പല പരിപാടികൾക്കും തുടക്കമിട്ടു; ഇതൊക്കെ ഏത് ഗവൺമെന്റും ചെയ്യുന്ന

കാര്യമാണ്. എട്ടുകാലി മമ്മൂഞ്ഞിനെപ്പോലെ അതെല്ലാം ഞമ്മളാണെന്ന് പറഞ്ഞുകൊണ്ടിരിക്കുന്നതിൽ വല്ല കാര്യവുമുണ്ടോ? ഇതെല്ലാം ഇടതുപക്ഷ സർക്കാർ തുടങ്ങിയതാണ്. ഇടതുപക്ഷ സർക്കാർ 2 രൂപയ്ക്ക് അരി കൊടുത്തു. നിങ്ങളത് ഒരു രൂപയാക്കി. ഒരു രൂപയാക്കിയപ്പോൾ റേഷൻ കടയിൽ അരിയില്ല. അതല്ലേ നിങ്ങളുടെ ഭരണ പരിഷ്കാരം.

ശ്രീ. ബെന്നി ബെഹനാൻ: അങ്ങ് പറയാൻ വിട്ടുപോയ ഒരു കാര്യം ഓർമ്മപ്പെടുത്തുകയാണ്. വിഴിഞ്ഞത്ത് സ്ഥലമെടുത്തു; കണ്ണൂർ വിമാന ത്താവളത്തിന് സ്ഥലമെടുത്തു എന്നൊക്കെ പറഞ്ഞപ്പോൾ ആ കൂട്ടത്തിൽ ശ്രീ. വി.എസ്. അച്ചുതാനന്ദന്റെ കാലഘട്ടത്തിൽ എടുത്ത ആറൻമുള വിമാനത്താവളത്തിന്റെ കാര്യംകൂടി പറയണമായിരുന്നു.

ശ്രീ. സി. ദിവാകരൻ: ആ കാര്യം പറയാനുള്ള എല്ലാ അവകാശവും എനിക്കുണ്ട്. അത് തെറ്റാണെങ്കിൽ പിന്നീട് നിങ്ങൾക്ക് തിരുത്താമല്ലോ.

മി. ചെയർമാൻ: ശ്രീ. സി. ദിവാകരൻ, 10 മിനിട്ട് കൂടുതലായി.

ശ്രീ. സി. ദിവാകരൻ: ഇത് യു.ഡി.എഫ്.-ന്റെ പ്രകടന പത്രികയാണ്. ശ്രീ. ബെന്നി, താങ്കളാണല്ലോ ബുദ്ധി ജീവി. ഈ പത്രികയിൽ ബി.പി.എൽ. കാർക്ക് ഒരു രൂപയ്ക്കും മറ്റുള്ളവർക്ക് 2 രൂപയ്ക്കും കേരളം മുഴുവൻ അരി വിതരണം ചെയ്യുമെന്ന് എഴുതിയിട്ടുണ്ട്. സർക്കാർ ജീവനക്കാർക്ക് കേന്ദ്ര പാരിറ്റി ശമ്പളവും പെൻഷനും നൽകും. നിങ്ങൾ എന്ത് ചെയ്തെന്ന് അറിയാമോ? സർക്കാർ ജീവനക്കാർക്ക് ലഭിച്ചുകൊണ്ടിരുന്ന പെൻഷൻ റദ്ദാക്കിയിട്ട് പങ്കാളിത്ത പെൻഷനാക്കി. രണ്ടര കൊല്ലമായി നിങ്ങൾ കേന്ദ്ര പാരിറ്റി ഇവിടെ നടപ്പിലാക്കിയോ? കേന്ദ്ര പെൻഷൻ കൊടുത്തോ? നിങ്ങൾ പറയുന്ന ഒരൊറ്റ കാര്യം

നടപ്പിലാക്കിയോ? വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുമെന്ന് പറഞ്ഞിട്ട് വർദ്ധിപ്പിച്ചോ? ട്രാൻസ്പോർട്ട് പുനരുദ്ധരിക്കു മെന്ന് പറഞ്ഞിട്ട് അത് ചെയ്തോ? പുതിയ വൈദ്യുതി കണക്ഷൻ കൊടുത്തോ? സർക്കാരിന്റെ മിച്ചഭൂമി ഏറ്റെടുക്കുമെന്ന് പറഞ്ഞിട്ട് ഏറ്റെടുത്തോ? ഏറ്റെടുക്കാൻ ചീഫ് വിപ് സമ്മതിക്കില്ലല്ലോ. ഏറ്റെടുത്താൽ ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ കസേര തെറിക്കുമെന്ന് പറഞ്ഞു. അദ്ദേഹം പോയി, ഇനി ഏറ്റെടുക്കാം. ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ കാര്യം ഇവിടെ പറയാതെ പോകുന്നത് ശരിയല്ല. കേരളത്തിന്റെ രാഷ്ട്രീയ രംഗത്ത് ഏറ്റവും മലീമസമായ രാഷ്ട്രീയ അന്തരീക്ഷമാക്കിയത് ഈ യു.ഡി.എഫ്. ഭരണമാണ്. അതുകൊണ്ട് നിങ്ങൾക്ക് ഭരണത്തിലിരിക്കാൻ ധാർമ്മികമായി യാതൊരു അവകാശവുമില്ല, സാങ്കേതികമായി രണ്ടുപേരുടെ പിന്തുണയുണ്ടെന്നല്ലാതെ. ഞാൻ ഇതിനെ ശക്തമായി എതിർക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇവിടെ ശ്രീ. ഇ.പി. ജയരാജൻ മുതൽ എന്റെ സ്നേഹിതൻ ശ്രീ. സി. ദിവാകരൻ വരെയുള്ള ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാക്കൻമാർ സംസാരിച്ചത് ഈ ഗവൺമെന്റിന് അധികാരത്തിൽ തുടരാനുള്ള ഭൂരിപക്ഷമില്ല; ധാർമ്മികമായ അവകാശമില്ല എന്നാണ്. ഒരു കാര്യം ആമുഖമായി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഐക്യജനാധിപത്യ മുന്നണി സർക്കാർ അതിന്റെ മൂന്നാം വയസ്സിലേയ്ക്ക് കാലൂന്നുമ്പോൾ ഈ സർക്കാർ രണ്ട് മാസം തികക്കില്ലായെന്ന് പ്രവചിച്ച പ്രതിപക്ഷത്തെ രാഷ്ട്രീയ നേതാക്കൻമാർ അവരുടെ അപക്വമായ വാക്കുകളെക്കുറിച്ച് ആലോചിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. രണ്ട് വോട്ടിന്റെ മാത്രം ഭൂരിപക്ഷമുള്ള ഐക്യജനാധിപത്യ മുന്നണി

ഗവൺമെന്റ് രണ്ട് മാസം തികയില്ലായെന്ന് ഇപ്പോഴല്ല, ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന അന്നുമുതൽ നിങ്ങൾ പറയുന്നതാണ്. പക്ഷേ ഞങ്ങൾ രണ്ടല്ല, 25 മാസത്തിലേയ്ക്ക് പ്രവേശിക്കുന്നുവെന്ന് അഭിമാന ത്തോടെ ആത്മവിശ്വാസത്തോടെ പറയുകയാണ്.

ശ്രീ. സി. ദിവാകരൻ: ലോകം അവസാനിക്കുംവരെ നിങ്ങൾ ഇരുന്നോ.

ശ്രീ. ബെന്നി ബെഹനാൻ: ലോകം അവസാനിക്കുംവരെയൊന്നും ഇരിക്കില്ല. ഒരു കാര്യം കൂടി പറയുന്നു. ഇനി മൂന്ന് വർഷം കഴിഞ്ഞ് തെരഞ്ഞെടുപ്പ് കഴിയുമ്പോൾ ഐക്യ ജനാധിപത്യമുന്നണി വീണ്ടും അധികാരത്തിൽ വരുമെന്ന ആത്മവിശ്വാസവും ഞങ്ങൾക്കുണ്ട്. ഇവിടെ ഇപ്പോൾ പലരും സംസാരിച്ചു. ഈ ഗവൺമെന്റിനെക്കുറിച്ചുള്ള നിങ്ങളുടെ ഏറ്റവും വലിയ പരാതിയും ആക്ഷേപവും പരിഹാസ രൂപേണ നിങ്ങൾ പറഞ്ഞത് ബഹുമാനപ്പെട്ട ശ്രീ. ഉമ്മൻ ചാണ്ടിക്ക് അന്തർദ്ദേശീയ തലത്തിൽ ഒരു അംഗീകാരം കിട്ടിയതിനെക്കുറിച്ചാണ്. ശ്രീ. ജി. സുധാകരൻ അവാർഡ് വാങ്ങുന്നതിനെക്കുറിച്ച് സംസാരിച്ച് യു.എൻ. വരെ പോയി. കേന്ദ്രത്തിൽ നിന്ന് വരുന്ന നേതാക്കൻമാർക്ക് തവളക്കാലും കോഴിയിറച്ചിയും കൊടുത്ത് നിങ്ങൾ കാലാകാലങ്ങളിൽ അവാർഡ് വാങ്ങുന്നതുപോലെ യു.എൻ.-ലും നിങ്ങൾ സ്വാധീനിച്ച് അവാർഡ് വാങ്ങി. അന്തർദ്ദേശീയ തലത്തിൽ നടക്കുന്ന അഫ്ഗാനിസ്ഥാൻ പ്രശ്നങ്ങളിൽ ഇടപെടാത്തതും അതുപോലെ മറ്റ് ചില പ്രശ്നങ്ങളിൽ ഇടപെടാത്തതുമായ യു.എൻ.-ന്റെ അവാർഡ് സ്വീകരിച്ചത് ശരിയാണോ; ഇതെല്ലാം സ്വാധീനത്തിന്റെ വലയത്തിലാണെന്നാണ് പറഞ്ഞത്. ഞങ്ങൾ അതിനൊന്നും മറുപടി പറയുന്നില്ല. അവാർഡ് വാങ്ങാൻ ശ്രീ. ഉമ്മൻ ചാണ്ടി ആരുടെയും പിന്നാലെ പോയിട്ടില്ല. അവാർഡ് ലഭിച്ചു

എന്നതിന്റെ പേരിൽ ഫ്ളക്സ് വച്ച് അഹങ്കരിക്കുന്നതിനോ അതൊരു പ്രചരണമാക്കി മാറ്റുന്നതിനോ ഞങ്ങളാരും തയ്യാറായില്ല. ആകെ ഒരു ഗവൺമെന്റിന്റെ പൊതുഭരണത്തെക്കുറിച്ചുള്ള ഉപധനാഭ്യർത്ഥന വന്നപ്പോൾ അതൊന്ന് പരാമർശിച്ചതിനാണ് ബഹുമാനപ്പെട്ട ശ്രീ. ജി. സുധാകരനും ശ്രീ. സി. ദിവാകരനും ശ്രീ. ഇ.പി ജയരാജനുമടക്കമുള്ള ആളുകൾ അതിനെപ്പറ്റി പരാമർശിച്ചത്. ഞാനൊന്ന് ചോദിക്കട്ടെ, അപ്പുറത്തിരിക്കുന്നവർക്കും അവാർഡ് കിട്ടിയിട്ടുണ്ടല്ലോ. എന്റെ ബഹുമാന്യസ്നേഹിതൻ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തര മന്ത്രിയായിരുന്നപ്പോൾ കിട്ടിയ ചില അവാർഡ് വാങ്ങിക്കൊണ്ടുവന്ന് അഭിമാനത്തോടുകൂടി നിയമസഭയിൽ പ്രസംഗിച്ചിട്ടുണ്ടല്ലോ. ഈ അവാർഡിനെ ഏറ്റവും കൂടുതൽ എതിർത്തത് ശ്രീ. ജി. സുധാകരനാണ്. ശ്രീ. ജി. സുധാകരന് ഗജരാജപട്ടം എന്നൊരു അവാർഡ് കിട്ടിയിട്ടുണ്ട്. അത് എവിടെവച്ചാണ് സ്വീകരിച്ചതെന്ന് അറിയാമോ? ആലപ്പുഴ ജില്ലയിലെ ചാരുംമൂട്ടിൽ വച്ച് ഗജരാജപട്ടം അവാർഡ് വാങ്ങി നെറ്റിപ്പട്ടം കെട്ടിയ ശ്രീ. ജി. സുധാകരന്റെ പടം ടി.വി. യിലും പത്രത്തിലും വന്നത് ഞങ്ങളാരും വിസ്മരിച്ചിട്ടില്ല. ഏതായാലും ശ്രീ. ജി. സുധാകരന് ഗജരാജപട്ടം കൊടുത്ത സംഘടനയെക്കാൾ കൂടുതൽ അന്തർദ്ദേശീയ തലത്തിൽ അംഗീകാരമുള്ള സംഘടനയാണ് യുണൈറ്റഡ് നേഷൻസ് എന്ന് അഭിമാനത്തോടുകൂടി ഞങ്ങൾ പറയുന്നു. ശ്രീ. ജി. സുധാകരന് ഗജരാജപട്ടം കിട്ടിയതിന് ഞങ്ങൾ എതിരല്ല. ശ്രീ. ജി. സുധാകരന് ഗജരാജപട്ടം കിട്ടിയത് ഏതെങ്കിലും സ്വാധീനത്തിന്റെ ഫലമായാണെന്ന് ഞങ്ങൾ പറയുന്നില്ല. അദ്ദേഹത്തിന്റെ തന്നെ വാക്കുകൾ കടമെടുത്താൽ ഏതെങ്കിലും കോഴിക്കാലോ തവളക്കാലോ കൊടുത്ത് സ്വാധീനിച്ചതുകൊണ്ടാണ് അദ്ദേഹത്തിന് അവാർഡ് കിട്ടിയതെന്ന് ഞാൻ പറയുന്നില്ല. അദ്ദേഹത്തിന്

കിട്ടിയ അവാർഡിൽ ഞങ്ങൾ അനുമോദിക്കുന്നു; സന്തോഷിക്കുന്നു. അതുപോലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഒരു അവാർഡ് കിട്ടിയതെങ്ങ നെയാണ്? ഈ ഗവൺമെന്റ് ചെയ്തത് എന്താണ്? ഈ ഗവൺമെന്റിന്റെ പ്രവർത്തനം എന്താണ്? കണ്ണീരിന്റെ കാണാകയങ്ങളിലും ദുരിതങ്ങളുടെ തീരാകടലുകളിലും പിടയുന്ന ജനസമൂഹങ്ങളെ ആശ്വാസത്തിന്റെയും പ്രതീക്ഷയുടെയും തീരങ്ങളിലേയ്ക്ക് കൈപിടിച്ചുകയറ്റിയ മനുഷ്യമുഖമുള്ള സർക്കാരാണ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ സർക്കാർ. അതിൽ ആർക്കും തെറ്റിദ്ധാരണ വേണ്ട. ലോകം ശ്രദ്ധിച്ച ഏറ്റവും ബൃഹത്തായ കാരുണ്യ പ്രവർത്തനമായിരുന്നു മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി. ജില്ലകൾ തോറും സഞ്ചരിച്ച് പതിനായിരങ്ങളുടെ പരിഭവവും പരാതിയും പരാധീനതകളും കേട്ട് ആയിരങ്ങളുടെ ജീവിതങ്ങൾക്ക് ദൈവദത്തമായ സാന്ത്വനം നൽകിയ മുഖ്യമന്ത്രിയെ നിങ്ങൾ കളിയാക്കി. അത് വില്ലേജ് ഓഫീസർ ചെയ്യേണ്ട പണിയാണെന്നാണ് നിങ്ങൾ പറഞ്ഞത്. ആ വില്ലേജ് ഓഫീസർ ചെയ്യേണ്ട പണിക്കാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഇന്ന് യു.എൻ. അംഗീകാരം നൽകിയിരിക്കുന്നത്. ആ യു.എൻ. ജനകീയതയ്ക്ക് ആദ്യമായി ഒരു ജനകീയ മുഖ്യമന്ത്രിക്ക് അംഗീകാരം കിട്ടിയപ്പോൾ ഞാൻ പരസ്യമായി മുഖ്യമന്ത്രിയെ അഭിനന്ദിക്കുന്നു. ഈ സഭ അദ്ദേഹത്തെ അംഗീകരിക്കേണ്ടതായിരുന്നുവെന്ന് ഞാൻ ബഹുമാനപ്പെട്ട സ്പീക്കറോട് പറയുന്നു. അതിന് നടപടിയെടുക്കാൻ സഭ തയ്യാറാകണമെന്ന് വിനയ പുരസ്സരം ഞാൻ അഭ്യർത്ഥിക്കുന്നു. അവാർഡ് കിട്ടിയ കേരളത്തിന്റെ അഭിമാനഭാജനമായ എത്രയോ ആളുകളെ നമ്മൾ പരസ്യമായി ഇവിടെ അനുമോദിച്ചു. കേരളത്തിന്റെ മുഖ്യമന്ത്രിക്ക് ലഭിച്ചിരിക്കുന്ന ഈ

അന്തർദ്ദേശീയ അംഗീകാരത്തിന് അനുമോദനം കൊടുക്കാൻ ബഹുമാനപ്പെട്ട സ്പീക്കർ നടപടി സ്വീകരിക്കണമെന്ന് ചെയറിനോട് അഭ്യർത്ഥിക്കുകയാണ്. ഇവിടെ ഗവൺമെന്റിനെക്കുറിച്ച് എന്താണ് പറഞ്ഞത്? ഈ ഗവൺമെന്റിന് ഒട്ടേറെ പ്രതിസന്ധികളുണ്ടായി. ഈ പ്രതിസന്ധികളെ എങ്ങനെയാണ് ഗവൺമെന്റ് തരണം ചെയ്തത്? മുഖ്യമന്ത്രി സാധാരണ പറയാറുള്ള ഒരു വാക്കുണ്ട്. ഞങ്ങൾക്ക് പ്രതിസന്ധികളും പ്രയാസങ്ങളുമുണ്ട്. പക്ഷേ ജന കീയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ, ഭരണപരമായ നേട്ടങ്ങളുണ്ടാക്കുന്ന തിൽ ഈ പ്രശ്നങ്ങളൊന്നുംതന്നെ ഞങ്ങൾക്ക് തടസ്സമായിരുന്നില്ല എന്ന്. ഇവിടെ വരൾച്ച വന്നു. ശ്രീ. ഉമ്മൻ ചാണ്ടി കേരളം ഭരിച്ചതുകൊണ്ടല്ല വരൾച്ച വന്നത്. കഴിഞ്ഞ തവണ നിയമസഭ കൂടിയ അവസരത്തിൽ ഏറ്റവും തീവ്രമായ വരൾച്ച ഉണ്ടാകുന്നു എന്ന് കണ്ടപ്പോൾ ബഹുമാനപ്പെട്ട മുഖ്യ മന്ത്രിയും, സഹമന്ത്രിമാരും കൂടി പതിനാല് ജില്ലകളിലും കോൺഫറൻസ് വിളിക്കുമെന്ന് പറഞ്ഞു. മുഖ്യമന്ത്രി പോകണമെന്നില്ല, നിങ്ങൾ ശക്തമായ നടപടികൾ സ്വീകരിച്ചാൽ മതിയെന്നാണ് പ്രതിപക്ഷ നേതാവ് പോലും അന്ന് പറഞ്ഞത്. പത്ത് ദിവസം കൊണ്ട് പതിനാല് ജില്ലകളിലെ എം.എൽ.എ.മാർ ജനപ്രതിനിധികൾ എന്നിവരുടെ കോൺഫറൻസ് വിളിച്ചുകൂട്ടി വരൾച്ച നേരി ടുന്നതിനായി കാര്യക്ഷമമായി പ്രവർത്തിച്ചു. ഇതുസംബന്ധിച്ച് അപ്പുറത്തിരി ക്കുന്ന എം.എൽ.എ.മാർക്ക് പരാതിയുണ്ടോ? കളക്ടർക്ക് 5 ലക്ഷം രൂപ നൽകുന്നതിനാണ് അനുവാദം ഉണ്ടായിരുന്നത്. എന്നാൽ ഇരുപത് ലക്ഷം രൂപവരെ നൽകാൻ കളക്ടർക്ക് അനുവാദം നൽകി. ഇവിടെ അനുവാദം മാത്രമല്ല, പണവും നൽകി. വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി അപ്പുറത്തിരിക്കുന്ന ബഹുമാന്യരായ പ്രതിപക്ഷ എം.എൽ.എ.-മാർ

ഉൾപ്പെടെയുള്ളവരുടെ കോൺഫറൻസ് വിളിച്ചുകൂട്ടി ആർക്കെങ്കിലും പരാതിയുണ്ടോയെന്ന് പലവട്ടം ചോദിച്ചിട്ടും ആരും തന്നെ പരാതിയൊന്നും പറഞ്ഞില്ല. അപ്പോൾ എങ്ങനെയാണ് ഈ ഗവൺമെന്റ് വരൾച്ചയെ നേരിട്ടത്? ഇവിടെ പകർച്ചവ്യാധിയെക്കുറിച്ച് സൂചിപ്പിച്ചു. ഞങ്ങളാരും പകർച്ചവ്യാധി വരുമ്പോൾ സന്തോഷിക്കുന്നവരല്ല. ശ്രീ. കെ. ശിവദാസൻ നായർ ഇവിടെ സൂചിപ്പിച്ചതുപോലെ പകർച്ചവ്യാധി പടർന്നുപിടിച്ചപ്പോൾ വിദേശത്ത് യാത്ര ചെയ്യാൻപോലും ശ്രീ. വി.എസ്. ശിവകുമാർ തയ്യാറായില്ല. അദ്ദേഹം ഇവിടെയുണ്ടായിരുന്നു. ഞാൻ ഒരുകാര്യം ചോദിക്കട്ടെ, പകർച്ചപ്പനി വ്യാപിച്ചപ്പോൾ ഗവൺമെന്റ് കാര്യക്ഷമമായി പ്രവർത്തിച്ചില്ലെന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ? നിങ്ങൾ ബഹുമാനപ്പെട്ട ശിവകുമാറിനോടും ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയോടും ഇക്കാര്യം ചോദിക്കേണ്ട. എന്റെ സ്നേഹിതൻ ശ്രീ. ബാലൻ അപ്പുറത്തിരിക്കുന്നു. നിങ്ങൾ അദ്ദേഹത്തോടും ചോദിക്കേണ്ട. ശ്രീ. എ.കെ. ബാലന്റെ ഭാര്യയുണ്ടല്ലോ ഡി.എച്ച്.എസ്. അവരോട് ചോദിക്കൂ. ഇതുപോലൊരു പ്രതിസന്ധി നേരിടുന്നതിനായി യുദ്ധകാലാടിസ്ഥാനത്തിൽ ഡോക്ടർമാരെ തീരുമാനിച്ച് നിയോഗിച്ച ഒരു ഗവൺമെന്റ് ഇന്നുവരെ കേരളത്തിന്റെ ചരിത്രത്തിലുണ്ടോ? ഡി.എച്ച്.എസ്. അതിന് മറുപടി നൽകട്ടെ. ഞാൻ ശ്രീ. എ.കെ. ബാലനോട് ചോദിക്കാനല്ല പറഞ്ഞത്. ഡി.എച്ച്.എസ്. നോട് ചോദിക്കാൻ മാത്രമാണ് പറഞ്ഞത്. അത് ശ്രീ. ബാലന്റെ ഭാര്യയായിപ്പോയി എന്നത് മാത്രമേയുള്ളൂ. ഇതുപോലെ കാര്യക്ഷമമായി ഒരു ഗവൺമെന്റും ഇന്നുവരെ പ്രവർത്തിച്ചിട്ടില്ല എന്നതാണ് ഡി.എച്ച്.എസ്.ന്റെ സർട്ടിഫിക്കറ്റ്. നമുക്ക് പ്രസ്തുത സർട്ടിഫിക്കറ്റ് മാത്രം മതി. ആ സർട്ടിഫിക്കറ്റിനെക്കുറിച്ച് നിങ്ങൾക്ക് ആക്ഷേപമുണ്ടോ? ആക്ഷേപ

മുണ്ടെങ്കിൽ നിങ്ങൾക്ക് പറയാം. നമുക്ക് അത് പരിഹരിക്കാം. ഇവിടെ എത്രയോ പ്രശ്നങ്ങളുണ്ടായി. വരൾച്ചയേയും പകർച്ചപ്പനിയേയും നേരിട്ടു. ഇതൊന്നും ഗവൺമെന്റ് ഉണ്ടാക്കിയതല്ല. സൗദി അറേബ്യയിൽ നിന്ന് ആളുകൾ ഇങ്ങോട്ട് വരുന്നു എന്ന് കേട്ടപ്പോൾ നമ്മൾ ഞെട്ടിപ്പോയി. വിദേശ മലയാളികൾ കേരളത്തന്റെ ഏറ്റവും വലിയ ശക്തിയാണ്, നമ്മുടെ സാമ്പത്തിക മേഖലയിലെ ഏറ്റവും വലിയ ചാലക ശക്തിയാണ് വിദേശ മലയാളികൾ. ഇവർ വിദേശത്തുനിന്നും കേരളത്തിലേക്ക് വന്നാൽ നമുക്ക് ഉണ്ടാകാൻ പോകുന്ന ബുദ്ധിമുട്ട് വളരെ വലുതാണ്. അവിടെ ഒരു നിയമമുണ്ടാക്കി. ആ നിയമത്തിന്റെ അടിസ്ഥാനത്തിൽ സൗദിയിൽ നിന്നും വിദേശ മലയാളികൾ നാട്ടിലേക്ക് വന്നാൽ അത് കേരളത്തിന്റെ സാമ്പത്തിക ഭദ്രതയെ ബാധിക്കുമെന്ന് കണ്ടപ്പോൾ ഈ ഗവൺമെന്റ് എങ്ങനെയാണ് പ്രവർത്തിച്ചത്? ശക്തമായ നടപടി കൾ സ്വീകരിച്ചതിലൂടെ ഇതുസംബന്ധിച്ച ഭയാശങ്ക മാറ്റാൻ ഗവൺമെന്റിന് സാധിച്ചു. ഇറ്റാലിയൻ നാവികർ രണ്ട് മത്സ്യത്തൊഴിലാളികളെ വെടിവച്ച് കൊന്നപ്പോൾ ഇതുസംബന്ധിച്ച് നിങ്ങൾ എത്രപ്രാവശ്യം ഇവിടെ അടിയന്തരപ്രമേയം കൊണ്ടുവന്നു? സോണിയാ ഗാന്ധിയുടെ പ്രേരണ കൊണ്ടാണ് നിങ്ങൾക്ക് തീരുമാനമെടുക്കാൻ സാധിക്കാത്തതെന്നുപറഞ്ഞ് ആക്ഷേപിച്ചില്ലേ? ഞാൻ ചോദിക്കട്ടെ, ഇക്കാര്യത്തിൽ തീരുമാനമെടുത്തില്ലേ? ഇറ്റാലി യൻ നാവികർ പോയപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവടക്കമുള്ളവർ അവരെ തിരിച്ച് കൊണ്ടുവരുമോ എന്ന് ചോദിച്ചു. തിരിച്ച് വന്നിരിക്കും, തിരിച്ച് കൊണ്ടുവന്നിരിക്കുമെന്ന് ആത്മവിശ്വാസത്തോടുകൂടി മുഖ്യമന്ത്രി മറുപടി പറഞ്ഞു. അവരെ തിരിച്ച് കൊണ്ടുവരികയും കൽത്തുറുങ്കിൽ അടയ്ക്കുകയും ചെയ്തു. നിങ്ങൾ ഓരോ കാലഘട്ടത്തിലും അടിയന്തര പ്രമേയങ്ങൾ കൊണ്ടുവന്നല്ലോ. അടിയന്തര പ്രമേയത്തിലൂടെ സഭ

യുടെ, ജനങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയ ഏതെങ്കിലും കാര്യത്തിൽ ഈ ഗവൺമെന്റ് കാലതാമസം ഉണ്ടാക്കിയെന്നോ ഈ ഗവൺമെന്റ് പ്രവർത്തിച്ചില്ലെന്നോ ഏതെങ്കിലും പ്രതിപക്ഷ സ്നേഹിതന്മാർക്ക് ആത്മാർത്ഥമായി പറയാൻ സാധിക്കുമോ? ശ്രീ. കെ. ശിവദാസൻ നായർ നേരത്തെ ചൂണ്ടിക്കാട്ടിയതുപോലെ ഈ ഗവൺമെന്റ് ഏറ്റവും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചത് പാവപ്പെട്ട രോഗികളുടെ നേർക്കാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയെക്കുറിച്ച് നമുക്കറിയാം. പണ്ട് 20,000 രൂപ സാമ്പത്തിക വരുമാനമുള്ള പാവപ്പെട്ടവർക്ക് മാത്രമേ അത് നൽകാൻ സാധിക്കുകയുള്ളൂ. എന്നാൽ ഇപ്പോൾ പ്രസ്തുത തുക ഉയർത്തി. എവിടെനിന്നാണ് ആ അനുഭവം കിട്ടിയത്? അത് ബഹുജന സമ്പർക്ക പരിപാടിയിലൂടെയാണ്. ബഹുജന സമ്പർക്ക പരിപാടിയിൽ അദ്ദേഹത്തെ കാണാൻ വന്ന ആയിരങ്ങളുടെ വേദന കണ്ടപ്പോൾ അദ്ദേഹം പ്രസ്തുത തുക രണ്ട് ലക്ഷമായി വർദ്ധിപ്പിച്ചു. ഒരു രോഗിക്ക് സാമ്പത്തിക സഹായം നൽകാൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽ നിന്ന് തുക അനുവദിക്കണമെന്ന് പറഞ്ഞ് ഒരു എം.എൽ.എ. യുടെ കവറിംഗ് ലെറ്ററോടുകൂടി കൊടുത്താൽ തുക ലഭിക്കാത്ത ഏതെങ്കിലുമൊരു എം.എൽ.എ.-മാർ കേരളത്തിലുണ്ടോ? ഞാൻ എല്ലാ വർഷത്തെയും കണക്ക് പറയുന്നില്ല. രണ്ട് വർഷം മുമ്പ് ഒരു ഗവൺമെന്റ് ഇവിടെ ഉണ്ടായിരുന്നു. ഞാൻ ആരെയും വ്യക്തിപരമായി കുറ്റപ്പെടുത്തുന്നില്ല. അന്ന് ഞാൻ നിയമസഭയിൽ ഉണ്ടായിരുന്നു. അന്ന് പരാതി കൊടുത്തവരും മുഖ്യമന്ത്രിയെ കണ്ടവരും ഇവിടെയുണ്ട്. ഏതെങ്കിലും ഒരാൾക്ക് ഇത്തരം ആനുകൂല്യങ്ങൾ ലഭിച്ചോ? ധാരാളം ലോട്ടറികൾ കേളത്തിലുണ്ട്. സാന്റിയാഗോ മാർട്ടിനെപ്പോലുള്ള ആളുകൾ ലോട്ടറി നടത്തി കേരളത്തിന്റെ പൊതു

ഖജനാവും സാമ്പത്തിക ശേഷിയും ചൂഷണം ചെയ്ത് മുന്നോട്ട് പോയ ഒരു കാലഘട്ടമുണ്ടായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ സാന്റിയാഗോ മാർട്ടിനെപ്പോലുള്ള സാമ്പത്തിക കുറ്റവാളികളെ പ്രേരിപ്പി ക്കാനോ പ്രോത്സാഹിപ്പിക്കാനോ അല്ല ലോട്ടറി നടത്തിയത്. കാരുണ്യ ത്തിന്റെ ഒരു കണികപോലും കണ്ടെത്താതെ ജീവിത യാഥാർത്ഥ്യങ്ങളുടെ കാർക്കശ്യം ഘനീഭവിച്ച പാതയിലൂടെ കടന്നുപോകുന്ന പാവപ്പെട്ട അശരണരും രോഗികളുമായവരെ സഹായിക്കുന്നതിനുള്ള ഒരു പദ്ധതി കൊണ്ടുവന്നു. ഡയാലിസിസ് നടത്തേണ്ട രോഗികൾ, ഹൃദ്രോഗികൾ, ക്യാൻസർ രോഗികൾ ഇവർക്കെല്ലാം ഈ ആനുകൂല്യങ്ങൾ ലഭിക്കുന്നു. ഇതി നായി 150 കോടി രൂപ അനുവദിച്ച ശ്രീ. കെ.എം. മാണി ഇവിടെ ഇരിക്കുന്നു. ഡോ. തോമസ് ഐസക്ക്, നിങ്ങൾക്ക് ഇതിൽ പരാതിയുണ്ടോ? എന്റെ സ്നേഹിതനാണ് ഡോ. തോമസ് ഐസക്. ഇവിടെ കോക്ലിയർ ഇംപ്ലാന്റേഷ നെക്കുറിച്ച് പരാമർശിച്ചു. വ്യക്തിപരമായ അനുഭവമുള്ള ഒരാളാണ് ഞാൻ. സംസാരിക്കാൻ സാധിക്കാത്ത മകനോട് ആംഗ്യഭാഷയിൽ കാണിച്ച് വേദന സഹിച്ച ഒരു പിതാവാണ് ഞാൻ. എത്രയോ കോക്ലിയർ ഇംപ്ലാന്റേഷൻ ഇവിടെ നടത്തി. ആരെങ്കിലും അത് ശ്രദ്ധിച്ചോ? അന്ധനും ബധിരനും മൂക നുമായ പാവപ്പെട്ട കുട്ടികളെക്കുറിച്ച് നമുക്കറിയാമല്ലോ. കുട്ടികളുടെ കാതു കൾക്ക് കേൾക്കാനുള്ള ശക്തി പകർന്നു നൽകിയ, അവരുടെ നാവുകളെ ചലിപ്പിച്ച് അവർക്ക് സംസാര ശേഷി പകർന്നുകൊടുത്ത ഒരു മുഖ്യമന്ത്രി ഇവിടെയുണ്ടെന്ന് ഞാൻ അഭിമാനത്തോടുകൂടി പറയുകയാണ്. ഇനി എന്നെപ്പോലൊരു പിതാവ് ഈ കേരളത്തിൽ ഉണ്ടാകുകയില്ല. ശ്രീ. എ.കെ. ബാലൻ, എന്നെപ്പോലൊരു പിതാവിന്റെ വേദന ഇനി ഈ കേര

ളീയ സമൂഹത്തിന് സഹിക്കേണ്ടി വരില്ല. കാരണം ഇനിയും കേരളത്തിൽ അന്ധനും ബധിരനും ഉണ്ടാകുകയില്ല. അന്ധനും ബധിരനുമില്ലാത്ത ഒരു പൊതു സമൂഹത്തെ സൃഷ്ടിക്കാൻ കഴിഞ്ഞ ഒരു ഗവൺമെന്റിനെ കുറ്റപ്പെടുത്തുന്നത് നിങ്ങൾക്ക് കേൾവി ശക്തിയുണ്ടെങ്കിലും കേൾക്കാൻ സാധിക്കാത്തതുകൊണ്ടും സംസാരശേഷിയുണ്ടെങ്കിലും നിങ്ങളുടെ നാവുകൾക്ക് ചലനശക്തി നഷ്ടപ്പെട്ടതുകൊണ്ടുമാണ്. വിധവ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, സ്വാതന്ത്ര്യസമര സേനാനികളുടെ പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ എന്നിവ ഈ ഗവൺമെന്റ് വർദ്ധിപ്പിച്ചില്ലേ? ഏത് പാവപ്പെട്ടവനെയാണ് ഈ ഗവണ്മെന്റ് വിസ്മരിച്ചത്? ബഹുജന സമ്പർക്ക പരിപാടി നടത്തുമ്പോൾ മാത്രമല്ല, മുഖ്യമന്ത്രിയുടെ ഏതെങ്കിലും ഒരു പരിപാടി ഉണ്ടെങ്കിൽ അവിടെ രോഗികൾ ഓടിയെത്തുകയാണ്. എന്തുകൊണ്ടാണ് ഇങ്ങനെ രോഗികൾ എത്തുന്നത്? അവർക്കൊരു വിശ്വാസമുണ്ട്. ആ രോഗികളെ ചികിത്സിക്കുന്ന ഡോക്ടർമാരെക്കാൾ കൂടുതൽ അവന്റെ വേദന കണ്ടറിയാൻ സാധിക്കുന്ന മനുഷ്യ ഹൃദയമുള്ള ഒരു മുഖ്യ മന്ത്രിയാണ് കേരളം ഭരിക്കുന്നത്. അതുകൊണ്ടാണ് ആംബുലൻസിലും വീൽചെയറിലും കയറി പാവപ്പെട്ട രോഗികൾ മുഖ്യമന്ത്രിയെ കാണാൻ വരുന്നത്. അതാണ് ഈ ഗവൺമെന്റിന്റെ മുഖമുദ്ര, അതാണ് ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ നേട്ടം. ഇവിടെ മലയാള ഭാഷയെക്കുറിച്ച് സൂചിപ്പിച്ചു. മലയാള ഭാഷയ്ക്ക് അംഗീകാരം ലഭിച്ചപ്പോൾ എന്ത് പുച്ഛമാണ്. നമ്മുടെ സ്വപ്നമായിരുന്ന മലയാളം യൂണിവേഴ്സിറ്റി സ്ഥാപിച്ചില്ലേ? അതിനെ നിങ്ങൾ എന്തിനാണ് എതിർക്കുന്നത്? മലയാള ഭാഷയ്ക്ക് ശ്രേഷ്ഠപദവി ലഭിക്കണമെന്ന് ഈ നിയമസഭയിൽ എത്രയോ അംഗങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. നമ്മൾ ഇതിൽ പ്രമേയം പാസ്സാക്കാൻ തയ്യാറായില്ലേ, നമ്മൾ ഇതിനായി പരി

ശ്രമിച്ചില്ലേ? ഇപ്പോൾ നമുക്കത് ലഭിച്ചു. മലയാള ഭാഷയ്ക്ക് ശ്രേഷ്ഠ പദവി ലഭിച്ചപ്പോൾ ചില മലയാള പണ്ഡിതന്മാർ പറയുന്നത് ഇതൊന്നും വലിയ കാര്യമല്ലായെന്നാണ്. എത്രയോ നാൾ നമ്മൾ പ്രതീക്ഷിച്ചതാണ്, എത്രയോ നാളുകൾ നമ്മൾ ശ്രമിച്ചുനോക്കി. അതുപോലെതന്നെ കേരളത്തിന്റെ വികസ നത്തിനുവേണ്ടിയുള്ള എത്രയോ പദ്ധതികൾ ഈ ഗവൺമെന്റ് നടപ്പാക്കി. വികസനത്തിന്റെ ചക്രവാളത്തിലേക്ക് യു.ഡി.എഫ്. സർക്കാർ ചിറക് വിടർത്തി പറക്കുകയാണ്. നാളയെക്കുറിച്ച് പ്രതീക്ഷയും പ്രത്യാശയും ഉള്ള വർക്ക് മാത്രമേ സ്വപ്നം കാണാൻ സാധിക്കുകയുള്ളൂ. ആ സ്വപ്നം സാക്ഷാത്ക്കരിക്കാൻ ആത്മവിശ്വാസം വേണം. ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഗവൺമെന്റ് ആത്മവിശ്വാസമുള്ള ഗവൺമെന്റാണ്. ഞങ്ങളുടെ സ്വപ്ന ത്തിന്റെ കൊടി അടയാളമാണ് സ്മാർട്ട് സിറ്റി, ഞങ്ങളുടെ പ്രതീക്ഷയുടെ കിരണങ്ങളാണ് കൊച്ചിൻ മെട്രോ, ഞങ്ങളുടെ പ്രത്യാശയുടെ ചക്രവാള ങ്ങളാണ് വിഴിഞ്ഞം പദ്ധതി, ഞങ്ങളുടെ ആശയുടെ ഹരിതജാലങ്ങളാണ് എമർജിംഗ് കേരള, ഞങ്ങളുടെ ആഗ്രഹങ്ങളുടെ സുവർണ്ണ കവാടമാണ് മോണോ റെയിൽ, ഞങ്ങളുടെ ശുഭാപ്തി വിശ്വാസത്തിന്റെ ചിറകുകളാണ് കണ്ണൂർ വിമാനത്താവളം. ഇതൊക്കെ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിയതാണെന്ന് എന്റെ സ്നേഹിതൻ ബഹുമാനപ്പെട്ട സി. ദിവാകരൻ ഇവിടെ പറയുകയുണ്ടായി. എൽ.ഡി.എഫ്. ഗവൺമെന്റ് തുടങ്ങി വച്ച പല പദ്ധതികളുടെയും സ്ഥിതി ഞങ്ങൾ കണ്ടു. കഴിഞ്ഞ അഞ്ച് വർഷ ക്കാലം എൽ.ഡി.എഫ്. ഗവൺമെന്റ് ഇവിടെ ഭരിച്ചു, മുമ്പ് സൂചിപ്പിച്ചതു പോലെ സ്മാർട്ട് സിറ്റിയുമായി ബന്ധപ്പെട്ട് എന്റെ മണ്ഡലത്തിൽ ബഹുമാന പ്പെട്ട വി. എസ്. അച്ചുതാനന്ദൻ കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്നപ്പോൾ തറക്കല്ലിട്ടു. ആ തറക്കല്ലിൽ അഞ്ച് വർഷക്കാലം റീത്ത് സമർപ്പി

ച്ചുവെന്നല്ലാതെ ഒരു മെറ്റൽ കഷണംപോലും എടുത്തുവയ്ക്കാൻ കഴിഞ്ഞില്ല. അതിവേഗം ബഹുദൂരം പോകുന്നതിനെക്കുറിച്ച് കുറ്റപ്പെടുത്തുമെങ്കിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആ പദ്ധതി നടപ്പാക്കുമെന്ന പ്രഖ്യാപനം വന്നിരിക്കുന്നു. മെട്രോ റെയിൽ പദ്ധതി എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിയതാണെന്നും അതിന് കാലതാമസമുണ്ടായെന്നും ശ്രീ. സി. ദിവാകരൻ ഇവിടെ പറഞ്ഞു. എത്രവർഷത്തെ കാലതാമസമാണുണ്ടായത്; അഞ്ച് വർഷക്കാലം കാലതാമസമുണ്ടായിട്ടും മെട്രോ റെയിൽ പദ്ധതി നടപ്പിലാക്കാൻ സാധിച്ചില്ല. മെട്രോ റെയിൽ പദ്ധതി നടത്തുമെന്ന് അന്നത്തെ ഗവൺമെന്റ് പ്രഖ്യാപിച്ചെങ്കിൽ ഇന്നിതാ മെട്രോ റെയിലിന് തുടക്കം കുറിച്ചു. മെട്രോ റെയിലിന്റെ പണി തുടങ്ങി. ഡോ. തോമസ് ഐസക് സംശയിക്കേണ്ട, രണ്ട് വർഷം കഴിഞ്ഞ് ഡോ. തോമസ് ഐസക് എറണാകുളത്ത് വന്നാൽ ഈ ഗവൺമെന്റ് മെട്രോ ട്രെയിനിന്റെ ചൂളം വിളി നിങ്ങളുടെ കാതുകളിൽ കേൾപ്പിച്ചിരിക്കും. അതിനുള്ള ആത്മാർത്ഥതയും ഇച്ഛാശക്തിയും ഈ ഗവൺമെന്റിനുണ്ട്. വിഴിഞ്ഞം പദ്ധതി, കണ്ണൂർ വിമാനത്താവളം, മോണോ റെയിൽ എല്ലാ കാര്യങ്ങളെയുംപറ്റി പറയുന്നില്ല. ആരാണ് ഇവിടെ നടത്താതിരിക്കുന്നത്; ആര് നടത്തിയില്ലെന്നാണ് നിങ്ങൾ പറയുന്നത്? ഇവിടത്തെ റോഡുകളുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്? പണ്ട് താറാവുകൾ നീന്തുന്ന ഹംസക്കുളങ്ങൾ ഇവിടത്തെ റോഡുകളിൽ ഉണ്ടായിരുന്നുവെങ്കിൽ ഇന്ന് അതെല്ലാം എവിടെപ്പോയി? ഇപ്പോൾ അതൊന്നും കാണാനില്ല. ഇവിടത്തെ എഞ്ചിനീയറിംഗ്/മെഡിക്കൽ/പ്രൊഫഷണൽ പഠനത്തിന് അന്യ സംസ്ഥാനങ്ങളിലേയ്ക്ക് പോയിക്കൊണ്ടിരുന്ന വിദ്യാർത്ഥികളെ ഇന്ന് കാണുന്നില്ല. ഇന്നവർക്ക് ഇവിടെ പഠിക്കാനുള്ള സൗകര്യമുണ്ട്. വിദ്യാഭ്യാസമേഖലയിൽ അവർക്ക് പഠിക്കാനുള്ള സ്ഥാപന

ങ്ങൾ ഉണ്ടാക്കി. പഠനം പൂർത്തിയാക്കി ഉന്നത ബിരുദം നേടിയ ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫും, നേഴ്സുമാരും, പ്രൊഫഷ ണൽസുകളും ജോലിക്കുവേണ്ടി യൂറോപ്പിലേയ്ക്കും ഗൾഫ് രാജ്യങ്ങ ളിലേയ്ക്കും പോകുന്ന സ്ഥിതിവിശേഷമുണ്ടായിരുന്നു. എന്നാൽ ഇന്ന് അങ്ങനെ പോകേണ്ട ആവശ്യമില്ല. അവർക്ക് ലക്ഷക്കണക്കിന് രൂപ ശമ്പളം ലഭിക്കുന്ന ജോലി കൊടുക്കാൻ കഴിയുന്ന തരത്തിലുള്ള സ്ഥാപനങ്ങളും സാഹചര്യങ്ങളും കേരളത്തിലുണ്ടാകുന്നു. ഇത് വലിയൊരു നേട്ടമല്ലേ; ഇതി നെക്കുറിച്ച് ആർക്കും പരാതിയില്ലേ; അപ്പോൾ ഈ ഗവൺമെന്റിന് ഇച്ഛാശ ക്തിയുണ്ട്. ഈ ഗവൺമെന്റ് പ്രഖ്യാപിക്കുന്ന പദ്ധതികളൊന്നും കടലാസി ലൊതുങ്ങി തേങ്ങിക്കരയില്ലെന്നും നായ്ക്കൾക്ക് മൂത്രമൊഴിക്കത്തക്ക രീതിയി ലുള്ള ഒരു ശിലാഫലകവും കേരളത്തിൽ ഉണ്ടാവില്ലെന്നും ആത്മാർത്ഥമായി വിശ്വസിക്കാം. കാരണം, ഈ ഗവൺമെന്റ് കാര്യങ്ങൾ നടപ്പിലാക്കുന്നു. അപ്പോഴാണ് ഇവിടത്തെ ചില വിവാദങ്ങളെപ്പറ്റി പറയുന്നത്? കോൺഗ്രസ് പാർട്ടിയുടെ മുന്നണിക്കുള്ളിലുണ്ടായ ചില അഭിപ്രായവ്യത്യാസങ്ങളെപ്പറ്റി പത്രവാർത്ത വരുമ്പോൾ നിങ്ങൾ ഇങ്ങോട്ട് ചോദ്യം ചോദിക്കുകയാണ്. കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ കേരളത്തിലെ ഇലക്ട്രോണിക് മീഡിയ യിലും പ്രിന്റ് മീഡിയയിലും വന്ന ഏറ്റവും വലിയ വിവാദമെന്താണ്? ശ്രീ. വി. എസ്. അച്ചുതാനന്ദനും ശ്രീ. പിണറായി വിജയനും തമ്മിലുള്ള വഴക്കായിരു ന്നു. ശ്രീ. വി. എസ്. അച്ചുതാനന്ദനും ശ്രീ. പിണറായി വിജയനും തമ്മിലുള്ള വഴക്കല്ലേ മീഡിയകൾ ഏറ്റവും കൂടുതൽ ആഘോഷിച്ചത്. ഇന്ന് അത് എവിടെ നിൽക്കുന്നു നിങ്ങളുടെ ഉൾപാർട്ടി പ്രശ്നം. ഞങ്ങൾക്ക് ചെറിയൊരു കുഴപ്പമുണ്ടായിയെന്ന് സമ്മതിക്കുന്നു. എൽ.ഡി.എഫ്. പാർട്ടിക്കുള്ളിലെ പ്രശ്നങ്ങൾ പാർട്ടിവേദികളിൽ ചർച്ച ചെയ്യുമ്പോൾ യു.ഡി.എഫ്. പാർട്ടിക്കു

ള്ളിലെ പ്രശ്നങ്ങൾ ചാനലുകളിൽ ചർച്ച ചെയ്യുന്നുവെന്ന ഒരു ചെറിയ ഗതികേട് ഉണ്ടെന്നതൊഴിച്ചാൽ പ്രശ്നങ്ങളുടെ തീവ്രത എവിടെയാണ്. പ്രശ്നങ്ങളുടെ തീവ്രത നിങ്ങളുടെ പാർട്ടിക്കുള്ളിലാണ്. അതുപോലെ തന്നെ ഇവിടെ എല്ലാവരും പറയുന്നത് പുതിയ ദേശീയ രാഷ്ട്രീയത്തെക്കുറിച്ചാണ്. ഇവിടെ പ്രസംഗം തുടങ്ങിയ ശ്രീ. ഇ.പി. ജയരാജനും പ്രതിപക്ഷത്തുനിന്ന് പ്രസംഗം അവസാനിപ്പിച്ച ശ്രീ. സി. ദിവാകരൻ വരെ ദേശീയ രാഷ്ട്രീയത്തെക്കുറിച്ചാണ് പറഞ്ഞത്. വരാൻ പോകുന്ന ദേശീയ രാഷ്ട്രീയമെന്താണ്? .........(ബഹളം)....... ഞങ്ങൾ എടുത്ത നിലപാടിൽ തന്നെ അന്നും ഇന്നും നിൽക്കുന്നു. നിങ്ങൾ ഇപ്പോൾ എന്ത് പണിയാണ് ചെയ്യുന്നതെന്നതിനെക്കുറിച്ച് ഞങ്ങളെക്കൊണ്ട് പറയിപ്പിക്കരുത്. ഇവിടത്തെ സി.ഐ.ടി.യു വിഭാഗത്തെ വെട്ടിമുറിക്കുന്നതിനുവേണ്ടി ശ്രീ. വി. എസ്. അച്ചുതാനന്ദനോടൊപ്പം നിന്ന് സിന്ദാബാദ് വിളിച്ച നിങ്ങൾ ഇപ്പോൾ അദ്ദേഹത്തെ വെട്ടിനിരത്താൻ ശ്രമിക്കുന്ന തരത്തിലുള്ള കാലുമാറ്റമാണ് കാണുന്നത്. ഞങ്ങൾ എടുത്ത നിലപാടിൽ അന്നും ഇന്നും ഉറച്ചുനിൽക്കുന്നുവെന്ന കാര്യത്തിൽ ഒരു തെറ്റിദ്ധാരണയും വേണ്ട. അതുകൊണ്ട് ഞങ്ങളുടെ പേരിൽ ശ്രീ. പി. ശ്രീരാമകൃഷ്ണനെപ്പോലെയുള്ള ആളുകൾ കേഴാൻ വരണ്ട. ഇവിടെ ദേശീയ രാഷ്ട്രീയത്തെക്കുറിച്ചാണല്ലോ പറഞ്ഞത്. ദേശീയ രാഷ്ട്രീയത്തിലുള്ളതെന്താണ്? ഇന്ത്യൻ ദേശീയ രാഷ്ട്രീയത്തിൽ ഇപ്പോൾ കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള മതനിരപേക്ഷശക്തികളും ബി.ജെ.പിയുടെ നേതൃത്വത്തിലുള്ള വർഗ്ഗീയ ശക്തികളും മാത്രമാണുള്ളത്. ഇവർ തമ്മിലുള്ള പോരാട്ടമാണ് നടക്കാൻ പോകുന്നത്. അപ്പോഴാണ് ശ്രീ. ഇ. പി. ജയരാജൻ മൂന്നാംമുന്നണിയെപ്പറ്റി പറയുന്നത്. കാലാവസ്ഥയിൽ മാറ്റമുണ്ടാകുമ്പോൾ ഋതുഭേദങ്ങളിൽ മാറ്റമുണ്ടാകുമ്പോൾ ദേശാടനപ്പക്ഷികൾ പറന്നിറങ്ങുന്നതുപോലെ

കാലാകാലങ്ങളിൽ പാർലമെന്റ് തെരഞ്ഞെടുപ്പെന്ന് കേട്ടാൽ മൂന്നാം മുന്ന ണിയെന്ന ചിറകുവിരിച്ച് ദേശാടനപ്പക്ഷികളെപ്പോലെ ദേശീയ രാഷ്ട്രീയ ത്തിലേയ്ക്ക് പറന്നിറങ്ങാൻ ശ്രമിച്ചിട്ടുണ്ട്. പക്ഷേ, ഇന്ത്യൻ രാഷ്ട്രീയത്തിൽ ഇന്നുവരെ ദേശാടനപ്പക്ഷികളെപ്പോലെ പറക്കാനോ കാലുകുത്താനോ ഉള്ള സ്ഥലം കിട്ടിയില്ല. പിന്നെ നിങ്ങൾ എവിടെ നിൽക്കും. ഒരു ഭാഗത്ത് ശ്രീമതി സോണിയാ ഗാന്ധിയും മറുഭാഗത്തുള്ള ശ്രീ. എൽ. കെ. അദ്വാനിയായിരുന്നു, ഇപ്പോൾ അത് മാറി. ശ്രീ. നരേന്ദ്രമോഡിയും ശ്രീമതി സോണിയാഗാന്ധിയും തമ്മിൽ നടക്കുന്ന പോരാട്ടത്തിൽ ബി.ജെ.പി.യും കോൺഗ്രസും തമ്മിൽ നട ക്കുന്ന പോരാട്ടത്തിൽ വർഗ്ഗീയശക്തികളും മതേതരത്വ ശക്തികളും തമ്മിൽ നടക്കുന്ന പോരാട്ടത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് എന്ത് സ്ഥാനമാണുള്ളത്. പണ്ട് പനമ്പള്ളി ഗോവിന്ദമേനോൻ പറഞ്ഞതുപോലെ ദേശീയ രാഷ്ട്രീയ ത്തിൽ കിണ്ടിയേയും കിണ്ണത്തേയും എണ്ണത്തിൽ കൂട്ടാറില്ലെന്ന് പറഞ്ഞതു പോലെ ദേശീയ രാഷ്ട്രീയത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയെ ആരും എണ്ണ ത്തിൽ കൂട്ടാറില്ല. എവിടെയെങ്കിലും നിങ്ങളൊരു നിലപാടെടുക്കണം. ഞാൻ ശ്രീ. സി. ദിവാകരനോടും ശ്രീ. വി. എസ്. അച്ചുതാനന്ദനോടും പറയുന്നത് ഈ കാര്യങ്ങളെപ്പറ്റി ആലോചിക്കണം എന്നാണ്. ഇവിടത്തെ വർഗ്ഗീയ ശക്തി കളും പ്രതിലോമ ശക്തികളും തമ്മിൽ ഏറ്റുമുട്ടുമ്പോൾ എവിടെ നിലപാടെടു ക്കണം. നിങ്ങൾ ശ്രീ. രമേശ് ചെന്നിത്തലയ്ക്കെതിരെ കോൺഗ്രസ്സിനുള്ളിൽ പടനീക്കം നടത്തിയില്ലേ; ഇതൊന്നും കണ്ട് നിങ്ങൾ തെറ്റിദ്ധരിക്കണ്ട. ഞാൻ ആവർത്തിക്കുന്നു. ഞങ്ങളുടെ ആരാധ്യനായ കെ.പി.സി.സി. പ്രസിഡന്റാണ് ശ്രീ. രമേശ് ചെന്നിത്തല. പ്രതിപക്ഷത്തിരിക്കുന്നുണ്ടല്ലോ; .................. (ബഹളം).......... ആരുടെ അടുത്തിരുന്നാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇങ്ങോട്ട് ചോദിക്കുന്നത്. കരചരണങ്ങൾ അരിഞ്ഞ് ശരശയ്യയിൽ

ഉത്തരായനം കാത്തിരിക്കുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ അടുത്തിരുന്നാണോ ഇങ്ങനെ പറയുന്നത്. നിങ്ങൾ എത്ര പോളിറ്റ് ബ്യൂറോ കൂടി. ഞാൻ ചോദിക്കട്ടേ; ബഹുമാനപ്പെട്ട ശ്രീ. വി. എസ്. അച്ചുതാനന്ദനെ പ്രതിപക്ഷനേതാവായി അംഗീകരിക്കാൻ ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ തയ്യാറായോ; ബഹുമാനപ്പെട്ട ശ്രീ. വി. എസ്. അച്ചുതനന്ദനോട് അഭ്യർത്ഥിക്കാനുള്ളത്, ദേശീയ രാഷ്ട്രീയം വരികയാണ്, ശ്രീ. മോഡിയും സോണിയാ ഗാന്ധിയും തമ്മിലുള്ള മത്സരം വരികയാണ്. മതേതരത്വ ശക്തികളും വർഗ്ഗീയ ശക്തികളും തമ്മിലുള്ള മത്സരം വരികയാണ്. പ്രതിപക്ഷസ്ഥാനം പിടിച്ചുപറിക്കാൻ നിൽക്കുന്ന ശ്രീ. പിണറായി വിജയനിൽ നിന്നും മോചനം നേടണമെങ്കിൽ നമുക്ക് ഒരുമിക്കാം. ഇനി വരാൻ പോകുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ ശ്രീ. നരേന്ദ്രമോഡി............ (ബഹളം) ............. ശ്രീ. ബാബു എം. പാലിശ്ശേരി എന്തിനാണ് ഒച്ചപ്പാടുണ്ടാക്കുന്നത്; നിങ്ങളും ശ്രീ. എ. എം. ആരിഫും എന്നാണ് കമ്മ്യൂണിസ്റ്റ് ആയത്. ഞാൻ മാർക്സിസ്റ്റ്കാരോടാണ് സംസാരിക്കുന്നത്. നിങ്ങളുടെ പാരമ്പര്യം എന്നെക്കൊണ്ട് പറയിപ്പിക്കരുത്. നിങ്ങൾ കമ്മ്യൂണിസ്റ്റ് പാർട്ടിയെന്ന് പറഞ്ഞ് നാവനക്കുന്നതിനുമുമ്പ് അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ നിന്നുകൊണ്ട് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് രൂപം കൊടുക്കുന്നതിനുവേണ്ടി പോളിറ്റ് ബ്യൂറോയിൽ നിന്ന് ആദ്യമായി ഇറങ്ങിവന്ന ഇന്നും ജീവിച്ചിരിക്കുന്ന ആരാധ്യനായ കമ്മ്യൂണിസ്റ്റ് പാർട്ടി നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദനോട് ചോദിക്കുമ്പോൾ അത് ഏറ്റെടുക്കാൻ ശ്രമിക്കുന്നതെന്തിനാണ്? ശ്രീ. വി. എസ്. അച്ചുതാനന്ദനേയും ശ്രീ. ബാബു എം. പാലിശ്ശേരിയേയും ഒരുപോലെ കാണാൻ ശ്രമിക്കുന്നില്ല. അതുകൊണ്ട് നിങ്ങൾ പറയേണ്ട. ഞങ്ങൾ പറയുന്നത്, ദേശീയ രാഷ്ട്രീയ

ത്തെക്കുറിച്ച് പറഞ്ഞപ്പോൾ ഏത് സംസ്ഥാനത്താണ് ഇപ്പോൾ യു.ഡി.എഫ്. ഭരിക്കുന്നതെന്ന് ശ്രീ. സി. ദിവാകരൻ ചോദിച്ചു. ഇപ്പോൾ പതിനാല് ജില്ലകളിലും ഭരിക്കുന്ന പാർട്ടി കോൺഗ്രസ്സാണ്. നിങ്ങൾ എവിടെയുണ്ട്? ചെറിയ സംസ്ഥാനമായിരിക്കും, കേരളമോ ഹരിയാനയോ ആയിരിക്കും. മഹാരാഷ്ട്രയും കർണ്ണാടകയുമുണ്ടല്ലോ; ഞാൻ വാദത്തിനുവേണ്ടി സമ്മതിക്കുന്നു. പതിനാല് കൊച്ചു സംസ്ഥാനത്തിലെങ്കിലും യു.ഡി.എഫ്-ന്റെ മുഖ്യമന്ത്രിമാർ ഉണ്ടെങ്കിൽ ത്രിപുരയൊഴിച്ചാൽ വേറെ എവിടെയെങ്കിലും എൽ.ഡി.എഫ്. അധികാരത്തിലുണ്ടോ? ഏതെങ്കിലും ഒരു സ്ഥലത്ത് നിങ്ങളുണ്ടോ;. ഏതായാലും ത്രിപുരയെക്കാൾ വലിയ സംസ്ഥാനത്താണ് യു. ഡി.എഫ്. ഭരിക്കുന്നത്. ദേശീയ രാഷ്ട്രീയത്തെക്കുറിച്ച് ശ്രീ. ഇ. പി. ജയരാജൻ മുതൽ സംസാരിച്ചവർ ശ്രീമതി സോണിയാഗാന്ധിയെ, നിങ്ങൾ കോൺഗ്രസ്സിന്റെ പൈതൃകത്തെ കോൺഗ്രസ്സിന്റെ സംസ്കാരത്തെ .........

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, മുസ്ലീം ലീഗും കേരളാ കോൺഗ്രസ്സുമില്ലെങ്കിൽ കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലെ ഒരു മണ്ഡലത്തിൽ ജയിക്കാൻ നിങ്ങൾക്ക് സാധിക്കുമോ?

<u>ശ്രീ. ബെന്നി ബെഹനാൻ</u>: സർ, ശ്രീ. ഇ. പി. ജയരാജൻ, വെല്ലുവിളിയൊന്നും വേണ്ട. ഞാൻ ചോദിക്കട്ടേ, സി.പി.ഐ. ഇല്ലെങ്കിൽ എത്ര നിയോജകമണ്ഡലത്തിൽ സി.പി.ഐ.(എം.) ജയിക്കുമെന്ന് നിങ്ങൾക്ക് പറയുവാൻ കഴിയുമോ; ശ്രീ. സി. ദിവാകരൻ സമ്മതിക്കുമോ; ഇപ്പോൾത്തന്നെ ശ്രീ. സി. ദിവാകരൻ പറഞ്ഞിരിക്കുന്നത് എന്താണെന്ന് അറി

യാമോ? അവർക്ക് കൂടുതൽ സീറ്റ് വേണം. അവരുടെ ശക്തിയെ മനസ്സിലാക്കിയില്ലായെങ്കിൽ വരാൻപോകുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ ശ്രീ. ഇ. പി. ജയരാജാ നിങ്ങളെ കാണിച്ചുതരാമെന്നാണ് ശ്രീ. സി. ദിവാകരൻ പറഞ്ഞിരിക്കുന്നത്. അവരാണ് ഇപ്പോൾ ഞങ്ങളോട് ചോദിക്കുന്നത്. എന്തിനാണ് വെറുതെ തർക്കിക്കുന്നത്. നിങ്ങൾക്കുവേണ്ടിയാണ് ഞാൻ പറഞ്ഞത്. മുന്നണി രാഷ്ട്രീയത്തിൽ ഘടകകക്ഷികളുടെ പിന്തുണയുണ്ടാകും. ഞങ്ങളും നിങ്ങളും മൽസരിച്ച് ജയിക്കുന്നത് നിങ്ങളുടെ കൂടെയുള്ള ഘടകകക്ഷികളുടെ പിന്തുണയോടുകൂടിയാണ്. ഞങ്ങൾ മുന്നണിയാണ്, അതുകൊണ്ട് ദേശീയ രാഷ്ട്രീയത്തെക്കുറിച്ച് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന് പറയാനുള്ള ധാർമ്മികതയില്ലായെന്ന് നിങ്ങൾ പറയരുത്. ദേശീയ രാഷ്ട്രീയത്തിൽ ഇന്നും ഇന്ത്യയിലെ ഏറ്റവും വലിയ രാഷ്ട്രീയ പ്രസ്ഥാനം കോൺഗ്രസ്സാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട സി. ദിവാകരൻ അങ്ങും 12 മിനിട്ടെടുത്തു.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട സി. ദിവാകരനും ശ്രീ. ഇ. പി. ജയരാജനുമെടുത്ത സമയം മാത്രമേ ശ്രീ. ബെന്നി ബെഹനാനും എടുത്തിട്ടുള്ളൂ.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ അവസാനിപ്പിക്കുന്നു. ശ്രീ. സി. ദിവാകരൻ, ഞാൻ അവസാനിപ്പിക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്. നിങ്ങളെടുത്ത സമയമേ എടുത്തിട്ടുള്ളൂ.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഇന്നത്തെ ഉപധനാഭ്യർത്ഥനയിൽ ഒരു വകുപ്പുകൂടിയുണ്ട് വനം. വനത്തെക്കുറിച്ച് ആരും പരാമർശിച്ചിട്ടില്ല.

"കാടെവിടെ മക്കളേ

കൂടെവിടെ മക്കളേ

കാട്ടുപൂഞ്ചോലയുടെ കുളിരെവിടെ മക്കളേ"

എന്ന് നമ്മുടെ കാടുകളെക്കുറിച്ച് വനങ്ങളിൽ ഇന്ന് കേൾക്കുന്നു. അത്തരം രോദനം ഇനിയും വനങ്ങളിൽ കേൾക്കാതിരിക്കുന്നതിനും വനങ്ങളെ സംരക്ഷിക്കുന്നതിനും ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടപടി സ്വീകരിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങെടുത്ത സമയമേ എടുത്തിട്ടുള്ളൂ. അങ്ങ് പന്ത്രണ്ടര മിനിട്ടിൽ കൂടുതലെടുത്തു. അത്രയേ ശ്രീ. ബെന്നി ബെഹനാനും എടുത്തിട്ടുള്ളൂ.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒന്നുകൂടി പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങനെ പറഞ്ഞിട്ട് കാര്യമില്ല. ബഹുമാനപ്പെട്ട സി. ദിവാകരനും ഇ. പി. ജയരാജനും പന്ത്രണ്ട് മിനിട്ടിൽ കൂടുതലെടുത്തു. അത്ര സമയം മാത്രമേ ശ്രീ. ബെന്നി ബെഹനാനും എടുത്തിട്ടുള്ളൂ. നിങ്ങൾ കൂടുതലെടുത്തതുകൊണ്ടാണ് ശ്രീ. ബെന്നി ബെഹനാനും കൂടുതൽ കൊടുക്കേണ്ടിവന്നത്.

ശ്രീ. സി. ദിവാകരൻ: സർ, ശ്രീ. ഇ. പി. ജയരാജന്റെ കാര്യം എനിക്കറിഞ്ഞുകൂടാ. ഞാനൊരു പാർട്ടി ഗ്രൂപ്പിന്റെ ലീഡറാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: യു.ഡി.എഫ്.-ൽനിന്ന് അവസാനമായി സംസാരിച്ച മെമ്പറാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ജനജീവിതം അത്യന്തം ദുസ്സഹവും ദുരിതപൂർണ്ണവുമാക്കുന്ന നടപടികളുടെ കാര്യത്തിൽ റെക്കോർഡ് സൃഷ്ടിച്ചുകൊണ്ടാണ് സംസ്ഥാന സർക്കാർ രണ്ടു വർഷം പിന്നിട്ടത്. ഒരുവശത്ത് പനിമരണമാണെങ്കിൽ, മറുവശത്ത് പട്ടിണി മരണം. രൂക്ഷമായ ഭക്ഷ്യക്ഷാമത്തിന്റെ കാലത്തുപോലും ഉണ്ടാകാത്ത തരത്തിലാണ് പട്ടിണിമരണം വർദ്ധിക്കുന്നത്. പനിയും പകർച്ചവ്യാധികളും പിടിപെട്ട് മനുഷ്യർ മരിക്കുന്നതും നിത്യസംഭവമായി മാറിയിരിക്കുന്നു. പട്ടിണിമൂലം അട്ടപ്പാടിയിൽ ആദിവാസി കുടുംബങ്ങളിലെ കുഞ്ഞുങ്ങൾ മരിച്ചുകൊണ്ടിരിക്കുന്നു. കഴിഞ്ഞ അഞ്ചുമാസത്തിനിടയിൽ അട്ടപ്പാടിയിൽ ആദിവാസി ഊരുകളിലെ അമ്പതോളം കുഞ്ഞുങ്ങളാണ് ഭക്ഷണവും മരുന്നും കിട്ടാതെ പിടഞ്ഞുമരിച്ചത്. ഇതാണോ രണ്ടുവർഷത്തെ ഭരണനേട്ടം. ഇക്കാര്യം ചർച്ച ചെയ്യാൻപോലും സർക്കാർ ഭയക്കുകയാണ്. തങ്ങളുടേതല്ലാത്ത കുറ്റം കൊണ്ട് മരിച്ച പാവപ്പെട്ട മനുഷ്യരുടെ ദുരന്തത്തിൽ വേദനയോ കുറ്റബോധമോ പ്രകടിപ്പിക്കാൻപോലും മുഖ്യമന്ത്രിയോ സർക്കാരോ തയ്യാറായില്ലായെന്നത് കേരളീയർക്ക് അപമാനമാണ്. വികസനവും കരുതലുമെന്ന് സർക്കാർ പെരുമ്പറ മുഴക്കിക്കൊണ്ടിരിക്കുന്നതിനിടയിലാണ് പട്ടിണിമൂലം അട്ടപ്പാടിയിൽ ആദിവാസി കുടുംബങ്ങളിലെ കുഞ്ഞുങ്ങൾ മരിച്ചുവീഴുന്നത്. പിഞ്ചുകുഞ്ഞുങ്ങളുടെ മരണം നിരന്തരം വാർത്തയായപ്പോഴും ഒരു നടപടിയുമെടുക്കാൻ സർക്കാർ തയ്യാറായില്ല. പനിമരണത്തിന്റെ കാര്യത്തിലും ഇതേ നിസ്സംഗതയും കുറ്റകരമായ അനാസ്ഥയുമാണ് സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായത്. സമീപകാലത്തൊന്നും കേട്ടുകേൾവിയില്ലാത്ത തരത്തിൽ 156 പേരാണ് പകർച്ചവ്യാധി പിടിപെട്ട് മരിച്ചത്. ആയിരക്കണക്കിന് ആളുകൾ

പകർച്ചവ്യാധിയുടെ പിടിയിലകപ്പെട്ടു. ആശുപത്രികളിൽ സൗകര്യങ്ങളില്ല, വേണ്ടത്ര സ്റ്റാഫില്ല, മരുന്നില്ല. പ്രകൃതിദുരന്തങ്ങളിൽപ്പോലും ഉണ്ടായിട്ടില്ലാത്ത മരണമാണ് സർക്കാരിന്റെ കുറ്റകരമായ അലംഭാവംമൂലം സംഭവിച്ചിട്ടുളളത്. പനിദുരന്തത്തിനിരയായവർക്ക് യാതൊരു സഹായവും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. മഴക്കാലരോഗങ്ങളെക്കുറിച്ച് വളരെ നേരത്തെ മുന്നറിയിപ്പ് കിട്ടിയിട്ടും സർക്കാർ അനങ്ങിയില്ല. മാലന്യനിർമ്മാർജ്ജനത്തിനും കൊതുകുനശീകരണത്തിനും ഒരു നടപടിയുമില്ല. രോഗം പിടിപെട്ട് പാവപ്പെട്ട മനുഷ്യർ മരിച്ചുവീഴുമ്പോൾ ആരോഗ്യ വകുപ്പുമന്ത്രി തീർത്ഥാടനത്തിന്റെ തിരക്കിലായിരുന്നു. ആശുപത്രികളിൽ ഡോക്ടർമാരുടെയും അനുബന്ധ സ്റ്റാഫിന്റെയും കുറവും മരുന്നിന്റെ ക്ഷാമവും തുടരുകയാണ്. വസ്തുതാവിരുദ്ധമായ കണക്കുകളും മറ്റും പറഞ്ഞ് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയാണ് സർക്കാർ ചെയ്യുന്നത്. കണ്ണൂർ, കരുണാ മെഡിക്കൽ കോളേജുകളിൽ 2012-13 വർഷങ്ങളിൽ നടത്തിയ എം.ബി.ബി.എസ്. പ്രവേശനത്തിലെ ക്രമക്കേടുകളും അഴിമതിയും ശ്രദ്ധയിൽപ്പെട്ടതിനാൽ കോളേജുകൾക്കെതിരെ നടപടി സ്വീകരിക്കാൻ സർക്കാർ ഉത്തരവിട്ടു. ഇതിനെതിരെ കോളേജ് ഹൈക്കോടതിയിൽ കൊടുത്ത ഹർജിയിൽ കോളേജും സർക്കാരും അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസും ഒത്തുകളിച്ചു. കോഴവാങ്ങി നൽകിയ പ്രവേശനം സാധൂകരിക്കുന്നതിന് സർക്കാർ കോളേജ് അധികാരികളുമായി ഗൂഢാലോചന നടത്തുകയായിരുന്നു. ആരോഗ്യ വിദ്യാഭ്യാസം വൻതകർച്ചയിലാണ്. ഇതുസംബന്ധിച്ച് നിരന്തരം വാർത്തകൾ വരുന്നു. എന്ത് നടപടിയാണ് സർക്കാർ ഇക്കാര്യത്തിൽ സ്വീകരിക്കുന്നത്? ജനങ്ങൾക്ക് പ്രാഥമിക ജീവിത സൗകര്യങ്ങളൊരുക്കുന്ന കാര്യത്തിൽ സർക്കാരിന് ഒരു താൽപര്യവുമില്ലാ

യെന്ന് തെളിയിക്കുന്നതാണ് കുടിവെള്ള വിതരണത്തിന്റെ കാര്യത്തിൽ സർക്കാരിന്റെ നിലപാട്. കുടിവെള്ളം കിട്ടാതെ ജനങ്ങൾ കടുത്ത ദുരിതത്തി ലാണ്. കുടിവെള്ളമെത്തിക്കാൻ എല്ലാ നടപടിയും യുദ്ധകാലാടിസ്ഥാന ത്തിൽ സ്വീകരിക്കും, അതിനുവേണ്ട പണം എത്ര വേണമെങ്കിലും നൽകും, എല്ലാ ജില്ലയിലും അവലോകനയോഗം നടത്തുമെന്നെല്ലാമാണ് മുഖ്യമന്ത്രി നിയമസഭയിൽ ഉറപ്പ് നൽകിയത്. എന്നാൽ കുടിവെള്ളക്ഷാമം പരിഹരി ക്കാൻ താൽക്കാലിക നടപടികളുമില്ല, ദീർഘകാല പദ്ധതികളുമില്ല. മാത്രമല്ല, കുടിവെള്ള വിതരണം സ്വകാര്യവൽക്കരിക്കുകയും പണക്കാർക്കായി പരിമിത പ്പെടുത്തുകയും ചെയ്യുന്നതിന് ഒരു കമ്പനി രൂപവൽക്കരിക്കുകയാണ് സർക്കാർ ചെയ്യുന്നത്. കഴിഞ്ഞ സമ്മേളന കാലത്ത് പ്രതിപക്ഷത്തിന്റെ ശക്ത മായ എതിർപ്പിനെത്തുടർന്ന് കമ്പനി രൂപീകരണത്തിനുള്ള നിയമനിർമ്മാണം മാറ്റിവയ്ക്കേണ്ടിവന്നുവെന്ന് മാത്രമല്ല സർക്കാരിന് നേരത്തെയിറക്കിയ ഉത്ത രവ് പിൻവലിച്ച് കുപ്പിവെള്ളത്തിന് മാത്രമായി അത് പരിമിതപ്പെടുത്തേണ്ടതാ യുംവന്നു. ജനദ്രോഹ നടപടികൾക്കെതിരെ ശക്തമായ പ്രക്ഷോഭണമല്ലാതെ ഞങ്ങളുടെ മുന്നിൽ മറ്റ് മാർഗ്ഗങ്ങളില്ല. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കാൽക്കോടിയോളം പുതിയ കണക്ഷനുകൾ നൽകുകയും കേരളത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണത്തിന് ഏറെ മുന്നോട്ടുപോകുകയും ലോഡ്ഷെ ഡ്ഡിംഗ് പൂർണ്ണമായി ഇല്ലാതാക്കുകയും ചെയ്തു. യു.ഡി.എഫ്. വന്നപ്പോൾ കേരളം ഇരുട്ടിലായി. രാത്രിയും പകലും പവ്വർകട്ടും ലോഡ്ഷെഡ്ഡിംഗും. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 3500 മെഗാവാട്ട് വൈദ്യുതി ഉൽപ്പാ ദിപ്പിക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകുകയും 206 മെഗാവാട്ട് അധികമായി ഉൽപ്പാദിപ്പിക്കുകയുമുണ്ടായി. 1000 മെഗാവാട്ട് സ്ഥാപിതശേഷി

യുള്ള താപനിലയത്തിനുവേണ്ടി കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി കൽക്കരിപ്പാടം വാങ്ങാൻ നടപടിയെടുത്തു. എന്നാൽ ഈ സർക്കാർ പിന്നീട് തിരിഞ്ഞുനോക്കാതെ വന്നതോടുകൂടി അത് ലാപ്സായിപ്പോയി. രണ്ടുവർഷം കൊണ്ട് ഒരു യൂണിറ്റുപോലും വൈദ്യുതി കൂടുതലായി ഉൽപ്പാദിപ്പിക്കുവാൻ ശ്രമിച്ചില്ല. കേന്ദ്രത്തിൽനിന്നും അധിക വൈദ്യുതി വിഹിതം വാങ്ങിയെടുക്കുന്നതിലും യു.ഡി.എഫ്. സർക്കാർ ദയനീയമായി പരാജയപ്പെട്ടു. രണ്ടുവർഷത്തിനിടയിൽ മൂന്ന് തവണയാണ് വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചത്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെ നിരക്കിനെ അപേക്ഷിച്ച് ഇരട്ടിയിലേറെയായിരിക്കുന്നു വൈദ്യുതി ചാർജ്ജ്. രൂക്ഷമായ വിലക്കയറ്റം.... നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം കാരണം ജനജീവിതം പൊറുതിമുട്ടി. സബ്സിഡി നൽകി വിപണിയിൽ ഫലപ്രദമായി ഇടപെട്ടുകൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് വിലക്കയറ്റം പിടിച്ചുനിർത്തിയത്. എന്നാൽ യു.ഡി.എഫ്. സർക്കാർ സബ്സിഡികൾ വെട്ടിച്ചുരുക്കിയതിനാൽ മാവേലി സ്റ്റോറുകളിൽ അവശ്യസാധനങ്ങൾ കിട്ടാത്ത സ്ഥിതിയായിരുന്നു. കേന്ദ്രത്തിൽനിന്നും ലഭിക്കുന്ന റേഷനരിയും ഗോതമ്പും പരക്കെ സ്വകാര്യ ഗോഡൗണുകളിലേയ്ക്ക് തിരിച്ചുവിട്ട് അഴിമതി നടത്തുന്നു. സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിക്കെതിരെ ഒരു വർഷത്തിനകം നാല് വിജിലൻസ് കേസ്സുകൾ വന്നിരിക്കുന്നു. പൊതുവിപണിയിൽ അരി വില 45 രൂപ കടന്നു. പലവ്യഞ്ജനങ്ങൾക്കും പച്ചക്കറികൾക്കും അഞ്ചും ആറും മടങ്ങ് വില വർദ്ധിച്ചിരിക്കുന്നു. ഒരു കിലോ ചുവന്നുള്ളിക്ക് 150 രൂപയാണ് വില. സവാളയ്ക്ക് 100 രൂപയും തക്കാളിക്ക് 250 രൂപയും നൽകണം.

പച്ചപ്പുല്ലിനുപോലും വില നാലിരട്ടിയായിരിക്കുന്നു. കേരളത്തിൽ പുല്ലുതിന്ന് ജീവിക്കാൻപോലും മാർഗ്ഗമില്ലാതായിരിക്കുകയാണ്.

കാർഷികമേഖലയുടെ തകർച്ച - കഴിഞ്ഞ വരൾച്ച കാരണം പതിനായിരക്കണക്കിന് ഏക്കറിലെ കൃഷി നശിച്ചു. ആശ്വാസ നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറായിട്ടില്ല. പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം ലഭിക്കേണ്ട വെള്ളം നേടിയെടുക്കാൻ സംസ്ഥാന സർക്കാർ ശ്രമിച്ചില്ല. അതുമൂലം പാലക്കാട്ടെ മുപ്പതിനായിരത്തോളം ഏക്കർ പാടത്തെ നെൽക്കൃഷി ഉണങ്ങി കരിഞ്ഞുപോയി. പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം കിട്ടേണ്ട 7 ടി.എം.സി. വെള്ളത്തിന് പകരം കാൽ ടി.എം.സി.യെ നൽകാനാകൂ എന്ന് തമിഴ്നാടിന്റെ ശാഠ്യത്തിനുമുമ്പിൽ സംസ്ഥാന ഗവൺമെന്റ് കീഴടങ്ങി.

കർഷക ആത്മഹത്യ - അരിയുടെ വില വർദ്ധനവിനനുസരിച്ച് നെല്ലിന്റെ സംഭരണ വില വർദ്ധിപ്പിക്കുവാൻ സർക്കാർ തയ്യാറാകുന്നില്ല. മാത്രമല്ല സംഭരിച്ച നെല്ലിന്റെ വില കൃഷിക്കാർക്ക് നൽകാതെ കുടിശ്ശികയാക്കി വച്ചിരിക്കുന്നു. കുട്ടനാട്ടിലെ കൃഷിക്കാർക്ക് മാത്രം ഈ ഇനത്തിൽ 100 കോടി രൂപ കുടിശ്ശികയാണ്. കേരളത്തിൽ തേങ്ങയ്ക്ക് വില കിട്ടാത്ത അവസ്ഥയാണ്. ലക്ഷക്കണക്കിന് നാളികേര കൃഷിക്കാർ കണ്ണീരു കുടിക്കുകയാണ്. നാളികേരള സംഭരണം നടത്താനും മറ്റ് ആശ്വാസ നടപടികൾ സ്വീകരിക്കാനും സർക്കാർ തയ്യാറാകുന്നില്ല. കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവും കടക്കെണിയും കാരണം കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ നൂറോളം കർഷകർ ആത്മഹത്യ ചെയ്തു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് വിവിധങ്ങളായ നടപടികളിലൂടെ കർഷക ആത്മഹത്യ

പൂർണ്ണമായും ഇല്ലാതാക്കിയിരുന്നു. യു.ഡി.എഫ്. സർക്കാർ വന്നതോടെ വീണ്ടും പഴയ സ്ഥിതിയിലായി.

തകർക്കപ്പെടുന്ന വ്യവസായ മേഖല – അതിവേഗം ബഹുദൂരം എന്നതാണ് യു.ഡി.എഫ്. സർക്കാരിന്റെ വികസന മുദ്രാവാക്യം. എന്നാൽ രണ്ടു വർഷം കൊണ്ട് വ്യവസായ മേഖല മരവിച്ചുപോയിരിക്കുന്നു.

സ്മാർട്ട്സിറ്റി പദ്ധതി –എൽ.ഡി.എഫ് ഗവൺമെന്റ് അധികാരമൊഴിയുമ്പോൾ സ്മാർട്ട്സിറ്റി പദ്ധതി എല്ലാ തർക്കങ്ങളും പരിഹരിച്ച് നിർമ്മാണ പ്രവൃത്തി തുടങ്ങാവുന്ന അവസ്ഥയിലായിരുന്നു. സ്മാർട്ട്സിറ്റി പദ്ധതിയുടെ നില ഇന്ന് എന്താണ്? രണ്ടുവർഷം പിന്നിട്ടിട്ടും ദുബായിൽ രണ്ട് യോഗം നടത്തിയതല്ലാതെ ആ പദ്ധതിക്ക് അല്പം പോലും പുരോഗതിയുണ്ടായിട്ടില്ല.

വല്ലാർപാടം പദ്ധതി – എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നിരന്തരമായ പരിശ്രമം നടത്തിയാണ് സ്ഥലമേറ്റെടുത്ത് വല്ലാർപാടം പദ്ധതി യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞത്. എന്നാൽ കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് നിയമസങ്കീർണ്ണതകളും പല തടസ്സങ്ങളും കാരണം വല്ലാർപാടം പദ്ധതി പ്രയോജനരഹിതമാകുന്ന സ്ഥിതിയാണ്. അത് പരിഹരിക്കാൻ ഒന്നും ചെയ്യുന്നില്ല. പ്രകൃതി വാതകം കൊണ്ടുപോകുന്നതിനുള്ള പൈപ്പ്ലൈൻ പദ്ധതി അനിശ്ചിതത്വത്തിലാണ്. ഏറ്റെടുക്കുന്ന ഭൂമിയ്ക്ക് വിപണിവിലയും മറ്റ് നഷ്ടപരിഹാരവും നൽകി സുരക്ഷാക്രമീകരണങ്ങൾ ഉറപ്പാക്കി പദ്ധതി നടപ്പിലാക്കുന്നതിന് എന്തെങ്കിലും ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. വിഴിഞ്ഞം ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ പദ്ധതി നടപ്പിലാക്കുന്നതിന് എൽ.ഡി.എഫ്. സർക്കാർ സ്ഥലമേറ്റെടുക്കുകയും മൂലധനം സ്വരൂപിക്കുന്നതിന് എസ്.ബി.റ്റി.യുടെ നേതൃത്വത്തിൽ ബാങ്കുകളുടെ കൺസോർഷ്യമുണ്ടാക്കുകയും 450 കോടി രൂപ നീക്കിവച്ച്

അടിസ്ഥാനസൗകര്യ പ്രവർത്തികൾ ആരംഭിക്കുകയും ചെയ്തു. എന്നാൽ രണ്ടുവർഷം കഴിഞ്ഞിട്ടും അതിലൊരു ഇഞ്ച് പോലും മുന്നോട്ടുപോയിട്ടില്ല. മാത്രമല്ല പദ്ധതി അനിശ്ചിതത്വത്തിലായിരിക്കുകയാണ്. ഒന്നും ചെയ്തില്ലെന്ന് പറയുന്നില്ല. എൽ.ഡി.എഫ്. സർക്കാർ നിയോഗിച്ച പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട് കാലാവധി പൂർത്തിയാക്കിയപ്പോൾ കമ്പനി സർക്കാരിന് സമർപ്പിച്ചു. അത് നിങ്ങൾ പ്രസിദ്ധീകരിച്ചുവെന്നത് വലിയ നേട്ടം തന്നെയാണ്. തൂത്തുക്കുടിയിൽ പുതിയ തുറമുഖത്തിന് 3500 കോടി രൂപയുടെ പദ്ധതിയാണ് കഴിഞ്ഞ കേന്ദ്ര ബഡ്ജറ്റിൽ പ്രഖ്യാപിച്ചത്. വിഴിഞ്ഞം പദ്ധതിക്കനുകൂലമായി കേന്ദ്ര ബഡ്ജറ്റിൽ ഒരു വാചകം പറയി ക്കാൻപോലും യു.ഡി.എഫ്. സർക്കാരിന് കഴിഞ്ഞില്ല. വിഴിഞ്ഞം പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ നേതൃത്വത്തിൽ നടപ്പിലാക്കണമെന്ന് സി.പി.ഐ.(എം) -ന്റെ നേതാവായ ശ്രീ. സീതാറാം യെച്ചൂരിയുടെ നേതൃത്വത്തിലുള്ള പാർല മെന്ററി കമ്മിറ്റി കേന്ദ്ര സർക്കാരിനോട് ശുപാർശ നൽകി. അതിന്റെ വെളിച്ച ത്തിലെങ്കിലും കേന്ദ്രത്തിൽ നിന്ന് നടപടിയുണ്ടാകണമെന്ന ആവശ്യം സംസ്ഥാന സർക്കാർ ഉന്നയിച്ചില്ല.

കൊച്ചി മെട്രോ - എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ശ്രീ. ഇ. ശ്രീധരന്റെ നേതൃത്വത്തിൽ കൊച്ചി മെട്രോ പദ്ധതിയുടെ അടിസ്ഥാന സൗകര്യ പ്രവൃത്തികൾ ഡി.എം.ആർ.സി. ആരംഭിച്ചതാണ്. സ്ഥലം അക്വയർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുകയും അടിസ്ഥാനസൗകര്യ പ്രവൃത്തി കൾക്ക് 150 കോടി രൂപ നീക്കിവയ്ക്കുകയും ചെയ്തു. എന്നാൽ ശ്രീ. ഇ. ശ്രീധരനെ പുകച്ച് പുറത്തുചാടിക്കാനും ഡി.എം.ആർ.സി.യെ ഒഴിവാക്കാനും

വൃത്തികെട്ട കളി കളിച്ച് പദ്ധതിയുടെ നിർമ്മാണ പ്രവൃത്തി രണ്ടുവർഷം വൈകിക്കുകയാണ് യു.ഡി.എഫ്. സർക്കാർ ചെയ്തത്.

പാലക്കാട് കോച്ച് ഫാക്ടറി - ഒന്നാം യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് എൽ.ഡി.എഫ്.ഗവൺമെന്റിന്റെ ശക്തമായ സമ്മർദ്ധത്തെ തുടർന്ന് പാലക്കാട് കോച്ച് ഫാക്ടറി അനുവദിച്ചു. അതിനാവശ്യമായ സ്ഥലം എൽ.ഡി.എഫ്. സർക്കാർ ലഭ്യമാക്കി. 5000 കോടി രൂപ ചെലവിൽ വൻകിട വ്യവസായ പദ്ധതിയായി വിഭാവനം ചെയ്ത കോച്ച് ഫാക്ടറി ചെറുകിട പദ്ധതിയാക്കി ചുരുക്കുകയും പിറവം ഉപതെരഞ്ഞെടുപ്പ് ഘട്ടത്തിൽ പാലക്കാട്ട് കോട്ടമൈതാനത്ത് വച്ച് ശിലാസ്ഥാപന പ്രഹസനം നടത്തുകയും ചെയ്തു. എന്നാൽ ഇപ്പോൾ ആ പദ്ധതിയും അനിശ്ചിതത്വത്തിലായിരിക്കുന്നു. ചേർത്തലയിലെ നിർദ്ദിഷ്ട വാഗൺ നിർമ്മാണ യൂണിറ്റിനെപ്പറ്റി ഇപ്പോൾ കേൾക്കാനേയില്ല.

എമർജിംഗ് കേരള എന്ന തട്ടിപ്പ് - വ്യവസായ നിക്ഷേപം ആകർഷിക്കാനെന്ന പേരിൽ പഴയ ജിം-ന്റെ മാതൃകയിൽ കൊച്ചിയിൽ നടത്തിയ എമർജിംഗ് കേരള പരിപാടി പ്രഹസനമായി മാറി. കോടിക്കണക്കിന് രൂപ ചെലവഴിച്ച് നടത്തിയ എമർജിംഗ് കേരള വെറും ധൂർത്താണെന്ന് വ്യക്തമായി. അതിലൂടെ പുതിയൊരു പദ്ധതിപോലും വന്നില്ല. ആകെക്കൂടി വന്നത് ഒരു സീപ്ലെയിൻ പദ്ധതിയാണ്. എട്ടു പേർക്ക് യാത്ര ചെയ്യാവുന്ന ഈ പദ്ധതിക്കുവേണ്ടി ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികളുടെ ഉപജീവന മാർഗ്ഗം കൊട്ടിയടയ്ക്കുകയാണ്. അതിനെതിരായി മത്സ്യത്തൊഴിലാളികൾ സമരത്തിലാണ്.

വിമാനത്താവളം - ഇരുപതിൽ പതിനാറ് ലോകസഭാ സീറ്റുണ്ടായിട്ടും അതിൽ എട്ടും പേർ കേന്ദ്രത്തിൽ മന്ത്രിമാരായിട്ടും കേരളത്തോട് കാണിക്കുന്ന കേന്ദ്ര അവഗണനയ്ക്ക് അറുതി വരുത്തുവാൻ യു.ഡി.എഫ്. സർക്കാരിന് കഴിഞ്ഞില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്ഥലമേറ്റെടുക്കുകയും എല്ലാ അനുമതികളും നേടുകയും ഓഹരി മൂലധനം സ്വരൂപിക്കുകയും ചെയ്ത കണ്ണൂർ വിമാനത്താവളം പദ്ധതിയുടെ നിർമ്മാണം തുടങ്ങുന്നതിന് ഈ സർക്കാർ നടപടികൾ മുന്നോട്ടു നീക്കിയില്ല. അതേ സമയം ഭൂപരിധി നിയമം ലംഘിക്കുകയും തണ്ണീർത്തടം നികത്തുകയും ചെയ്തുകൊണ്ട് ആറന്മുളയിൽ വിമാനത്താവളം നിർമ്മിക്കാൻ സർക്കാർ കൂട്ടുനിൽക്കുന്നു.

ഭൂമാഫിയകളുടെ നല്ലകാലം - ഭൂപരിഷ്ക്കരണ നിയമം അട്ടിമറിച്ച് ഭൂമാഫിയയെ സഹായിക്കുന്നതിന് നിയമം കൊണ്ടുവന്ന് നടപ്പിലാക്കിയ ഗവൺമെന്റാണ് ഉമ്മൻചാണ്ടിയുടേത്. നീർത്തട നിയമം അട്ടിമറിച്ചു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഐകകണ്ഠ്യേനെ നീർത്തട നിയമം പാസ്സാക്കി. ആ നിയമം അട്ടിമറിക്കുകയാണ്. 2005 വരെ പാടവും തണ്ണീർത്തടങ്ങളും നികത്തിയതിന് നിയമപരമായ സാധൂകരണം നൽകി. ഭൂപരിധി നിയമം അട്ടിമറിച്ചു. കശുമാവിൻ തോട്ടങ്ങളെ ഭൂപരിധിയിൽ നിന്നും ഒഴിവാക്കി. ഹാരിസൺ കൈയടക്കിവച്ച പതിനായിരക്കണക്കിന് ഏക്കർ തോട്ടഭൂമി പാട്ടക്കാലാവധി കഴിഞ്ഞിട്ടും ഏറ്റെടുക്കാതെ ഉടമകൾക്കനുകൂലമായി നിലപാടെടുക്കുന്നു. നെല്ലിയാമ്പതിയിൽ അനധികൃതമായി വനഭൂമിയും തോട്ടഭൂമിയും കൈയടക്കിവച്ചവർക്ക് സർക്കാർ ഒത്താശ ചെയ്യുന്നു. മൂന്നാറിൽ മുൻ ഗവൺമെന്റിന്റെ കാലത്ത് വീണ്ടെടുത്ത ഭൂമി ഉൾപ്പെടെ കൈയേറിയവർക്ക് വീണ്ടും ഭൂമി തിരിച്ചു നൽകാൻ കൈയേറ്റക്കാർക്ക് കൂട്ടുനിൽക്കുകയാണ്.

കൈയേറ്റം ഒഴിപ്പിക്കുമെന്ന് സർവ്വകക്ഷിയോഗം വിളിച്ച് ഉറപ്പ് നൽകിയ മുഖ്യമന്ത്രി അത് പാലിച്ചില്ല.

സിവിൽ സർവ്വീസിനെ ദുർബലപ്പെടുത്തുന്നു. സിവിൽ സർവ്വീസിന്റെ തുടക്കം മുതൽ നിലനിന്ന സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതി റദ്ദാക്കുകയും പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കുകയും പെൻഷൻ ഫണ്ട് കോർപ്പറേറ്റുകൾക്ക് അമ്മാനമാടാൻ അവസരമൊരുക്കി കൊടുക്കുകയും ചെയ്തു. വർഗ്ഗീയ സാമുദായിക പ്രീണനം നടത്തിയതിന്റെ ദുഷ്ഫലം പ്രകടമായി തുടങ്ങിയിരിക്കുന്നു.

ഒരു മറയുമില്ലാതെ സാമുദായിക വർഗ്ഗീയ ശക്തികൾ രാഷ്ട്രീയത്തിൽ ഇടപെടുകയും വിലപേശുകയും ചെയ്യുകയാണ്. നവോത്ഥാനമൂല്യങ്ങൾ പരക്കെ വെല്ലുവിളിക്കപ്പെടുകയും ഉത്പതിഷ്ണുത്വം തകർക്കുകയും ചെയ്യുന്ന അവസ്ഥയാണ് യു.ഡി.എഫ്. സർക്കാർ സൃഷ്ടിച്ചിരിക്കുന്നത്. ക്രമസമാധാനനില പാടെ തകർന്നു. പെൺവാണിഭവും മാഫിയകളുടെ അഴിഞ്ഞാട്ടവും കവർച്ചയും കൊലപാതകങ്ങളും വർദ്ധിച്ചു. ജയിലുകളിൽനിന്നുപോലും കൊടുംകുറ്റവാളികൾ പുറത്തുചാടുന്നു. നിയമനത്തിനും സ്ഥലംമാറ്റത്തിനും കോഴ കൊടുത്തേ മതിയാകൂ എന്ന സ്ഥിതി വന്നിരിക്കുന്നു. പി.എസ്.സി.-യെ അവഗണിച്ച് പിൻവാതിൽ നിയമനം പൊടിപൊടിക്കുകയാണ്. അഴിമതി കൊടികുത്തിവാഴുന്നു. അഴിമതിക്കാരെ സംരക്ഷിക്കുകയും കേസുകൾ തേച്ചുമായ്ച്ചുകളയുകയും ചെയ്യുന്ന സമീപനമാണ് സർക്കാരിന്റേത്. കോവളം കൊട്ടാരവും സ്ഥലവും പതിച്ചുനൽകിയതിനെതിരെയുള്ള വിജിലൻസ് കേസ് പിൻവലിച്ച് സ്വകാര്യ ഉടമകൾക്ക് കൈമാറിയത് സാധൂകരിക്കാൻ ഗൂഢപദ്ധതികളുമായി മുന്നോട്ടുപോകുകയാണ്

സർക്കാർ. മന്ത്രിമാർക്കെതിരെയുള്ള വിജിലൻസ് കേസുകളെല്ലാം പിൻവലിക്കുകയും ദുർബ്ബലപ്പെടുത്തുകയുമാണ്. പാമോയിൽ കേസ്, ഐസ്ക്രീം കേസ്, പൊതുമരാമത്തിലെ അഴിമതിക്കേസ്, റേഷൻ മൊത്തവ്യാപാരക്കേസ് തുടങ്ങിയവയെല്ലാം ഇക്കൂട്ടത്തിൽപ്പെടുന്നു. വിജിലൻസ് കേസുകൾ അട്ടിമറിക്കുന്നതിനുവേണ്ടി വിജിലൻസ് ആസ്ഥാനത്ത് ഒരു കോൺഗ്രസ്സ് പ്രവർത്തകനെ ലീഗൽ അഡ്വൈസറായി നിയമിച്ചിരിക്കുകയാണ്. അദ്ദേഹമാണ് നിലവിലുള്ള നിയമോപദേശങ്ങൾ വെട്ടിക്കളഞ്ഞ് മന്ത്രിമാർക്ക് വേണ്ടരീതിയിലുള്ള നിയമോപദേശങ്ങൾ നൽകി കേസുകൾ അട്ടിമറിക്കുന്നത്. മുഖ്യമന്ത്രിപദം പോലും അഴിമതി വിമുക്തമാണോ; മുഖ്യമന്ത്രിയുടെ ഓഫീസ് ഏറ്റവും സുതാര്യമായാണ് പ്രവർത്തിക്കുന്നത് എന്നാണ് പറയുന്നത്. മുഖ്യമന്ത്രിയുടെ ഓഫീസുമായി ബന്ധപ്പെട്ട് പല അഴിമതിക്കഥകളും പുറത്തുവരികയുണ്ടായി. 2005-ൽ മലിനീകരണ നിയന്ത്രണ പദ്ധതിയുമായി ബന്ധപ്പെട്ട് 256 കോടി രൂപയുടെ അഴിമതി നടത്തിയെന്ന ആരോപണമുയർന്നത് 2011 ഒക്ടോബറിലായിരുന്നു. മലിനീകരണ മോണിറ്ററിംഗ് തലവന് ശ്രീ. ഉമ്മൻ ചാണ്ടി മൂന്ന് കത്തയച്ചിരുന്നു എന്ന വിവരമാണ് പുറത്തുവന്നത്. ടൈറ്റാനിയം പ്ലാന്റ് അടച്ചുപൂട്ടരുതെന്നും ഉടൻതന്നെ മലിനീകരണ നിയന്ത്രണ സംവിധാനം കൊണ്ടുവരുമെന്നുമായിരുന്നു കത്തിന്റെ ഉള്ളടക്കം. ആ കത്തുകളിൽ "മെക്കോൺ" എന്ന കൺസൾട്ടന്റിന്റെ കാര്യവും പറഞ്ഞിരുന്നു. കൺസൾട്ടന്റിന്റെ നിയമനം ക്യാബിനറ്റ് അംഗീകരിക്കുന്നതിനുമുമ്പായിരുന്നു ഈ കത്തുകൾ. ഈ വിഷയം 2011 ഒക്ടോബറിൽ ഞങ്ങൾ നിയമസഭയിൽ ഉന്നയിക്കുകയുണ്ടായി. അന്ന് ഞങ്ങൾ ഇക്കാര്യത്തിൽ സി.ബി.ഐ. അന്വേഷണം ആവശ്യപ്പെടുകയും ചെയ്തതാണ്. കൊച്ചി മെട്രോ പദ്ധതി

ക്കായി നീക്കിവച്ച പണം സ്വന്തം ബന്ധുവായ സച്ചു എന്ന ആൾ ജോലി ചെയ്യുന്ന ആക്സിസ് ബാങ്കിന്റെ കൊല്ലംശാഖയിൽ നിക്ഷേപിച്ചു എന്ന വിവരം ഒന്നര വർഷംമുമ്പ് പുറത്തുവന്നിരുന്നു. 2011 ഒക്ടോബറിൽ ഈ പ്രശ്നവും നിയമസഭയിൽ ഉന്നയിക്കപ്പെട്ടതാണ്. മുഖ്യമന്ത്രി അന്നത് സുതാര്യമായി ഒതുക്കിത്തീർത്തു. അതുപോലെതന്നെ 1992 കളിലെ പാമോയിൽക്കേസ്, ഇതുസംബന്ധിച്ച് കരുണാകരന്റെ കാലത്ത് ഉണ്ടായ അഴിമതിയിൽ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ഇന്നത്തെ ചീഫ് മിനിസ്റ്ററായ ശ്രീ ഉമ്മൻ ചാണ്ടി ആയിരുന്നു. സുതാര്യമായ തന്റെ ഓഫീസ് പ്രവർത്തനം നാട്ടുകാരെ കാണിക്കാനായി ഓഫീസിൽ ക്യാമറകൾ സ്ഥാപിച്ചിരിക്കുന്നു എന്ന് കൊട്ടിഘോഷിച്ച് ...........

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, അങ്ങേയ്ക്ക് വേണമെങ്കിൽ ഇരുന്ന് സംസാരിക്കാം.

<u>ശ്രീ. വി.എസ്. അച്ചുതാനന്ദൻ</u>: കുഴപ്പമില്ല. പ്രസംഗം കഴിയാറായി. ദിവസങ്ങൾക്കകം മുഖ്യമന്ത്രിയുടെ ഓഫീസിലെ രണ്ടുപേർ കൈക്കൂലി വാങ്ങുന്നത് തത്സമയം നാട്ടുകാർ കണ്ടു. കൈക്കൂലി വാങ്ങിയ രമേഷ്, സുനിൽ എന്നിവരെ സ്ഥലംമാറ്റി ഈ പ്രശ്നവും സുതാര്യമായി ഒതുക്കിത്തീർക്കുകയാണ് മുഖ്യമന്ത്രി ചെയ്തത്. ഇപ്പോൾ പുറത്തുവന്നിരിക്കുന്ന വിവരം അതിലും എത്രയോ ഗുരുതരമാണ്. കാറ്റാടിപ്പാടം പണിതുതരാം, സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചുതരാം എന്നെല്ലാം പറഞ്ഞ് പലരേയും കബളിപ്പിച്ച് കോടികളുണ്ടാക്കിയ സരിത എന്ന സ്ത്രീയെ ഈ മാസം 3-ാം തീയതി അറസ്റ്റുചെയ്തു. കബളിപ്പിക്കപ്പെട്ട ഒരാളുടെ പരാതിയെത്തുടർന്നായിരുന്നു അറസ്റ്റ്. അറസ്റ്റിനെത്തുടർന്നുള്ള അന്വേഷണത്തിലാണ് ഞെട്ടിപ്പി

ക്കുന്ന വിവരങ്ങൾ ഒന്നൊന്നായി പുറത്തുവന്നത്. മുഖ്യമന്ത്രി ഉപയോഗിക്കുന്ന മൊബൈൽ ഫോണിൽനിന്ന് ഒരാഴ്ചക്കിടെ 70 തവണയാണത്രെ പ്രതിയും മുഖ്യമന്ത്രിയും തമ്മിൽ ബന്ധപ്പെട്ടത്. അറസ്റ്റ് നടക്കുന്നതിന് തൊട്ടുമുൻപുപോലും പ്രതി മുഖ്യമന്ത്രിയെ വിളിച്ചിരുന്നുവത്രെ. മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയിലെ ഫോണുകളിൽനിന്നും പലപ്പോഴായി ഈ സ്ത്രീയെ വിളിച്ചിരുന്നു എന്ന വാർത്തയും ഇന്നലത്തെ പത്രങ്ങളിൽ വന്നിട്ടുണ്ട്. വിളികളും സന്ദേശങ്ങളും പ്രവഹിച്ച ഈ ഫോൺ എന്റേതല്ല എന്നൊക്കെയാവും ഇനി വാദിക്കുക. ഇത് മുഖ്യമന്ത്രി ഉപയോഗിക്കുന്ന ഫോണാണോ എന്നൊക്കെ അന്വേഷണത്തിലൂടെ മാത്രമേ പുറത്തുവരികയുള്ളൂ. ഈ വിഷയവും പഴയതുപോലെ സുതാര്യമായി ഒതുക്കിത്തീർക്കാൻ ശ്രമിക്കരുത്. കോടികളുടെ വെട്ടിപ്പ് നടത്തിക്കൊണ്ടിരിക്കുന്ന ഒരു സ്ത്രീയുമായി മുഖ്യമന്ത്രിക്ക് എന്ത് ബന്ധമാണുള്ളതെന്ന് മുഖ്യമന്ത്രി വ്യക്തമാക്കേണ്ടിയിരിക്കുന്നു. കവടിയാറിൽ ഒരു തട്ടിപ്പ് സ്ഥാപനം നടത്തിയതിന് ആറു മാസം ജയിൽശിക്ഷ അനുഭവിച്ച ഈ സ്ത്രീയെക്കുറിച്ച് ഒന്നുമറിയാതെ ആവില്ലല്ലോ മുഖ്യമന്ത്രി ഉപയോഗിക്കുന്ന ഫോണിൽനിന്ന് വിളിച്ചും സന്ദേശങ്ങൾ കൈമാറിയും കാര്യങ്ങൾ ചെയ്തിട്ടുള്ളത്. ഇവിടെ ആശാനുതന്നെ അക്ഷരം പിഴക്കുകയാണ്. ശിഷ്യരുടെ കാര്യം പിന്നെ പറയേണ്ടതുണ്ടോ? “എമ്പ്രാൻ അല്പം കട്ടുഭുജിച്ചാൽ അമ്പലവാസികളൊക്കെ കക്കും” – എന്നാണല്ലോ പണ്ട് കുഞ്ചൻ നമ്പ്യാർ പാടിയിട്ടുള്ളത്. സ്ത്രീകൾക്കെതിരായ അതിക്രമം - സ്ത്രീ പീഡകരെ സംരക്ഷിക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. സൂര്യനെല്ലിക്കേസ്സിൽ പ്രതികളെ വെറുതെവിട്ട ഹൈക്കോടതി വിധി സുപ്രീംകോടതി റദ്ദാക്കുകയും പുനർ വിചാരണ നടത്താൻ നിർദ്ദേശിക്കു

കയും ചെയ്ത സാഹചര്യത്തിൽ, അന്ന് ആ സംഭവത്തിനിരയായ പെൺകുട്ടി ശ്രീ.പി. ജെ. കുര്യനെതിരെ വീണ്ടും പരാതിപ്പെട്ടിട്ടും തുടരന്വേഷണം നടത്താൻ തയ്യാറായില്ല. മന്ത്രിസഭയിലെ ഒരംഗമായിരുന്ന ശ്രീ. കെ. ബി. ഗണേഷ് കുമാർ തന്നെ ക്രൂരമായി മർദ്ദിച്ച് പരുക്കേൽപ്പിച്ചതായും മന്ത്രി മന്ദിരം അനാശാസ്യപ്രവർത്തനത്തിന് ഉപയോഗിച്ചതായും അദ്ദേഹത്തിന്റെ പത്നി മുഖ്യമന്ത്രിക്ക് നേരിട്ട് പരാതി നൽകിയിട്ടും ശ്രീ. കെ. ബി. ഗണേഷ് കുമാറിന് അനുകൂലമായ നിലപാടാണ് മുഖ്യമന്ത്രി സ്വീകരിച്ചത്. പീഢനത്തിനിരയായ ശ്രീമതി യാമിനി തങ്കച്ചിക്കെതിരെ കേസ് കൊടുക്കാൻ ശ്രീ. കെ. ബി. ഗണേഷ് കുമാറിന് അവസരം നൽകുകയും മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതി പണം നൽകി ഗാർഹികപീഡനക്കേസ് അട്ടിമറിക്കുന്നതിനുള്ള ഗൂഢാലോചനാവേദിയാക്കുകയും ചെയ്തു. സ്ത്രീപീഡനത്തിനെതിരായ അതിക്രമം തടയുന്നതിന് പാർലമെന്റ് പാസ്സാക്കിയ നിയമത്തെ അവഹേളിക്കുകയും അവഗണിക്കുകയും ചെയ്യുന്ന സമീപനമാണ് ഈ രണ്ട് സംഭവത്തിലും സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടായത്. ഐസ്ക്രീം കേസിലെ പുനരന്വേഷണത്തിൽ സുപ്രധാന തെളിവുകൾ ലഭിച്ചിട്ടും കേസ് റദ്ദാക്കാൻ കോടതിയിൽ പോലീസിനെക്കൊണ്ട് ഹർജി നൽകിക്കുന്നതിനും ഈ കാലയളവ് സാക്ഷ്യം വഹിച്ചു. അതിനെതിരെ നിരന്തരമായി ജാഗ്രതയോടുകൂടി നിയമപ്പോരാട്ടം നടത്തുന്നതുകൊണ്ടുമാത്രമാണ് സർക്കാരിന്റെ ലക്ഷ്യം ഇനിയും വിജയിക്കാത്തത്. വിദ്യാഭ്യാസരംഗം അഴിമതിയുടെ കൂത്തരങ്ങായി. സംസ്ഥാനത്തെ 1822 ഹയർ സെക്കണ്ടറി സ്കൂളുകളിലായി മുൻവർഷത്തിൽ അരലക്ഷത്തിലേറെ സീറ്റു

കൾ ഒഴിഞ്ഞുകിടന്നു. കൂടുതലായി 148 ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിക്കാനുള്ള തീരുമാനം വിദ്യാഭ്യാസക്കച്ചവടം ലക്ഷ്യമിട്ടാണ്.

പുതുതായി അനുവദിക്കുന്ന ഭൂരിപക്ഷം ഹയർ സെക്കന്ററി സ്കൂളുകളും സ്വകാര്യ മേഖലയിലെ ഓരോ സ്കൂളുകളിൽ നിന്നും ഓരോ കോടി രൂപ വീതം ദല്ലാൾമാർവഴി കൈക്കൂലി ആവശ്യപ്പെടുന്നു എന്നുള്ള വാർത്തകളാണ് കേൾക്കുന്നത്. സകൂളുകളിൽ കുട്ടികൾ കുറവായതിനാൽ അനാദായകകരമെന്ന പേരിൽ മുമ്പ് യു.ഡി.എഫ്. സർക്കാർ സ്കൂളുകൾ അടച്ചുപൂട്ടാൻ തീരുമാനിച്ചിരുന്നത്. യാതൊരു തത്വദീക്ഷയുമില്ലാതെ ഇപ്രകാരം ഹയർ സെക്കന്ററി സ്കൂളുകൾ അനുവദിക്കുന്നതുമൂലം ആസന്നഭാവിയിൽ ഹയർ സെക്കന്ററി സ്കൂളുകളും അനാദായകകരമാകുകയും അടച്ചുപൂട്ടൽ ഭീഷണി നേരിടുകയും ചെയ്യും. ഇപ്പോൾത്തന്നെ 4300 സർക്കാർ സ്കൂളുകൾ നഷ്ടത്തിലാണെന്നാണ് കണക്ക്. ഒരു അംഗീകാരവുമില്ലാതെ സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മൂവായിരത്തോളം അനധികൃത സ്കൂളുകൾക്ക് അംഗീകാരം നൽകാൻ തീരുമാനിച്ചിരിക്കുന്നു. വേണ്ടവർ വേണ്ടവർ അപേക്ഷിച്ചാൽ മതി, കോടികളുടെ കൈക്കൂലിയാണ് ഇതിന് പിന്നിലെന്ന് വ്യക്തമാണ്. എഴുന്നൂറോളം സി.ബി.എസ്.ഇ. സ്കൂളുകൾക്ക് എൻ..ഒ.സി. നൽകാനും തീരുമാനിച്ചിട്ടുണ്ട്. I.T. @ School എന്ന പദ്ധതി ഈ സർക്കാർ പൂർണ്ണമായും തകർത്തിരിക്കുന്നു. അദ്ധ്യാപക പരിശീലനങ്ങളും വിദ്യാലയങ്ങളുടെ അറ്റകുറ്റപ്പണികളുമെല്ലാം നിറുത്തി വച്ചിരിക്കുകയാണ്. ഗൈഡ് കമ്പനികളും വിദ്യാഭ്യാസ കച്ചവടക്കാരുമാണ് വകുപ്പ് ഭരിക്കുന്നത്. അവർക്കുവേണ്ടി പാഠ്യപദ്ധതി പരിഷ്കരിക്കാനാണ് ഇപ്പോൾ നീക്കം

നടക്കുന്നത്. പരമ്പരാഗത വ്യവസായ മേഖല തകർത്തു. കയർ, കശുവണ്ടി, കൈത്തറി തുടങ്ങിയ മേഖലയിലെല്ലാം മരവിപ്പാണ്. ഇന്നലെയും ഒരു കയർ ഫാക്ടറിയിലെ തൊഴിലാളി കടക്കെണിമൂലം ആത്മഹത്യ ചെയ്തിരിക്കുന്നു. അത് വർഗ്ഗീയ പീഡന നയമാണ്. ജാതിമത ശക്തികളുടെ കൽപ്പനകൾക്കും ശാസനകൾക്കുമെതിരെ പോരാടി, മുന്നേറിയ ചരിത്രമാണ് കേരളത്തിന്റേത്. ജനാധിപത്യ മതനിരപേക്ഷ സംസ്കാരം രൂപപ്പെട്ടത് ഈ പോരാട്ടങ്ങളുടെ ഫലമായിട്ടാണ്. ഇതിനെയൊക്കെ തകർത്ത് ജാതിമത ശക്തികൾക്ക് വീണ്ടും അഴിഞ്ഞാടാനുള്ള അവസരമൊരുക്കുകയാണ് ഈ സർക്കാർ. സാമുദായിക വർഗ്ഗീയ ശക്തികളുടെ തിട്ടൂരങ്ങൾക്കനുസരിച്ച് ചലിക്കുന്ന പാവയായി ഈ സർക്കാർ അധഃപതിച്ചിരിക്കുകയാണ്. തങ്ങൾക്ക് ഇഷ്ടമുള്ളവരെ മന്ത്രിയാക്കണം, അവർക്ക് തങ്ങൾ പറയുന്ന വകുപ്പുകൾ നൽകണമെന്നൊക്കെ പറയാനുള്ള ധൈര്യം ഈ സാമൂദായിക നേതാക്കന്മാർക്ക് എങ്ങനെയുണ്ടായിയെന്ന് ആലോചിക്കണം. എൽ.ഡി.എഫ്. ഭരണ കാലത്തൊന്നും ഈക്കൂട്ടരാരും ഇങ്ങനെയൊന്നും പറഞ്ഞിരുന്നില്ലല്ലോ? സാമുദായിക സംഘടനകളുടെ ആട്ടും തുപ്പും സഹിച്ച് നാണംകെട്ട് ഭരണം നിലനിറുത്താൻ നോക്കുന്നത് യു.ഡി.എഫ്.-ന്റെ സ്വന്തം കാര്യമാണെന്ന് വാദിക്കാം. എന്നാൽ, സാമുദായിക മതനേതാക്കൾ ഭരണത്തിൽ നേരിട്ട് ഇടപെടുന്നതും മന്ത്രിമാർ ഉൾപ്പെടെയുള്ളവരുടെ നിയമനങ്ങൾ നടത്തുന്നതും മതേതര മനോഭാവം പുലർത്തുന്ന ജനങ്ങളോടുള്ള വെല്ലുവിളിയാണ്. ഇങ്ങനെ ഏത് മേഖലയെടുത്താലും അഴിമതിയും കെടുകാര്യസ്ഥതതയും ജനവഞ്ചനയുമാണ് യു.ഡി.എഫ്. സർക്കാരിന്റെ മുഖമുദ്ര. ജനങ്ങളുടെ ഒരു കാര്യവും ശ്രദ്ധിക്കാൻ ഈ സർക്കക്കാരിന് കഴിയുന്നില്ല. എല്ലാ അർത്ഥത്തിലും ജനവഞ്ചന മുഖമുദ്രയാക്കിയ ഭരണമാണ് കഴിഞ്ഞ രണ്ടുവർഷമായി ഇവിടെ

നടക്കുന്നത്. വിലക്കയറ്റം രൂക്ഷമാക്കുകയും കാർഷിക മേഖല തകർക്കുകയും പൊതുമേഖലയെ ക്ഷീണിപ്പിക്കുകയും ക്രമസമാധാനം തകർക്കുകയും വികസന ക്ഷേമ പദ്ധതികൾ നിശ്ചലമാക്കുകയും വർഗ്ഗീയ സാമുദായിക ശക്തികൾക്ക് കീഴ്പ്പെടുകയും ചെയ്യുന്ന അപമാനകരമായ ഭരണമാണ് നടന്നുകൊണ്ടിരിക്കുന്നത്. അവസാനമായി ശ്രീ. ഉമ്മൻ ചാണ്ടി പ്രസിദ്ധീകരിച്ച ഒരു പുസ്തകം, ആൽബം എന്നാണ് ഇതിനെ വിളിക്കുന്നത്. (ശ്രീ. വി. എസ്. അച്ചുതാനന്ദൻ സഭയിൽ പുസ്തകം ഉയർത്തിക്കാട്ടി.) ശ്രീ.ഉമ്മൻ ചാണ്ടിയുടെ ജനനം മുതൽ ഇപ്പോൾ മന്ത്രിസഭയിലിരിക്കുന്ന കാലത്ത് വരെയുള്ള ഫോട്ടോയാണ് ആ പുസ്തകത്തിലുള്ളത്. ഇതിന് ചെലവ് ആകെ 18 ലക്ഷം രൂപയാണ്. ഇതെല്ലാം വകുപ്പിലിരുന്നുകൊണ്ട് ചെയ്യുകയാണ്. ഇങ്ങനെയൊരു ഭരണം കാഴ്ചവയ്ക്കുന്ന, ഈ ഗവൺമെന്റിന്റെ ധനാഭ്യർത്ഥനയെ ഞാൻ ശക്തിയായി എതിർക്കുകയാണ്. നിറുത്തുന്നു.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുമ്പോൾ ബഹുമാനപ്പെട്ട എ. കെ. ബാലൻ ഒരു കുസൃതി ചോദ്യം എന്നോട് ചോദിക്കുകയുണ്ടായി. ഞാൻ തമാശ രൂപത്തിൽ അതിന് മറുപടി പറഞ്ഞത് എന്റെ മനസ്സാക്ഷിയെ......... അതൊരു കമന്റായിരുന്നു. ഭരണകക്ഷിയിലും പ്രതിപക്ഷത്തുമുള്ള അംഗങ്ങൾ അത് വേണ്ടായിരുന്നൂവെന്ന അഭിപ്രായം എന്നോട് പറയുകയുണ്ടായി. ഞാൻ ഖേദം പ്രകടിപ്പിക്കുകയാണ്. എന്റെ ആവശ്യമെന്താണെന്ന് വച്ചാൽ അത് സഭാരേഖകളിൽ നിന്നും നീക്കം ചെയ്യണമെന്നുള്ളതാണ്.

<u>മി. സ്പീക്കർ</u>: അങ്ങ് അതിനെ പിൻവലിച്ചാൽ മതി.

<u>ശ്രീ. സാജു പോൾ</u>: സർ, ഞങ്ങളാരും ഒന്നും പറഞ്ഞിട്ടില്ല. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഉപയോഗിച്ച വാക്കുകൾ രേഖയിൽ നിന്ന് നീക്കം ചെയ്യാൻ പറയുന്നത് എന്തിനാണ്?

<u>മി. സ്പീക്കർ</u>: അങ്ങ് ഖേദം പ്രകടിപ്പിച്ചാൽ മതി. അതിനെ രേഖയിൽ നിന്നും നീക്കം ചെയ്യണ്ട. ......(ബഹളം) ....... ശ്രീ. കോവൂർ കുഞ്ഞുമോൻ......... ഒരാളിനെ ഖേദം പ്രകടിപ്പിക്കാനും സമ്മതിക്കില്ലേ? ശ്രീ. എ. കെ. ബാലൻ........ ഒരാളിനെ ഖേദം പ്രകടിപ്പിക്കാനും നിങ്ങൾ സമ്മതിക്കില്ലേ? പ്ലീസ്........പ്ലീസ്.............ബഹുമാനപ്പെട്ട മുഖ്യമന്ത്രി..........

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: .സർ, ബഹുമാനപ്പെട്ട പി. സി. ജോർജ് ആ സമയത്ത് ഒരു ആരോപണമാണ് ഉന്നയിച്ചത്. ആ ആരോപണം 18 വർഷം സർവ്വീസ് ഉണ്ടായിരുന്ന ഒരു ഉദ്യോഗസ്ഥനെ ഒരു സ്ത്രീയുടെ ആവശ്യപ്രകാരം വനം വകുപ്പുമന്ത്രി പുറത്താക്കിയെന്ന ഒരു ആരോപണമാണ് ആ സമയത്ത് ഉന്നയിച്ചത്. ആ ആരോപണത്തിൽ അദ്ദേഹം ഉറച്ചുനിൽക്കുന്നുണ്ടോയെന്നാണ് ഈ സഭക്ക് അറിയേണ്ടത്.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഒരു കുസൃതി ചോദ്യം ചോദിച്ചുവെന്നു ള്ളത് പറഞ്ഞല്ലോ, എന്തായിരുന്നു ആ ചോദ്യമെന്നും എന്താണ് ബഹുമാന പ്പെട്ട പി. സി. ജോർജ് പറഞ്ഞത് എന്നുള്ളതും ഒന്ന് വ്യക്തമാക്കണം. രണ്ടാമത് സഖാവ് കോടിയേരി ബാലകൃഷ്ണൻ ചോദിച്ച ഒരു കാര്യമുണ്ട്. അതിനെ സംബന്ധിച്ചുള്ള ശ്രീ. പി. സി. ജോർജിന്റെ അഭിപ്രായം എന്താണ്?

<u>മി. സ്പീക്കർ</u>: അദ്ദേഹം ഖേദം പ്രകടിപ്പിക്കുകയും പിൻവലിക്കുകയും ചെയ്തു. ............(ബഹളം)............. ഖേദം പ്രകടിപ്പിച്ചു............

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അദ്ദേഹം ഉന്നയിച്ചിട്ടുള്ള ആരോപണം പിൻവലിച്ചിട്ടുണ്ടോ? പത്ര സമ്മേളനത്തിനെതിരായി അദ്ദേഹമുന്നയിച്ച ആരോപണമാണ്. അദ്ദേഹം അതിൽ ഉറച്ചുനിൽക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ, അദ്ദേഹം അത് സഭാരേഖകളിൽ നിന്ന് നീക്കം ചെയ്യണമെന്നും ഖേദം പ്രകടിപ്പിച്ചൂവെന്നും പറഞ്ഞപ്പോൾ തീർന്നില്ലേ? ............(.ബഹളം)......................അദ്ദേഹം ഖേദം പ്രകടിപ്പിച്ചു, പിൻവലിച്ചു. ............(.ബഹളം)......................

മി. സ്പീക്കർ: പ്ലീസ്.............പ്ലീസ്................. ഒരാളിന് ഒരു അഭിപ്രായം പറഞ്ഞപ്പോൾ തെറ്റുപ്പറ്റിയെന്ന് പറഞ്ഞിട്ട്.................. ............(.ബഹളം)...................... (മൈക്ക് ഓഫ്) ............. ശ്രീ. കോവൂർ കുഞ്ഞുമോൻ ഈ സഭയിൽ .....................(ബഹളം).....................

ശ്രീ. പി. സി.ജോർജ്: സർ, ഞാൻ ഇവിടെ സംസാരിച്ച കാര്യം, ഒരു മെമ്പറുടെ പേര് പറയാം, ബഹുമാനപ്പെട്ട എ.കെ. ശശീന്ദ്രൻ. അദ്ദേഹത്തോട് ഞാൻ സംസാരിച്ചു. .....................(ബഹളം)......................നമ്മൾ എന്തിനാണ് വഴക്കുണ്ടാക്കുന്നത്? ശ്രീ. എ.കെ. ശശീന്ദ്രൻ എന്നോട് പറഞ്ഞ ഉപദേശം എന്താണെന്നറിയാമോ, നമ്മൾ അത് പറയണ്ടായിരുന്നു എന്നാണ്. .....................(ബഹളം)................ഞാൻ പറഞ്ഞത് പിൻവലിക്കുന്നു, ഖേദിക്കുന്നു. ......................(ബഹളം).................

മി. സ്പീക്കർ: പിൻവലിച്ചു, ഖേദം പ്രകടിപ്പിച്ചു.................. ...(ബഹളം).................

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ശ്രീ. ഗണേഷ് കുമാർ തല മൊട്ടയടിച്ചാൽ മാത്രം പോര, മിശ വടിക്കണം എന്നു പറഞ്ഞ ഭാഗം പറയാൻ

പാടില്ലായിരുന്നു. ഞാൻ അത് പിൻവലിച്ചു. ഒ.കെ. അംഗീകരിച്ചു. എന്നാൽ അദ്ദേഹം പറഞ്ഞിട്ടുള്ള ആരോപണം ഒരു സ്ത്രീയുടെ ആവശ്യപ്രകാരം പുറത്താക്കിയത് ശ്രീ. കണ്ണൻ എന്ന ആദിവാസി വാച്ചറെയാണ്. ലേക്ക് പാല സ്സിൽ കുക്കായി ജോലി ചെയ്തിരുന്ന വ്യക്തിയായിരുന്നു ശ്രീ. കണ്ണൻ എന്നയാൾ. അദ്ദേഹം വകുപ്പുനെതിരായി ഉന്നയിച്ച ആരോപണമാണിത്. ഇപ്പോൾ വനം വകുപ്പ് കൈകാര്യം ചെയ്യുന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി യാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന സന്ദർഭത്തിൽ നേത്തെ വകുപ്പ് കൈകാര്യം ചെയ്തിരുന്ന മന്ത്രിക്കെതിരായി ഉന്നയിച്ച ആരോപണം ഗവൺമെന്റ് ചീഫ് വിപ്പ് അതിൽ ഉറച്ച് നിൽക്കുന്നുണ്ടോ? അദ്ദേഹം സാധാരണ ഒരു എം.എൽ.എ. അല്ല. ഗവൺമെന്റ് ചീഫ് വിപ്പാണ്. അദ്ദേഹം പിൻവലിച്ചത് ശ്രീ. ഗണേഷ് കുമാറി നെതിരായി വ്യക്തിപരമായി, തലമാത്രം വടിച്ചാൽ പോര മീശയും വടിക്ക ണമെന്ന് പറഞ്ഞ ഭാഗം അദ്ദേഹം പിൻവലിച്ചു. അത് ശരി. അംഗീകരിച്ചു. അത് രേഖയിൽ നിന്നും നീക്കം ചെയ്യാം. ഈ ആരോപണത്തിൽ അദ്ദേഹം ഉറച്ചുനിൽക്കുന്നുണ്ടോ എന്നുള്ളത് സഭയ്ക്ക് അറിയണം. ..............(ബഹളം)

മി. സ്പീക്കർ: ..............(ബഹളം).................പ്ലീസ്.......പ്ലീസ്..............നിങ്ങൾ ഓരോരുത്തരും സംസാരിക്കാൻ എഴുന്നേറ്റല്ലോ. എന്തുകൊണ്ട് ആഭ്യന്തര വകുപ്പുമന്ത്രി എഴുന്നേറ്റുകൂടാ? അദ്ദേഹം മറുപടി പറയട്ടെ.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഇവിടെ സഭയിൽ പറഞ്ഞ ഒരു കാര്യം വിത്ഡ്രോ ചെയ്യുന്നു. വിത്ഡ്രോ ചെയ്തത് ചട്ടം 307 അനുസരിച്ച്

അങ്ങ് എക്സ്പഞ്ച് ചെയ്യുന്നു. എക്സ്പഞ്ച് ചെയ്ത കാര്യം വീണ്ടും അതേ പദപ്രയോഗംതന്നെ പറഞ്ഞ് സഭയിൽ പറയുന്നത് ക്രമപ്രകാരമാണോ, അത് ക്രമവിരുദ്ധമാണ്. അത് അങ്ങ് റൂൾ ചെയ്യണം. ....... (ബഹളം) ........

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ശ്രീ. പി. സി. ജോർജ് ഉന്നയിച്ച ആരോപണം സഭയുടെ പ്രോപ്പർട്ടിയായി മാറിക്കഴിഞ്ഞു. അത് ഈ സഭയുടെ മുമ്പിൽ കിടക്കുകയാണ്. അത് ഡിസ്പോസ് ചെയ്യണം. ഈ ആരോപണം ശ്രീ. പി. സി. ജോർജ് പിൻവലിച്ചിട്ടില്ല. വ്യക്തിപരമായി ശ്രീ.ഗണേഷ് കുമാറിനെ മോശമായി പറഞ്ഞ ഭാഗമാണ് അദ്ദേഹം പിൻവലിച്ചത്. അദ്ദേഹത്തിന്റെ ബഹുമാന്യമായ സ്ഥിതി ഞങ്ങളെല്ലാവരും അംഗീകരിക്കുന്നു. പക്ഷേ ഒരാരോപണം ഉന്നയിച്ചത് പിൻവലിക്കുന്നുണ്ടോ ഇല്ലയോ എന്നാണ് സഭയ്ക്ക് അറിയേണ്ടത്. .....(ബഹളം) .........

മി. സ്പീക്കർ: ശ്രീ. സാജു പോൾ, ഇരിക്കണം ..... പ്ലീസ് .... പ്ലീസ്.......

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുമ്പോൾ ബഹുമാനപ്പെട്ട എ. കെ ബാലന്റെ ചോദ്യം മുതൽ ഞാൻ പറഞ്ഞത് എക്സ്പഞ്ച് ചെയ്യണമെന്നപേക്ഷിച്ച് എക്സ്പഞ്ച് ചെയ്ത സ്ഥിതിക്ക് പിന്നെന്തിനാണ് ചർച്ച ചെയ്യുന്നത്. ........(ബഹളം) ........... എക്സ്പഞ്ച് ചെയ്തുപോയി. ആ ആരോപണമുണ്ടെങ്കിൽ ഞാനത് പിന്നെ ഉന്നയിച്ചുകൊള്ളാം. ഇപ്പോൾ ഉന്നയിക്കുന്നില്ല. എക്സ്പഞ്ച് ചെയ്തു.

മി. സ്പീക്കർ: ആരോപണം പിൻവലിച്ചു. .....(ബഹളം) ..... ആ വിഷയം തീർന്നു ശ്രീ. സാജു പോൾ. ...... (ബഹളം) ...... അത് പിൻവലിച്ചു. ....(ബഹളം)...... പ്ലീസ് ..... പ്ലീസ് ...... ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കണം. .......(ബഹളം) ...... നിങ്ങൾ ആവശ്യമില്ലാതെന്തിനാണ് ആളുകളെ കുഴപ്പിക്കുന്നത്.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, പോയിന്റ് ഓഫ് ഓർഡർ ......

മി. സ്പീക്കർ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജ് അദ്ദേഹത്തിന്റെ പ്രസംഗത്തിനിടയിൽ ഉന്നയിച്ച വിഷയം, എന്റെ നിയോജക മണ്ഡലമായ തേക്കടിയുമായി ബന്ധപ്പെട്ടതാണ്. ശ്രീ. കണ്ണൻ എന്ന വാച്ചർ 18 വർഷമായി അവിടെ ജീവനക്കാരനായിരുന്നു. ആ ആക്ഷേപം .........

മി. സ്പീക്കർ: ഇത് പോയിന്റ് ഓഫ് ഓർഡറാണോ?

ശ്രീമതി ഇ. എസ്. ബിജിമോൾ: ശ്രീ. പി. സി. ജോർജ് ഇവിടെ പറഞ്ഞ ആക്ഷേപം വസ്തുതാപരമാണെന്ന് എനിക്ക് ബോധ്യമുള്ള കാര്യമാണ്. അദ്ദേഹം ആരോപണമുന്നയിക്കുകയും പിന്നീട് ആരോപണം പിൻവലിക്കുകയുമൊക്കെ ചെയ്യുന്നത് ശരിയായിട്ടുള്ള നടപടിയല്ല. അദ്ദേഹം ആരോപണം പിൻവലിച്ചിട്ടുണ്ടെങ്കിൽ ശ്രീ. പി. സി. ജോർജ് ശ്രീ. കണ്ണൻ എന്ന വാച്ചറെ സസ്പെൻഡ് ചെയ്തുവെന്നു പറഞ്ഞ ആരോപണം പിൻവലിച്ചുവെന്ന് നിയമസഭയിൽ വ്യക്തമാക്കണം.

മി. സ്പീക്കർ: പറഞ്ഞു. ശ്രീ. സാജു പോൾ, ദയവുചെയ്ത് ഇരിക്കണം. ............... നോ..... നോ ........ ഒരു കാര്യവുമില്ല ..... പ്ലീസ് ... പ്ലീസ് .... ഇത് തീരട്ടെ. വിഷയം തീരണം.

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ സംസാരിക്കുമ്പോൾ ശ്രീ. കണ്ണനെന്നോ ശ്രീ. ഗണേശനെന്നോ ആരുടെയും പേര് പരാമർശിച്ചിട്ടില്ല. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ഞാൻ പറഞ്ഞത് കേൾക്കാതെയാണ് സംസാരിച്ചത്. ബഹുമാനപ്പെട്ട പീരുമേട് എം.എൽ.എ യും ഞാൻ പറയുമ്പോൾ ഇവിടെ ഇല്ലായിരുന്നു. ശ്രീ. കണ്ണനെന്ന പേര് ഞാൻ പറഞ്ഞിട്ടില്ല.

പിന്നെ ആവശ്യമില്ലാതെ എന്തിനാണ് ഈ കാര്യങ്ങൾ പറയുന്നത്. ......(ബഹളം) .......

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രീ ....... നോ .... നോ ..... ഒരു പോയിന്റ് ഓഫ് ഓർഡറുമില്ല. ഈ വിഷയം തീർന്നു. മുഖ്യമന്ത്രി സംസാരിക്കും. ..... നോ..... നോ ...... അത് ശരിയല്ല. അങ്ങ് സംസാരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) സർ, ഇവിടെ പൊതുഭരണത്തെക്കുറിച്ചും വനം വകുപ്പിനെക്കുറിച്ചും ഇവിടെ നടന്ന ചർച്ചകളിൽ പങ്കെടുത്ത എല്ലാവരോടും ഞാൻ ...... (ബഹളം) ........

മി. സ്പീക്കർ: ശ്രീ. സി. ദിവാകരൻ, അങ്ങ് എന്താണ് പറയുന്നത്? .............പി .സി. ജോർജ് വിഷയം സഭ ചർച്ച ചെയ്താൽ മതിയോ? അങ്ങനെയാണോ ...... നോ ...... നോ ......

ശ്രീ. സി. ദിവാകരൻ: സർ, ഞാനിവിടെയിരുന്ന് ശ്രീ. പി. സി ജോർജിന്റെ പ്രസംഗം മുഴുവനും കേട്ടതാണ്. അദ്ദേഹത്തിന്റെ പ്രസംഗം അവസാനിക്കുമ്പോൾ .............................

മി. സ്പീക്കർ: ശ്രീ. സാജു പോൾ, അങ്ങയുടെ നേതാക്കൾ മുന്നിൽനിന്ന് സംസാരിക്കുന്നുണ്ട്. Please sit down.

ശ്രീ. സി. ദിവാകരൻ: 18 വർഷം സർവീസിലുള്ള ഒരാളിനെ പിരിച്ചുവിട്ടതായി ആരോപണം ഉന്നയിച്ചിരുന്നു. അതിൽ ഉറച്ചുനിൽക്കുന്നുണ്ടോ?

മി. സ്പീക്കർ: ശ്രീ. സി. ദിവാകരൻ, അങ്ങ് പറഞ്ഞത് തന്നെയാണ് ശ്രീ.കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതും. ....... പ്ലീസ് ...... പ്ലീസ് ......... പോയിന്റ് ഓഫ് ഓർഡർ അവകാശമാണ്. അത് ഏത് സമയവും പറ്റത്തില്ല.

..... (ബഹളം) ...... നോ...... നോ .... ഇതുമായി ബന്ധപ്പെട്ട പോയിന്റ് ഓഫ് ഓർഡർ കഴിഞ്ഞു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ശ്രീ. പി. സി. ജോർജിന്റെ പ്രസംഗത്തിന്റെ ഏത് ഭാഗമാണ് സഭാ രേഖയിൽനിന്ന് നീക്കം ചെയ്തതെന്ന് സഭയ്ക്ക് അറിയണം. ........ (ബഹളം) ..........

മി. സ്പീക്കർ: ശ്രീ. സി. കെ. നാണു, പ്ലീസ് സിറ്റ് ഡൗൺ ...... പ്ലീസ്........ ഞാൻ അങ്ങയോട് അപേക്ഷിക്കുകയാണ്. അഭ്യർത്ഥിക്കുകയാണ്. .....
നിങ്ങൾ സൂചിപ്പിച്ചത് പറഞ്ഞിട്ടില്ലെന്ന് ശ്രീ. പി. സി ജോർജ് പറയുന്നു. എന്താണ് പറഞ്ഞതെന്ന് നാളെ രേഖകൾ പരിശോധിച്ചതിനുശേഷം റൂളിംഗ് പറയാം. നിങ്ങൾ പറയുന്ന തേക്കടിയും കണ്ണനുമൊക്കെയുണ്ടെന്നല്ലേ പറയുന്നത്. നാളെ രേഖകൾ പരിശോധിച്ച് പറയാം. ..... (ബഹളം) ....... പരിശോധിക്കാതെ ചെയർ എങ്ങനെ പറയും? .......(ബഹളം).........

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) സർ, പൊതുഭരണത്തെക്കുറിച്ചും വനം വകുപ്പിനെക്കുറിച്ചും ഇവിടെ നടന്ന ചർച്ചയിൽ പങ്കെടുത്ത എല്ലാവരോടും ഞാൻ ആദ്യമായി നന്ദി പറയുകയാണ്. ...... (ബഹളം) ........

മി. സ്പീക്കർ: ശ്രീ. സാജു പോൾ, ഇത് തീർത്തും സഭയുടെ ചട്ടങ്ങൾക്ക് വിരുദ്ധമാണ്. താങ്കൾക്ക് എന്താണ് പറയാനുള്ളത്; ഏത് പോയിന്റാണെന്ന് പറയണം.

ശ്രീ. സാജു പോൾ: സർ, ഇവിടെ ബഹുമാന്യനായ പി. സി. ജോർജ് സംസാരിച്ചതിനുശേഷം ശ്രീ. കെ. ബി. ഗണേഷ് കുമാർ ഈ സഭയിൽ വന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കണ്ടു. അതിനുശേഷം ശ്രീ. ബെന്നി ബഹനാൻ ഉൾപ്പെടെയുള്ളവർ ശ്രീ. പി. സി. ജോർജിനെ കണ്ടു.

<u>മി. സ്പീക്കർ</u>: അതിൽ എന്ത് പോയിന്റ് ഓഫ് ഓർഡറാണുള്ളത്. .... പ്ലീസ് ..... മുഖ്യമന്ത്രീ..........ശ്രീ. വി. എസ്. സുനിൽ കുമാർ, അങ്ങ് ഇരിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കട്ടെ. ഈ സഭയിൽ അങ്ങ് ഇന്ന് നൂറാമത്തെ പ്രാവശ്യമാണ് സഭാനടപടികൾ തടസപ്പെടുത്തുന്നത്. പ്ലീസ് ...... എനിക്ക് സഭ നടത്തിക്കൊണ്ട് പോകണ്ടേ? ........ (ബഹളം) ........ശ്രീ. സാജു പോൾ പറഞ്ഞതിൽ ഒരു പോയിന്റ് ഓഫ് ഓർഡറുമില്ല. ...... (ബഹളം) ...... നാളെ രേഖ നോക്കട്ടെ. ബഹുമാനപ്പെട്ട മുഖ്യമന്ത്രീ............പ്ലീസ് ........പ്ലീസ് .... ബഹുമാനപ്പെട്ട അംഗങ്ങൾ........... ശ്രീ. സാജു പോൾ പോയിന്റ് ഓഫ് ഓർഡർ പറഞ്ഞപ്പോൾ ഞാൻ അനുവദിച്ചു. പക്ഷേ ശ്രീ. സാജു പോൾ പറഞ്ഞ പോയിന്റ് ഓഫ് ഓർഡർ നിങ്ങൾ ശ്രദ്ധിച്ചല്ലോ. ഒരാൾ എണീറ്റ് പോയിന്റ് ഓഫ് ഓർഡർ പറയുമ്പോൾ ചെയർ പറയുന്നത് കേൾക്കാതെ ചാടിയെണീറ്റ് ബഹളമുണ്ടാക്കുന്നത് ശരിയല്ല. ഇതിൽ പോയിന്റും ഇല്ല ഓർഡറുമില്ലായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): സർ, പൊതുഭരണത്തെക്കുറിച്ചും വനം വകുപ്പിനെക്കുറിച്ചും ഇവിടെ നടന്ന ചർച്ചകളിൽ പങ്കെടുത്ത് വിമർശിക്കുകയും നിർദ്ദേശങ്ങൾ വയ്ക്കുകയും ചെയ്ത എല്ലാവരോടും ഞാൻ നന്ദി പറയുന്നു. വളരെ നീണ്ട ചർച്ചയാണ് ഇവിടെ നടന്നത്. ചർച്ചയിൽ പറഞ്ഞ എല്ലാ കാര്യങ്ങൾക്കും മറുപടി പറയാൻ പോയാൽ കൂടുതൽ സമയമെടുക്കും. ഇവിടെ ഉയർന്ന വിമർശനങ്ങളും നിർദ്ദേശങ്ങളുമെല്ലാം പ്രത്യേകം നോട്ട് ചെയ്തിട്ടുണ്ട്, പരിശോധിച്ച് ആ കാര്യങ്ങളിൽ ഗവൺമെന്റ് സ്വീകരിക്കേണ്ട നടപടികൾ സ്വീകരിക്കും. ഈ ഗവൺമെന്റ് രണ്ട് വർഷം പൂർത്തിയാക്കി. തെരഞ്ഞെടുപ്പ് കാലത്ത് ജനങ്ങളുടെ മുമ്പിൽ പറഞ്ഞതും

ഗവൺമെന്റ് രൂപീകരിച്ചതിനുശേഷം സ്വീകരിച്ചിട്ടുള്ളതുമായ സമീപനം 'വികസനവും കരുതലതും' എന്നതാണ്. അത് അക്ഷരാർത്ഥത്തിൽ നടത്തുന്നതിനുവേണ്ടി പരമാവധി ശ്രമിച്ചിട്ടുണ്ട്. അതിൽ പൂർണ്ണമായി വിജയിച്ചുവെന്ന് ഞങ്ങൾ അവകാശപ്പെടുന്നില്ല. എങ്കിലും ചില കാര്യങ്ങൾ ചെയ്യാൻ സാധിച്ചു. ചില കാര്യങ്ങളിൽ തൃപ്തികരമായിട്ടില്ല. ഈ അവസരത്തിൽ ഇവിടെ പറയുന്ന വിമർശനങ്ങളും പുതിയ നിർദ്ദേശങ്ങളും നിശ്ചയമായും ഗൗരവമായി എടുത്തുകൊണ്ടായിരിക്കും മുന്നോട്ട് പോകുന്നത്. ഒരു ഗവൺമെന്റ് ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് പ്രവർത്തിക്കുകയെന്നുള്ളതാണ് ഏറ്റവും പ്രധാനം. ജനങ്ങൾ ഗവൺമെന്റിൽ നിന്ന് പല സേവനങ്ങൾ പ്രതീക്ഷിക്കുന്നുണ്ട്. ആ സേവനങ്ങൾ യഥാസമയം കാര്യക്ഷമതയോടെ എത്തിച്ചുകൊടുക്കണം. അതുകൊണ്ടാണ് ഗവൺമെന്റ് അധികാരത്തിൽ വന്നയുടൻ സേവനാവകാശ നിയമത്തെക്കുറിച്ച് ചിന്തിക്കുകയും തീരുമാനിക്കുകയും ഈ സഭയിൽ എല്ലാ ഭാഗത്തുനിന്നുമുള്ള നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പാസ്സാക്കുകയും ചെയ്തത്. സേവനാവകാശ നിയമം കഴിഞ്ഞ നവംബർ 1-ാം തീയതി മുതൽ പ്രായോഗിക തലത്തിൽ കൊണ്ടുവന്നു. 56 ഡിപ്പാർട്ടുമെന്റുകളിലും സ്ഥാപനങ്ങളിലും ഈ നിയമം നടപ്പാക്കിക്കഴിഞ്ഞു. ഇനിയുള്ള ഡിപ്പാർട്ടുമെന്റുകളിലും സ്ഥാപനങ്ങളിലും ഏറ്റവും വേഗത്തിൽ നടപ്പിലാക്കാനാണ് ശ്രമിക്കുന്നത്. ഇ-ഗവേർണൻസിന്റെ കാര്യത്തിലും നമ്മുടെ സംസ്ഥാനം വളരെ മുന്നോട്ട് വന്നിരിക്കുകയാണ്. 14 ജില്ലകളും ഇ-ഡിസ്ട്രിക്ടായി മാറിക്കഴിഞ്ഞു. ഇൻഡ്യയിലാകെ 50 ജില്ലകളാണ് ഇ-ഡിസ്ട്രിക്ടായിട്ടുള്ളത്. എല്ലാ ജില്ലകളും ഇ-ഡിസ്ട്രിക്ടായിട്ടുള്ള ആദ്യത്തെ സംസ്ഥാനം കേരള

മാണ്. ഇന്ന് റവന്യൂ വകുപ്പിൽ നിന്നുള്ള 23 സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്ന സാഹചര്യമുണ്ടാക്കിയിട്ടുണ്ട്. 20 ലക്ഷത്തിലധികം ആളുകൾക്ക് ഇതിനോടകം ഈ സേവനങ്ങൾ ലഭ്യമാക്കിക്കഴിഞ്ഞു. ഇൻഫർമേഷൻ ഡേറ്റ ആന്റ് എക്സ്ചേഞ്ച് അഡ്വാൻസ് സിസ്റ്റം (IDEAS) അനുസരിച്ച് ഒരു നിവേദനം നൽകിയാൽ ആ നിവേദനം എങ്ങനെയൊക്കെ ഗവൺമെന്റ് കൈകാര്യം ചെയ്യുന്നുവെന്നറിയാൻ ഇനി തിരുവനന്തപുരത്ത് വരേണ്ട കാര്യമില്ല. എവിടെയിരുന്നും അത് ട്രാക്ക് ചെയ്യാനും മനസ്സിലാക്കാനും കഴിയും. മന്ത്രിക്ക് കൊടുത്ത നിവേദനം എന്നാണ് വകുപ്പ് സെക്രട്ടറിക്ക് കൊടുത്തെന്നും പിന്നീട് ഫയൽ എങ്ങനെ നീങ്ങുന്നുവെന്നും ഇതിലൂടെ അറിയാൻ കഴിയും. ഇ-ഗവേർണൻസിൽക്കൂടി മെച്ചപ്പെട്ട സേവനം ജനങ്ങൾക്ക് ലഭ്യമാക്കാനുള്ള നടപടിയും, IDEAS വഴി ഒരു നിവേദനത്തിന്റെ നീക്കങ്ങൾ പൂർണ്ണമായും ട്രാക്ക് ചെയ്യാനുള്ള അവസരം എന്നുപറയുമ്പോൾ നമ്മുടെ ഭരണരംഗത്ത് വളരെയേറെ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. സുതാര്യമാകാനും ആക്ഷേപങ്ങളും പരാതികളുമില്ലാതെ, അല്ലെങ്കിൽ പ്രയോരിറ്റി ലംഘിച്ച് എന്തെങ്കിലും ചെയ്തുവെന്ന് പരാതിപ്പെടാൻ അവസരം കൊടുക്കാത്ത വിധത്തിൽ കാര്യങ്ങൾ മുമ്പോട്ട് കൊണ്ടുപോകാനും സാധിച്ചിട്ടുണ്ട്. ഇത് ഗവൺമെന്റിന്റെ മുഖമുദ്രയാണ്. ജനാധിപത്യ ഭരണം ജനങ്ങളിൽ നിന്ന് അകന്നാകരുത്. ജനങ്ങളോട് ഒപ്പം നിന്നാകണം. ആ ലക്ഷ്യത്തോടെയാണ് 14 ജില്ലകളിലും ജനസമ്പർക്ക പരിപാടിക്ക് രൂപം കൊടുത്തത്. അതിനെക്കുറിച്ച് പ്രതിപക്ഷത്തുനിന്നും സംസാരിച്ച ചില എം.എൽ.എ. മാർ വ്യത്യസ്ത അഭിപ്രായം പറഞ്ഞു. എനിക്കവരോട് യാതൊരു പരിഭവുമില്ല. കാരണം എല്ലാ ജില്ലകളിലും ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എം.എൽ.എ. മാരുടെ സഹകരണവും പിന്തു

ണയും ജനസമ്പർക്ക പരിപാടിക്ക് ലഭിച്ചിട്ടുണ്ടെന്ന കാര്യം ഞാൻ കൃതജ്ഞ തയോടെ പറയാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഇത് വില്ലേജ് ആഫീസർ ചെയ്യേണ്ട കാര്യങ്ങളല്ലേയെന്ന് ആരെങ്കിലും സംശയം ചോദിച്ചാൽ വില്ലേജ് ആഫീസർ ചെയ്യേണ്ട കാര്യങ്ങളും അതിലുണ്ട്. പഞ്ചായത്ത് സെക്രട്ടറി ചെയ്യേണ്ട കാര്യങ്ങളുമുണ്ട്. പക്ഷേ, ഒരു വില്ലേജ് ആഫീസറോ പഞ്ചായത്ത് സെക്രട്ടറിയോ വിചാരിച്ചാൽ നടത്താൻ പറ്റാത്ത വിധത്തിലുള്ള കുരുക്കുകൾ ഞാനുൾപ്പെടെയുള്ളവർ ചെയ്തുവച്ചിരിക്കുക യാണ്. ഞാൻ അതിൽ ആരേയും കുറ്റപ്പെടുത്തുന്നില്ല. നമ്മുടെ ഇന്നത്തെ സിസ്റ്റമതാണ്. ഞാൻ അതുകൊണ്ടാണ് ജനപക്ഷം നിങ്ങളൊന്ന് നോക്കണ മെന്ന് പറയുന്നത്. ജനസമ്പർക്ക പരിപാടിയിൽ നിന്ന് കിട്ടിയ നിവേദനങ്ങൾ സ്വീകരിക്കാവുന്ന അത്രയും സ്വീകരിച്ച് നടപ്പിലാക്കിക്കഴിഞ്ഞ്, നടപ്പിലാക്കാൻ കഴിയാത്ത കാര്യങ്ങൾ, ചില ജില്ലകളിൽ പോയി ഉദ്യോഗസ്ഥരുമായി സംസാ രിച്ച്, അവരുടെ അഭിപ്രായങ്ങളറിഞ്ഞു. ഇത് നടപ്പിലാക്കേണ്ടതാണെന്ന് പൂർണ്ണമായും ബോദ്ധ്യപ്പെടുകയും എന്നാൽ നിയമം അനുവദിക്കാതിരിക്കു കയും ചെയ്യുന്ന കാര്യങ്ങൾ അവരോട് ചോദിച്ചറിഞ്ഞു. അതിന്റെ അടിസ്ഥാ നത്തിൽ ഗവൺമെന്റ് 43 ഉത്തരവുകൾ ഇറക്കി. ഇതെല്ലാം എം.എൽ.എ. മാർക്ക് എം.എൽ.എ. ക്വാർട്ടേഴ്സിൽ എത്തിച്ചു തന്നിട്ടുണ്ട്, അത് നിങ്ങൾ നോക്കണം. അപ്പോൾ എന്താണ് ജനസമ്പർക്ക പരിപാടിയുടെ പ്രസക്തിയെന്ന് മനസ്സിലാകും. ഇത് വില്ലേജ് ആഫീസറും പഞ്ചായത്ത് ആഫീസറും ചെയ്യേണ്ട കാര്യമാണ്. പക്ഷേ, ഇന്നത്തെ ചട്ടമനുസരിച്ച് അവർക്ക് ചെയ്യാൻ കഴിയില്ല. ഉദ്യോഗസ്ഥരുടെ കയ്യും കാലും കെട്ടിയിട്ടിരി ക്കുകയാണ്. ഉദ്യോഗസ്ഥന്മാരെ കുറ്റം പറഞ്ഞിട്ട് കാര്യമുണ്ടോ? അതിന്റെ

അടിസ്ഥാനത്തിലാണ് 43 ഗവൺമെന്റ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത്. ഈ ഉത്തരവുകൾ അച്ചടിച്ചതിനുശേഷം വേറെ ചില കാര്യങ്ങളിലും ഞങ്ങൾ തീരുമാനമെടുത്തിട്ടുണ്ട്. ജനസമ്പർക്ക പരിപാടി മുഖ്യമന്ത്രി നേരിട്ട് ചെയ്യേണ്ട കാര്യമല്ലെന്ന് പറയുന്ന നിങ്ങളുടെ അഭിപ്രായത്തോട് യോജിച്ചു കൊണ്ടുതന്നെ പറയുന്നു, ഉദ്യോഗസ്ഥന്മാരെ കുറ്റംപറഞ്ഞ് ഒഴിയാൻ കഴിയില്ല. ഇതുപോലുള്ള ചില പ്രശ്നങ്ങൾ ഇതിൽ വന്നിരിക്കുകയാണ്. അതിന് ആവശ്യമായ മാറ്റങ്ങൾ വരുത്തിയാൽ മാത്രമേ എന്തെങ്കിലും ചെയ്യാൻ സാധിക്കൂ. 43 എണ്ണത്തിൽ ഒരുദാഹരണം ഞാൻ പറയാം. ആൺമക്കളുണ്ടെങ്കിൽ വാർദ്ധകൃകാല പെൻഷനും വിധവാ പെൻഷനും കൊടുക്കാൻ കഴിയില്ലെന്നതായിരുന്നു വ്യവസ്ഥ. 2004-ൽ ഞാൻ മുഖ്യമന്ത്രി യായ സമയം ജനസമ്പർക്ക പരിപാടിക്ക് പോയപ്പോൾ 14 ജില്ലകളിൽ നിന്നും അഞ്ചോ ആറോ പ്രായമായ ആളുകളാണ് അവരുടെ മക്കൾ നോക്കുന്നില്ലെന്ന പരാതിയുമായി വന്നത്. എന്നാൽ 6-7 വർഷ ങ്ങൾക്കുശേഷം ഇപ്പോൾ ഞാൻ പോകുന്ന സമയം എല്ലാ ജില്ലകളിൽ നിന്നും അഞ്ചും പത്തും അമ്മമാരോ അച്ഛന്മാരോ വന്ന് പെൻഷനില്ലെന്ന പരാതി പറയുന്നു. അത്തരം പരാതികൾ പരിശോധിക്കുമ്പോൾ അവർക്ക് പ്രായമായ ആൺമക്കളുള്ളതുകൊണ്ട് പെൻഷൻ കൊടുക്കാൻ കഴിയില്ല എന്നാണ് പറയുന്നത്. ഇപ്പോൾ ആ നിയമം മാറ്റി. ഇന്ന് പ്രായമായ ആൺമക്ക ളുണ്ടെങ്കിലും വിധവാ പെൻഷനും വാർദ്ധ്യകൃകാല പെൻഷനും അവർ ആഗ്രഹിക്കുന്നുണ്ടെങ്കിൽ കൊടുക്കൻ സാധിക്കും.

ശ്രീ. എ. എ. അസീസ് : സർ, ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് മാത്രമാണ് അങ്ങ് പറഞ്ഞതുപോലെ പെൻഷൻ കൊടുക്കുന്നത്.

എ.പി.എൽ. വിഭാഗത്തിൽപ്പെട്ടവരാണെങ്കിൽ പ്രായമായ ആൺമക്കളുള്ള വർക്ക് ഇപ്പോഴും പെൻഷൻ കിട്ടുന്നില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെയും ഈ പെൻഷൻ കൊടുക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. അത്തരം സാഹചര്യങ്ങളിലാണ് പുതിയ ഉത്തരവുകൾ വന്നിട്ടുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന തിനുശേഷം കുറേയധികം തീരുമാനങ്ങളെടുത്തു. വർഷങ്ങളായി തീരുമാന മാകാതെ കിടക്കുന്ന പ്രശ്നങ്ങൾ ഞങ്ങൾ ചർച്ച ചെയ്ത് തീരുമാനമെടുത്തു. അതിലൊന്നാണ് അദ്ധ്യാപക പാക്കേജ്. നമ്മൾ ട്രേഡ് യൂണിയൻ രംഗത്തൊക്കെ വളരെ അഡ്വാൻസ്ഡാണ്. ജോലിസ്ഥിരതയുണ്ടെന്ന് പറയുന്ന നമ്മുടെ സംസ്ഥാനത്ത്, അദ്ധ്യാപകർക്ക് എത്ര വർഷത്തെ സർവ്വീസ് ഉണ്ടെങ്കിലും ഡിവിഷൻഫാൾ വന്നാൽ ഔട്ടാകും. അതൊരു തെറ്റായ സംവിധാനമായിരുന്നു. അതിന് സ്ഥിരമായ സംവിധാനം വന്നു. പതിനായിരത്തിലധികം പേരെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു അദ്ധ്യാപക പാക്കേജ് കൊണ്ടുവന്നു. തലയെണ്ണി വിദ്യാർത്ഥികളുടെ എണ്ണത്തിന്റെ അടി സ്ഥാനത്തിൽ അദ്ധ്യാപകർ സർവ്വീസിൽ നിന്ന് പുറത്തുപോകാത്ത തരത്തിൽ ശാശ്വതമായ ഒരു പരിഹാരമുണ്ടാക്കി. സ്പോർട്സ് ക്വാട്ടയിലെ നിയമനം വർഷങ്ങളായി പെൻഡിംഗിലായിരുന്നു. 2006 മുതൽ 2009 വരെയുള്ള 110 പോസ്റ്റുകളിൽ കോടതി സ്റ്റേ ചെയ്ത 6 എണ്ണം ഒഴിച്ച് ബാക്കി 104 പേരെ നിയ മിച്ചു. ആശ്രിത നിയമനം, ഒരുപക്ഷെ നിസ്സാരമെന്നുതോന്നും, രക്ഷിതാവ് മരിച്ച് ആറേഴുകൊല്ലങ്ങളായി ഓർഡർ കിട്ടിയിട്ടും ജോലി കിട്ടാത്ത 549 പേരെ 549 സൂപ്പർ ന്യൂമററി പോസ്റ്റുകളുണ്ടാക്കി നിയമിക്കാൻ തീരുമാന

മെടുത്തു. കെ.എസ്.ആർ.ടി.സി.യിൽ എംപാനലിന്റെ പ്രശ്നം വന്നു. വർഷങ്ങളായി എംപാനലായി ജോലി നോക്കുന്നവരുണ്ട്. എംപാനലായി ജോലി നോക്കിയിരുന്ന 3995 കണ്ടക്ടർമാരെയും, ഡ്രൈവർമാരെയും, മെക്കാനിക്കുകളെയും 2011 ഡിസംബർ മാസത്തിൽ സ്ഥിരപ്പെടുത്തി. അതുകൊണ്ട് പി.എസ്.സി വഴിയുള്ള റിക്രൂട്ട്മെന്റിന് ഒരു പ്രശ്നവും ഉണ്ടാകില്ല. പി.എസ്.സി. ഇന്റർവ്യൂ നടന്നുകൊണ്ടിരിക്കുകയാണ്. 3000-ൽ പ്പരം ആളുകളെ പി.എസ്.സി. വഴി നിയമിക്കുകയും ചെയ്തു. ഒരു കാര്യം ഞാൻ പറയാം, നിങ്ങൾ ആലോചിക്കണം 2003-ൽ പി. എസ്.സി. 192 പേരെ കെ.എസ്.ആർ.ടി.സി. യിൽ കോച്ച് ബിൽഡേഴ്സായി നിയമിക്കാൻ അഡ്വൈസ് ചെയ്തു. 110 പേർക്ക് ജോലി കൊടുത്തു. 82 പേർക്ക് ജോലി കൊടുത്തില്ല. പി.എസ്.സി. ലിസ്റ്റിൽ വന്ന് പി.എസ്.സി. അഡ്വൈസ് ചെയ്തുകഴിഞ്ഞാൽ അവർക്ക് ജോലി കൊടുക്കാൻ ബാദ്ധ്യതയുണ്ട്. പക്ഷെ ഇവരെ എടുക്കുന്നതിനുമുമ്പു തന്നെ കെ.എസ്.ആർ.ടി.സി.യുടെ പോളിസി മാറി. കഴിഞ്ഞ 10 കൊല്ലമായി ഈ 82 പേർ ഇവിടെ കറങ്ങിത്തിരിഞ്ഞു നടക്കുകയായിരുന്നു. ആ 82 പേർക്കും ഗവൺമെന്റ് ജോലി നൽകാൻ തീരുമാനിച്ചു. അത് നമ്മുടെ ബാദ്ധ്യതയും ഉത്തരവാദിത്വവുമാണ്. പി.എസ്.സി. അഡ്വൈസ് ചെയ്തതാണ്. അവരുടെ പ്രായം കഴിഞ്ഞു, ഇനി അവർക്ക് വേറെ ജോലിക്ക് പോകാൻ സാധിക്കുകയില്ല. ശ്രീ. എം. എ. ബേബി, നിങ്ങൾ സാങ്ഷൻ ചെയ്ത പുതിയ ഹയർ സെക്കന്ററി സ്കൂൾ, പുതിയ ബാച്ചസ്, നിങ്ങൾ ഒരു പോസ്റ്റും സാംഗ്ഷൻ ചെയ്യാതെയാണ് പോയത്. നിങ്ങൾ അനുവദിച്ച ഹയർ സെക്കന്ററിക്ക്, നിങ്ങൾ അനുവദിച്ച അഡീഷണൽ ബാച്ചുകൾക്ക് ഞങ്ങൾ 3763 പോസ്റ്റാണ് ക്രിയേറ്റ് ചെയ്തത്. നിങ്ങൾ ഒരു തസ്തികപോലും ക്രിയേറ്റ്

ചെയ്യാതെയാണ് പോയത്. പക്ഷെ ഞങ്ങൾ അത് ക്ലിയർ ചെയ്തു. കാരണം അത് അർഹിക്കുന്നതാണ്. പക്ഷെ നിങ്ങൾ അത് ചെയ്തില്ല, ഞങ്ങളത് ചെയ്തു. വികലാംഗ ക്വാട്ടയിലെ 3% നിയമനം 2004 മുതൽ കുടിശ്ശികയായിരുന്നു. ഞങ്ങൾ 2007 വരെയുള്ളവ പരിശോധിച്ച് 1188 പോസ്റ്റുകൾ അദാലത്ത് നടത്തി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തു. പി.എസ്.സി.യും, ഗവൺമെന്റിന്റെ എല്ലാ ഡിപ്പാർട്ടുമെന്റുംകൂടി ഒന്നിച്ചിരുന്നു. എന്നിട്ട് ഓരോ ഡിപ്പാർട്ടുമെന്റും അവിടത്തെ ക്വാട്ട നിശ്ചയിച്ച് പി.എസ്.സി.ക്ക് കൊടുത്ത് 1188 പേരെ നിയമിച്ചു. അതിനുപുറമെ 1999 മുതൽ 2003 വരെ താൽക്കാലികമായി ജോലിചെയ്ത 2677 വികലാംഗർക്കും നിയമന ഉത്തരവ് നൽകിക്കഴിഞ്ഞു. പി.എസ്.സി. വഴി 85942 പോസ്റ്റുകൾ റിപ്പോർട്ട് ചെയ്തു. അതിൽ 75602 പേർക്ക് നിയമനം നൽകി, അവർ ജോലിയിൽ പ്രവേശിച്ചുകഴിഞ്ഞു. ഗവൺമെന്റിനെ പല കാര്യങ്ങളിലും വിമർശിച്ചു. വിമർശനം കുറേക്കൂടി മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നതിന് സഹായകകരമാകും എന്ന് വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. പക്ഷെ ഒരു ക്രൈസിസ്സിൽ ഗവൺമെന്റ് എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്നാണ് നിങ്ങൾ നോക്കേണ്ടത്. എല്ലാം തൃപ്തികാരമാണെന്ന് ഞാൻ പറയുന്നില്ല. തൃപ്തികരമല്ലാത്ത കാര്യവും നിങ്ങളുടെ മുമ്പിൽ പറയാനാണ് ഞാൻ പോകുന്നത്.

ഇവിടെ വരൾച്ച വന്നു. സമീപകാലത്തൊന്നുമുണ്ടാകാത്ത വിധത്തിൽ അതിരൂക്ഷമായ ഒരു സ്ഥിതിവിശേഷമായിരുന്നു. അക്കാര്യം എല്ലാ എം.എൽ.എ. മാർക്കും അറിയാമല്ലോ. 14 ജില്ലകളിലും ബന്ധപ്പെട്ട എല്ലാ മന്ത്രിമാരും യാത്ര ചെയ്ത് ഓരോ ജില്ലയിലേയും പ്രശ്നങ്ങൾ പഠിച്ച് മെയ് മാസം 31-ാം തീയതിക്കകം കുടിവെള്ളത്തിന്റെ കാര്യത്തിൽ അനുകൂലമായ

നടപടികളെടുക്കാൻ സാധിക്കുന്ന ഏതെല്ലാം പദ്ധതികളുണ്ടെന്ന് മനസ്സിലാക്കി അതിനെല്ലാം ആവശ്യമായ ഫണ്ട് അനുവദിച്ചു. വളരെ നല്ലരീതിയിൽ മുന്നോട്ടുപോയി. എല്ലാ എം.എൽ.എ.മാരും സഹകരിക്കുകയും ചെയ്തു.

ശ്രീ. എം. ചന്ദ്രൻ: സർ, അങ്ങ് പാലക്കാട് യോഗത്തിൽ വരൾച്ചമൂലം കൃഷി നാശം സംഭവിച്ച കൃഷിക്കാർക്കുള്ള സഹായധനം ഉടനെ നൽകുമെന്ന് പ്രഖ്യാപിച്ചതാണ്. അത് ഇതുവരെ കൊടുത്തിട്ടില്ല. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻവേണ്ടി പറയുന്നതാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഞങ്ങൾ ക്യാബിനറ്റ് ചേർന്ന് അതിനെക്കുറിച്ച് ചർച്ച ചെയ്തു, തീരുമാനവുമെടുത്തിട്ടുണ്ട്. അത് സംബന്ധിച്ച് അസെസ് ചെയ്തുകഴിഞ്ഞാൽ ഉടനെ അതിന്മേൽ തീരുമാനമുണ്ടാകും. രണ്ട് മത്സ്യത്തൊഴിലാളികളെ ഇവിടെ വെടിവച്ചുകൊന്നു. അതിൽ ഈ ഗവൺമെന്റ് എടുത്ത നിലപാടെന്താണ്? എന്തെല്ലാം പ്രശ്നങ്ങളുണ്ടായി, ഏതെല്ലാം വിധത്തിലുള്ള വാർത്തകൾ വന്നു, പക്ഷെ ഏതെങ്കിലുമൊരു സ്റ്റേജിൽ ഈ ഗവൺമെന്റ് ഒരു വിട്ടുവീഴ്ച ചെയ്തോ? ഇവിടെ നിങ്ങളുപോലും പലപ്പോഴും സംശയങ്ങൾ പ്രകടിപ്പിച്ചു. നിങ്ങളെ ഞാൻ കുറ്റപ്പെടുത്തുന്നില്ല.

ശ്രീ. പി. കെ. ഗുരുദാസൻ: സർ, സ്റ്റേറ്റ് ഗവൺമെന്റിന് ഇതിൽ കക്ഷി ചേരാമായിരുന്നു. സ്റ്റേറ്റ് ഗവൺമെന്റ് അത് ചെയ്തില്ല. എന്തുകൊണ്ട് ചെയ്തില്ല?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഏതിലാണ്?

<u>ശ്രീ. പി. കെ. ഗുരുദാസൻ</u>: സർ, സുപ്രീംകോടതിയിൽ ഈ കേസ്സിൽ കക്ഷി ചേരാമായിരുന്നു, സ്റ്റേറ്റ് ഗവൺമെന്റ് കക്ഷി ചേർന്നില്ല. എത്രയോ പ്രാവശ്യം ഞാൻ പറഞ്ഞതാണ്.

<u>ശ്രീ. ഉമ്മൻ ചാണ്ടി:</u> സർ, എന്തിനാണ് കക്ഷി ചേരുന്നത്? ഇക്കാര്യത്തിൽ ഗവൺമെന്റിന് പൂർണ്ണ വിശ്വാസമുണ്ട്.

<u>ശ്രീ. പി. കെ. ഗുരുദാസൻ:</u> സർ, നാളെ കേരളത്തിന്റെ തീരത്ത് ഇങ്ങനെയൊരു സംഭവമുണ്ടായാൽ ആര് കേസ്സെടുക്കും? കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ സംരക്ഷിക്കാൻ കേരള ഗവൺമെന്റ് കക്ഷി ചേരണം.

<u>ശ്രീ. ഉമ്മൻ ചാണ്ടി:</u> സർ, ഇതുപോലുള്ള സംഭവങ്ങൾ നേരത്തെയും ഉണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട പി. കെ. ഗുരുദാസൻ അക്കാര്യം മറക്കരുത്. കേസ്സെടുക്കുകപോലും ചെയ്യാതെ പോയ സംഭവങ്ങളുണ്ട്. ചൈനയുടെ കപ്പൽ വന്നിടിച്ചിട്ട് പേരിന് ഒരു കേസ്സെടുത്തിട്ട് വിട്ടുകൊടുത്തിട്ടുണ്ട്. പക്ഷേ മനുഷ്യ ജീവനാണ് ഇവിടെ നഷ്ടപ്പെടുന്നത്. ഇവിടെ ഇറ്റാലിയൻ കപ്പലിനുപുറമെ വേറൊരു കപ്പലിടിച്ചും ആളുകൾ മരിച്ചു. അവിടേയും ഇതേ നിലപാടാണ് ഗവൺമെന്റ് എടുത്തത്. പ്രഭുദയ എന്നാണ് ആ കപ്പലിന്റെ പേര്. അത് ആളുകളെ വെടിവച്ച് കൊന്നതല്ല. കപ്പൽ അപകടത്തിൽ സംഭവിച്ചതാണ്. പക്ഷേ അതിലും കോസ്റ്റ് ഗാർഡും നേവിയുടെ ഷിപ്പും അയച്ച് ശ്രീലങ്കയിൽ നിന്ന് അവരെ പിടിച്ച് ജയിലിൽ അടച്ചു. ഇത്തരം സംഭവങ്ങളിൽ എങ്ങനെ പ്രതികരിക്കുന്നുവെന്ന് നിങ്ങൾ നോക്കണം.

അതുപോലെ അട്ടപ്പാടിയുടെ പ്രശ്നം വന്നു. അട്ടപ്പാടിയിൽ ഒരു ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന എല്ലാ കാര്യങ്ങളും ഞങ്ങൾ ചെയ്യാൻ

ശ്രമിച്ചു. അതിനുംപുറമെ നിങ്ങൾ പറഞ്ഞ നിർദ്ദേശങ്ങളും ഞങ്ങൾ ഉൾക്കൊണ്ടിട്ടുണ്ട്. അവിടെ ഒരു സീനിയർ റിട്ടയേർഡ് ഐ.എ.എസ്. ഉദ്യോഗസ്ഥനെ അത് കോ-ഓർഡിനേറ്റ് ചെയ്യാനുള്ള ചുമതലയും ഏൽപ്പിച്ചു. ഞങ്ങൾ അതിന്റെ ക്ലോസ്സായിട്ടുള്ള മോണിറ്ററിംഗ് നടത്തിക്കൊണ്ടിരിക്കുന്നു. ഈ ഗവൺമെന്റിന്റെ എല്ലാ ഡിപ്പാർട്ടുമെന്റുകളും കോ-ഓർഡിനേറ്റ് ചെയ്താണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. എ. കെ. ബാലൻ: സർ, വിമർശിക്കാനൊന്നുമല്ല ഞാൻ തയ്യാറാകുന്നത്. അട്ടപ്പാടിയിൽ ഇനിയുണ്ടാകാൻ പോകുന്ന ഒരു പ്രശ്നം ഭൂമിയുടെ പ്രശ്നമാണ്. കഴിഞ്ഞ എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് 43 സർവ്വേയർമാരെ അവിടെ നിയോഗിച്ചു. അതിപ്പോൾ വേണ്ടായെന്ന് വച്ചു. ഒരു യൂണിറ്റ് അവിടെ വച്ചു. ഇതിന്റെ ഫലമായുണ്ടാകുന്നത് തെക്കും കിഴക്കും വടക്കും പടിഞ്ഞാറും ഭൂമിയുടെ അതിർത്തി ആദിവാസികൾക്ക് ഉണ്ടാകില്ല. അത് സബ്ഡിവിഷൻ നടത്തി പോക്കുവരവ് ചെയ്തുകൊടുക്കണമെങ്കിൽ നിർബന്ധമായും സർവ്വെ നടത്തിയേ പറ്റൂ. എന്തിനാണ് അത് നിർത്തിവച്ചത്?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഞങ്ങൾ ഭൂമിയുടെ കാര്യം സംബന്ധിച്ചും വ്യക്തമായ തീരുമാനമെടുത്തിട്ടുണ്ട്. അവിടെ യോഗം ചേർന്ന് അതു സംബ ന്ധിച്ച് പ്രൊപ്പോസൽ നൽകാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. രണ്ട് തീരുമാന ങ്ങളാണ് എടുത്തിട്ടുള്ളത്. ഒന്ന്, ഭൂമിയുണ്ട്, പക്ഷെ കുടുംബാംഗങ്ങൾ തമ്മിൽ വീതംവയ്പ്പ് നടത്താതുകൊണ്ട് ഇവർക്ക് റിക്കോർഡുകളൊന്നും കൈമാറാൻ സാധിക്കുന്നില്ല. അങ്ങു പറഞ്ഞതുപോലെ ഭൂമി അളന്നുതിരിച്ച് അവർക്ക് ഭൂമി കൊടുക്കുകയും അതോടൊപ്പം അതിന്റെ രേഖകൾ യഥാർത്ഥ

അവകാശികളുടെ പേരിൽ മാറ്റിക്കൊടുക്കുകയും ചെയ്യുക. രണ്ട്, ഭൂമിയില്ലാത്ത കുറെ കുടുംബങ്ങളുണ്ട്. ഏതാണ്ട് 300 എണ്ണത്തിൽ താഴെയേ വരികയുള്ളൂവെന്നാണ് മനസ്സിലാക്കുന്നത്. അവർക്കെല്ലാം കുറഞ്ഞത് ഒരേക്കർ ഭൂമിയെങ്കിലും കൊടുക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. ഞങ്ങൾ ഈ പാക്കേജിന്റെ ഭാഗമായി ഭൂമി സംബന്ധിച്ച് ഈ രണ്ട് തീരുമാനങ്ങളും പ്രത്യേകമായി എടുത്തിട്ടുണ്ട്. അതിന്റെ തുടർ നടപടികളും ഉണ്ടാകും. പകർച്ചപ്പനിയെ സംബന്ധിച്ചിടത്തോളം നമ്മളിവിടെ ചർച്ച ചെയ്തു.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, പ്രതിപക്ഷം ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഒരു പ്രധാന പ്രശ്നം ഉന്നയിച്ചു. അതായത് 140 മണ്ഡലങ്ങൾക്കുവേണ്ടി വികസന ഫണ്ട് അനുവദിച്ചപ്പോൾ കഴിഞ്ഞ എൽ.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ ഒരു പരാതിയുമില്ലായിരുന്നു. എല്ലാ മണ്ഡലങ്ങളിലും ഒരേ രൂപത്തിൽ തന്നെയാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്. ഇപ്പോൾ വികസനത്തിനുവേണ്ടി വിവിധ ഡിപ്പാർട്ടുമെന്റുകൾ ഫണ്ട് അനുവദിക്കുന്നതിൽ വിവേചനം കാണിക്കുന്നുണ്ട്. അത് മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

<u>ശ്രീ. ഉമ്മൻ ചാണ്ടി:</u> സർ, 5 കോടി രൂപ എല്ലാവർക്കും ഒരുപോലെ കൊടുത്തിട്ടുണ്ട്. അതിനകത്ത് ഒരു വിവേചനവും ഇല്ല. ഞങ്ങൾ പൊതുവായ എടുത്ത തീരുമാനമാണ് ഇപ്പോൾ ഹൈസ്കൂൾ ഇല്ലാത്ത എല്ലാ പഞ്ചായത്തുകളിലും ഹൈസ്കൂൾ കൊടുക്കണമെന്നത്. അതിനകത്ത് ഭരണകക്ഷി പ്രതിപക്ഷ വിവേചനമില്ല. ഹയർ സെക്കൻഡറി സ്കൂളുകൾ ഇല്ലാത്ത 148 പഞ്ചായത്തുകളുണ്ട്. അത് ഏത് കോൺസ്റ്റിറ്റ്യൂവൻസിയെന്നോ ആരാണെന്നോ ഒന്നും നോക്കാതെ 148 പഞ്ചായത്തുകളിലും ഹയർ സെക്കൻഡറി സ്കൂളുകൾ കൊടുക്കാൻ തീരുമാനിച്ചു. ആർട്സ് ആന്റ്

സയൻസ് കോളേജില്ലാത്ത 22 അസംബ്ലി നിയോജക മണ്ഡലങ്ങളുണ്ട്. ആ 22 മണ്ഡലങ്ങൾക്കും കോളേജു കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഒരു പ്രത്യേ കമായ നയം വച്ച്, പോളിസി വച്ച് കൊടുക്കുകയാണ് ചെയ്തിട്ടുള്ളത്. വില്ലേജിന്റെ കാര്യമെടുത്താൽ ഒരു പഞ്ചായത്ത് ഒരു വില്ലേജായിരിക്കണം. ചില പഞ്ചായത്തുകളിൽ ഒന്നിൽ കൂടുതൽ വില്ലേജുകളുണ്ട്. അതിനെക്കുറിച്ചൊന്നും പറയുന്നില്ല. പക്ഷേ ഒരു വില്ലേജുപോലും ഒരു പഞ്ചായത്തിൽ ഇല്ലെങ്കിൽ ആ പഞ്ചായത്ത് ഒരു വില്ലേജാക്കണമെന്ന് തീരുമാനിച്ചു. ഹെൽത്ത് സെന്റർ ഇല്ലാത്ത പഞ്ചായത്തുകളിലെല്ലാം ഹെൽത്ത് സെന്റർ സ്ഥാപിക്കാൻ തീരുമാനിച്ചു. താലൂക്കുകളെ സംബന്ധിച്ച് ഞങ്ങൾ പരിശോധിച്ചു. അതിനകത്ത് ഭരണകക്ഷിയുമുണ്ട് പ്രതിപക്ഷവുമു ണ്ട്. എല്ലാപേർക്കും താലൂക്ക് കൊടുക്കാൻ സാധിക്കില്ല. പക്ഷെ........ (തടസ്സം)...... ബഹുമാനപ്പെട്ട മെമ്പർ, ഈ കമ്മീഷൻ റിപ്പോർട്ടൊക്കെ നിങ്ങ ളുടെ ഗവൺമെന്റിന്റെ കാലത്തുമുണ്ട്. കമ്മീഷൻ റിപ്പോർട്ട് നോക്കിയാൽ ഒരെണ്ണവും കൊടുക്കാൻ കഴിയില്ല. അതുനോക്കിയിട്ടാണ് ഞങ്ങൾ തീരുമാനമെടുത്തത്. പകർച്ചപ്പനി, വിലക്കയറ്റം തുടങ്ങിയ കാര്യങ്ങളിലും ഗവൺമെന്റ് കഠിനാദ്ധ്വാനം ചെയ്യുന്നുണ്ട്. അതിന് ഉദ്യോഗസ്ഥന്മാരുടെ പൂർണ്ണമായ സഹകരണവും ഉണ്ട്. ആ കാര്യത്തിൽ ഗവൺമെന്റിന് പൂർണ്ണ സംതൃപ്തിയാണുള്ളത്. പ്രതിപക്ഷം ഇവിടെ എന്തൊക്കെ പറഞ്ഞാലും, രാഷ്ട്രീയമായി എന്തെല്ലാം അഭിപ്രായവ്യത്യാസങ്ങളുണ്ടെ ങ്കിലും ഇതുപോലെയുള്ള പൊതുവായ കാര്യങ്ങളിൽ അവരുടെ സഹകരണവും കിട്ടുന്നുണ്ട്. അതിൽ സന്തോഷമുണ്ട്. ഇനിയും അതുണ്ടാകണമെന്ന് ഞാൻ വീണ്ടും അഭ്യർത്ഥിക്കുകയാണ്. ഈ ഗവൺമെന്റ് മറ്റൊരു കാര്യം ചെയ്തത്, നമ്മുടെ വികസന രംഗത്ത് നമുക്ക്

ഏറ്റവും ആവശ്യമായിട്ടുള്ള കാര്യങ്ങൾ, അത് റിസൽറ്റുണ്ടാക്കിക്കൊണ്ടാണ് മുന്നോട്ടുപോകുന്നത്. 5181 കോടി രൂപയുടെ പദ്ധതിയാണ് കൊച്ചി മെട്രോ. 20 ശതമാനം ഗവൺമെന്റ് ഓഫ് ഇന്ത്യയും 20 ശതമാനം കേരള ഗവൺമെന്റും വച്ചുകൊണ്ട് ഞങ്ങൾ അതിന്റെ തറക്കല്ലിട്ടു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് രണ്ടുവർഷം കളഞ്ഞു എന്നുപറഞ്ഞു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ അത് ശരിയല്ല. ഈ ഗവൺമെന്റ് വന്ന് മൂന്നു മാസത്തിനകം ഇക്വിറ്റി ബേസിസിൽ കേന്ദ്രഗവൺമെന്റ് നമുക്ക് ക്ലിയറൻസ് തരുമെന്ന് ബോധ്യപ്പെട്ടപ്പോൾതന്നെ മെട്രോയുടെ അനുബന്ധ വർക്കുകൾ ഞങ്ങൾ സ്റ്റാർട്ടുചെയ്തു കഴിഞ്ഞിരുന്നു. നോർത്ത് ഓവർബ്രിഡ്ജ് പൊളിച്ചു. സലീം രാജ് റോഡിലുള്ള റെയിൽവേ ഓവർബ്രിഡ്ജ് പണി തുടങ്ങി, ഇപ്പോൾ പണി പൂർത്തിയാക്കി. അതിന്റെ ഉത്ഘാടനവും കഴിഞ്ഞു. കൊച്ചി മെട്രോയുടെ അനുബന്ധ വർക്കുകൾ ഒന്നര വർഷംമുമ്പുതന്നെ തുടങ്ങിക്കഴിഞ്ഞു. ഇപ്പോൾ അതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. നിർമ്മാണ പ്രവർത്തനം തുടങ്ങി 1095-ാം ദിവസം അത് വർക്ക് ചെയ്തിരിക്കണമെന്നാണ് തീരുമാനം. വർഷങ്ങളല്ല, ദിവസങ്ങൾ എണ്ണിയാണ് അവിടത്തെ വർക്ക് നീങ്ങുന്നത്.

<u>ശ്രീ. എസ്. ശർമ്മ</u>: കൊച്ചി മെട്രോയുടെ വർക്കൊക്കെ തുടങ്ങിയെന്നുള്ളത് ശരിയായ കാര്യമാണ്. കൊച്ചി മെട്രോയുടെ അനുബന്ധ വർക്കുകൾ നിങ്ങൾ വന്ന് ഒന്നര വർഷത്തിനുള്ളിൽ തുടങ്ങിയെന്നു പറഞ്ഞു. അത് യഥാർത്ഥത്തിൽ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തു തന്നെ ടെണ്ടർ ചെയ്ത് എഗ്രിമെന്റായതായിരുന്നു. ടെണ്ടർ ചെയ്തെങ്കിലും ഇലക്ഷൻ ഡിക്ലയർ ചെയ്തതുകൊണ്ടുമാത്രം അതിനൊരു ചടങ്ങുവച്ചില്ല

എന്നേയുള്ളൂ. നോർത്ത് മേൽപ്പാലത്തിന്റെ പണി ടെണ്ടർ ചെയ്ത് എഗ്രിമെന്റായതാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: ബഹുമാനപ്പെട്ട എസ്. ശർമ്മ ഒരു കാര്യം വിട്ടുപോയി. നിങ്ങൾ കൊച്ചി മെട്രോ തുടങ്ങുന്നതിന് ഒരു കണ്ടീഷൻ വച്ചിരുന്നു. അതായത് കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും ഇക്വിറ്റി ബേസിസിലേ പറ്റൂ എന്നൊരു കണ്ടീഷൻ വച്ചിരുന്നു. അത് കേന്ദ്ര ഗവൺമെന്റ് അംഗീകരിക്കുന്നത് ഈ ഗവൺമെന്റ് വന്നതിനുശേഷമാണ്. പിന്നെ എങ്ങനെയാണ് നിങ്ങൾ ടെണ്ടർ വിളിക്കുന്നത്.

ഡോ. ടി.എം. തോമസ് ഐസക്: ഈ തർക്കം നിലനിൽക്കുമ്പോൾ തന്നെ 175 കോടി രൂപ ഡൽഹി മെട്രോക്ക് കൈമാറുന്നതിനും ഈ പറഞ്ഞ വർക്കുകൾ കൊടുക്കുന്നതിനും തീരുമാനമെടുത്ത് നടപടി നീക്കി.

ശ്രീ. ഉമ്മൻ ചാണ്ടി: 175 കോടി രൂപ നിങ്ങൾ കൈമാറിയോ?

ഡോ. ടി.എം. തോമസ് ഐസക്: ഡൽഹി മെട്രോ പറഞ്ഞു ഇപ്പോൾ 175 കോടി രൂപ വേണ്ടായെന്ന്.

ശ്രീ. ഉമ്മൻ ചാണ്ടി: ഡോ. ടി.എം. തോമസ് ഐസക്, നിങ്ങൾ പരസ്യമായിട്ടെടുത്ത ഒരു നിലപാടാണ് ഗവൺമെന്റ് ഓഫ് ഇന്ത്യയും സംസ്ഥാന ഗവൺമെന്റും ഇക്വിറ്റിയെടുത്തേ നടത്താൻ കഴിയൂ എന്നത്. ഇപ്പോൾ ഇക്വിറ്റി എടുത്താണ് തീർന്നിരിക്കുന്നത്. പക്ഷെ കേന്ദ്ര ഗവൺമെന്റിന് അതുസംബന്ധിച്ച് മറ്റുപല സംസ്ഥാനങ്ങളിൽ പ്രശ്നങ്ങളുണ്ടാകും, അതുകൊണ്ട് അതിനുള്ള ബുദ്ധിമുട്ടു പറഞ്ഞു. ഡൽഹിയിൽ എടുത്ത നിലപാട് സംസ്ഥാനങ്ങളിലെടുക്കാൻ കഴിയില്ല എന്നുപറഞ്ഞു. അങ്ങനെ പറയുമ്പോൾ നിങ്ങൾ

അനുബന്ധ വർക്കുകൾ ചെയ്യാൻ മുന്നോട്ടു പോയിയെന്നു പറഞ്ഞാൽ അതിനെക്കുറിച്ച് എനിക്ക് മനസ്സിലാകുന്നില്ല.

ശ്രീ. എസ്. ശർമ്മ: ടെണ്ടർ ചെയ്ത് എഗ്രിമെന്റായതാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, വിഴിഞ്ഞം പദ്ധതി 4300 കോടി രൂപയുടെ പ്രവർത്തനത്തിനുവേണ്ടിയുള്ള എല്ലാ നടപടികളും പൂർത്തിയാക്കി മുമ്പോട്ടു വരികയാണ്. ഏറ്റവും വേഗത്തിൽ ടെണ്ടർ വിളിച്ച് അതിന്റെ നടപടിക്രമങ്ങളുമായി മുമ്പോട്ടുപോകും. 1400 കോടി രൂപയുടെ കണ്ണൂർ എയർപോർട്ട് പരിസ്ഥിതി ക്ലിയറൻസിന്റെ പ്രശ്നമാണ്. അത് ഞങ്ങൾ ഡെയ്‌ലി മോണിറ്റർ ചെയ്തുകൊണ്ടിരിക്കുകയാണ്. അതിന്റെ ഫയൽ ഇന്ന് കേന്ദ്രമന്ത്രിയുടെ അടുത്തെത്തി. രണ്ടുദിവസത്തിനകം അതിന്റെ ക്ലിയറൻസ് കിട്ടും. ഉടനെ തന്നെ അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകും. സ്മാർട്ട് സിറ്റിയുടെ കാര്യത്തിൽ ഞങ്ങൾ ദുബായിൽ പോയി ഒരു യോഗം കൂടിയതു മാത്രമേയുള്ളൂ എന്നാണ് അങ്ങ് പറഞ്ഞത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, ഞങ്ങൾ വന്ന് ആദ്യം മുതലാണ് അതിന്റെ കാര്യങ്ങളെല്ലാം തുടങ്ങിയിട്ടുള്ളത്. എഗ്രിമെന്റ് പോലും വയ്ക്കേണ്ടിവന്നു. എന്നിട്ടാണ് അതിന്റെ നടപടികളുമായി മുന്നോട്ടു പോയത്. അഞ്ചുകൊല്ലാം നിങ്ങൾ പാഴാക്കി എന്നുള്ളതാണ് ശരി. ജൂലൈ മാസത്തിൽത്തന്നെ തിരുവനന്തപുരത്ത് മോണോ റെയിലിന്റെ ഫസ്റ്റ് സ്റ്റേജിന്റെ പണി തുടങ്ങുകയാണ്. മോണോ റെയിൽ തിരുവനന്തപുരത്ത് 5099 കോടി രൂപയുടെയും കോഴിക്കോട് 1771 കോടി രൂപയുടെയും പദ്ധതിയാണ്. വേഗത്തിൽ ടെണ്ടർ വിളിക്കാനുള്ള നടപടിക്രമങ്ങളെല്ലാം ആയിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടു നിങ്ങുകയാണ്. ടെക്നോ സിറ്റിക്ക് 450 ഏക്കർ ഭൂമി എടുത്തിട്ടുണ്ട്, അതിന്റെ

പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നു. പെട്രോനെറ്റ് എൽ.എൻ.ജി. ടെർമിനൽ ഈ സെപ്തംബറിൽ കമ്മീഷൻ ചെയ്യത്തക്കവിധത്തിലാണ് പ്രവർത്തനങ്ങൾ നീങ്ങുന്നത്. ബി.പി.സി.എൽ.- ന്റെ വികസനമെന്നുപറയുന്നത് 20000 കോടി രൂപയുടെ വികസനമാണ്. അതിന് പ്രധാനമന്ത്രി വന്ന് തറക്കല്ലിട്ടു. എമർജിംഗ് കേരളയിൽ വന്ന് ഫൈനലൈസ് ചെയ്ത ഒരു പ്രോജക്ട് ആണ്. വളരെവേഗത്തിൽ അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുകയാണ്. കെ.എം.എം.എൽ- ഉം സെയിൽ( സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യാ ലിമിറ്റഡ്)- ഉം തമ്മിൽ 3250 കോടി രൂപയുടെ എഗ്രിമെന്റ് ഒപ്പുവച്ചു. അതിന്റെ പ്രവർത്തനങ്ങളും മുന്നോട്ടു പോകുന്നു. പാലക്കാട് കോച്ച് ഫാക്ടറിയുടെ കാര്യം അങ്ങിവിടെ പറഞ്ഞു. അതിനും പ്രോഗ്രസ്സുണ്ട്. സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡ് (സെയിൽ) ഇതിനോട് സഹകരിക്കാൻ തയ്യാറായി മുന്നോട്ടുവന്നിട്ടുണ്ട്. റെയിൽവെയും സെയിലും കൂടി ചേർന്നുള്ള ജോയിന്റ് വെൻചറായി അത് മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കും. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ പറഞ്ഞ ഗെയിലിന്റെ കാര്യം ഞാൻ സമ്മതിക്കുന്നു. പ്രാദേശികമായ എതിർപ്പുകൾ കാരണം ഗെയിലിന്റെ കാര്യത്തിൽ അധികം മുന്നോട്ടുപോകാൻ സാധിച്ചിട്ടില്ല. അതുകൊണ്ട് ഒരു ആൾ പാർട്ടി മീറ്റിംഗ് വിളിച്ചുകൂട്ടി എല്ലാവരുടെയും അഭിപ്രായങ്ങൾ അറിഞ്ഞ് അതിന്റെ അടിസ്ഥാനത്തിൽ ഗെയിലിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നത്. നമ്മുടെ പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ്സ് നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. ഇപ്പോൾ 22 സ്ഥാപനങ്ങൾ ലാഭത്തിലാവുകയും ഇതിനുമുമ്പ് ഒരിക്കലും കൊടുത്തിട്ടില്ലാത്ത വിധത്തിലുള്ള വിഹിതം ഗവൺമെന്റിലേയ്ക്ക്

അടയ്ക്കുകയും ചെയ്തു. ബാക്കിയുള്ള പി.എസ്.യു.-കളും വ്യക്തമായ പ്രോഗ്രസ്സുമായി മുന്നോട്ടുവരികയാണ്. ഈ കാലഘട്ടത്തിൽ എനിക്ക് ഏറ്റവും എടുത്തുപറയാൻ സാധിക്കുന്ന അഭിമാനകരമായ കാര്യം, സ്റ്റുഡന്റ് എൻട്രപ്രണർഷിപ്പ് - എമർജിംഗ് കേരളയിൽ വന്നിട്ടുള്ള പുതിയ നയപരമായ തീരുമാനം - അത് നമ്മുടെ ന്യൂ ജനറേഷൻ വളരെയധികം സ്വാഗതം ചെയ്തിരിക്കുന്നു. വിദ്യാർത്ഥിയായിരിക്കുമ്പോൾത്തന്നെ സ്വന്തമായ സംരംഭത്തെക്കുറിച്ച് ചിന്തിക്കുന്നു, അതിനുവേണ്ടി പ്രവർത്തിക്കുന്നു. ഇതിന് വലിയ പ്രതികരണമാണ് എറണാകുളത്തെ സ്റ്റാർട്ട് അപ്പ് വില്ലേജിൽ വന്നിരിക്കുന്നത്. അത് അങ്ങേയറ്റം സന്തോഷകരമാണ്. എമർജിംഗ് കേരള യെക്കുറിച്ച് അങ്ങിവിടെ പറഞ്ഞു, ഏറ്റവും ഫലപ്രദമായിട്ടുള്ള 175 യൂണിറ്റു കൾ അതിനുവേണ്ടി മുന്നോട്ടുവന്നു. അതെല്ലാം ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റു കൾക്ക് കൊടുത്തു, ഡിപ്പാർട്ടുമെന്റുകൾ പ്രോസസ്സ് ചെയ്തുവരികയാണ്. ഇൻഡസ്ട്രീസ് വകുപ്പ് കൈകാര്യം ചെയ്യുന്ന 30 പ്രോജക്ടുകളും ടൂറിസം വകുപ്പ് കൈകാര്യം ചെയ്യുന്ന 7 പ്രോജക്ടുകളും അവസാന ഘട്ടത്തിലേയ്ക്ക് എത്തിയിരിക്കുകയാണ്. ഇതെല്ലാം പറയുമ്പോഴും തൃപ്തിയില്ലാത്ത, വേണ്ടത്ര പുരോഗതിയില്ലാത്ത രണ്ട് കാര്യങ്ങളാണുള്ളത്. അതും ഞാൻ തുറന്ന് പറയാൻ ആഗ്രഹിക്കുകയാണ്, *(1)* വേസ്റ്റ് മാനേജ്മെന്റ്; *(2)* കുട്ടനാട്-ഇടുക്കി പാക്കേജ്. ഈ രണ്ടുകാര്യങ്ങളിലും ഉദ്ദേശിച്ച വേഗതയിൽ പോകാൻ സാധിച്ചിട്ടില്ല, റിസൾട്ട് ഉണ്ടാക്കാൻ സാധിച്ചിട്ടില്ല. പക്ഷെ, കൂട്ടായ ശ്രമത്തിലൂടെ അത് നേടാൻ സാധിക്കുമെന്ന പൂർണ്ണ വിശ്വാസമാണുള്ളത്. അതിനുവേണ്ടിയുള്ള ശ്രമങ്ങളിലേയ്ക്കാണ് മുന്നോട്ട് നീങ്ങിക്കൊണ്ടിരിക്കുന്നത്.

ഫോറസ്റ്റിനെക്കുറിച്ച് ചെറിയ രീതിയിൽ ഒന്നുപറഞ്ഞശേഷം മറ്റുചില കാര്യങ്ങൾക്ക് മറുപടി പറയാനുണ്ട്. കഴിഞ്ഞ രണ്ടുവർഷക്കാലം വനം വകുപ്പിന്റെ ചാർജ് വഹിച്ചിരുന്നത് ശ്രീ. കെ. ബി. ഗണേഷ് കുമാറാണ്. നല്ല നിലയിൽ ഫോറസ്റ്റ് സംരക്ഷണ കാര്യത്തിൽ അദ്ദേഹം പ്രവർത്തിച്ചുവെന്നു ള്ളത് വനം വകുപ്പിന്റെ ഇന്നത്തെ സ്ഥിതി നോക്കിയാൽ ആർക്കും മനസ്സിലാകും. വന സംരക്ഷണം ഫലപ്രദമായി നടപ്പിലാക്കി. വനം കയ്യേ റ്റവും കാട്ടുമൃഗങ്ങളെ വേട്ടയാടുന്നതും കാട്ടുതീയും ഫലപ്രദമായി തടഞ്ഞു. വനം വകുപ്പ് ഒട്ടേറെ നവീന സംരംഭങ്ങൾക്ക് തുടക്കം കുറിച്ചു. ഇവയിൽ ഏറ്റവും പ്രധാനപ്പെട്ട മൂന്ന് കാര്യങ്ങൾ, തൃശ്ശൂരിലെ പുത്തൂരിൽ ആരംഭിച്ച പുതിയ മൃഗശാല; വാഗമണിൽ ആരംഭിക്കാൻ പോകുന്ന ഓർക്കേഡിയം; കോട്ടൂരിലെ ആന സംരക്ഷണ കേന്ദ്രം എന്നിവയാണ്. വനത്തിൽ ജലലഭ്യത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 40 തടയണകളുടെ നിർമ്മാണം ഇതിനോട കംതന്നെ പൂർത്തിയാക്കിക്കഴിഞ്ഞു. കാസർഗോഡ് പ്രദേശത്തെ ജനങ്ങളുടെ വളരെക്കാലമായുള്ള ആഗ്രഹമാണ് കാസർഗോഡ് വനം ഡിവിഷൻ. അത് ആരംഭിച്ചുകഴിഞ്ഞു. ഇന്ന് വനവുമായി ബന്ധപ്പെട്ട ഏറ്റവും വലിയ ബുദ്ധി മുട്ട് മാൻ-ആനിമൽ കോൺഫ്ളിക്ടാണ്. കാടും കൃഷിമേഖലയുമായി എവി ടെയെല്ലാം ബന്ധമുണ്ടോ അവിടെയെല്ലാം കാട്ടുമൃഗങ്ങളുടെ ശല്യം വളരെയ ധികം കൂടിവന്നിരിക്കുകയാണ്. അതിന് വളരെയധികം ശ്രദ്ധയോടുകൂടി പ്രവർത്തിച്ചേ മതിയാകൂ. വന്യമൃഗങ്ങൾമൂലം ജീവഹാനി സംഭവിക്കുന്ന കുടുംബങ്ങൾക്കും കൃഷിനാശം വരുന്നവർക്കും സർക്കാർ നൽകുന്ന നഷ്ട പരിഹാരം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതുപോലെ കേന്ദ്ര ത്തിന്റെ ധനസഹായത്തോടുകൂടി വനത്തിനുള്ളിൽ നിന്ന് കുടുംബങ്ങളെ

പുറത്തേയ്ക്കുകൊണ്ടുവന്ന് താമസിപ്പിക്കുന്നതിനുവേണ്ടിയുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്. 73 കുടുംബങ്ങളെ ഇപ്പോൾ മാറ്റിപ്പാർപ്പിച്ചു. 13.34 കോടി രൂപ അതിനുവേണ്ടി ചെലവഴിച്ചിട്ടുണ്ട്. ഇനിയും കുറേയധികം കുടുംബങ്ങളെക്കൂടി മാറ്റി താമസിപ്പിക്കാനാണ് ആഗ്രഹിക്കുന്നത്. ചില പുതിയ പരിപാടികൾ ആവിഷ്കരിക്കാൻ ആഗ്രഹിക്കുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത്, വിദ്യാർത്ഥികളെക്കൂടി കൃഷിയുമായും വനവൽക്കര ണവുമായി ബന്ധപ്പെടുത്തുന്ന ഒരു പരിപാടി വിദ്യാഭ്യാസ വകുപ്പ്, കൃഷി വകുപ്പ്, വനം വകുപ്പ് എന്നീ മൂന്ന് വകുപ്പുകളുടെയും കോ-ഓർഡിനേഷനോ ടുകൂടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. അവരവരുടെ വീടുകളിൽ പച്ചക്കറിത്തോട്ടം നട്ടുവളർത്തുക, അതുപോലെതന്നെ വനം വകുപ്പ് കൊടുക്കുന്ന മരങ്ങൾ നട്ടുവളർത്തുക....., 5-ാം ക്ലാസ് മുതൽ 10-ാം ക്ലാസ് വരെ പച്ചക്കറി തോട്ടവും മരങ്ങളും സംരക്ഷിക്കുന്ന കുട്ടികൾക്ക് അവർക്ക് മറ്റുവിധത്തിൽ ഗ്രേസ് മാർക്ക് കിട്ടാൻ അർഹതയില്ലെങ്കിൽ അവരുടെ ഫൈനൽ ഇയറിൽ എൻ.സി.സി.-ക്കും സ്കൗട്ടിനും നൽകുന്നതുപോലെ ഗ്രേസ് മാർക്ക് കൊടുക്കുന്ന സ്റ്റുഡന്റ് അഗ്രിക്കൾച്ചർ അഫോറസ്റ്റേഷൻ പ്രോഗ്രാം ഈ വർഷം മുതൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

700 ആദിവാസി വാച്ചർമാരെ നിയമിക്കാൻ ഗവൺമെന്റ് തീരുമാനമെടു ത്തു. സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് ഇത്രയും ആദിവാസി കളെ ഒന്നിച്ച് നിയമിക്കുന്നതിനുവേണ്ടി തീരുമാനമെടുത്തത്. അഹാഡ്സിലു ണ്ടായിരുന്ന 91 ആദിവാസികളെ ഇതിലേയ്ക്ക് എടുക്കുന്നതൊഴിച്ചാൽ ബാക്കിയുള്ളവരെയെല്ലാം പി.എസ്.സി. വഴിയായിരിക്കും നിയമിക്കുന്നത്.

ശബരിമല തീർത്ഥാടന സമയത്ത് തീർത്ഥാടകർക്ക് സജ്ജീകരണമൊരുക്കുന്നതിനും അതോടൊപ്പം സമീപ പ്രദേശത്തെ വനസംരക്ഷണം ഉറപ്പുവരുത്തുന്നതിനും പെരിയാർ കടുവാ സംരക്ഷണ കേന്ദ്രത്തിൽ നാല് ഫോറസ്റ്റ് സ്റ്റേഷനുകൾ ആരംഭിക്കുകയും ആയതിനുവേണ്ടി 88 തസ്തികകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. രണ്ട് എലിഫെന്റ് സ്ക്വാഡുകൾ രൂപീകരിക്കാൻ തീരുമാനിച്ചു. വയനാട്ടിലേയ്ക്ക് പ്രത്യേകമായി പത്ത് ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ ഇടയിൽ വനസംരക്ഷണ പ്രവർത്തനങ്ങൾക്കുള്ള താൽപ്പര്യം വളർത്തുന്നതിനായി ഗ്രീൻ പാസ്പോർട്ട് സംവിധാനം ഏർപ്പെടുത്തും. കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന ഗ്രീൻ ഇന്ത്യാ മിഷനിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് വിപുലമായ വനവൽക്കരണം നടപ്പിലാക്കും. വിദേശ ധനസഹായം ലഭിക്കുന്നതിനായി 560 കോടി രൂപ ചെലവഴിച്ച് വനത്തിനുള്ളിൽ ഒരു സംയോജിത തണ്ണീർത്തട പദ്ധതി നിർമ്മിക്കാനുള്ള നിർദ്ദേശം കേന്ദ്ര സർക്കാരിന് സമർപ്പിച്ചുകഴിഞ്ഞു. വിദേശ ഫണ്ടിംഗ് ഏജൻസികളുമായി ആലോചിച്ച് ഒരു തീരുമാനം എത്രയുംവേഗം എടുക്കുമെന്ന് അറിയിച്ചിട്ടുണ്ട്. അതുപോലെ 30 കോടിയോളം രൂപ അടങ്കൽ തുക വരുന്ന ഒരു ഹൈറേഞ്ച് ലാന്റ്സ്കേപ്പ് പ്രോജക്ട് മൂന്നാറിൽ നടപ്പിലാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

പ്രതിപക്ഷ നേതാവ് (<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u>): സർ, മറുപടിക്ക് 30 മിനിട്ടാണുള്ളത്. ഇപ്പോൾ 40 മിനിട്ടുകഴിഞ്ഞു. ഇനി എത്ര മിനിട്ടുകൂടി വേണ്ടിവരുമെന്ന് പറഞ്ഞാൽ തരക്കേടില്ല.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, അങ്ങ് എടുത്ത അത്രയും സമയമെടുക്കുകയില്ല.

മി. സ്പീക്കർ: അങ്ങയുടെ അറിവിനുവേണ്ടി മറ്റൊരു കാര്യം പറയുകയാണ്, 11 മിനിട്ടുള്ളവർ 23 മിനിട്ടും, 15 മിനിട്ടുള്ളവർ 29 മിനിട്ടും എടുത്തു. അതാണ് ഇത്രയും സമയമായത്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഞാൻ വേഗത്തിൽ അവസാനിപ്പിക്കാം. അങ്ങ് എടുത്തിടത്തോളം സമയമെടുക്കുകയില്ലെന്ന് പറഞ്ഞത് അതുകൊണ്ടാണ്. രണ്ടുവകുപ്പിനെക്കുറിച്ചും എനിക്ക് പറയാനുള്ളത് പറഞ്ഞു.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ഞാൻ പത്ത് മിനിട്ട് അധികം എടുത്തിട്ടുണ്ട്. അങ്ങ് അനുവദനീയമായ സമയത്തെക്കാൾ പത്ത് മിനിട്ട് അധികം സംസാരിച്ചുകഴിഞ്ഞു. ഇനിയും എത്ര മിനിട്ട് വേണമെന്നാണ് ചോദിച്ചത്?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, പതിനഞ്ച് മിനിട്ടുള്ളപ്പോഴാണ് അങ്ങ് പത്ത് മിനിട്ട് അധികമെടുത്തത്. എനിക്ക് 30 മിനിട്ടുണ്ട്. ഏതായാലും അത്രയും എടുക്കുകയില്ല.

ഇവിടെ ചില ആക്ഷേപങ്ങൾ ഉന്നയിച്ചു. 148 ഹയർ സെക്കൻഡറി സ്കൂളുകൾ ഒരുകോടി രൂപയ്ക്ക് ലേലം വിളിക്കുകയാണെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞു.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ........... ഒരു കോടിയല്ല, നാലു കോടി രൂപയെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, നമ്മുടെ നാട്ടിൽ ഏതെങ്കിലുമൊരു നല്ലകാര്യം വരുന്ന സമയത്ത് അത് എങ്ങനെയാണ് നടക്കുന്നതെന്ന് അന്വേഷിച്ചതിനു ശേഷം ഇതുപോലെയുള്ള കാര്യങ്ങൾ പറയണം, പ്രത്യേകിച്ച് പ്രതിപക്ഷ നേതാവിനെ പോലെയുള്ളവർ. 148 പഞ്ചായത്തുകളിൽ ഗവൺമെന്റ് സ്കൂളു

കൾ എവിടെയെല്ലാമുണ്ടോ അവിടെ ഗവൺമെന്റ് സ്കൂളുകളിൽ മാത്രമേ ഹയർ സെക്കൻഡറി കൊടുക്കുകയുള്ളൂ. അതിന് ഈ നാലുകോടി രൂപ ആരുടെ കയ്യിൽ നിന്നു വാങ്ങും? ഗവൺമെന്റ് സ്കൂളുകളില്ലാത്ത പഞ്ചായത്തുകളിലും ഹയർ സെക്കൻഡറി വേണ്ടേ.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, പ്രൈവറ്റ് സ്കൂളുകൾക്ക് സാങ്ഷൻ കൊടുക്കുന്നതിന്റെ ഫലമായി അദ്ധ്യാപക നിയമനവും മറ്റുമായി ബന്ധപ്പെട്ടാണ് കോഴ തുടങ്ങുന്നത്. ഗവൺമെന്റ് സ്കൂളുകളെക്കുറിച്ചല്ല ഞാൻ പറഞ്ഞത്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അങ്ങ് ഏത് അനുഭവം വച്ചുകൊണ്ടാണ് പറയുന്നതെന്ന് എനിക്ക് അറിയുകയില്ല. ഏതായാലും 148 പ്രൈവറ്റ് സ്കൂളുകൾ അനുവദിക്കാൻ തീരുമാനമേയില്ല. 148 പഞ്ചായത്തുകളിൽ സ്കൂൾ അനുവദിക്കാൻ തീരുമാനിച്ചു. അതിന്റെ വ്യവസ്ഥ, ഗവൺമെന്റ് സ്കൂളുണ്ടെങ്കിൽ ഗവൺമെന്റ് സ്കൂളിന് മാത്രം.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, 148 പഞ്ചായത്തുകളിലുമായി എത്ര ഗവൺമെന്റ് സ്കൂളുകളുണ്ട്?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അത് അപേക്ഷ ക്ഷണിച്ചാൽ മാത്രമേ അറിയാൻ കഴിയുളയുള്ളൂ. 148 പഞ്ചായത്തുകളും ഹയർ സെക്കൻഡറി ഇല്ലാത്ത പഞ്ചായത്തുകളാണ്. അവിടെ ഗവൺമെന്റ് സ്കൂളുകളുണ്ടെങ്കിൽ മറ്റാർക്കും അനുവദിക്കുകയില്ല. ഗവൺമെന്റ് സ്കൂൾ ഇല്ലാത്ത സ്ഥലങ്ങളിൽ റെപ്യൂട്ടഡായിട്ടുള്ള കോപ്പറേറ്റ് മാനേജ്മെന്റുണ്ടെങ്കിൽ അതുമാത്രമേ പരിഗണിക്കുകയുള്ളൂ. അതുമില്ലാതെ വരുന്ന സ്ഥലത്താണ് ഇൻഡിവിഡ്വൽ മാനേ

ജ്മെന്റിന്റെ കേസ് വരുന്നത്. ഇതൊന്നും മനസ്സിലാക്കാതെ അങ്ങിത് പറഞ്ഞത് വളരെ ഖേദകരമായിപ്പോയി, അതുവേണ്ടായിരുന്നു.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, ......(മൈക്ക് ഓഫ്)...... ഹൈസ്കൂളുകളില്ലാത്ത പഞ്ചായത്തുകളുണ്ടോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഹൈസ്കൂളുകളില്ലാത്ത ഒരു പഞ്ചായത്തും കേരളത്തിലില്ല.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, ഹൈസ്കൂളില്ലാത്ത പഞ്ചായത്തുകളുണ്ട്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇല്ല, കാരണം ഈ ഗവൺമെന്റ് വന്നതിനു ശേഷം എല്ലാ പഞ്ചായത്തുകളിലും ഹൈസ്കൂൾ അനുവദിച്ചു.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, ......(മൈക്ക് ഓഫ്)...... എന്റെ മണ്ഡലത്തിലെ ചൊവ്വന്നൂർ പഞ്ചായത്തിൽ ഹൈസ്കൂളില്ല.

മി. സ്പീക്കർ: ശ്രീ. ബാബു എം. പാലിശ്ശേരി, ഈ വിഷയം അങ്ങ് മൂവ് ചെയ്താൽ മതി, അനുവദിക്കും.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ശ്രീ. ബാബു എം. പാലിശ്ശേരി, ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് ഹൈസ്കൂളില്ലാത്ത എല്ലാ പഞ്ചായത്തുകളിലും ഹൈസ്കൂൾ അനുവദിക്കാൻ തീരുമാനിച്ചത്. അന്നത് ലഭിച്ചില്ലെങ്കിൽ എന്നെ കുറ്റം പറയരുത്. ഏതായാലും ഹൈസ്കൂൾ അനുവദിക്കാം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് കോവളം കൊട്ടാരവും സ്ഥലവും പോക്കുവരവ് ചെയ്തു കൊടുത്തു എന്നു പറഞ്ഞു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, നമ്മൾ ഈ നിയമസഭയിൽ ഒരു നിയമം പാസ്സാക്കിയിട്ടുണ്ട്. അത് കോവളം കൊട്ടാരവും അതിനോടനുബന്ധിച്ച എട്ടേക്കറിൽപരം സ്ഥലവും സംസ്ഥാന

ഗവൺമെന്റ് ഏറ്റെടുത്തു കൊണ്ടുള്ള നിയമമാണ്. കോടതിയിൽ നിന്ന് നമുക്കനുകൂലമല്ലാത്ത ഒരു വിധി വന്നിരിക്കുകയാണ്. നമ്മൾ അതിന് അപ്പീൽ കൊടുത്തിരിക്കുകയുമാണ്. ഗവൺമെന്റിന്റെ സ്റ്റാന്റിൽ യാതൊരു മാറ്റവുമില്ല. ആ കൊട്ടാരവും കൊട്ടാരവുമായി ബന്ധപ്പെട്ട സ്ഥലവും സംസ്ഥാനത്തിനർഹതപ്പെട്ടതാണെന്നു തന്നെയാണ് ഗവൺമെന്റിന്റെ നിലപാട്. അത് നമ്മൾ കോടതിയിൽ ക്വസ്റ്റ്യൻ ചെയ്തിരിക്കുകയാണ്. അതിൽ നിന്ന് ഒരിഞ്ചു ഭൂമിപോലും വിട്ടുകൊടുക്കുന്ന പ്രശ്നമേയില്ല. പക്ഷെ നമുക്കിതുവരെ ഒരു അവകാശവാദംപോലും ഉന്നയിക്കാത്ത സ്ഥലം പോക്കുവരവ് ചെയ്ത് കൊടുക്കരുതെന്ന് പറയുന്നതിനോട് യോജിപ്പില്ല. കോവളം കൊട്ടാരവും കൊട്ടാരവുമായി ബന്ധപ്പെട്ട എട്ടേക്കറിലധികം വരുന്ന അനുബന്ധ സ്ഥലവും സംസ്ഥാനത്തിനർഹതപ്പെട്ട സ്ഥലമാണ്, അതിനുവേണ്ടിയാണ് നിയമം കൊണ്ടുവന്നത്. ആ നിയമം യു.ഡി.എഫ് ഗവൺമെന്റാണ് കൊണ്ടുവന്നത്. അതിനുവേണ്ടിയാണ് ഞങ്ങളും നിങ്ങളും ഫൈറ്റ് ചെയ്യുന്നത്. ഇതിന്റെ പേരിൽ ഇവർക്ക് ഗവൺമെന്റ് പൂർണ്ണ അധികാരത്തോടുകൂടി വിട്ടു കൊടുത്തതും വിലകൊടുത്ത് വാങ്ങിയതുമായ സ്ഥലം നമ്മൾ പോക്കുവരവ് ചെയ്യില്ല എന്ന് പറയുന്ന സമീപനത്തോട് യോജിപ്പില്ല. പക്ഷെ, അങ്ങേയ്ക്ക് ഉറപ്പ് തരുന്നു കൊട്ടാരവും അതുമായി ബന്ധപ്പെട്ട സ്ഥലവും നമ്മുടെ സംസ്ഥാനത്തിനർഹതപ്പെട്ടതാണെന്ന കാര്യത്തിൽ ഗവൺമെന്റ് ഇപ്പോഴും ഉറച്ച് നിൽക്കുകയാണ്. ബഹുമാനപ്പെട്ട ശ്രീ. സി. ദിവാകരൻ പറഞ്ഞു, വരാപ്പുഴ പീഡനം യു.ഡി.എഫ്. എം.എൽ.എ മാർ.......... വേറെ ഇത്രയും പേർ ഇവിടെ പ്രസംഗിച്ചിട്ടും വേറെ ആരും അത് പറഞ്ഞില്ലല്ലോ. പറയുന്നതിന്റെ ഉത്തരവാദിത്തം കൂടിയേൽക്കണം. പക്ഷെ, ഞാൻ പറയുന്നു ഒരു എം.എൽ.എ.-യ്ക്കും

അക്കാര്യത്തിൽ ഒരു പങ്കുമില്ല അത് സംബന്ധിച്ച എല്ലാ ഇൻവെസ്റ്റിഗേഷനും പൂർത്തിയായി കഴിഞ്ഞിരിക്കുകയാണ്. അതിനകത്ത് ഒരു എം.എൽ.എ.-യ്ക്കും പങ്കില്ല. ഇതുപോലുള്ള വാർത്തകൾ ലാഘവബുദ്ധിയോടുകൂടി പറയുന്നത് ശരിയല്ല എന്നു മാത്രമേ എനിക്ക് പറയാനുള്ളു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് എന്റെ ഒരു പുസ്തകം ഇവിടെ കാണിക്കുകയുണ്ടായി. ഇത് കാണണം (ഇ.കെ. നായനാരുടെ കാലത്തിന്റെ കണ്ണാടി എന്ന പുസ്തകം ഉയർത്തി കാട്ടി). ഇത് അതിനെക്കാൾ എത്രയോ വലുതാണ്. ഇതിന് 1114 പേജാണുള്ളത്. ഇത് പി ആന്റ് എ ആർ ഡി.യുടെതാണ്. ഓരോ കാലത്തും ഇതുപോലുള്ള കാര്യങ്ങൾ പി.ആന്റ് എ ആർ ഡി. എടുത്തിട്ടുണ്ട്. അന്ന് ഞങ്ങളാരും വിമർശിച്ചില്ല.

ശ്രീ. എ.കെ. ബാലൻ: സി.എം.-ന്റെ പ്രസംഗം ആ രൂപത്തിൽ പ്രസിദ്ധീകരിക്കുന്നതിനെ ഞങ്ങളാരും എതിർത്തിട്ടില്ല. ഇത് അതല്ല. ആ ബുക്കിൽ മുഴുവനും പ്രസംഗമാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: അത് ഓരോ കാലഘട്ടത്തിലും മാറിയും തിരിഞ്ഞുമിരിക്കും. ......(ബഹളം)......

മി.സ്പീക്കർ : യെസ്..... പ്ലീസ്.....

ശ്രീ. ഇ. പി. ജയരാജൻ: ഇത് നിങ്ങളുടെ കെ.എസ്.യു.വിലുമൊക്കെ പങ്കെടുത്തിട്ടുള്ളതിന്റെ രാഷ്ട്രീയ ഭാഗം മാത്രമാണ്. അത് മുഖ്യമന്ത്രി എന്ന നിലയിൽ അദ്ദേഹത്തിന്റെ നിയമസഭയിൽ വന്ന പ്രസംഗങ്ങളാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: ഇതും അതു തന്നെയാണ്. ......(ബഹളം).......അല്ല..... ഇനിയത് പറയണോ... അല്ല.. അല്ലാത്ത കാര്യങ്ങളാണ്. അതിൽ ഫോട്ടോകൾ കുറവും ഇതിൽ ഫോട്ടോ കൂടുതലുമാണ്. അതുകൊണ്ട് അതിൽ പേജ്

കുറഞ്ഞു. ഇതിൽ പേജ് കൂടി. അത്രയേയുള്ളൂ. എന്റെ ഓഫീസുമായി ബന്ധപ്പെട്ട് ഒരു ആക്ഷേപം പറഞ്ഞു. അത് അന്വേഷണത്തിലിരിക്കുന്ന ഒരു കാര്യമാണ്. അതുകൊണ്ട് ഞാൻ അതിന്റെ ഡീറ്റെയിൽസിലേയ്ക്ക് പോകുന്നില്ല. പക്ഷെ ഒരു കാര്യം അർത്ഥശങ്കക്കിടയില്ലാതെ പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. നിയമത്തിന്റെ മുന്നിൽ ആരും അതീതരല്ല, നിയമത്തിന് വിധേയരാണ്. ഈ സംഭവത്തെ സംബന്ധിച്ചിടത്തോളം പരാതികിട്ടിയപ്പോൾതന്നെ പോലീസ് ആക്ട് ചെയ്തു പോലീസ് നടപടിയെടുത്തു അതിന്റെ അന്വേഷണം എല്ലാ വിധത്തിലുള്ളതും പരിശോധിച്ചുകൊണ്ട് വളരെ ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. കുറ്റക്കാരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരും. വളരെ ക്ലിയറായിട്ടുള്ള വഞ്ചനാകേസ് എന്ന നിലയിലാണ് വന്നിരിക്കുന്നത്. ആ നിലയിലുള്ള നടപടി കൾ ഉണ്ടാകും അതുസംബന്ധിച്ച് ഒരു ആശങ്കയ്ക്കും ഇടനൽതില്ലെന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: സർ, ശ്രീ. സി. ദിവാകരൻ, ശ്രീ. ഇ. ചന്ദ്രശേഖരൻ, ശ്രീ. പി. തിലോത്തമൻ, ശ്രീ. കെ. അജിത്, ശ്രീ. കെ. രാജു, ശ്രീ. ചിറ്റയം ഗോപകുമാർ, ശ്രീ. ഇ. കെ. വിജയൻ, ശ്രീ. വി. ശശി, ശ്രീമതി ഗീതാ ഗോപി, ശ്രീ. കെ. വി. അബ്ദുൾ ഖാദർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. എം. എ. ബേബി, ശ്രീ. ബാബു എം. പാലിശ്ശേരി, ശ്രീ. ഇ. പി. ജയരാജൻ, ശ്രീ. ബി. ഡി. ദേവസ്സി, ശ്രീ. എം. ഹംസ, ശ്രീ. കെ. രാധാകൃഷ്ണൻ, ഡോ. കെ. ടി. ജലീൽ, ശ്രീ. ജെയിംസ് മാത്യു, ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ,

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), ശ്രീ. കെ. കെ. നാരായണൻ, ശ്രീ. പുരുഷൻ കടലുണ്ടി, ശ്രീ. പി. റ്റി. എ. റഹീം, ശ്രീ. ആർ. രാജേഷ്, പ്രൊഫ. സി. രവീന്ദ്രനാഥ്, ശ്രീ. സി. കെ. സദാശിവൻ, ശ്രീ. സാജു പോൾ, ശ്രീ. ജി. സുധാകരൻ, ഡോ. ടി. എം. തോമസ് ഐസക്, ശ്രീ. കെ. വി. വിജയദാസ്, ശ്രീ. എ. എ. അസീസ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ II-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോള ത്തിൽ കാണിച്ചിട്ടുള്ള തുക 2013-14 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.......

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ:</u>

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. റ്റി. എ. അഹ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽകുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. കെ. ബാബു
13. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
14. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
15. ശ്രീ. വി. റ്റി. ബൽറാം
16. ശ്രീ. പി. കെ. ബഷീർ
17. ശ്രീ. ബെന്നി ബെഹനാൻ
18. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
19. ശ്രീ. എ. റ്റി. ജോർജ്
20. ശ്രീ. പി. സി. ജോർജ്
21. ശ്രീ. ഹൈബി ഈഡൻ
22. കുമാരി പി. കെ. ജയലക്ഷ്മി
23. ഡോ. എൻ. ജയരാജ്
24. ശ്രീ. കെ. സി. ജോസഫ്
25. ശ്രീ. പി. ജെ. ജോസഫ്
26. ശ്രീ. ജോസഫ് വാഴക്കൻ
27. ശ്രീ. വർക്കല കഹാർ
28. ശ്രീ. കെ. എൻ. എ. ഖാദർ

29. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
30. ശ്രീ. റ്റി. യു. കുരുവിള
31. ശ്രീ. ലൂഡി ലൂയിസ്
32. ശ്രീ. പി. എ. മാധവൻ
33. ശ്രീ. സി. മമ്മൂട്ടി
34. ശ്രീ. കെ. എം. മാണി
35. ശ്രീ. കെ. പി. മോഹനൻ
36. ശ്രീ. സി. മോയിൻകുട്ടി
37. ശ്രീ. മോൻസ് ജോസഫ്
38. ശ്രീ. സി. പി. മുഹമ്മദ്
39. ശ്രീ. ആര്യാടൻ മുഹമ്മദ്
40. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
41. ഡോ. എം. കെ. മുനീർ
42. ശ്രീ. കെ. മുരളീധരൻ
43. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
44. ശ്രീ. ഉമ്മൻ ചാണ്ടി
45. ശ്രീ. അടൂർ പ്രകാശ്
46. ശ്രീ. റ്റി. എൻ. പ്രതാപൻ
47. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
48. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
49. ശ്രീ. രമേശ് ചെന്നിത്തല
50. ശ്രീ. പാലോട് രവി
51. ശ്രീ. റോഷി അഗസ്റ്റിൻ
52. ശ്രീ. വി. പി. സജീന്ദ്രൻ
53. ശ്രീ. എൻ. ശക്തൻ
54. ശ്രീ. വി. ഡി സതീശൻ
55. ശ്രീ. ഷാഫി പറമ്പിൽ
56. ശ്രീ. കെ. എം. ഷാജി
57. ശ്രീ. എൻ. ഷംസുദ്ദീൻ
58. ശ്രീ. ആർ. സെൽവരാജ്

59. ശ്രീ. ഷിബു ബേബി ജോൺ
60. ശ്രീ. കെ. ശിവദാസൻ നായർ
61. ശ്രീ. വി. എസ്. ശിവകുമാർ
62. ശ്രീ. എം. വി. ശ്രേയാംസ്കുമാർ
63. ശ്രീ. സണ്ണി ജോസഫ്
64. ശ്രീ. സി. എഫ്. തോമസ്
65. ശ്രീ. തോമസ് ഉണ്ണിയാടൻ
66. ശ്രീ. പി. ഉബൈദുള്ള
67. ശ്രീ. എം. ഉമ്മർ
68. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
69. ശ്രീ. എം. എ. വാഹീദ്
70. ശ്രീ. എം. പി. വിൻസെന്റ്
71. ശ്രീ. പി. സി. വിഷ്ണുനാഥ്

പ്രതികൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. അജിത്
5. ശ്രീ. എ. എം. ആരിഫ്
6. ശ്രീ. എ. എ. അസീസ്
7. ശ്രീ. ബാബു എം. പാലിശ്ശേരി
8. ശ്രീ. എം. എ. ബേബി
9. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
10. ശ്രീ. എ. കെ. ബാലൻ
11. ശ്രീമതി ഇ. എസ്. ബിജിമോൾ
12. ശ്രീ. എം. ചന്ദ്രൻ
13. ശ്രീ. ഇ. ചന്ദ്രശേഖരൻ
14. ശ്രീ. വി. ചെന്താമരാക്ഷൻ
15. ശ്രീ. കെ. ദാസൻ

16. ശ്രീ. ബി. ഡി. ദേവസ്സി
17. ശ്രീ. സി. ദിവാകരൻ
18. ശ്രീമതി ഗീതാ ഗോപി
19. ശ്രീ. ചിറ്റയം ഗോപകുമാർ
20. ശ്രീ. പി. കെ. ഗുരുദാസൻ
21. ശ്രീ. എം. ഹംസ
22. ശ്രീമതി ജമീലാ പ്രകാശം
23. ശ്രീ. ജെയിംസ് മാത്യു
24. ഡോ. കെ. ടി. ജലീൽ
25. ശ്രീ. കെ. കെ. ജയചന്ദ്രൻ
26. ശ്രീ. ജി. എസ്. ജയലാൽ
27. ശ്രീ. ഇ. പി. ജയരാജൻ
28. ശ്രീ. ജോസ് തെറ്റയിൽ
29. ശ്രീ. എളമരം കരീം
30. ശ്രീ. സി. കൃഷ്ണൻ
31. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
32. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
33. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
34. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
35. ശ്രീ. കോവൂർ കുഞ്ഞുമോൻ
36. ശ്രീമതി കെ. കെ. ലതിക
37. ശ്രീ. മാത്യു റ്റി. തോമസ്
38. ശ്രീ. സി. കെ. നാണു
39. ശ്രീ. കെ. കെ. നാരായണൻ
40. ശ്രീ. എ. പ്രദീപ്കുമാർ
41. ശ്രീ. പുരുഷൻ കടലുണ്ടി
42. ശ്രീ. കെ. രാധാകൃഷ്ണൻ
43. ശ്രീ. പി. റ്റി. എ. റഹീം
44. ശ്രീ. എസ്. രാജേന്ദ്രൻ
45. ശ്രീ. ആർ. രാജേഷ്

46. ശ്രീ. റ്റി. വി. രാജേഷ്
47. ശ്രീ. കെ. രാജു
48. ശ്രീ. രാജു എബ്രഹാം
49. ശ്രീ. മുല്ലക്കര രത്നാകരൻ
50. പ്രൊഫ. സി. രവീന്ദ്രനാഥ്
51. ശ്രീ. സി. കെ. സദാശിവൻ
52. ശ്രീ. സാജു പോൾ
53. ശ്രീമതി കെ. എസ്. സലീഖ
54. ശ്രീ. എസ്. ശർമ്മ
55. ശ്രീ. വി. ശശി
56. ശ്രീ. എ. കെ. ശശീന്ദ്രൻ
57. ശ്രീ. ബി. സത്യൻ
58. ശ്രീ. വി. ശിവൻകുട്ടി
59. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
60. ശ്രീ. ജി. സുധാകരൻ
61. ശ്രീ. വി. എസ്. സുനിൽകുമാർ
62. ശ്രീ. കെ. സുരേഷ് കുറുപ്പ്
63. ശ്രീ. പി. തിലോത്തമൻ
64. ശ്രീ. തോമസ് ചാണ്ടി
65. ഡോ. ടി. എം. തോമസ് ഐസക്
66. ശ്രീ. ഇ. കെ. വിജയൻ
67. ശ്രീ. കെ. വി. വിജയദാസ്

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | : | 71 |
| പ്രതികൂലിക്കുന്നവർ | : | 67 |
| നിഷ്പക്ഷത പാലിക്കുന്നവർ | : | ആരുമില്ല. |

പ്രമേയം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മി. സ്പീക്കർ: ഡോ. കെ. ടി. ജലീൽ, ശ്രീ. ജെയിംസ് മാത്യു, ഡോ. ടി. എം. തോമസ് ഐസക്, ശ്രീ. സി. ദിവാകരൻ, ശ്രീ. ഇ. ചന്ദ്രശേഖരൻ, ശ്രീ. മുല്ലക്കര രത്നാകരൻ, ശ്രീ. പി. തിലോത്തമൻ, ശ്രീ. കെ. രാജു, ശ്രീ. കെ. അജിത്, ശ്രീ. ഇ. കെ. വിജയൻ, ശ്രീ. വി. ശശി, ശ്രീ. ചിറ്റയം ഗോപകുമാർ, ശ്രീമതി ഗീതാ ഗോപി, ശ്രീ. കെ. വി. അബ്ദുൾ ഖാദർ, ശ്രീ. ബാബു എം. പാലിശ്ശേരി, ശ്രീ. എം. എ. ബേബി, ശ്രീ. വി. ചെന്താമരാക്ഷൻ, ശ്രീ. കെ. ദാസൻ, ശ്രീ. ബി. ഡി. ദേവസ്സി, ശ്രീ. എം. ഹംസ, ശ്രീ. ഇ. പി. ജയരാജൻ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ, ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ), ശ്രീ. കെ. കെ. നാരായണൻ, ശ്രീ. പുരുഷൻ കടലുണ്ടി, ശ്രീ. കെ. രാധാകൃഷ്ണൻ, ശ്രീ. പി. റ്റി. എ. റഹീം, ശ്രീ. ആർ. രാജേഷ്, പ്രൊഫ. സി. രവീന്ദ്രനാഥ്, ശ്രീ. സി. കെ. സദാശിവൻ, ശ്രീ. സാജു പോൾ, ശ്രീ. ജി. സുധാകരൻ, ശ്രീ. കെ. വി. വിജയദാസ്, ശ്രീ. എ. എ. അസീസ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ III-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2013-14

സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.......

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. റ്റി. എ. അഹ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽകുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. കെ. ബാബു
13. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
14. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
15. ശ്രീ. വി. റ്റി. ബൽറാം
16. ശ്രീ. പി. കെ. ബഷീർ
17. ശ്രീ. ബെന്നി ബെഹനാൻ
18. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
19. ശ്രീ. എ. റ്റി. ജോർജ്

20. ശ്രീ. പി. സി. ജോർജ്
21. ശ്രീ. ഹൈബി ഈഡൻ
22. കുമാരി പി. കെ. ജയലക്ഷ്മി
23. ഡോ. എൻ. ജയരാജ്
24. ശ്രീ. കെ. സി. ജോസഫ്
25. ശ്രീ. പി. ജെ. ജോസഫ്
26. ശ്രീ. ജോസഫ് വാഴക്കൻ
27. ശ്രീ. വർക്കല കഹാർ
28. ശ്രീ. കെ. എൻ. എ. ഖാദർ
29. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
30. ശ്രീ. റ്റി. യു. കുരുവിള
31. ശ്രീ. ലൂഡി ലൂയിസ്
32. ശ്രീ. പി. എ. മാധവൻ
33. ശ്രീ. സി. മമ്മൂട്ടി
34. ശ്രീ. കെ. എം. മാണി
35. ശ്രീ. കെ. പി. മോഹനൻ
36. ശ്രീ. സി. മോയിൻകുട്ടി
37. ശ്രീ. മോൻസ് ജോസഫ്
38. ശ്രീ. സി. പി. മുഹമ്മദ്
39. ശ്രീ. ആര്യാടൻ മുഹമ്മദ്
40. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
41. ഡോ. എം. കെ. മുനീർ
42. ശ്രീ. കെ. മുരളീധരൻ
43. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
44. ശ്രീ. ഉമ്മൻ ചാണ്ടി
45. ശ്രീ. അടൂർ പ്രകാശ്
46. ശ്രീ. റ്റി. എൻ. പ്രതാപൻ
47. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
48. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

49. ശ്രീ. രമേശ് ചെന്നിത്തല
50. ശ്രീ. പാലോട് രവി
51. ശ്രീ. റോഷി അഗസ്റ്റിൻ
52. ശ്രീ. വി. പി. സജീന്ദ്രൻ
53. ശ്രീ. എൻ. ശക്തൻ
54. ശ്രീ. വി. ഡി സതീശൻ
55. ശ്രീ. ഷാഫി പറമ്പിൽ
56. ശ്രീ. കെ. എം. ഷാജി
57. ശ്രീ. എൻ. ഷംസുദ്ദീൻ
58. ശ്രീ. ആർ. സെൽവരാജ്
59. ശ്രീ. ഷിബു ബേബി ജോൺ
60. ശ്രീ. കെ. ശിവദാസൻ നായർ
61. ശ്രീ. വി. എസ്. ശിവകുമാർ
62. ശ്രീ. എം. വി. ശ്രേയാംസ്കുമാർ
63. ശ്രീ. സണ്ണി ജോസഫ്
64. ശ്രീ. സി. എഫ്. തോമസ്
65. ശ്രീ. തോമസ് ഉണ്ണിയാടൻ
66. ശ്രീ. പി. ഉബൈദുള്ള
67. ശ്രീ. എം. ഉമ്മർ
68. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
69. ശ്രീ. എം. എ. വാഹീദ്
70. ശ്രീ. എം. പി. വിൻസെന്റ്
71. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. അജിത്
5. ശ്രീ. എ. എം. ആരിഫ്

6. ശ്രീ. എ. എ. അസീസ്
7. ശ്രീ. ബാബു എം. പാലിശ്ശേരി
8. ശ്രീ. എം. എ. ബേബി
9. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
10. ശ്രീ. എ. കെ. ബാലൻ
11. ശ്രീമതി ഇ. എസ്. ബിജിമോൾ
12. ശ്രീ. എം. ചന്ദ്രൻ
13. ശ്രീ. ഇ. ചന്ദ്രശേഖരൻ
14. ശ്രീ. വി. ചെന്താമരാക്ഷൻ
15. ശ്രീ. കെ. ദാസൻ
16. ശ്രീ. ബി. ഡി. ദേവസ്സി
17. ശ്രീ. സി. ദിവാകരൻ
18. ശ്രീമതി ഗീതാ ഗോപി
19. ശ്രീ. ചിറ്റയം ഗോപകുമാർ
20. ശ്രീ. പി. കെ. ഗുരുദാസൻ
21. ശ്രീ. എം. ഹംസ
22. ശ്രീമതി ജമീലാ പ്രകാശം
23. ശ്രീ. ജെയിംസ് മാത്യു
24. ഡോ. കെ. ടി. ജലീൽ
25. ശ്രീ. കെ. കെ. ജയചന്ദ്രൻ
26. ശ്രീ. ജി. എസ്. ജയലാൽ
27. ശ്രീ. ഇ. പി. ജയരാജൻ
28. ശ്രീ. ജോസ് തെറ്റയിൽ
29. ശ്രീ. എളമരം കരീം
30. ശ്രീ. സി. കൃഷ്ണൻ
31. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
32. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
33. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
34. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
35. ശ്രീ. കോവൂർ കുഞ്ഞുമോൻ

36. ശ്രീമതി കെ. കെ. ലതിക
37. ശ്രീ. മാത്യു റ്റി. തോമസ്
38. ശ്രീ. സി. കെ. നാണു
39. ശ്രീ. കെ. കെ. നാരായണൻ
40. ശ്രീ. എ. പ്രദീപ്കുമാർ
41. ശ്രീ. പുരുഷൻ കടലുണ്ടി
42. ശ്രീ. കെ. രാധാകൃഷ്ണൻ
43. ശ്രീ. പി. റ്റി. എ. റഹീം
44. ശ്രീ. എസ്. രാജേന്ദ്രൻ
45. ശ്രീ. ആർ. രാജേഷ്
46. ശ്രീ. റ്റി. വി. രാജേഷ്
47. ശ്രീ. കെ. രാജു
48. ശ്രീ. രാജു എബ്രഹാം
49. ശ്രീ. മുല്ലക്കര രത്നാകരൻ
50. പ്രൊഫ. സി. രവീന്ദ്രനാഥ്
51. ശ്രീ. സി. കെ. സദാശിവൻ
52. ശ്രീ. സാജു പോൾ
53. ശ്രീമതി കെ. എസ്. സലീഖ
54. ശ്രീ. എസ്. ശർമ്മ
55. ശ്രീ. വി. ശശി
56. ശ്രീ. എ. കെ. ശശീന്ദ്രൻ
57. ശ്രീ. ബി. സത്യൻ
58. ശ്രീ. വി. ശിവൻകുട്ടി
59. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
60. ശ്രീ. ജി. സുധാകരൻ
61. ശ്രീ. വി. എസ്. സുനിൽകുമാർ
62. ശ്രീ. കെ. സുരേഷ് കുറുപ്പ്
63. ശ്രീ. പി. തിലോത്തമൻ
64. ശ്രീ. തോമസ് ചാണ്ടി
65. ഡോ. ടി. എം. തോമസ് ഐസക്

66. ശ്രീ. ഇ. കെ. വിജയൻ

67. ശ്രീ. കെ. വി. വിജയദാസ്

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | : | 71 |
| പ്രതികൂലിക്കുന്നവർ | : | 67 |
| നിക്ഷ്പക്ഷത പാലിക്കുന്നവർ | : | ആരുമില്ല. |

പ്രമേയം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മി. സ്പീക്കർ: സർ, ശ്രീ. സി. ദിവാകരൻ, ശ്രീ. ഇ. ചന്ദ്രശേഖരൻ, ശ്രീ. പി. തിലോത്തമൻ, ശ്രീ. മുല്ലക്കര രത്നാകരൻ, ശ്രീ. കെ. രാജു, ശ്രീ. കെ. അജിത്, ശ്രീ. ചിറ്റയം ഗോപകുമാർ, ശ്രീ. ഇ. കെ. വിജയൻ, ശ്രീ. വി. ശശി, ശ്രീമതി ഗീതാ ഗോപി, ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ, ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), പ്രൊഫ. സി. രവീന്ദ്രനാഥ്, ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ), ശ്രീ. കെ. കെ. നാരായണൻ, ശ്രീ. പുരുഷൻ കടലുണ്ടി, ശ്രീ. പി. റ്റി. എ. റഹീം, ശ്രീ. ആർ. രാജേഷ്, ശ്രീ. സാജു പോൾ, ശ്രീ. സി. കെ. സദാശിവൻ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. ജി. സുധാകരൻ, ശ്രീ. കെ. വി. വിജയദാസ്, ശ്രീ. കെ. വി. അബ്ദുൾ ഖാദർ, ശ്രീ. ബാബു എം. പാലിശ്ശേരി, ശ്രീ. എം. എ. ബേബി, ശ്രീ. വി. ചെന്താമരാക്ഷൻ, ശ്രീ. കെ. ദാസൻ, ശ്രീ. ബി. ഡി. ദേവസ്സി, ശ്രീ. എം. ഹംസ, ഡോ. കെ. ടി. ജലീൽ, ശ്രീ. ജെയിംസ് മാത്യു, ശ്രീ. ഇ. പി. ജയരാജൻ, ശ്രീ. കെ. രാധാകൃഷ്ണൻ, ഡോ. ടി. എം. തോമസ് ഐസക്, ശ്രീ. എ. എ. അസീസ് എന്നി

ബഹുമാനപ്പെട്ട അംഗങ്ങൾ XXXIV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2013-14 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.......

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. റ്റി. എ. അഹ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി

9. ശ്രീ. എ. പി. അനിൽകുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. കെ. ബാബു
13. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
14. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
15. ശ്രീ. വി. റ്റി. ബൽറാം
16. ശ്രീ. പി. കെ. ബഷീർ
17. ശ്രീ. ബെന്നി ബെഹനാൻ
18. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
19. ശ്രീ. എ. റ്റി. ജോർജ്
20. ശ്രീ. പി. സി. ജോർജ്
21. ശ്രീ. ഹൈബി ഈഡൻ
22. കുമാരി പി. കെ. ജയലക്ഷ്മി
23. ഡോ. എൻ. ജയരാജ്
24. ശ്രീ. കെ. സി. ജോസഫ്
25. ശ്രീ. പി. ജെ. ജോസഫ്
26. ശ്രീ. ജോസഫ് വാഴക്കൻ
27. ശ്രീ. വർക്കല കഹാർ
28. ശ്രീ. കെ. എൻ. എ. ഖാദർ
29. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
30. ശ്രീ. റ്റി. യു. കുരുവിള
31. ശ്രീ. ലൂഡി ലൂയിസ്
32. ശ്രീ. പി. എ. മാധവൻ
33. ശ്രീ. സി. മമ്മൂട്ടി
34. ശ്രീ. കെ. എം. മാണി
35. ശ്രീ. കെ. പി. മോഹനൻ
36. ശ്രീ. സി. മോയിൻകുട്ടി
37. ശ്രീ. മോൻസ് ജോസഫ്

38. ശ്രീ. സി. പി. മുഹമ്മദ്
39. ശ്രീ. ആര്യാടൻ മുഹമ്മദ്
40. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
41. ഡോ. എം. കെ. മുനീർ
42. ശ്രീ. കെ. മുരളീധരൻ
43. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
44. ശ്രീ. ഉമ്മൻ ചാണ്ടി
45. ശ്രീ. അടൂർ പ്രകാശ്
46. ശ്രീ. റ്റി. എൻ. പ്രതാപൻ
47. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
48. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
49. ശ്രീ. രമേശ് ചെന്നിത്തല
50. ശ്രീ. പാലോട് രവി
51. ശ്രീ. റോഷി അഗസ്റ്റിൻ
52. ശ്രീ. വി. പി. സജീന്ദ്രൻ
53. ശ്രീ. എൻ. ശക്തൻ
54. ശ്രീ. വി. ഡി സതീശൻ
55. ശ്രീ. ഷാഫി പറമ്പിൽ
56. ശ്രീ. കെ. എം. ഷാജി
57. ശ്രീ. എൻ. ഷംസുദ്ദീൻ
58. ശ്രീ. ആർ. സെൽവരാജ്
59. ശ്രീ. ഷിബു ബേബി ജോൺ
60. ശ്രീ. കെ. ശിവദാസൻ നായർ
61. ശ്രീ. വി. എസ്. ശിവകുമാർ
62. ശ്രീ. എം. വി. ശ്രേയാംസ്കുമാർ
63. ശ്രീ. സണ്ണി ജോസഫ്
64. ശ്രീ. സി. എഫ്. തോമസ്
65. ശ്രീ. തോമസ് ഉണ്ണിയാടൻ
66. ശ്രീ. പി. ഉബൈദുള്ള
67. ശ്രീ. എം. ഉമ്മർ

68. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
69. ശ്രീ. എം. എ. വാഹീദ്
70. ശ്രീ. എം. പി. വിൻസെന്റ്
71. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. അജിത്
5. ശ്രീ. എ. എം. ആരിഫ്
6. ശ്രീ. എ. എ. അസീസ്
7. ശ്രീ. ബാബു എം. പാലിശ്ശേരി
8. ശ്രീ. എം. എ. ബേബി
9. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
10. ശ്രീ. എ. കെ. ബാലൻ
11. ശ്രീമതി ഇ. എസ്. ബിജിമോൾ
12. ശ്രീ. എം. ചന്ദ്രൻ
13. ശ്രീ. ഇ. ചന്ദ്രശേഖരൻ
14. ശ്രീ. വി. ചെന്താമരാക്ഷൻ
15. ശ്രീ. കെ. ദാസൻ
16. ശ്രീ. ബി. ഡി. ദേവസ്സി
17. ശ്രീ. സി. ദിവാകരൻ
18. ശ്രീമതി ഗീതാ ഗോപി
19. ശ്രീ. ചിറ്റയം ഗോപകുമാർ
20. ശ്രീ. പി. കെ. ഗുരുദാസൻ
21. ശ്രീ. എം. ഹംസ
22. ശ്രീമതി ജമീലാ പ്രകാശം
23. ശ്രീ. ജെയിംസ് മാത്യു
24. ഡോ. കെ. ടി. ജലീൽ

25. ശ്രീ. കെ. കെ. ജയചന്ദ്രൻ
26. ശ്രീ. ജി. എസ്. ജയലാൽ
27. ശ്രീ. ഇ. പി. ജയരാജൻ
28. ശ്രീ. ജോസ് തെറ്റയിൽ
29. ശ്രീ. എളമരം കരീം
30. ശ്രീ. സി. കൃഷ്ണൻ
31. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
32. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
33. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
34. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
35. ശ്രീ. കോവൂർ കുഞ്ഞുമോൻ
36. ശ്രീമതി കെ. കെ. ലതിക
37. ശ്രീ. മാത്യു റ്റി. തോമസ്
38. ശ്രീ. സി. കെ. നാണു
39. ശ്രീ. കെ. കെ. നാരായണൻ
40. ശ്രീ. എ. പ്രദീപ്കുമാർ
41. ശ്രീ. പുരുഷൻ കടലുണ്ടി
42. ശ്രീ. കെ. രാധാകൃഷ്ണൻ
43. ശ്രീ. പി. റ്റി. എ. റഹീം
44. ശ്രീ. എസ്. രാജേന്ദ്രൻ
45. ശ്രീ. ആർ. രാജേഷ്
46. ശ്രീ. റ്റി. വി. രാജേഷ്
47. ശ്രീ. കെ. രാജു
48. ശ്രീ. രാജു എബ്രഹാം
49. ശ്രീ. മുല്ലക്കര രത്നാകരൻ
50. പ്രൊഫ. സി. രവീന്ദ്രനാഥ്
51. ശ്രീ. സി. കെ. സദാശിവൻ
52. ശ്രീ. സാജു പോൾ
53. ശ്രീമതി കെ. എസ്. സലീഖ
54. ശ്രീ. എസ്. ശർമ്മ

55. ശ്രീ. വി. ശശി
56. ശ്രീ. എ. കെ. ശശീന്ദ്രൻ
57. ശ്രീ. ബി. സത്യൻ
58. ശ്രീ. വി. ശിവൻകുട്ടി
59. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
60. ശ്രീ. ജി. സുധാകരൻ
61. ശ്രീ. വി. എസ്. സുനിൽകുമാർ
62. ശ്രീ. കെ. സുരേഷ് കുറുപ്പ്
63. ശ്രീ. പി. തിലോത്തമൻ
64. ശ്രീ. തോമസ് ചാണ്ടി
65. ഡോ. ടി. എം. തോമസ് ഐസക്
66. ശ്രീ. ഇ. കെ. വിജയൻ
67. ശ്രീ. കെ. വി. വിജയദാസ്

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | : | 71 |
| പ്രതികൂലിക്കുന്നവർ | : | 67 |
| നിഷ്പക്ഷത പാലിക്കുന്നവർ | : | ആരുമില്ല. |

പ്രമേയം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2013 ജൂൺ മാസം 13-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 5.43-ന് പിരിഞ്ഞു.)

**************